# ആമുഖം

ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു ... അവനിൽ ജീവൻ ഉണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു ... വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്ത്വം നമ്മൾ ദർശിച്ചു – കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം (യോഹ 1,1–18). യേശു തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതിന് പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ് ഗലീലിയിലെ കാനായിൽ ചെയ്തത് (2,11). യേശു ചെയ്ത മറ്റു പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനു തന്നെ സാധിക്കാതെ വരുമെന്നാണ് എനിക്കു തോന്നുക (യോഹ 21,25).

ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും യേശു ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തിച്ചു. ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തു ആണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ് (20,30–31). യേശു അവളോടു പറഞ്ഞു: ദൈവത്തിന്റെ ദാനം എന്തെന്നും എനിക്ക് കുടിക്കാൻ തരിക എന്നു നിന്നോട് ആവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നെങ്കിൽ നീ അവനോടു ചോദിക്കുകയും അവൻ നിനക്കു ജീവജലം തരുകയും ചെയ്യുമായിരുന്നു (4,10). ഞാൻ നല്കുന്ന ജലം അവനിൽ നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന അരുവിയാകും (4,14). യേശു വീണ്ടും പറഞ്ഞു: ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കയില്ല. അവന് ജീവന്റെ പ്രകാശം ഉണ്ടായിരിക്കും (8,12). ഞാൻ നല്ല ഇടയനാണ്; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവൻ സമർപ്പിക്കുന്നു (10,11). യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ് (14,6). ഞാനാണ് ജീവന്റെ അപ്പം (6,35).

യോഹന്നാൻ യേശുവിനെ സാക്ഷിക്കുന്നു. അവൻ അടയാളങ്ങൾ പ്രവർ ത്തിക്കുന്നവനാണ്. ''അടയാളങ്ങൾ'' ദൈവത്തിന്റെ രക്ഷാകരമായ പ്രവൃത്തികളാണ് എന്ന പൊതു അർത്ഥവും യേശു പ്രവർത്തിച്ചവയിൽ ഏഴെണ്ണം യോഹന്നാൻ സുവിശേഷത്തിൽ വിവരിച്ചിട്ടുള്ളവയുടെ അർത്ഥവും സംക്ഷിപ്തമായി ഈ ഗ്രന്ഥത്തിന്റെ ഒന്നാം അദ്ധ്യായത്തിൽ വിശദമാക്കുന്നു. അടയാളങ്ങൾ പ്രവർത്തിച്ച യേശു ദൈവപുത്രനായ മിശിഹായാണെന്ന് വിശ്വസിക്കാൻ വായിക്കുന്നവരെ പ്രേരിപ്പിക്കാനും സഹായിക്കാനുമാണ് അവ സുവിശേഷകൻ വിവരിക്കുക. യേശു ദൈവപുത്രനായ മിശിഹാ ആകുന്നു എന്നതിന്റെ ഉള്ളടക്കം യോഹന്നാന്റെ വിചാരമനുസരിച്ച് രണ്ടാം അദ്ധ്യായത്തിൽ ചർച്ച



ചെയ്യുന്നു. ദൈവപുത്രനായ മിശിഹായിൽ വിശ്വസിക്കുന്നവർക്ക് അവന്റെ നാമത്തിൽ നിത്യജീവൻ ഉണ്ടാകുന്നു. അവൻ ജീവൻ നല്കുന്നവനത്രേ. ജീവദായക പ്രവൃത്തിയോട് ബന്ധപ്പെടുത്തി പല പ്രതീകങ്ങളിൽ യേശുവിനെ സുവിശേഷകൻ അവതരിപ്പിക്കുന്നുണ്ട്. അവയിൽ നാലെണ്ണം – ജീവജലത്തിന്റെ ഉറവ, പ്രകാശം, നല്ല ഇടയൻ, മാർഗ്ഗം (വഴി) – മൂന്നു മുതൽ ആറു വരെ അദ്ധ്യായങ്ങളിൽ സംക്ഷിപ്തമായി വിശദമാക്കുന്നു. അവസാന അദ്ധ്യയത്തിൽ ''യേശുവിന്റെ അമ്മ'' അവനിൽ വിശ്വസിച്ച് ജീവനുണ്ടായ എല്ലാവരുടേയും അമ്മയായ ''സ്ത്രീ'' ആണെന്ന് യേശു വെളിപ്പെടുത്തിയത് വ്യക്തമാക്കുന്നു.

വിശുദ്ധ യോഹന്നാൻ അവതരിപ്പിക്കുന്ന ജീവദായകനായ യേശുവിനെ കൂടുതലറിയാൻ സഹായിക്കുന്ന പാഠങ്ങളായാണ് ഓരോ അദ്ധ്യായവും ഉദ്ദേശിച്ചിട്ടുള്ളത്. അതിനാൽ നല്കിയിട്ടുള്ളതും സൂചിപ്പിച്ചിട്ടുള്ളതുമായ വേദഭാഗങ്ങൾ ബൈബിളിൽ വായിച്ചറിഞ്ഞ് മുന്നോട്ടു പോകണം. പാഠവും അതിലെ ഓരോ ഭാഗവും ആനുകാലിക പ്രശ്നങ്ങളോടും സാഹചര്യങ്ങളോടും ബന്ധപ്പെടുത്തുവാൻ പഠിതാക്കൾ ശ്രദ്ധിക്കുന്നത് ഏറെ അഭികാമ്യമാണ്. പാഠക്രമത്തിലാക്കിയതിനാൽ ഓരോ അദ്ധ്യായത്തിന്റേയും അവസാനം ഗൃഹപാഠം അഭ്യാസത്തിന് ചേർത്തിട്ടുണ്ട്. പാഠവിശദീകരണങ്ങളിൽ ആവർത്തനങ്ങളുമുണ്ട്. തന്നിൽ വിശ്വസിക്കുന്നവർക്കെല്ലാം ജീവൻ നല്കുന്ന ദൈവപുത്രനായ യേശുമിശിഹായെ സുവിശേഷകനായ യോഹന്നാന്റെ സാക്ഷ്യപ്രകാരം അല്പമെങ്കിലും കൂടുതലറിയാനും അവനിൽ വിശ്വസിക്കുന്നതിലും ജീവൻ പ്രാപിക്കുന്നതിലും വളരാനും അനുവാചകർക്ക് ഏളിയ തോതിൽ സഹായിക്കുമെന്ന പ്രതീക്ഷയോടെയാണ് ഈ ചെറിയ കൃതി പ്രസിദ്ധീകരിക്കുക.

ചിലയിടങ്ങളിൽ വാക്യനമ്പർ കഴിഞ്ഞ് ബ്രാക്കറ്റിൽ രണ്ട്, മൂന്ന് എന്നിങ്ങനെ ചെറിയക്ഷരത്തിൽ കൊടുത്തിട്ടുണ്ട്. പരാമർശിക്കുന്ന പദം ഒരേ വാക്യത്തിൽ എത്ര തവണ ഉണ്ട് എന്ന് ചൂണ്ടിക്കാട്ടുന്നു.

ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ സഹായിച്ച ബഹു. വി.പീറ്റർ ക്ലാവിയർ മിഷനറി സിസ്റ്റേർസിനും നന്ദി. ഡി.റ്റി.പി. ചെയ്ത കവിതയ്ക്കും കവർ ഡിസൈൻ ചെയ്ത ഫിൻ ഗ്രാഫിക്സിനും അച്ചടിപ്പണികൾ ഭംഗിയാക്കിയ സെറാഫിക് പ്രസിനും പ്രത്യേകം പ്രത്യേകം കൃതജ്ഞത. അനുവാചകർക്ക് ദൈവാനുഗ്രഹം സമൃദ്ധമായി നേർന്നുകൊണ്ട്,

ഫാദർ കുര്യൻ വാലുപറമ്പിൽ

റ്റി. സി. 10/1220 കാട്ടമുകൾ

നാലാഞ്ചിറ പി.ഒ., തിരുവനന്തപുരം – 695015

ഫോൺ 0471 2532442

# 1 ജീവൻ കൊതിച്ചൊരു വായന

**പാഠക്രമം**

1. ആമുഖം: ലക്ഷ്യബോധത്തോടെ വായിക്കാം
2. ''യേശു ദൈവപുത്രനായ ക്രിസ്തു ആണെന്നു വിശ്വസിക്കുന്നതിനും ...''
3. വിശ്വസിക്കാൻ വഴി - അടയാളങ്ങൾ
    - അടയാളം
    - ഏഴ് അടയാളങ്ങൾ
    - അടയാളങ്ങളുടെ അർത്ഥം
4. യേശുവിന്റെ വാക്കും ജീവിതവും ''പ്രവൃത്തി''
5. ഗൃഹപാഠം (അഭ്യാസം)

**1. ആമുഖം: ലക്ഷ്യബോധത്തോടെ വായിക്കാം**

നിങ്ങൾ ഇതിനോടകം വി. യോഹന്നാന്റെ സുവിശേഷം വായിച്ചിട്ടുണ്ടാവുമല്ലോ. ഒരു പക്ഷേ പല പ്രാവശ്യം. എന്തിനാണ് വായിച്ചത്? വായിച്ചതുകൊണ്ട് നിങ്ങൾക്ക് എന്തു ലഭിച്ചു എന്ന് സ്വയം ചോദിക്കുക. ചോദ്യം മറ്റൊരു വിധം ആവർത്തിക്കട്ടെ. നാം എന്തിന് വി. യോഹന്നാന്റെ സുവിശേഷം വായിക്കണമെന്നാണ് എഴുതിയ സുവിശേഷകന്റെ ഉദ്ദേശ്യം? നമ്മുടെ പ്രവൃത്തികൾക്ക് കൃത്യമായ ഉദ്ദേശ്യം വേണമല്ലോ. എഴുതാൻ സുവിശേഷകന് വ്യക്തമായ ഉദ്ദേശ്യമുണ്ട്. അത് അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്. യോഹ 20,30-31 ശ്രദ്ധിക്കുക:

> ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും യേശു ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തിച്ചു. എന്നാൽ ഇവ തന്നെയും എഴുതപ്പെട്ടിട്ടുള്ളത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്.
>
> പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ലഭിക്കുന്നു. എന്നാൽ, പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല. ദൈവകോപം അവന്റെ മേൽ ഉണ്ട് (യോഹ 3,36) (ഈ വാക്യങ്ങൾ മനഃപാഠമാക്കുക).

ആരാണ് യോഹന്നാന്റെ ''നിങ്ങൾ?'' - സുവിശേഷകന്റെ അനുവാചകർ. ആദ്യത്തെ അനുവാചകർ ആരുമായിക്കൊള്ളട്ടെ. ''നിങ്ങളിൽ'' ഞാനും നിങ്ങളുമുണ്ട്. സുവിശേഷം വായിക്കുന്ന സകലരുമുണ്ട്. സുവിശേഷം വായിക്കുന്നവർക്ക് ''യേശുക്രിസ്തുവിന്റെ നാമ



ത്തിൽ ജീവൻ ഉണ്ടാകണം.'' അതിനാണ് സുവിശേഷകൻ എഴുതിയത്രയും എഴുതിയിട്ടുള്ളത്. യേശുക്രിസ്തുവിന്റെ നാമത്തിൽ നിത്യജീവൻ പ്രാപിക്കാൻ വഴിയും യോഹന്നാൻ പറഞ്ഞു വച്ചിട്ടുണ്ട്: യേശു ദൈവപുത്രനായ ക്രിസ്തു ആണെന്നു വിശ്വസിക്കുക. ദൈവപുത്രനായ ക്രിസ്തുവിൽ വിശ്വസിച്ച് വായിക്കണം. വായിക്കുന്തോറും വിശ്വസിക്കുന്നതിലും വളരണം. അവന്റെ നാമത്തിൽ നിത്യജീവൻ ലഭിക്കാൻ വായിക്കണം.

''നിത്യജീവൻ'' എന്താണ്? അതും യോഹന്നാൻ പറഞ്ഞു തന്നിട്ടുണ്ട്. ''ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുകയാണല്ലോ നിത്യജീവൻ'' (യോഹ 17,3). പിതാവിന്റെ കല്പന നിത്യജീവനാകുന്നു (യോഹ 12,50). (ഈ വാക്യങ്ങൾ മനഃപാഠമാക്കുക). സത്യ ദൈവം ഒന്നേയുള്ളൂ. ''തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നല്കുവാൻ തക്കവിധം ലോകത്തെ അത്രയ്ക്ക് സ്നേഹിച്ച'' ദൈവം (യോഹ 3,16). ''ദൈവം സ്നേഹമാകുന്നു'' (1യോഹ 4,8.16) എന്ന് തന്റെ ഏകജാതനായ യേശുക്രിസ്തുവിനെ ലോകത്തിലേക്ക് അയച്ച് വെളിപ്പെടുത്തിയ ദൈവം. അവനെയും യേശുക്രിസ്തുവിനെയും ''അറിയുക''യാണ് നിത്യജീവൻ.

ഏകസത്യ ദൈവത്തേയും അവൻ അയച്ച യേശുക്രിസ്തുവിനെയും ''അറിയുക'' എന്നു പറയുന്നതിനർത്ഥം ബുദ്ധിപരമായി അറിയുക എന്നല്ല. ദൈവം ഉണ്ടെന്ന് അറിയുകയല്ല. ദൈവത്തിന്റെ ലക്ഷണങ്ങൾ അറിയുകയല്ല. യേശുക്രിസ്തുവിന്റെ ചരിത്രം അറിയുകയല്ല. ''അറിയുക'' ബന്ധപ്പെടുകയാണ്. അറിവ് ബന്ധമാണ്. ബന്ധപ്പെടുത്തുന്ന അറിവും അറിയുന്ന ബന്ധവും. ഇപ്രകാരം ''അറിയുക'' വിശ്വസിക്കുകയാണ് (യോഹ 1,10.12). യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ നിത്യജീവൻ ലഭിക്കും (യോഹ 20,31). ''യേശുവിൽ വിശ്വസിക്കുക'' എന്നയർത്ഥത്തിൽ യോഹന്നാൻ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഗ്രീക്കു ശൈലിക്ക് ''യേശുവിലേക്ക് വിശ്വസിക്കുക'' എന്നാണ് വാച്യാർത്ഥം. അത് ''യേശുവിൽ വിശ്വസിക്കുക'' എന്ന പ്രവൃത്തിയിലെ ചലനാത്മകത ഉൾക്കൊള്ളുന്നു. ഈ ചലനാത്മകതയ്ക്ക് ഊന്നൽ നല്കുന്നതിനാലാവാം ''വിശ്വാസം'' എന്ന നാമരൂപം ഒരിക്കലും യോഹന്നാന്റെ സുവിശേഷത്തിൽ പ്രയോഗിച്ചിട്ടില്ലാത്തത്. യേശുക്രിസ്തുവിലേക്ക് നമ്മെ ഏല്പിച്ചു കൊടുക്കുന്ന പ്രവൃത്തിയാണ് അവനിൽ വിശ്വസിക്കുക. അവനിലേക്കു നമ്മെ സമർപ്പിക്കുക. അവനിലേക്കു നിരന്തരം സമർപ്പിച്ചുകൊണ്ടിരിക്കുക. അപ്രകാരം അവനോട് ഒന്നായിക്കൊണ്ടിരിക്കുക.

അവൻ നിത്യതയിലേ (ആദി ആരംഭിക്കുമ്മുമ്പേ) ദൈവത്തോടൊത്തും ദൈവവുമായിരുന്ന വചനവുമാണ്. അവനിൽ ജീവൻ ഉണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു (യോഹ 1,1-5).

താൻ ഇച്ഛിക്കുന്നവർക്കെല്ലാം അവൻ ജീവൻ നല്കുന്നു (യോഹ 5,21). അവൻ നല്കുന്നത് ദൈവത്തിന്റെ ജീവനാണ്. നാം യേശുവിൽ വിശ്വസിച്ച് അവനോട് ബന്ധപ്പെടുമ്പോൾ അവന്റെ ജീവൻ നമുക്കും ലഭിക്കുന്നു. അതു നിത്യനായ ദൈവത്തിന്റെ ജീവനാണ്. അത് നമുക്ക് ലഭിക്കുകയാണ് നമ്മുടെ സുവിശേഷവായനയുടെ ഉദ്ദേശ്യം.

**2. "യേശു ദൈവപുത്രനായ ക്രിസ്തു ആണെന്നു വിശ്വസിക്കുന്നതിനും ..."**

യേശുവിനെക്കുറിച്ചുള്ള ക്രിസ്തീയ അറിവിന്റെ സവിശേഷത യേശു ദൈവപുത്രനായ ക്രിസ്തു ആണെന്നു വിശ്വസിക്കുകയാണ്. "ഞാൻ ആരാകുന്നു?" എന്ന യേശുവിന്റെ ചോദ്യത്തിന് ശിഷ്യരുടേതായി പത്രോസ് പറഞ്ഞ പ്രത്യുത്തരം വി. മത്തായിയുടെ സുവിശേഷത്തിലുള്ളതും ഇവിടെ ഓർക്കാം. "നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു" (മത്താ 16,16). ദൈവപുത്രനായ യേശുക്രിസ്തുവിലേക്ക് നമ്മെ ഏല്പിച്ചുകൊടുക്കണം. (യേശു ദൈവപുത്രനായ ക്രിസ്തു എന്ന വിശ്വാസവിഷയം അടുത്ത അദ്ധ്യായത്തിൽ കൂടുതൽ വിശദമായുണ്ട്).

**3. വിശ്വസിക്കാൻ വഴി - അടയാളങ്ങൾ**

യേശു ദൈവപുത്രനായ ക്രിസ്തു ആണെന്ന് അനുവാചകരായ നാം വിശ്വസിക്കാൻ യേശു ശിഷ്യരുടെ മുമ്പാകെ പ്രവർത്തിച്ച കുറെ അടയാളങ്ങൾ സുവിശേഷകൻ എഴുതിയിട്ടുണ്ട്. അതാണ് സുവിശേഷത്തിൽ വിവരിക്കുക (മാറ്റർ). യേശു ശിഷ്യരെ സാക്ഷിയാക്കി പ്രവർത്തിച്ച അടയാളങ്ങളെല്ലാം എഴുതിയിട്ടില്ല (യോഹ 20,30;21,25). കുറെ എഴുതി. ദൈവാഭിമുഖ്യത്തോടെ വായിക്കുന്നവർക്ക് യേശു ദൈവപുത്രനായ ക്രിസ്തു ആണെന്നു വിശ്വസിക്കാൻ വേണ്ടുന്നത്ര എഴുതിയിട്ടുണ്ട്. എന്തിനെഴുതി എന്ന് വീണ്ടും ഓർക്കാം. "*യേശു ദൈവപുത്രനായ ക്രിസ്തു ആണെന്നു വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവനുണ്ടാകുന്നതിനും വേണ്ടിയാണ്*" (യോഹ 20,31).

**"അടയാളം"**

ദൈവം മനുഷ്യനെ (പ്രപഞ്ചത്തെ) രക്ഷിച്ച ചരിത്രം പറയുന്ന ബൈബിളിൽ ദൈവം പ്രവർത്തിക്കുന്ന "അടയാള"ത്തിന് പ്രത്യേക അർത്ഥമുണ്ട്. **ദൈവം ജനത്തെ രക്ഷിക്കാൻ ചെയ്യുന്ന പ്രവൃത്തിയാണ് അടയാളം**. ദൈവം തന്റെ ഏകജാതനായ യേശുക്രിസ്തുവിലൂടെ മനുഷ്യരെയും പ്രപഞ്ചത്തെയും രക്ഷിക്കുന്ന പ്രവൃത്തി ചെയ്യുന്നതിന്റെ അടയാളങ്ങളാണ് യേശു ചെയ്യുക. യേശു വിവാഹവിരുന്നിൽ വെള്ളം മേല്ത്തരം വീഞ്ഞാക്കിയതും രോഗിയെ സുഖപ്പെടുത്തിയതും മരിച്ചവരെ ഉയിർപ്പിച്ചതുമെല്ലാം അത്തരം പ്രവൃത്തികളാണ്. അവയെ നാം യേശു ചെയ്ത "അത്ഭുതങ്ങൾ" എന്നു പറയുന്നു.



യോഹന്നാൻസുവിശേഷകനും യേശുവും "അടയാളങ്ങൾ" എന്നു വിളിച്ചു. പ്രവൃത്തികൾ എന്നാണ് ഏറിയ പങ്കും അവയെ യേശു വിളിച്ചത് (ഉദാ: യോഹ 10,32.33.37). "അത്ഭുതങ്ങൾ" എന്ന് യോഹന്നാനോ യേശുവോ വിളിച്ചിട്ടില്ല. (യോഹ 2,11ൽ "അത്ഭുതം" എന്നു *പി.ഒ.സി.* പരിഭാഷയിൽ ചേർത്തിരിക്കുന്നത് ഗ്രീക്ക് ടെക്സ്റ്റിൽ ഇല്ലാത്തതാണ്). യേശു ചെയ്യുന്ന അടയാളങ്ങൾ പിതാവിന്റെ പ്രവൃത്തികളാണ്. അവയ്ക്ക് പിതാവിനോടുള്ള ബന്ധം സൂചിപ്പിക്കുന്നു, "പ്രവൃത്തി" എന്ന പേര് (യോഹ 5,7-20;10,32-39). യേശു ചെയ്യുന്ന പിതാവിന്റെ പ്രവൃത്തികൾ വിശ്വാസികൾക്ക് അടയാളങ്ങളാണ്. ദൈവം യേശുക്രിസ്തു മുഖാന്തരം ലോകത്തെ രക്ഷിക്കുന്ന പ്രവൃത്തി ചെയ്യുന്നു എന്നതിന്റെ അടയാളങ്ങൾ. അവ ദൈവത്തിന്റ രക്ഷാകര പ്രവൃത്തികളാണ്.

**ഏഴ് അടയാളങ്ങൾ**

നാം അത്ഭുതങ്ങൾ എന്നു വിളിക്കുന്ന അനേകം അടയാളങ്ങൾ യേശു ചെയ്തിട്ടുണ്ട്. ഏഴെണ്ണം യോഹന്നാന്റെ സുവിശേഷത്തിൽ വിവരിച്ചിട്ടുണ്ട്.

1. കാനായിൽ കല്യാണത്തിന് വെള്ളം മേല്ത്തരം വീഞ്ഞാക്കി (2,1-11).
2. കാനായിൽ രാജസേവകന്റെ മകന് ജീവൻ നല്കി (4,43-54).
3. ബേത്സ്ഥായിലെ തളർവാതരോഗിക്ക് സൗഖ്യം നല്കി (5,1-18).
4. അഞ്ച് ബാർലിയപ്പവും രണ്ടു മീനും വർദ്ധിപ്പിച്ച് അയ്യായിരത്തിലേറെ വരുന്ന "വലിയ ജനക്കൂട്ട"ത്തെ തീറ്റി തൃപ്തരാക്കി പന്ത്രണ്ട് കുട്ട അപ്പക്കഷണങ്ങൾ മിച്ചവുമെടുത്തു (6,1-15).
5. വെള്ളത്തിന്മീതെ നടന്നു (6,16-21).
6. പിറവിക്കുരുടനു കാഴ്ച നല്കി (9).
7. ലാസറിനെ ഉയിർപ്പിച്ചു (11,1-44).

**അടയാളങ്ങളുടെ അർത്ഥം**

അടയാളം ആന്തരിക യാഥാർത്ഥ്യങ്ങളുടെ ബാഹ്യമായ സൂചനയാണല്ലോ. രക്ഷാചരിത്രത്തിൽ "അടയാളം" ദൈവത്തിന്റെ പ്രവൃത്തിയാണെന്നു മുകളിൽ കണ്ടു. യോഹന്നാന്റെ സുവിശേഷത്തിൽ വിവരിക്കുന്നതനുസരിച്ച് യേശു ചെയ്ത എഴ് അടയാളങ്ങളുടെ പ്രത്യേക അർത്ഥമാണ് ഈ ഭാഗത്ത് വിഷയമാക്കുക. യേശു ചെയ്ത അടയാളങ്ങൾ അവൻ ചെയ്ത ബാഹ്യമായ പ്രവൃത്തികളാണ്. കാണാവുന്നവ. അവയ്ക്ക് ശാരീരിക നേത്രങ്ങൾക്ക് അദൃശ്യമായ ആന്തരിക അർത്ഥമുണ്ട് - യാഥാർത്ഥ്യമുണ്ട്. അത് ആവിഷ്കരിക്കാനാണ് ബാഹ്യമായവ വിവരിക്കുക. യേശു ചെയ്ത അടയാളങ്ങൾ വിവരിക്കുന്നതിന്റെ ആന്തരികമായ ഉദ്ദേശ്യം അനുവാചകർക്ക് ദൈവപുത്രനായ യേശുക്രിസ്തു

വിന്റെ നാമത്തിൽ ജീവനുണ്ടാകുകയാണെന്ന് യോഹന്നാൻ പറഞ്ഞിട്ടുണ്ടല്ലോ (20,31). അതിൽത്തന്നെ സൂചിതമാണ് യേശു ചെയ്ത അടയാളങ്ങളുടെ അർത്ഥം: ജീവൻ നല്കുക. ദൈവം തന്റെ ജീവൻ മനുഷ്യർക്കു യേശുക്രിസ്തു വഴി നല്കുന്ന പ്രവൃത്തികളാണ് യേശു ചെയ്ത അടയാളങ്ങൾ.

സാധാരണ ഗതിയിൽ നാമെല്ലാം സുവിശേഷങ്ങളിൽ വിവരിക്കുന്ന സംഭവങ്ങളുടെ പുറംമോടിയിൽ കണ്ണുംനട്ട് കിടന്നുപോകുന്നു. ഉദാഹരണമായി, കാനായിലെ കല്യാണവിവരണത്തിലെ കേന്ദ്ര സംഭവം സഭയുടെ മണവാളനായ ക്രിസ്തുവും സഭയും തമ്മിലുള്ള വിവാഹമാണെന്ന് (യോഹ 3,28-30) അറിയാതെ അവിടെ വിളമ്പിയ വീഞ്ഞിലും മറ്റും ശ്രദ്ധ ചെലുത്തുന്നു. "ഇതുവരെയും നല്ല വീഞ്ഞ് കരുതിവച്ച് വിരുന്നുകാർക്ക് നല്കിയ" മണവാളൻ യേശുവാകുന്നു എന്നു കാണാൻ മെനക്കാടാറില്ല. "സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. അടയാളങ്ങൾ കണ്ടതുകൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതുകൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്. നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ" (യോഹ 6,26-27). നമ്മുടെ കർത്താവിന്റെ വാക്കുകളാണിവ. ആരോട്? കാനായിലെ ലൗകിക നന്മകളിൽ മാത്രം ആകൃഷ്ടരാകുന്ന നമ്മോടല്ലാതെ ആരോട്?

ജീവൻ നല്കുന്ന പ്രവൃത്തി യേശു കാനായിൽ ആരംഭിച്ചു. കാനായിലെ കല്യാണത്തിൽ യേശു വെള്ളം മേല്ത്തരം വീഞ്ഞാക്കിയത് അവൻ പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ് (യോഹ 2,11). യേശു ലോകത്തിലേക്ക് വന്നത് മനുഷ്യന് ജീവൻ നല്കാനാണല്ലോ. യേശു പറഞ്ഞിട്ടണ്ട്: ഞാൻ വന്നിട്ടുള്ളത് അവർക്കു ജീവൻ ഉണ്ടാകാനും അത് സമൃദ്ധിയായി ഉണ്ടാകാനുമാണ് (യോഹ 10,10). സത്യമുന്തിരിയായ യേശു (യോഹ 15) തന്റെ ജീവൻ നല്കി. മിശിഹായുടെ രാജ്യത്തിന്റെയും ആനന്ദത്തിന്റെയും പ്രതീകമാണ് വീഞ്ഞ് (ഏശ 25,6;ആമോ 9,13-14). യേശുവിൽ വിശ്വസിക്കുന്നവർക്ക് അവന്റെ ജീവന്റെ സന്തോഷം പൂർണ്ണതയിൽ ഉണ്ടാകാനാണ് അവൻ ഭൂമിയിൽ സംസാരിച്ചത്. വിശ്വസിക്കുന്നവർക്ക് അവൻ ജീവനും അതിന്റെ സന്തോഷവും സമൃദ്ധിയായി (പൂർണ്ണമായി) നല്കുന്നു (യോഹ 15,11-13;16,22-24). അതാണ് ആറ് കല്ഭരണികളിലെ 600 ലിറ്റർ വെള്ളം വീഞ്ഞാക്കി നല്കിയതിന്റെ ആന്തരികത. (കൂടുതൽ വിശദമായി പാഠം 8 പുറ. 106- ൽ ഉണ്ട്).

രണ്ടാമത്തെ അടയാളവും കാനായിലാണ് (യോഹ 4,46-54). അവിടെയും ജീവൻ നല്കുന്ന പ്രവൃത്തിയത്രേ. തന്റെ മകനെ "സുഖപ്പെടുത്തണമെ" എന്ന് രാജഭൃത്യൻ യേശുവിനോട് അപേക്ഷിച്ചു. അയാളോട് യേശു പറഞ്ഞു: "പൊയ്ക്കൊള്ളുക, നിന്റെ മകൻ **ജീവിക്കും**" (യോഹ 4,50). വാക്കുകൊണ്ട് യേശു ജീവൻ നല്കി. യേശു ജീവൻ നല്കുന്ന



വചനമാണ്. വചനത്തിൽ ജീവനുണ്ടായിരുന്നു (യോഹ 1,4). രക്ഷയാകുന്ന ജീവജലം നല്കുന്നവനാണ് യേശു എന്ന് അതിന് മുമ്പ് സമറിയാക്കാരിമായുള്ള സംഭാഷണത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട് (യോഹ 4,22.10). യേശു കാനായിലെ രാജസേവകന്റെ മകന് ജീവൻ നല്കി. കാനായിൽ ആരംഭിച്ച പ്രവൃത്തി - ജീവൻ നല്കുന്ന പ്രവൃത്തി - തുടർന്നു.

ബേത്സ്ഥായിലെ കുളക്കരയിൽ കിടന്നിരുന്ന തളർവാതരോഗിക്കും യേശു ജീവൻ കൊടുത്തു (യോഹ 5,1-18). അതാണ് യോഹന്നാൻ വിവരിക്കുന്ന മൂന്നാമത്തെ അടയാളം. മുപ്പത്തെട്ടു വർഷമായി തളർന്നു കിടക്കയായിരുന്നു അയാൾ. ദൈവദൂതൻ ഇറങ്ങി കുളത്തിലെ വെള്ളം ഇളക്കുമ്പോൾ, വെള്ളത്തിനു ജീവൻ വയ്ക്കും അപ്പോൾ ആദ്യം ഇറങ്ങാൻ അയാൾക്കു സാധിച്ചിരുന്നില്ല. ജീവനുള്ള വെള്ളത്തിൽ ഇറങ്ങുന്നവനേ സുഖമാകൂ. യേശു അവന് ജീവജലത്തിന്റെ കുളമായി പ്രവർത്തിച്ചു. യേശുവിൽ നിന്ന് ജീവൻ നല്കുന്ന വാക്ക് പുറപ്പെട്ടു. യേശു പറഞ്ഞു. "എഴുന്നേറ്റു കിടക്കയെടുത്തു നടക്കുക." അയാൾ തത്ക്ഷണം കിടക്കയുമെടുത്തു നടന്നു. ജീവിപ്പിക്കുന്ന വചനത്താൽ യേശു അയാളെ സുഖപ്പെടുത്തി. അത് പാപമോചനത്താൽ ജീവൻ നല്കയായിരുന്നു (യോഹ 5,14-17). യേശു ജീവദായകമായ വചനമാണ്. യേശു അയാൾക്കു ജീവൻ നല്കയായിരുന്നു എന്ന് തുടർന്നുള്ള പ്രസംഗത്തിലുമുണ്ട് (5,19-24). പിതാവ് മരിച്ചവരെ എഴുന്നേല്പിച്ച് അവർക്ക് ജീവൻ നല്കുന്നതുപോലെതന്നെ പുത്രനും താൻ ഇച്ഛിക്കുന്നവർക്ക് ജീവൻ നല്കുന്നു (യോഹ 5,21). പക്ഷേ "സാബത്തിൽ ഇപ്രകാരം പ്രവർത്തിച്ചതിനാൽ യഹൂദർ യേശുവിനെ ദ്വേഷിച്ചു"(5,16). ഇതുപോലെയാണ് യേശു ലാസറിന് ജീവൻ കൊടുത്തപ്പോഴും യഹൂദരുടെ പ്രതികരണം (യോഹ 11,45-53).

യേശു അഞ്ച് ബാർലിയപ്പവും രണ്ടു മീനും വർദ്ധിപ്പിച്ച് അയ്യായിരത്തിലേറെ വരുന്ന "വലിയ ജനാവലി"യെ തീറ്റി തൃപ്തരാക്കി (6,1-15). യോഹന്നാൻ വിവരിക്കുന്ന നാലാം അടയാളം. അതിന്റെ ആന്തരിക അർത്ഥം പിന്നാലെ യേശു പറഞ്ഞു തന്നിട്ടുണ്ട്: "... ദൈവത്തിന്റെ അപ്പം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് ലോകത്തിനു ജീവൻ നല്കുന്നതത്രേ ... ഞാനാണ് ജീവന്റെ അപ്പം ..."(6,25-40). മനുഷ്യർക്കു ജീവൻ നല്കാൻ ദൈവം സ്വർഗ്ഗത്തിൽനിന്ന് നല്കിയ യഥാർത്ഥ അപ്പം യേശു ആകുന്നു എന്നു വെളിപ്പെടുത്തിയ പ്രവൃത്തിയാണ് അപ്പം വർദ്ധിപ്പിച്ചു നല്കിയത്. തന്റെ അടുത്തേക്കു വരുന്ന വലിയ ജനക്കൂട്ടത്തിനു ശിഷ്യരുടെയും മറ്റുള്ളവരുടെയും സഹകരണത്തോടെ അപ്പം നല്കി ജീവൻ നല്കുന്നവനാണ് യേശു. "യേശുവിന്റെ അടുക്കൽ വരിക" എന്നു പറഞ്ഞാൽ യേശുവിൽ വിശ്വസിക്കുകയാണ്. യേശുവിൽ വിശ്വസിക്കാൻ മനുഷ്യർക്ക് സാധിക്കുന്നത് സ്വർഗ്ഗീയ പിതാവ് ആകർഷിക്കുന്നതിനാലാണ് (യോഹ 6,44).

യേശു വെള്ളത്തിന്മീതെ നടന്നു. ''ഞാനാകുന്നു''(6,20) എന്ന് വെളിപ്പെടുത്താനാണ് അവൻ അപ്രകാരം ചെയ്തത്. യേശു വെള്ളത്തിനു മീതെ നടന്നത് യോഹന്നാന്റെ സുവിശേഷം (യോഹ 6,44) വിവരിക്കുന്ന അഞ്ചാമത്തെ അടയാളമാണ്. ''ഞാനാകുന്നു'' എന്ന് യേശു പല തവണ പറഞ്ഞത് യോഹന്നാൻ എഴുതിയിട്ടുണ്ട് (ഉദാ: 8,24.28.58;13,19;18,5). ''ഞാനാകുന്നു'' എന്നത് തന്റെ ജനത്തെ രക്ഷിക്കുന്ന ദൈവത്തിന്റെ പേരാണ് (പുറ 3,14-15;15,6;സങ്കീ 35,3). ''ഞാനാകുന്നു'' എന്ന പ്രസ്താവം ദൈവത്തിന്റെ അധികാരവും സൂചിപ്പിക്കുന്നു (പുറ 6,6;20,1-5; ലേവ്യ 18,5). ചിലയവസരങ്ങളിൽ ദൈവനാമത്തോടു ചേർത്ത് ''ഭയപ്പെടേണ്ട'' എന്ന ധൈര്യപ്പെടുത്തലുണ്ട് (ഉദാ: ഉത്പ 26,24). പാപം മോചിക്കുന്നവനും (ഏശ 43,25) ആശ്വസിപ്പിക്കുന്നവനും (ഏശ 42,5-9) ആണ് ''ഞാനാകുന്നു'' എന്ന നാമമുള്ളവൻ. കടലിലെ വെള്ളത്തെ കീഴടക്കി ദൈവമായ കർത്താവ് തന്റെ ജനത്തെ രക്ഷിച്ചു (പുറ 15,1.4). സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന ജീവന്റെ അപ്പമായ യേശു ദൈവത്തിന്റെ നാമമുള്ളവനാണ് - ദൈവമാണ്. തന്റെ ജനത്തെ (ശിഷ്യരെ) ഭയപ്പെടുത്തുന്ന ദുഷ്ട ശക്തികളെ അവൻ കീഴ്പ്പെടുത്തി അവരെ രക്ഷിക്കുന്നവനാണ്. ദൈവനാമമുള്ള അവൻ ജീവന്റെ അപ്പമാണ് (യോഹ 6,32-33.46-51). ഉയർത്തെഴുന്നേറ്റ ശേഷവും യേശുക്രിസ്തു ''ഞാനാകുന്നു'' എന്ന് പ്രസ്താവിച്ച് ശിഷ്യർക്കു പ്രത്യക്ഷനായി അപ്പം നല്കുന്നു (യോഹ 21,1-14) എന്ന സൂചനയും സുവിശേഷകൻ നല്കിയിട്ടുണ്ട്. ഇപ്രകാരം യേശു നല്കുന്ന ജീവനുള്ള അപ്പമാണ് വിശുദ്ധ കുർബാന.

യോഹന്നാന്റെ വിവരണക്രമത്തിൽ യേശു ചെയ്ത അടുത്ത അടയാളം ജന്മാന്ധനു കാഴ്ച നല്കിയതാണല്ലോ. അതും ജീവൻ നല്കുന്ന പ്രവൃത്തിയത്രേ. ജീവനാകുന്ന വചനം മനുഷ്യരുടെ പ്രകാശമായിരുന്നു എന്ന് യോഹന്നാൻ സുവിശേഷത്തിന്റെ ആമുഖത്തിൽ (യോഹ 1,1-18;1,1-2,11) പറഞ്ഞിട്ടുണ്ട് (1,5). ജീവനെന്ന നിലയിൽ യേശു എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശമായി ലോകത്തിലേക്കു വന്നു. വ്യഭിചാരത്തിൽ പിടിച്ച് വധിക്കാൻ കൊണ്ടുവന്നവളെ ജീവന്റെ പ്രകാശമായ യേശു മരണത്തിനു വിധിക്കാതെ മരണത്തിൽ നിന്ന് ജീവന്റെ പ്രകാശത്തിലേക്കു വിട്ട കഥ (യോഹ 8,1-12) യോഹന്നാന്റെ ചിന്താപാരമ്പര്യത്തിന് ചേർന്നതാണ്.

യേശു പിറവിക്കുരുടനു കാഴ്ച നല്കി. അതിനാൽ അയാൾ അവനെക്കുറിച്ചുള്ള കാഴ്ചയിൽ വളർന്നു. അയാൾ ആദ്യം ജീവിപ്പിക്കുന്ന വചനത്താൽ യേശുവിനെ ഒരു മനുഷ്യനെന്ന നിലയിൽ മാത്രം കണ്ടിരുന്നു. അവിടെ നിന്ന് (9,11) ദൈവത്തിൽനിന്നുള്ളവൻ എന്നും (9,16.33) പിന്നെയും ഉയർന്ന് പ്രവാചകൻ എന്നും (9,17) മനുഷ്യപുത്രൻ എന്നും (9,35-36) കർത്താവ് (9,37-38) എന്നും അയാൾ യേശുവിനെ കണ്ട് അവ



നിൽ വിശ്വസിച്ചു (9,38). അയാളുടെ കാഴ്ച പൂർണ്ണമായി. യേശുവിനെ കർത്താവായി കണ്ട് അവനിൽ വിശ്വസിക്കാൻ നമുക്ക് കൃപ ലഭിക്കുമ്പോൾ യേശുവിനെക്കുറിച്ചുള്ള നമ്മുടെ കാഴ്ച പൂർണ്ണമാകുന്നു. ''യേശുവിനെ കാണേണം, എനിക്കേശുവിനെ കാണേണം'' എന്നു നാം പാടുമല്ലോ. അവനിൽ വിശ്വസിക്കാനുള്ള കൃപ സ്വീകരിക്കാത്തവർക്ക് അവനെ പൂർണ്ണമായി കാണാനാവില്ല. തോമാശ്ലീഹാ കണ്ടു: വിശ്വാസ പ്രഖ്യാപനം നടത്തി: ''എന്റെ കർത്താവും എന്റെ ദൈവവുമേ'' (യോഹ 20,28). യേശുവിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ലഭിക്കുന്നു (3,16; 20,31). തങ്ങൾക്ക് കാഴ്ചയുണ്ടെന്ന് ദുരഭിമാനപ്പെട്ടിരുന്ന യഹൂദർ യേശുവിൽനിന്ന് കാഴ്ച പ്രാപിച്ചില്ല. അവർ മരണത്തിന്റെ അന്ധകാരത്തിലേക്ക് കൂടുതൽ ആണ്ടുപോയി (9,39-41). യേശു പിറവിക്കുരുടന് കാഴ്ച നല്കി ജീവന്റെ പ്രകാശം നല്കി. അവൻ യേശുവിനെ കണ്ടു.

ലാസറിനെ ഉയിർപ്പിക്കുന്നതാണ് യേശു ചെയ്ത ഏഴാം അടയാളം യോഹന്നാന്റെ വിവരണത്തിൽ. മരിച്ചടക്കിയിട്ട് നാല് ദിവസമായി. നാറ്റവും വച്ചു തുടങ്ങി. ആ ലാസറിനെ യേശു കല്ലറയിൽ നിന്നു ജീവനിലേക്കു വിളിച്ചു: ''ലാസറേ, പുറത്തു വരിക.'' ലാസർ പുറത്തു വന്നു, ജീവനുള്ളവനായി ലാസർ പുറത്തു വന്നു. യേശു പറഞ്ഞു: ''ഞാൻ പുനരുത്ഥാനവും ജീവനുമാണ്; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും''(11,25). ഈ യാഥാർത്ഥ്യം ആവിഷ്കരിക്കുന്നു, യേശു ലാസറിനെ ഉയിർപ്പിച്ച്. യേശു ചെയ്യുന്നത് ജീവൻ നല്കുന്ന പ്രവൃത്തിയാണെന്ന് ഇവിടെ സ്പഷ്ടമാണ്.

നാം ഈ ലോകത്തിലായിരിക്കുമ്പോൾ ഉന്നതത്തിൽ നിന്നുള്ള പരിശുദ്ധാത്മാവിനാൽ നമ്മെ വീണ്ടും ജനിപ്പിച്ച് നമുക്ക് ദൈവം യേശുക്രിസ്തു മുഖാന്തരം ദൈവികജീവൻ നല്കുന്നു. ദൈവപുത്രനായ യേശുക്രിസ്തു തന്റെ ജീവദായകമായ വചനത്താൽ നമ്മെ ജീവനിലേക്ക് വിളിക്കുന്നു. നാം ഈ ലോകത്തിൽനിന്ന് കടന്നുപോയിക്കഴിഞ്ഞും യേശുക്രിസ്തു നമ്മെ ജീവനിലേക്ക് വിളിക്കുന്നു. ലാസറിനെ കല്ലറയിൽ നിന്ന് ജീവനിലേക്ക് യേശു വിളിക്കാൻ ലാസറിന്റെ സഹോദരികൾ യേശുവിനെ ലാസറിന്റെ കല്ലറയിലേക്ക് ആനയിച്ചു. ആ കല്ലറയ്ക്കൽ നിന്നുകൊണ്ട് യേശുവിനോട് കണ്ണീരൊഴുക്കി പ്രാർത്ഥിച്ചു. അതും നാല് ദിവസമായി നാറ്റം വച്ച് തുടങ്ങിയിട്ടും. നമ്മുടെ പ്രിയപ്പെട്ടവരെ കല്ലറയിൽനിന്ന് പുനരുത്ഥാനത്തിന്റെ ജീവനിലേക്ക് പുനരുത്ഥാനവും ജീവനുമായ യേശു വിളിച്ചുയർത്താൻ അവരുടെ കല്ലറയ്ക്കൽ നിന്ന് നാം അവനോട് കരഞ്ഞപേക്ഷിക്കണം. പുത്രൻ ഇച്ഛിക്കുന്നവർക്ക് ജീവൻ നല്കുന്നു (യോഹ 5,21). ലാസറിനെ ഉയിർപ്പിച്ച അടയാളം അതിനു മുമ്പ് ചെയ്ത ആറു അടയാളങ്ങളെയും പൂർത്തിയാക്കി. അവയുടെ ആന്തരിക യാഥാർത്ഥ്യത്തിന്റെ വെളിപ്പെടുത്തലും പൂർണ്ണമാക്കുന്നു. യേശു മനുഷ്യരുടെ ജീവൻ ആകുന്നു; അവൻ അവർക്ക് ജീവൻ നല്കുന്നു. അതാണ് യേശു ചെയ്ത അടയാളങ്ങളുടെ ആന്തരിക യാഥാർത്ഥ്യം.

യോഹ 1-12 അദ്ധ്യായങ്ങളെ പൊതുവെ അടയാളങ്ങളുടെ പുസ്തകം എന്നു വിശേഷിപ്പിക്കാറുണ്ട്.

ജീവൻ നല്കുന്ന പ്രവൃത്തി മുഴുവൻ യേശു പൂർത്തിയാക്കുന്നത് കുരിശിൽ ഉയർത്തപ്പെട്ട് ആടുകൾക്കുവേണ്ടി ജീവൻ സമർപ്പിക്കുമ്പോഴാണ്. യേശുവിനെ വധിക്കാൻ യഹൂദർ അവസാന തീരുമാനമെടുക്കാൻ നിമിത്തമായത് അവൻ ലാസറിനെ ഉയർപ്പിച്ചതാണ്. ഇക്കാര്യം മുകളിൽ ഓർപ്പിച്ചല്ലോ. ജീവൻ നല്കിയതിന് അത് നല്കിയവന്റെ ജീവൻ എടുക്കുക! അതേ സമയം അത് യേശു സ്വമേധയാ തന്റെ ആടുകൾക്കുവേണ്ടി സമർപ്പിക്കയുമാണ് (യോഹ 10,12-18). യേശു തന്റെ ആടുകൾക്കു ജീവൻ നല്കുന്നവനാണെന്നും മരിച്ചവരെ ജീവിപ്പിക്കുന്നവനാണെന്നും ലാസറിനെ ഉയർപ്പിച്ച അടയാളം സൂചിപ്പിക്കുന്നു. യേശു മനുഷ്യർക്ക് എന്നേക്കും ജീവനേകുന്ന ജീവനായി ഉയിർക്കുമെന്നതിന്റെ (യോഹ 3,15) മുൻകുറിയുമാണ് ലാസറിനെ ഉയർപ്പിച്ചത്. യേശുവിന്റെ ഉയിർപ്പാണല്ലോ അടയാളങ്ങളുടെ പരിപൂർത്തി (യോഹ 2,18-22). യേശുവിന്റെ ഉയർപ്പ് എന്ന് പറയുമ്പോൾ കല്ലറയിൽ നിന്നുള്ള ഉയിർപ്പ് മാത്രമല്ല. കുരിശിലും യേശു ഉയർപ്പിക്കപ്പെടുകയായിരുന്നു (യോഹ 3,13-15;12,32). അതിനാലാണ് യോഹ 13-20 (13-ാം അദ്ധ്യായം മുതലുള്ള പകുതി ഭാഗം) യേശു ഉയിർത്തപ്പെടുന്നതിനെക്കുറിച്ച് വിവരിക്കുക. അതിനാൽ മഹത്ത്വത്തിന്റെ പുസ്തകം എന്ന് ഈ ഭാഗം അറിയപ്പെടുന്നു. യേശുവിന്റെ സഹനവും കുരിശിൽ ഉയർത്തപ്പെടലും കല്ലറയിൽ നിന്നുള്ള ഉയിർപ്പുമെല്ലാം ചേർന്നാണ് അവന്റെ മഹത്വീകരണം. സഹനം മഹത്ത്വപ്പെടൽ ആണ്.

### 4. യേശുവിന്റെ വാക്കും ജീവിതവും "പ്രവൃത്തി" (അടയാളം)

മേല്പറഞ്ഞ ഏഴ് അടയാളങ്ങളെ മാത്രമല്ല അടയാളങ്ങളായി സുവിശേഷകൻ (യോഹന്നാൻ) കാണുക. താൻ ചെയ്യുന്ന അടയാളങ്ങളെ ''പ്രവൃത്തി'' എന്ന് യേശു വിളിക്കുന്നത് മുകളിൽ ചൂണ്ടിക്കാട്ടിയല്ലോ. അടയാളങ്ങളെക്കാൾ കൂടുതൽ വിശാലമാണ് പ്രവൃത്തി. യേശുവിന്റെ വാക്കുകളും പ്രവൃത്തികളാണ്: ''ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ സ്വമേധയാ പറയുന്നതല്ല; പ്രത്യുത, എന്നിൽ വസിക്കുന്ന പിതാവ് തന്റെ പ്രവൃത്തികൾ ചെയ്യുകയാണ്'' (യോഹ 14,10). യേശുവിന്റെ വാക്കുകളും പ്രവൃത്തികളും പരസ്പരം ബന്ധപ്പെട്ടവയാണ്. അവയുടെ സ്ഥായിയായ ബന്ധം നിമിത്തമാണ് യേശു അടയാളങ്ങൾ പ്രവർത്തിച്ച ശേഷം അവയുടെ വ്യാഖ്യാനങ്ങൾ നല്കുക. യേശുവിന്റെ വാക്കുകളും പിതാവിന്റെ രക്ഷാകര പ്രവൃത്തികൾ ആകയാൽ അടയാളങ്ങളാണ്. യേശുവിന്റെ ജീവിതം മുഴുവൻ ''പ്രവൃത്തി'' എന്ന് സുവിശേഷകൻ സംഗ്രഹിച്ചിട്ടുമുണ്ട് (യോഹ 7,4). യേശുവിന്റെ ജീവിതം മുഴുവൻ ദൈവത്തിന്റെ രക്ഷാകര പ്രവൃത്തി ആയതിനാൽ രക്ഷയുടെ അടയാളമാണ്. പിതാവിന്റെ രക്ഷാകര പ്രവൃത്തിയുടെ ഭാഗമാണ് യേശുവിന്റെ ഈ ലോകത്തിലെ ജീവിതവും വാക്കുകളും പ്രവൃത്തികളും. ''പ്രവൃത്തി'' എന്ന് യേശു തന്റെ ജീവിതത്തെയും വാക്കുകളെയും അടയാളങ്ങളെയും വിളിച്ചപ്പോൾ അവയ്ക്ക് പിതാവിന്റെ രക്ഷാകര പ്രവൃത്തിയോടുള്ള ബന്ധം സ്പഷ്ടമാക്കി.



യേശു പ്രവർത്തിച്ച അടയാളങ്ങളാണ് നമുക്ക് രക്ഷാകരമാവുക. ഇന്നും യേശുവിന്റെ രക്ഷാകരമായ അടയാളങ്ങൾ സഭയിൽ പ്രവർത്തിക്കുന്നു. അങ്ങനെ ജീവനേകുന്ന ജലാശയമായ മാമോദീസായുണ്ട്. ജീവന്റെ അപ്പം നല്കുന്ന വിശുദ്ധ കുർബാനയുണ്ട്. പാപമോചനം വഴി ജീവൻ നല്കുന്ന പാപമോചന കൂദാശയുണ്ട്. സഭയുടെ മണവാളനായ യേശു ദൈവരാജ്യത്തിന്റെ ജീവനും സന്തോഷവും സമൃദ്ധമായി നല്കി അനുഗ്രഹിക്കുന്ന വിവാഹകൂദാശയുണ്ട്. കൂദാശകൾ യേശു സഭയിൽ പ്രവർത്തിക്കുന്ന രക്ഷാകരമായ അടയാളങ്ങളാണ്. അവയെ സുറിയാനി സഭകൾ രഹസ്യങ്ങൾ എന്നു വിളിക്കുന്നു. യേശുവിന്റെ വാക്കുകൾ ഇന്നും നമ്മോടു സംസാരിക്കുന്നു.

### 5. ഗൃഹപാഠം (അഭ്യാസം)

നാം യോഹന്നാന്റെ സുവിശേഷം ധ്യാനപൂർവ്വം വായിക്കുമ്പോൾ യേശു ശിഷ്യരുടെ മുമ്പാകെ ചെയ്ത പ്രവൃത്തികളിലൂടെയും പറഞ്ഞ അടയാളങ്ങളിലൂടെയും കടന്നു പോകയാണ്. അവനിലൂടെ പിതാവ് മനുഷ്യർക്കു ജീവൻ നല്കുന്ന പ്രവൃത്തികളാണ് അവ. യേശുവിന്റെ ജീവിതം തന്നെ പിതാവിന്റെ രക്ഷാകര പ്രവൃത്തിയാണ്. ഇവയെല്ലാം സുവിശേഷകനായ യോഹന്നാൻ വിവരിച്ചിട്ടുള്ളത് വ്യക്തമായ പ്രത്യേക ഉദ്ദേശ്യത്തോടെയാണ്. വിവരണം വായിക്കുന്നവർ യേശു ദൈവപുത്രനായ ക്രിസ്തു ആണെന്ന് വിശ്വസിക്കണം. അപ്രകാരം വിശ്വസിച്ച് അവന്റെ നാമത്തിൽ ദൈവത്തിന്റെ തന്നെ നിത്യജീവൻ പ്രാപിക്കണം. യോഹന്നാൻ എഴുതിയിട്ടുള്ള അടയാളങ്ങളുടെ വിവരണം വായിക്കുന്നതിൽ നാം പുരോഗമിക്കുന്തോറും യേശുവിൽ വിശ്വസിക്കുന്നതിലും പുരോഗമിക്കണം. അങ്ങനെ അവന്റെ നാമത്തിൽ നിത്യജീവൻ പ്രാപിക്കുന്നതിൽ പുരോഗമിക്കണം. നിത്യജീവനിലേക്കു നാം വളർന്നുകൊ ണ്ടിരിക്കണം. നിത്യജീവൻ നമ്മിൽ വളർന്നുകൊണ്ടിരിക്കണം. അതായത്, തന്റെ ഏകജാതനെ നമുക്കുവേണ്ടി നല്കാൻ തക്കവിധം നമ്മെ സ്നേഹിച്ച പിതാവിനോടും നമുക്കുവേണ്ടി ജീവൻ സമർപ്പിച്ച നല്ല ഇടയനായ ദൈവം തന്നെയായ ഏകജാതൻ കർത്താവേശുമിശിഹായോടും പിതാവിൽ നിന്ന് സ്വീകരിച്ച് യേശു നല്കിയ ആത്മാവിനോടും (യോഹ 19,30;20,21) ഐക്യത്തിൽ വളർന്നുകൊണ്ടിരിക്കണം. യേശു ഇന്നും സഭയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അടയാളങ്ങളും അവൻ ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ പ്രവർത്തിച്ച അടയാളങ്ങളും അടുത്ത് നേരിൽ കണ്ട് അവനിൽ വിശ്വസിച്ച് ജീവൻ പ്രാപിക്കാൻ ജീവന്റെ സുവിശേഷം - വിശുദ്ധ യോഹന്നാൻ എഴുതിയ സുവശേഷം - വായിക്കാം.

# 2 യേശു ദൈവപുത്രനായ മിശിഹാ

**പാഠക്രമം**

1. ആമുഖം
    - വിശ്വാസ വിഷയം
    - യേശു ദൈവപുത്രനായ മിശിഹാ
    - ''ഇന്നിന്റെ യേശു''
    - കണ്ണടച്ചാലും കണ്ണു തുറന്നാലും യേശു
2. യേശു ദൈവപുത്രനായ മിശിഹാ
    - യേശുവിന്റെ മിശിഹാത്തവും ദൈവപുത്രത്വവും - അർത്ഥം.
    - യേശുവിന്റെ മിശിഹാത്തവും ദൈവപുത്രത്വവും തമ്മിലുള്ള ബന്ധം
    - മിശിഹ, ദൈവപുത്രൻ - സമാന നാമങ്ങൾ.
    - ദൈവപുത്രനായ മിശിഹാ
    - മിശിഹാത്തവും ദൗത്യവും - ജീവൻ നല്കൽ

മിശിഹാത്തം പുത്രത്വത്തിന്റെ ആവിഷ്കാരം

യേശു ദൈവപുത്രൻ

- യേശു പ്രകൃത്യാ ദൈവപുത്രൻ
    - യേശുവിന് ദൈവപിതാവിനോട് അതുല്യ ബന്ധം
    - യേശുവും പിതാവും തമ്മിൽ ഐക്യം: ജീവനിലും പ്രവൃത്തിയിലും; പരസ്പര സ്നേഹം.
- യേശുവിന്റെ ദൈവപുത്രത്വം: ദൗത്യത്തിന്റെ ആവിഷ്കരണം;
    - പിതാവിനെ വെളിപ്പെടുത്തുന്നു.
    - പുത്രന്റെ ദൗത്യം - ജീവൻ നല്കൽ.
    - യേശുവിന്റെ ഭൗമിക സേവനം:
    - ദൈവപുത്രത്വത്തിന്റെ അടയാളം

3. നമ്മുടെ പ്രത്യുത്തരവും ഫലവും
    - പ്രത്യുത്തരം: നിഷേധാത്മകവും ഭാവാത്മകവും
    - യേശുവിന്റെ പുത്രത്വം നമ്മുടെ പുത്രത്വത്തിനടിസ്ഥാനം
    - നിത്യജീവൻ
    - ലോകത്തിന്റെമേൽ വിജയം
4. ഗൃഹപാഠം



**1. ആമുഖം: വിശ്വാസവിഷയം**

വിശുദ്ധ യോഹന്നാൻ സുവിശേഷകൃതി രചിച്ചതിന്റെ ഉദ്ദേശ്യം യോഹ 20,30-31ൽ വ്യക്തമായി പ്രസ്താവിക്കുന്നു:

> ഈ ഗ്രന്ഥത്തിൽ എഴുതിയിട്ടില്ലാത്ത മറ്റനേകം അടയാളങ്ങളും യേശു ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തിച്ചു. എന്നാൽ ഇവതന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തു (മിശിഹാ) ആണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്.

സുവിശേഷരചനയുടെ പരമോദ്ദേശ്യം യേശു ദൈവപുത്രനായ മിശിഹാ ആകുന്നുവെന്ന് വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ലഭിക്കുകയാണ്. വിശ്വാസവിഷയം യേശു ദൈവപുത്രനായ മിശിഹാ ആകുന്നു എന്നതും.

യേശുവിനെക്കുറിച്ച് കുറെ അറിവ് പകരുകയല്ല സുവിശേഷകന്റെ പ്രധാന ഉദ്ദേശ്യം. യേശുവിന്റെ വ്യക്തിത്വം അനാവരണം ചെയ്തിട്ട് ആ വ്യക്തിത്വത്തിലേക്ക് സമ്പൂർണ്ണമായി സമർപ്പിക്കാൻ വിശ്വാസികളെ പ്രചോദിപ്പിക്കുകയാണ്. അപ്രകാരം സമർപ്പിക്കുന്നവർക്ക് യേശുക്രിസ്തു മുഖാന്തരം ദൈവികജീവൻ ലഭിക്കുന്നു. അനുവാചകർക്ക് യേശുക്രിസ്തു വഴി ജീവനുണ്ടാകണം. അതാണ് സുവിശേഷകന്റെ ഉദ്ദേശ്യം. യേശുവിന്റെ യഥാർത്ഥ വ്യക്തിത്വം അംഗീകരിക്കാനും അവനെ സ്വീകരിക്കാനും തയ്യാറാകുന്ന സകലരേയും ഉൾക്കൊള്ളുന്നതാണ് യോഹന്നാന്റെ അനുവാചക വൃന്ദം.

**"ഇന്നിന്റെ യേശു"**

''ഇന്നിന്റെ മനുഷ്യൻ'' ''ഇന്നിന്റെ യേശുവിനെ'' അവതരിപ്പിക്കാനുള്ള വ്യഗ്രതയിലാണ്. ''ആധുനികരും ഉത്തരാധുനികരും'' യേശുവിനെ പല വേഷങ്ങളിൽ രംഗത്തു കൊണ്ടുവരാറുണ്ട്. പാവങ്ങളുടെ പടത്തലവൻ, ദരിദ്രരുടെ പക്ഷം ചേരുന്നവർ, ചൂഷണത്തിൽ നിന്ന് മർദ്ദിതരെ വിമോചിക്കുന്നവൻ, നീതി നിഷേധിക്കപ്പെട്ടവർക്കു വേണ്ടി സംഘടിത അധികാരി വർഗ്ഗത്തിന്നെതിരെ മൂർച്ചയേറിയ പടവാളുയർത്തുന്നവൻ എന്നിങ്ങനെ പലവിധം. വലിയ സാമൂഹ്യപരിഷ്കർത്താവും വിപ്ലവകാരിയുമായി മാത്രം യേശുവിനെ ചിത്രീകരിക്കുന്നതിലാണ് ചിലർക്കു കമ്പം. അതു വലിയ വിജയമായി അവർ അവകാശപ്പെടുകയും ചെയ്യുന്നു. മുകളിൽ സൂചിപ്പിച്ച അവതരണങ്ങളൊക്കെ യേശുവിനെ സംബന്ധിച്ച് വാസ്തവങ്ങൾ തന്നെ. മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും സമഗ്ര വിമോചനത്തിനു വേണ്ടി സ്വയം ശൂന്യവത്കരിച്ചവനാണ് യേശു. പക്ഷേ കേവലമൊരു സാമൂഹ്യപരിഷ്കർത്താവോ വിപ്ലവകാരിയോ വിമോചകനോ ആയി മാത്രം യേശുവിനെ അവതരിപ്പിച്ചാൽ അവന്റെ സ്വയം ശൂന്യമാക്കലിന്റെയും വിമോചനപ്രവൃത്തിയുടെയും ആഴവും യഥാർത്ഥ

അവസ്ഥയും പൂർണ്ണമായി ആവിഷ്കൃതമാവില്ല. ഈ സത്യം സുവിശേഷകനായ യോഹന്നാൻ നന്നേ മനസ്സിലാക്കി. അതിനാൽ യേശുവിന്റെ വിമോചന പ്രവർത്തനത്തിനു നിദാനമായ അവന്റെ അസ്തിത്വത്തിന്റെ അടിസ്ഥാന ഭാവത്തെക്കുറിച്ചുതന്നെ യോഹന്നാൻ ധ്യാനിക്കുന്നു.

## "കണ്ണടച്ചാലും കണ്ണു തുറന്നാലും യേശു"

യോഹന്നാന്റെ ചിന്തയെ മുഴുവൻ മഥിക്കുന്നതും നിയന്ത്രിക്കുന്നതും യേശുവിന്റെ ദൈവിക വ്യക്തിത്വമാണ്. സുവിശേഷകന്റെ ബോധാബോധ തലങ്ങളിലാകെ യേശു നിറഞ്ഞു നില്ക്കുന്നു. കണ്ണടച്ചാലും കണ്ണു തുറന്നാലും യോഹന്നാൻ കാണുന്നത് യേശുവിനെയത്രേ. ഇക്കാര്യം 1 യോഹ 3,16 വായിക്കുമ്പോൾ കാണാം. അവിടെ യേശുവിന്റെ നാമങ്ങളൊന്നും ഉപയോഗിച്ചിട്ടില്ല. ''അവൻ''(അവന്റെ) എന്നു മാത്രം. ''അവൻ'' എന്ന സർവ്വനാമം യോഹന്നാന്റെ തൂലികത്തുമ്പിൽ അദ്ദേഹത്തിന്റെ ഹൃദയനിർഝരിയിൽ നിന്ന് അനർഗ്ഗളമായി ഒഴുകിയെത്തിയതത്രെ. യേശുവിനെക്കുറിച്ചാകുമ്പോൾ യോഹന്നാന്റെ മനസ്സും ബുദ്ധിയുമൊക്കെ ഹൃദയത്തിലേക്ക് ഇറക്കിവയ്ക്കുന്നു.

യേശുതന്നെയാണ് എല്ലാ സുവിശേഷങ്ങളിലേയും പ്രധാന വ്യക്തിത്വം. യേശുവിലേക്കുള്ള ഈ കേന്ദ്രീകരണത്തിന് യോഹന്നാൻ മറ്റുള്ളവരെക്കാൾ കൂടുതൽ ഊന്നൽ നല്കുന്നു എന്നതാണ് വ്യത്യാസം. സുവിശേഷകൻ അവതരിപ്പിക്കുന്ന യേശുവിന്റെ പ്രഭാഷണങ്ങളുടെയും പ്രവൃത്തികളുടെയുമെല്ലാം ഉള്ളടക്കം യേശുവാണ്.

## 2. യേശു ദൈവപുത്രനായ മിശിഹ

ദൈവപുത്രൻ, മിശിഹാ എന്നീ രണ്ടു പേരുകളും ഒരുമിച്ച് യേശുവിനെക്കുറിച്ച് യോഹ 11,27ലും 20,31ലും ഉപയോഗിച്ചിട്ടുണ്ട്. ഈ സുവിശേഷഭാഗങ്ങൾ തമ്മിലുള്ള ബന്ധം ശ്രദ്ധാർഹമാണ്. 20,31ൽ യോഹന്നാൻ നിർദ്ദേശിക്കുന്ന ഉദ്ദേശ്യം യേശു ദൈവപുത്രനായ മിശിഹാ ആണെന്നു വിശ്വസിക്കുകയാണ്. അത് മാർത്താ നിവർത്തിക്കുന്നു. അവൾ പറഞ്ഞു: ''അതേ, കർത്താവേ, നീ ലോകത്തിലേക്കു വരാനിരിക്കുന്ന ദൈവപുത്രനായ മിശിഹാ എന്ന് ഞാൻ വിശ്വസിക്കുന്നു''(യോഹ 11,27)

### 2.1 *യേശുവിന്റെ മിശിഹാത്തവും ദൈവപുത്രത്വവും അർത്ഥം*

### 2.1.1 *യേശുവിന്റെ മിശിഹാത്തവും ദൈവപുത്രത്വവും തമ്മിലുള്ള ബന്ധം*

### 2.1.1.1 *മിശിഹാ, ദൈവപുത്രൻ - സമാന നാമങ്ങൾ*

യേശു ദൈവപുത്രനായ മിശിഹാ ആണെന്നു പറയുമ്പോൾ അവന്റെ ഈ രണ്ടു സ്ഥാനങ്ങളും തമ്മിലുള്ള ബന്ധവും യോഹന്നാൻ 1 യോഹ 5,1-5ൽ കാണിക്കുന്നുണ്ട്. (മനുഷ്യന് ദൈവപുത്രത്വം ലഭിക്കുന്നത് യേശു ദൈവപുത്രനായ മിശിഹാ ആണെന്ന് വിശ്വസിക്കുമ്പോഴാണ് എന്ന് പഠിപ്പിക്കുകയാണ് യോഹന്നാൻ).



1 യോഹ 5,1-5ന് കേന്ദ്രീകൃതമായ ഒരു ഘടനയുണ്ട്. അത് താഴെ ഇഴ പിരിച്ച് അവതരിപ്പിക്കുന്നു

വാക്യം 1

എ: *യേശു മിശിഹാ ആണെന്ന് വിശ്വസിക്കുന്ന ഏവനും*
ബി: *ദൈവത്തിൽനിന്ന് ജനിച്ചവനാകുന്നു*
സി: ജനകനെ (പിതാവിനെ) *സ്നേഹിക്കുന്നവൻ*
ഡി: അവനിൽനിന്ന് ജനിച്ചവനേയും (അവന്റെ പുത്രനേയും) *സ്നേഹിക്കുന്നു.*

വാക്യം 2

ഡി': ... നാം ദൈവത്തിന്റെ മക്കളെ സ്നേഹിക്കുന്നു എന്നു നമുക്കറിയാം,
സി': നാം ദൈവത്തെ *സ്നേഹിക്കുകയും* അവന്റെ കല്പനകൾ പാലിക്കുകയും ചെയ്യുമ്പോൾ

വാക്യം 3 : എന്തെന്നാൽ ദൈവത്തെ *സ്നേഹിക്കുകയെന്നാൽ* അവന്റെ കല്പനകൾ അനുസരിക്കയാണ്

വാക്യം 4

ബി': എന്തെന്നാൽ *ദൈവത്തിൽനിന്നു ജനിച്ച ഏവനും* ലോകത്തെ കീഴ്പ്പെടുത്തിയിരിക്കുന്നു.:

വാക്യം 5

എ' : ലോകത്തിന്മേലുള്ള വിജയം ഇതാണ് - നമ്മുടെ വിശ്വാസം.
*യേശു ദൈവപുത്രനാണെന്നു വിശ്വസിക്കുന്നവനല്ലാതെ* ആരാണ് ലോകത്തെ ജയിക്കുക?

ചരിഞ്ഞ അക്ഷരങ്ങളിലുള്ള ഭാഗങ്ങൾ തമ്മിലുള്ള സമാനത ശ്രദ്ധിക്കുക. വാക്യം 1ലും വാക്യം 5ലും (എ, എ') യേശുവിന്റെ രണ്ട്പേരുകൾ - മിശിഹാ, ദൈവപുത്രൻ - സമാനങ്ങളായി ഉണ്ട്. ഇവ രണ്ടും പരസ്പരം മാറാവുന്ന നാമങ്ങളാണ്. അതായത്, യേശുവിന്റെ മിശിഹാത്തം അവന്റെ ദൈവപുത്രത്വത്തെയും പുത്രത്വം മിശിഹാത്തത്തെയും ഉൾക്കൊള്ളുന്നു.

### 2.1.1.2 ദൈവപുത്രനായ മിശിഹാ

യഹൂദരുടെ തിരുഗ്രന്ഥം (ക്രിസ്ത്യാനികളുടെ പഴയ നിയമം) മിശിഹായെ വാഗ്ദാനം ചെയ്തിരുന്നു. *മിശിഹാ* എന്ന വാക്കിന്റെ അർത്ഥം അഭിഷിക്തൻ എന്നാണല്ലോ. അഭിഷിക്തനായ രാജാവിനെ ദൈവത്തിന്റെ പുത്രൻ എന്ന് യഹൂദർ ബഹുമാനിച്ചു (സങ്കി 2,7). ദാവീദിന്റെ സിംഹാസനാവകാശികൾക്കും ദൈവപുത്രപദവി കല്പിതമായിരുന്നു. ദാവീദിനും പിന്തുടർച്ചാവകാശികൾക്കും ദൈവപുത്രപദവി അവരുടെ രാജകീയാഭിഷേകം മൂലം ലഭിക്കുന്നതായിരുന്നു.

ജന്മനാലേ ഉള്ള ദൈവപുത്രത്വമല്ല. അഭിഷേകം (മിശിഹാത്തം) മുഖാന്തരമായിരുന്നു ദൈവപുത്രത്വം. പഴയ നിയമം വാഗ്ദാനം ചെയ്ത് ചൂണ്ടിക്കാണിച്ചിരുന്ന മിശിഹായാണ് യേശു. പഴയ നിയമവും അത് ആസ്പദിച്ചുള്ള യഹൂദ പാരമ്പര്യവും ചൂണ്ടിക്കാട്ടുന്ന മിശിഹായാണ് യേശു എന്ന് യോഹന്നാൻ ഖണ്ഡിതമായി കാണിക്കുന്നു. പ്രസ്തുത സമീപനം *മിശിഹാ* എന്ന വാക്ക് ഹീബ്രുവിൽത്തന്നെ ഉപയോഗിക്കുന്നതിൽ (1,41; 4,25) ഉണ്ട്. മിശിഹാ എന്ന വാക്ക് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന പുതിയ നിയമ ഗ്രന്ഥകാരനും യോഹന്നാനാണ്. മിശിഹായെ കുറിക്കാൻ പഴയ നിയമം (യഹൂദർ) ഉപയോഗിച്ചിട്ടുള്ള പല പേരുകൾ യോഹന്നാൻ ഉപയോഗിക്കുന്നതും ശ്രദ്ധാർഹമാണ്. അഭിഷിക്ത രാജാവായിരുന്ന ദാവീദിന്റെ സിംഹാസനം എന്നേക്കും നിലനിർത്തുന്ന ദാവീദിന്റെ സന്തതിയെ യഹൂദർ പ്രതീക്ഷിച്ചിരിക്കയായിരുന്നു. ഒരു തികഞ്ഞ രാഷ്ട്രീയ ഭരണാധികാരിയെയാണ് അവരുടെ സ്വപ്നങ്ങൾ താലോലിച്ചിരുന്നത്. യഹൂദന്മാർ പ്രതീക്ഷിച്ചിരുന്നതുപോലെയുള്ള രാഷ്ട്രീയ മിശിഹാ അല്ല യേശു എന്ന് വ്യക്തമാക്കുകയാണ് യോഹന്നാന്റെ ഉദ്ദേശ്യം. അവർ ദാവീദു വംശജനായ രാജകീയമിശിഹായെ പ്രതീക്ഷിച്ചു കഴിയുകയായിരുന്നു. നാഥാൻ പ്രവാചകന്റെ വാക്കുകൾ (2സാമു 7,12-14) അവർക്ക് പ്രതീക്ഷ നല്കി. ആ മിശിഹാ ഒരു രാഷ്ട്രീയ നോതാവായിരിക്കണമെന്നാണ് യേശുവിന്റെ സമകാലിക യഹൂദ സമൂഹം മനസ്സിലാക്കിയത്. റോമാക്കാരുടെ ആധിപത്യത്തിൽ നിന്ന് തങ്ങളെ സ്വതന്ത്രരാക്കുന്ന ഒരു തനി രാഷ്ട്രീയ നേതാവിനെ അവർ കാത്തിരിക്കയായിരുന്നു. അത്തരം മിശിഹാ അല്ല യേശു എന്ന് യോഹന്നാൻ വ്യക്തമാക്കുന്നു. എത് കുത്സിത മാർഗ്ഗവും അക്രമവും അനീതിയും ഉപയോഗിച്ചും സ്വജനപക്ഷപാതവും വർഗ്ഗസമരവും വർഗ്ഗവിദ്വേഷവും വളർത്തിയും ഭരണം പിടിച്ചെടുക്കുകയും നിലനിർത്തുകയും ചെയ്യാൻ വന്നവനല്ല യേശു എന്ന് യോഹന്നാൻ അസന്നിഗ്ദ്ധമായി പഠിപ്പിക്കുന്നു.

യഹൂദരുടെ മനക്കോട്ടയിലെ മിശിഹായുടെ ദൈവപുത്രത്വത്തിനടിസ്ഥാനം അവന്റെ മിശിഹാത്തം ആയിരുന്നു. അതായത് മിശിഹാ ആയതിനാൽ ദൈവപുത്രനുമാകുന്നു. എന്നാൽ നേരെമറിച്ചാണ് യേ ശുവിന്റെ മിശിഹാത്തവും ദൈവപുത്രത്വവും തമ്മിലുള്ള ബന്ധം യോഹന്നാൻ കാണുക. യേശുവിന്റെ മിശിഹാത്തത്തിന്നടിസ്ഥാനം അവന്റെ ദൈവപുത്രത്വമാണ്. ദൈപുത്രനായതിനാൽ മിശിഹായും ആകുന്നു. യേശുവിന്റെ മിശിഹാത്തം അവന്റെ ദൈവപുത്രത്വത്തിന്റെ ആവിഷ്കരണമത്രെ.

**യേശുവിന്റെ മിശിഹാത്തവും ദൗത്യവും**

യേശുവിന് *മിശിഹാ* (ക്രിസ്തു) എന്ന അഭിധാനം യോഹന്നാന്റെ കൃതികളിൽ അനേക തവണയുണ്ട് (യോഹ 1,17.41;4,25(26).29;



7,26(27.31).41(42);9,22;10,24;11,27;(12,34),17,3;20,31;1യോഹ 1,3;2,1.22;3,23; 4,2.15;5,16.20;2യോഹ 3,7.9). പഴയ നിയമം മിശിഹായ്ക്ക് ഉപയോഗിച്ചിട്ടുള്ള പല അഭിധാനങ്ങൾ യോഹന്നാൻ യേശുവിന് ഉപയോഗിച്ചിട്ടുള്ളതും തൊട്ടുമുകളിൽ ചൂണ്ടിക്കാട്ടിയല്ലോ.

യേശുവിന്റെ മിശിഹാത്തം അവന്റെ ദൗത്യത്തെ ദ്യോതിപ്പിക്കുന്നു. അവന്റെ മിശിഹാത്തത്തിന് ആവിഷ്കരണ സ്വഭാവമുണ്ട്. യേശുവിന്റെ അസ്തിത്വം തന്നെ അവന്റെ ദൗത്യത്തിലൂന്നിയതാണ്. പ്രവാചകന്മാരും മറ്റും തങ്ങളുടെ ദൗത്യത്തിനു വേണ്ടി ജീവിച്ചു. യേശുവിന് ഭൗമിക അസ്തിത്വം നല്കുന്നത് അവൻ സ്വീകരിച്ചിട്ടുള്ള ദൗത്യമത്രേ. സമറിയായിലെ സിക്കാർ എന്ന പട്ടണം. ഉച്ചഭക്ഷണം കഴിക്കാൻ ശിഷ്യന്മാർ യേശുവിനെ ക്ഷണിച്ചു. അപ്പോൾ യേശു നല്കിയ മറുപടി ശ്രദ്ധിക്കുക: ''നിങ്ങൾ അറിയാത്ത ഭക്ഷണം എനിക്കുണ്ട് ... എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം'' (യോഹ 4,32-34). ഇതേ ആശയം 6,38;5,36;9,4;17,4 എന്നിടങ്ങളിലുമുണ്ട്. 4,34ലെ ആശയം നിയമ 8,3ലെ ആശയത്തോടു സാമ്യമുള്ളതാണ്. ''മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുക; ദൈവത്തിന്റെ ഓരോ വാക്കുകൊണ്ടും കൂടിയാണ്''.

മിശിഹാ എന്ന നിലയിൽ യേശുവിന്റെ ദൗത്യം കൃത്യമായി സ്പഷ്ടമാക്കുംവിധം ആഴമായ അർത്ഥത്തിലാണ് യോഹന്നാൻ ''മിശിഹാ'' എന്ന യേശുനാമം ഉപയോഗിക്കുക. ഈ സംഗതി യോഹ 20,30;11,27;4,25-26;18,5 എന്നീ സുവിശേഷഭാഗങ്ങളിൽനിന്ന് മനസ്സിലാക്കാം. യോഹ 20,30ൽ ''ജീവൻ ഉണ്ടാകുക'' എന്ന ഫലപ്രാപ്തിയോട് അനുബന്ധിച്ചാണ് യേശുവിന്റെ ''മിശിഹാ'' എന്ന നാമം. അതുപോലെയാണ് 11,27ലും. മാർത്താ യേശുവിനെ ദൈവപുത്രനായ മിശിഹാ എന്നു വിശ്വസിക്കുന്നു. യഹൂദ വിശ്വാസം അനുസരിച്ചുള്ള അർത്ഥമായിരിക്കാം മിശിഹാ എന്ന പദത്തിന് മാർത്താ സങ്കല്പിക്കുക. എങ്കിലും അതല്ല യേശുവിനെ സം ബന്ധിച്ച് ശരിയായത് എന്ന് തുടർന്നുവരുന്ന സംഭവം സ്പഷ്ടമാക്കുന്നു. മിശിഹായായ യേശു ലാസറിന് ജീവൻ നല്കുന്നു. ജീവൻ നല്കുകയാണ് ദൈവപുത്രനായ മിശിഹായുടെ ദൗത്യത്തിന്റെ പ്രത്യേകത.

**മിശിഹാത്തം ദൈവപുത്രത്വത്തിന്റെ ആവിഷ്കാരം**

മിശിഹാ എന്ന യേശുനാമത്തിന്റെ ആവിഷ്കരണസ്വഭാവവും ആഴമായ അർത്ഥവും വെളിവാക്കുന്ന ഒരു സന്ദർഭമാണ് യോഹ 4,25-26ൽ. ഇവിടെയും യേശു മിശിഹായായി സ്വയം അവതരിപ്പിക്കുന്നു. മിശിഹാ (ക്രിസ്തു) എന്നു വിളിക്കപ്പെടുന്ന രക്ഷകൻ വരുമ്പോൾ ആരാധനപരമായ കാര്യങ്ങളുമെല്ലാം ഞങ്ങളെ പഠിപ്പിക്കുമെന്ന് സമരിയാക്കാരി യേശുവിനോടു പറഞ്ഞു. അപ്പോൾ യേശു പ്രതിവചിച്ചു: ''ഞാൻ

തന്നെയാണ് അവൻ.'' മിശിഹായെക്കുറിച്ച് സമരിയാക്കാരി വച്ചുപുലർത്തിയ ധാരണകൾ യേശു തിരുത്തി. മിശിഹാ എന്ന നാമത്തിന് ''ഞാനാകുന്നു അവൻ'' എന്ന ഉള്ളടക്കം കൂടി യേശു ചേർത്തു. ''ഞാനാകുന്നു അവൻ'' എന്നത് ദൈവത്തിന്റെ ആത്മാവിഷ്കാരത്തിന്റെ ശൈലിയാണല്ലോ - വേദഗ്രന്ഥപാരമ്പര്യത്തിൽ (മോശയും യാഹ്‌വേയും തമ്മിലുള്ള സംഭാഷണം: പുറ 3). ദൈവത്തിന്റെ ആളത്തം വെളിപ്പെടുത്തുന്ന ഈ ശൈലി യോഹ 18,5ലും ദൈവാവിഷ്കരണപരമായി യോഹന്നാൻ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത വാക്കുകൾ യേശുവിന്റെ അധരങ്ങളിൽ നിന്ന് ശ്രവിച്ച മാത്രയിൽ പടയാളികൾ നിലത്തു വീണു. മനുഷ്യൻ ഭയവിഹ്വലനായി തിരുസന്നിധിയിൽ സാഷ്ടാംഗ പ്രണാമം ചെയ്യാൻ നിർബന്ധിതനാകുന്ന വിധമുള്ള ദൈവത്തിന്റെ ശക്തമായ പ്രത്യക്ഷീകരണമാണ് 18,5ൽ ''ഞാനാകുന്നു അവൻ'' എന്ന യേശുവിന്റെ വാക്കുകൾക്കുള്ളത്. യേശു ദൈവനാമം വഹിക്കുന്നവനാകുന്നു എന്നാണ് മിശിഹാ എന്ന അവന്റെ അഭിധാനത്തിന് അർത്ഥമെന്ന് സമരിയാക്കാരിയോട് യേശു സൂചിപ്പിച്ചു.

യേശുവിന്റെ മിശിഹാത്തത്തിന്റെ അടിസ്ഥാനവും അർത്ഥവും ആവിഷ്കരിക്കുന്ന മറ്റ് പദപ്രയോഗങ്ങളും യേശുവിന്റെ നാവിൽ നിന്നുതിർന്നത് യോഹന്നാൻ രേഖപ്പെടുത്തുന്നു. ഇവയിൽ ''ഞാൻ വന്നു,'' ''ഞാൻ വന്നിരിക്കുന്നു'' (യോഹ 8,42;16,27-28;17,8;8,37), ''എന്നെ അയച്ചു'' (7,28.29) എന്നിവ സവിശേഷ ശ്രദ്ധ അർഹിക്കുന്നവയാണ്. ''ഞാൻ സ്വമേധയാ വന്നവനല്ല'' (7,28.29;8,42), ''പിതാവു അയച്ചിട്ട് വന്നവനാണ്'' (8,42; 16,17.28); ''ഉന്നതങ്ങളിൽ നിന്ന് വന്നവനാണ്'' (3,31; 6,38; 7,27) എന്നീ പ്രസ്താവനകളിൽ യേശു തന്റെ മിശിഹാത്തത്തിന്റെ അടിസ്ഥാനം ഉന്നതങ്ങളിൽ നിന്നുള്ള തന്റെ ഉത്ഭവം (ദൈവപുത്രത്വം) ആണെന്നും, മിശിഹാത്തം പുത്രത്വത്തിന്റെ വെളിപ്പെടുത്തൽ ആണെ ന്നും സ്പഷ്ടമാക്കുന്നു,

### യേശു ദൈവപുത്രൻ

യേശുവിന് പുത്രൻ (ദൈവപുത്രൻ) എന്ന അഭിധാനം ഉപയോഗിക്കുന്ന നിരവധി സന്ദർഭങ്ങളുണ്ട് യോഹന്നാന്റെ കൃതികളിൽ:: യോഹ 1,18.34. 49;3,16.17.18.(35,36);(5,20);(5,22);5,23;5,25 (26);10,36;11,4.27;(14,13);17,1.(12);19,7;20,31;1 യോഹ 1,37;2,22-23 (രണ്ടു തവണ) 3,23;4,9.10.14.15; 5,9.10.11.12.13.20 (രണ്ടു തവണ);2 യോഹ 3,9;വെളി 2,18.

### യേശു സ്വഭാവത്താലേ ദൈവപുത്രൻ

''ദൈവപുത്രൻ'' എന്ന നാമം യേശുവിന്റെ ദൈവത്വം ദ്യോതിപ്പിക്കുന്നു. യേശു സ്വഭാവേന ദൈവികനാണ്. യേശു സ്വഭാവത്താലേ ദൈവപുത്രനാണ്. യേശുവിന്റെ ദൈവികോത്ഭവം ആവർത്തിച്ചുറപ്പിച്ചു പറയാൻ യോഹന്നാന് ഒരു തരം വ്യഗ്രതയുണ്ട്. ഈ വസ്തുത ''പിതാവ്'' എന്ന നാമം ഉപയോഗിച്ച് 136 പ്രാവശ്യം ദൈവത്തെ അവതരിപ്പിക്കുന്നതിൽത്തന്നെ പ്രതിഫലിക്കുന്നു. ''ദൈവപുത്രൻ'' എന്ന നാമം യേശു



വിന് പ്രയോഗിക്കുമ്പോൾ യോഹന്നാൻ യേശുവിന്റെ ദൈവികസ്വഭാവം മനസ്സിൽ കാണുന്നു. ആ ദൈവികസ്വഭാവം ദ്യോതിപ്പിക്കുന്ന അനേകം പ്രസ്താവനകളുണ്ട്. അവൻ ആദിമുതലേ ഉണ്ടായിരുന്നവനാണ് എന്ന സത്യം പല വിധം സ്ഥാപിക്കുന്നു. ''അബ്രഹാമിനു മുമ്പ് ഞാനുണ്ട്'' (8,58). ആദ്യം ആയിരുന്നിടത്തേക്ക്, എവിടെനിന്നു വന്നുവോ, അവിടേക്കു തിരികെപ്പോകുന്നു (6,38.62); ലോകസ്ഥാപനത്തിന് മുമ്പെതന്നെ അവൻ മഹത്വീകൃതനായി (17,5); ലോകം സൃഷ്ടമാകുന്നതിനു മുമ്പുതന്നെ ദൈവം അവനെ സ്നേഹിച്ചു (17,24); മറ്റെന്തിലും ഉണ്ടാകുന്നതിനു മുമ്പ് അവൻ ദൈവത്തോടൊത്തായിരുന്നു (1,12-); അറിവിലും (2,24;5,18;6,65;12,33;16,29) അധികാരത്തിലും (ശക്തിയിലും) (5,17.20.36) യേശു പിതാവിനോട് സമനാണ്. അവന് പിതാവിനോടുള്ള കൂട്ടായ്മയും (16,15; 17,10) അവർക്ക് ദൈവിക സ്വഭാവത്തിലും ദൈവിക ഗുണവിശേഷങ്ങളിലുമുള്ള പങ്കാളിത്തവും (10,30;14,10-12;17,22-23) എല്ലാം യേശുവിന്റെ ദൈവികതയുടെ തെളിവുകളാണ്. യേശുവിനെക്കുറിച്ച് മേല്പറഞ്ഞ പ്രസ്താവനകളൊക്കെ മറ്റുള്ളവരുടെ ദൃഷ്ടിയിൽ യേശുവിന്റെ മിശിഹാത്തത്തിന് പര്യായങ്ങളായിരിക്കും. എന്നാൽ യേശുവിന്റെയും സുവിശേഷകന്റെയും കാഴ്ചപ്പാടിൽ അവയെല്ലാം യേശു ദൈവപുത്രനാകുന്നു എന്ന സത്യം ആവിഷ്കരിക്കുകയാണ്.[2]

### യേശുവിന് ദൈവപിതാവിനോട് അതുല്യബന്ധം

പുത്രൻ എന്ന പദം പിതാവിനോടുള്ള ബന്ധം സൂചിപ്പിക്കുന്നതാണല്ലോ. യേശു ദൈവപുത്രനാണെന്ന് പറയുന്നതിൽ യേശുവും ദൈവപിതാവുമായുള്ള ബന്ധവും അന്തർഭവിച്ചിട്ടുണ്ട്. യേശു ദൈവപുത്രനായ മിശിഹാ ആണെന്നു വിശ്വസിക്കുന്നവരും ദൈവപുത്രരാണ് (യോഹ 1,12;1 യോഹ 5,1). യേശുവിനും അവനിൽ വിശ്വസിക്കുന്നവർക്കും ദൈവപുത്രത്വം ഉണ്ട്. എന്നാൽ ഇവ തമ്മിൽ അന്തരമുണ്ടെന്നാണ് യോ ഹന്നാന്റെ നിലപാട്. ഇക്കാര്യം യോഹന്നാന്റെ പദപ്രയോഗത്തിൽ ത്തന്നെ ധ്വനിക്കുന്നു. യേശുവിനെ 'പുത്രൻ' (*ഹ്യൂയിയോസ്*) എന്നും മറ്റുള്ളവരെ 'വത്സല മക്കൾ' (*തെക്നാ*) എന്നുമാണ് വിളിക്കുക. പുത്രൻ (*ഹ്യൂയിയോസ്*) എന്ന പദം മിക്കവാറും യേശുവിനു മാത്രമായി മാറ്റി വച്ചിരിക്കുകയാണ്. യേശുവിൽ വിശ്വസിക്കുകവഴി ദൈവപുത്രരായവരെ ''വത്സല മക്കൾ'' എന്നർത്ഥം വരുന്ന *തെക്നാ* എന്നാണു വിളിക്കുക. അതുപോലെ യേശു ദൈവപിതാവിനെ ''എന്റെ പിതാവ്'' എന്ന് കൂടെക്കൂടെ വിശേഷിപ്പിക്കുമെങ്കിലും 'നമ്മുടെ/ഞങ്ങളുടെ പിതാവ്' എന്നില്ല. ''നിങ്ങളുടെ പിതാവ്'' എന്ന് യേശു ദൈവത്തെക്കുറിച്ച് ശിഷ്യന്മാരോട് ഒരിടത്തു മാത്രമേ (യോഹ 20,17) പറയുന്നുള്ളു. ഈ രീതി യേശുവും പിതാവും തമ്മിൽ അദ്വിതീയമായ പിതൃപുത്രബന്ധം ഉണ്ട് എന്നു യോഹന്നാൻ മനസ്സിലാക്കുന്നതിന് തെളിവാണല്ലോ. യേശുവിനെ പിതാവിന്റെ ഏകജാതൻ എന്ന് യോഹന്നാൻ

വിശേഷിപ്പിക്കുന്നു (1,14.18;3,16.18;1 യോഹ 4,9). ഇതും യേശുവും പിതാവും തമ്മിലുള്ള അതുല്യമായ പിതൃപുത്രബന്ധം സ്പഷ്ടമാക്കുന്ന നാമമാണ് യോഹ 1,18ൽ.

യേശുവിന് പിതാവിനോടുള്ള ബന്ധം ആസ്പദമാക്കി യേശുവിനെക്കുറിച്ച് ധ്യാനിക്കയാണ് യോഹന്നാൻ. യേശുവും പിതാവും തമ്മിൽ ചലനാത്മകമായ ബന്ധം നിലനില്ക്കുന്നുവെന്ന ധ്വനി അവിടെയുണ്ട്. അവർ തമ്മിൽ കേവലം മാനസികമായൊരു ബന്ധമല്ല. ജനകനും ജനിച്ചവനും എന്ന ബന്ധമാണ്. തന്റെ ജീവന്റെയും അസ്തിത്വത്തിന്റെയും ഉറവിടമായ പിതാവിലേക്ക് സദാ അനുസ്യൂതം ഉന്മുഖമായിട്ടുള്ളതും പിതാവിനോട് സദാ ബന്ധപ്പെട്ടു നില്ക്കുന്നതുമായ ഒരു വ്യക്തിയായാണ് പുത്രൻ എന്ന നിലയിൽ യേശുവിനെ യോഹന്നാൻ കാണുക. പിതാ വിൽനിന്നുള്ള യേശുവിന്റെ ജനനത്തിന് ഊന്നൽ നല്കുന്നതുമാണ് ''എകജാതൻ'' എന്ന പ്രയോഗം.

യേശുവിന്റെ ജനനം നിത്യവും കാലികവുമാണ്. ദൈവത്തിൽ നിത്യതയിലേ ജനിച്ചു. കാലത്തിൽ മനുഷ്യനായി ജനിച്ചു. യേശു ജനിച്ചത് പുരുഷേച്ഛയാലല്ല; ദൈവത്തിൽ നിന്നാണ് (യോഹ 1,13;1 യോഹ 5,13). (''പുരുഷന്റെ ഇച്ഛ'' എന്ന് പറയുകവഴി യേശുവിന്റെ ഭൗമിക ജനനം സ്ത്രീയിൽ നിന്ന് പുരുഷബന്ധമില്ലാതെ സംഭവിച്ചു എന്ന് യോഹന്നാൻ സ്വീകരിക്കുന്നതായി കരുതാം.) ദൈവത്തിൽ നിന്ന് നിത്യതയിലേ ജനിച്ച ഏകജാതനെയാണ് ദൈവം ലോകത്തിലേക്കയച്ചത് (യോഹ. 3,16;1 യോഹ 4,9). ലോകത്തിൽ യേശു ജനിച്ചത് അവന്റെ കാലിക ജനനം. അത് യോഹന്നാൻ ഇങ്ങനെയും അവതരിപ്പിക്കും: ''വചനം മാംസമായി; നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്ത്വം നമ്മൾ ദർശിച്ചു - കൃപ യും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം'' (യോഹ 1,14). യേശുവിന്റെ നിത്യമായ ജനനത്തിന്റെ അടയാളമാണ് ചരിത്രത്തിലെ അവന്റെ ജനനം. ആ നിലയിൽ യേശുവിന്റെ മനുഷ്യാവതാരത്തിന് പ്രത്യേക പ്രാധാന്യമുണ്ട്.

### യേശുവും പിതാവും തമ്മിൽ ഐക്യം

യേശുവിന്റെ ദൈവപുത്രത്വത്തിൽ യേശുവും പിതാവും തമ്മിലുള്ള ഐക്യവും അന്തർഭവിച്ചിട്ടുണ്ട്. യേശു പ്രസ്താവിക്കുന്നു: ''ഞാനും പിതാവും ഒന്നാകുന്നു'' (യോഹ 10,30). ആടുകൾക്ക് ജീവൻ കൊടുക്കുന്നതിലുള്ള ഐക്യമാണ് ഇവിടെ പ്രഥമത ഉദ്ദേശിക്കുക. യേശുവും പിതാവും തമ്മിലുള്ള ഐക്യം യേശു പിതാവിന്റെ അഭീഷ്ടം നിറവേറ്റുന്നതിൽ സ്പഷ്ടമാകുന്നു. ''ഞാനും പിതാവും ഒന്നാകുന്നു'' എന്ന് യേശു പറഞ്ഞത് കേട്ട് ഇടറിയ യഹൂദന്മാരോട് യേശു പറയുകയാണ്; ഞാൻ പിതാവിന്റെ പ്രവൃത്തികളല്ല ചെയ്യുന്നതെങ്കിൽ നിങ്ങൾ എന്നിൽ വിശ്വസിക്കേണ്ട; പിതാവിന്റെ പ്രവൃത്തികളാണ് ചെയ്യുന്നതെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലെങ്കിലും ആ പ്രവൃത്തികളെ വിശ്വസിക്കുവിൻ. ഇത് പിതാവ് എന്നിലും ഞാൻ പിതാവിലും ആണെന്ന് നിങ്ങൾ അറിയേണ്ടതിനാണ് (യോഹ 10,3-38). ഇതേ ആഹ്വാനം യേശു ശിഷ്യർക്കും നല്കുന്നുണ്ട് (14,11).



### ഐക്യം - ജീവനിലും പ്രവൃത്തിയിലും

യേശുവും ദൈവവും തമ്മിലുള്ള ഐക്യത്തിന് രണ്ട് തലങ്ങളുണ്ട്. ജീവനിലും പ്രവൃത്തിയിലും ഐക്യം. ''പിതാവിനു തന്നിൽത്തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽത്തന്നെ ജീവനുണ്ടായിരിക്കാൻ പിതാവ് അധികാരം നല്കിയിട്ടുണ്ട്'' (യോഹ 8,29). പിതാവും പുത്രനും ഒരേ ജീവനിൽ പങ്കുകൊള്ളുന്നു. പിതാവിന്റെ ജീവൻ തന്നെ പുത്രനും. ഈ ഐക്യം നിത്യമായ അസ്തിത്വത്തിലേ ഉള്ളതാണ് (യോഹ 1,1). അതിനാൽ പിതാവിനെ ഞങ്ങൾക്ക് കാട്ടിത്തരണമെന്ന് അഭ്യർത്ഥിച്ച ഫീലി പ്പോസിനോട് (ശിഷ്യരോട്) യേശു പറഞ്ഞു: ''എന്നെ കാണുന്നവർ പിതാവിനെയും കാണുന്നു ... പിതാവ് എന്നിലും ഞാൻ പിതാവിലും ആണെ ന്ന് വിശ്വസിക്കുന്നില്ലേ?''(യോഹ 14,8-10). അതുകൊണ്ടുതന്നെ യോഹന്നാൻ പ്രസ്താവിക്കുന്നു: ''അവനാണ് പുത്രനായ യേശുക്രിസ്തു. സത്യദൈവവും നിത്യജീവനും'' (1 യോഹ 5,20).

പിതാവും പുത്രനും തമ്മിലുള്ള സ്ഥിരവും സ്ഥായിയുമായ ഐക്യം യേശുവിന്റെ പ്രവൃത്തിയിൽ പ്രകടമാകുന്നു. പീലിപ്പോസിനോടുള്ള മറുപടിയിൽ യേശു തുടർന്നു: ''ഞാൻ പറയുന്ന വാക്കുകൾ സ്വമേധയാ പറയുന്നവയല്ല. പ്രസ്തുത പിതാവ് എന്നിൽ വസിച്ചുകൊണ്ട് തന്റെ പ്രവൃത്തികൾ ചെയ്യുകയാണ്'' (യോഹ 14,106). തന്നെ എതിർത്ത അവിശ്വാസികളായ യഹൂദരോടും ഇങ്ങനെ തന്നെ യേശു പറഞ്ഞു: ''അതുകൊണ്ട് നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ ഞാനാകുന്നു അവൻ എന്നും, ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത എന്റെ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ ഇക്കാര്യങ്ങൾ ഞാൻ സംസാരിക്കുന്നു എന്നും നിങ്ങൾക്ക് മനസ്സിലാകും. എന്നെ അയച്ചവൻ എന്നോടൊത്തുണ്ട്. അവൻ എന്നെ തനിയെ വിട്ടിരിക്കുകയല്ല. എന്തെന്നാൽ ഞാൻ എപ്പോഴും അവന് ഇഷ്ടമുള്ളതു പ്രവർത്തിക്കുന്നു''(യോഹ 8,28-29). ഇതേ ഭാഷ തന്നെ യേശു ദൈവത്തെ പിതാവ് എന്ന് വിളിച്ചതിൽ രോഷാകുലരായ യഹൂദരോടും ഉപയോഗിക്കുന്നു. യേശു ദൈവ ത്തെ പിതാവ് എന്ന് വിളിച്ച് താൻ ദൈവപുത്രനാണെന്ന് വെളിപ്പെടുത്തുകയാണല്ലോ. ''എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു''(യോഹ 5,17). ''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പിതാവ് ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വന്ത ഇഷ്ടപ്രകാരം ഒന്നും പ്രവർത്തിക്കാനാവില്ല. എന്നാൽ പിതാവ് ചെയ്യുന്നതെല്ലാം അവനെ കാണിക്കയും ചെയ്യുന്നു''(യോഹ 5,19-20). മേലുദ്ധരിച്ച യേശുസൂക്തങ്ങളെല്ലാം സ്പഷ്ടമാക്കുക യേശുവും പിതാവും തമ്മിലുള്ള പിതൃപുത്ര ബന്ധം നിശ്ചലമല്ല;

പ്രത്യുത, സ്ഥിരവും ചലനാത്മകവുമാണ് എന്നാണല്ലോ. അതടങ്ങയിരിക്കുന്നത് പിതാവിൽനിന്ന് ഉത്ഭവിച്ചാരംഭിക്കുന്ന പ്രവൃത്തി പുത്രനിൽ ആവിഷ്കൃതമാകുന്നതിലാണ്. അതായത്, യേശു സർവ്വദാ പിതാവിന്റെ അഭീഷ്ടം മാത്രം നിവർത്തിക്കുന്നതിലാണ്. യേശുവിന്റെ അനുസരണത്തിൽ അവന് (പിതാവിന്) ഇഷ്ടമുള്ളത് എപ്പോഴും പ്രവർത്തിക്കുന്നു (യോഹ 8,29). പിതാവിന്റെ പ്രവൃത്തിതന്നെ അനുകരിക്കയാണ് പുത്രനായ യേശു (യോഹ 5,19). ജീവനിലുള്ള ഐക്യമാണ് പ്രവൃത്തിയിലുള്ള ഐക്യത്തിന് നിദാനവും സ്രോതസ്സും.

**പരസ്പര സ്നേഹത്തിന്റെ ഐക്യം**

പിതാവും യേശുവും തമ്മിൽ ജീവനിലും പ്രവൃത്തിയിലുമുള്ള ഐക്യം ആവിഷ്കരിച്ചിട്ടുള്ളത് അവരുടെ അന്യോന്യ സ്നേഹത്തിന്റെ ഭാഷയിലാണ്. അവരുടെ പരസ്പര സ്നേഹത്തിലാണ് അവർക്ക് ജീവനിലും പ്രവൃത്തിയിലുമുള്ള ബന്ധം വേരൂന്നിയിരിക്കുക.''പിതാവ് പുത്രനെ സ്നേഹിക്കയും തന്റെ പ്രവൃത്തികളെല്ലാം അവനെ കാണിക്കയും സർവ്വതും അവന്റെ കരങ്ങളിൽ ഏല്പിക്കയും ചെയ്തിരിക്കുന്നു'' (യോഹ 3,35). ''ഞാൻ പിതാവിനെ മാത്രം സ്നേഹിക്കയും അവൻ കല്പിച്ചതു പ്രവർത്തിക്കയും ചെയ്യുന്നു'' (യോഹ 14,31). പിതാവ് തന്റെ പ്രവൃത്തികളെല്ലാം പുത്രനെ കാണിക്കയും അവന് ഏല്പിച്ചുകൊടുക്കയും ചെയ്തിരിക്കുന്നു. പുത്രൻ പിതാവിന്റെ അഭീഷ്ടം അതേപടി അനുസരിക്കയും പിതാവിന്റെ പ്രവൃത്തി അനുകരിക്കയും ചെയ്യുന്നതിനുള്ള കാരണം അവർ തമ്മിലുള്ള സ്നേഹമാണ്. അവരുടെ സ്നേഹം അവർക്ക് ജീവനിലും പ്രവൃത്തിയിലുമുള്ള ഐക്യത്തിന്റെ പ്രത്യക്ഷീകരണമാണ്.

**യേശുവിന്റെ ദൈവപുത്രത്വം ദൗത്യത്തിന്റെ ആവിഷ്കരണം; പിതാവിനെ വെളിപ്പെടുത്തുന്നു.**

യോഹന്നാൻ യേശുവിന് ''ദൈവപുത്രൻ'' എന്ന അഭിധാനം ഉപയോഗിക്കുന്ന സന്ദർഭങ്ങൾക്ക് ഒരു സവിശേഷതയുണ്ട്. യേശുവിന് മനുഷ്യരോടുള്ള ദൗത്യത്തെക്കുറിച്ച് പറയുമ്പോൾ മാത്രമെ ഈ നാമം ഉപയോഗിക്കുന്നുള്ളു. യേശുവും പിതാവും തമ്മിലുള്ള ബന്ധത്തെപ്പറ്റി മാത്രമുള്ള അവസരങ്ങളിൽ പ്രസ്തുത നാമം ഉപയോഗിക്കുന്നില്ല. ഇക്കാര്യം നിതരാം വ്യക്തമാക്കുന്ന സന്ദർഭമാണ് യോഹ 10,22-39ൽ. പിതാവ് അഭിഷേകം ചെയ്ത് ലോകത്തിലേക്ക് അയച്ചവൻ ആകയാൽ താൻ ദൈവപുത്രനാകുന്നു എന്നാണ് യേശു അവിടെ സമർത്ഥിക്കുക (10,36). പിതാവിനാൽ അഭിഷിക്തനായി അയയ്ക്കപ്പെട്ട ദൈവപുത്രനായി യേശു സ്വയം അവതരിപ്പിക്കുന്ന സന്ദർഭം യഹൂദരുടെ പ്രതിഷ്ഠാത്തിരുനാളാണ്.[3]

യേശുവിന്റെ അവകാശവാദത്തെ എതിർത്ത യഹൂദരോട് അവരുടെ മതഗ്രന്ഥം ആസ്പദമാക്കിത്തന്നെ യേശു മറുപടി നല്കുന്നു. സങ്കീ 82,9 ഉദ്ധരിക്കുന്നു: ''നിങ്ങൾ ദൈവങ്ങളാകുന്നു'' എന്ന് ഞാൻ



പറഞ്ഞിരിക്കുന്നു എന്ന് നിങ്ങളുടെ നിയമത്തിൽ എഴുതപ്പെട്ടിട്ടില്ലേ? ഈ സങ്കീർത്തനഭാഗം ന്യായാധിപന്മാരെ ഉദ്ദേശിച്ചുള്ളതാണ്. അതായത്, ന്യായവിധി നടത്തുന്നവരാകയാൽ അവരെ ദൈവങ്ങളെന്നു വിളിക്കാം. കാരണം അവർ ചെയ്യുന്ന ന്യായവിധി ദൈവികപ്രവൃത്തിയാണ്. ''... ന്യായവിധി ദൈവത്തിന്റേതാകുന്നു'' (നിയമ 1,17). മേലുദ്ധരിച്ച സങ്കീർത്തനവാക്യം യേശു പ്രത്യേകമൊരു രീതിയിൽ ഉപയോഗിക്കുന്നു. ന്യായാധിപന്മാരെ ''ദൈവങ്ങൾ'' എന്നു വിളിക്കാൻ കാരണം അവർ ദൈവവചനത്തിന്റെ വാഹകരാണ്. അവരുടെ ന്യായവിധി ദൈവത്തിന്റെ വാക്കാണ്. യേശു ദൈവവചനവാഹകൻ മാത്രമല്ല, വചനം തന്നെയാണ്. അതിനാൽ ദൈവപുത്രൻ എന്ന് അവനെ തീർച്ചയായും വിളിക്കാം എന്ന് യേശു സ്ഥാപിക്കുന്നു. അതായത്, ആദിമുതൽ ദൈവത്തോടുകൂടെയായിരുന്ന ദൈവവചനം എന്ന നിലയിൽ അവൻ ദൈവപുത്രനാണ്. വചനം എന്ന സ്ഥാനം അവന്റെ പുത്രത്വത്തിന്റെ ആവിഷ്കരണ സ്വഭാവത്തിലേക്കും വെളിച്ചം വീശുന്നു. വചനമായ പുത്രൻ പിതാവിനെ വെളിപ്പെടുത്തുന്നു (യോഹ. 1,1.14.18). വചനം മനുഷ്യനായതാണ് യേശുക്രിസ്തു (യോഹ 1,14). ഈ വ്യക്തിയിൽ വിശ്വാസികൾ ദൈവപിതാവിന്റെ ഏകജാതന്റെ മഹത്ത്വം ദർശിക്കുന്നു. യേശുവിൽ വചനവും ശരീരവും ഒന്നായിരിക്കുന്നു എന്ന് സ്ഥാപിക്കുന്നതിൽ യോഹന്നാന്റെ ലക്ഷ്യം യേശുവിനെ ദൈവപുത്രനായി അവതരിപ്പിക്കുകയാണ്.

**പുത്രന്റെ ദൗത്യം പുതുജീവൻ നല്കൽ**

''ഞാൻ വന്നിരിക്കുന്നത് അവർക്ക് (യേശുവിന്റെ ആടുകൾക്ക്) ജീവൻ ഉണ്ടാകാനും അത് സമൃദ്ധിയായി ഉണ്ടാകാനുമാണ്'' (യോഹ 10,28).

''ഞാൻ അവയ്ക്ക് (യേശുവിന്റെ ആടുകൾക്ക്) നിത്യജീവൻ നല്കുന്നു. അവ ഒരിക്കലും ഒരു കാരണവശാലും നശിച്ചു പോകയില്ല. അവയെ എന്റെ പക്കൽ നിന്ന് ആരും പിടിച്ചെടുക്കുകയുമില്ല''. (യോഹ 5,21)

''പിതാവ് മരിച്ചവരെ എഴുന്നേല്പിച്ച് അവർക്കു ജീവൻ നല്കുന്നതുപോലെതന്നെ പുത്രനും താൻ ഇച്ഛിക്കുന്നവർക്ക് ജീവൻ നല്കുന്നു'' - രാജസേവകന്റെ പുത്രനെ സുഖപ്പെടുത്തിയത് (യോഹ 4,46-54). യേശു ദൈവപുത്രനും നിത്യജീവനുമാകയാൽ ജീവൻ നല്കുന്നു (1 യോഹ 5,20).

**യേശുവിന്റെ ഭൗമികസേവനം: പുത്രത്വത്തിന്റെയും ദൗത്യത്തിന്റെയും അടയാളം**

ജീവൻ നല്കാനായിരുന്നു യേശുവിന്റെ ഭൗമികസേവനം. അങ്ങനെ കാണുമ്പോൾ യേശുവിന്റെ സേവനം അവന്റെ ദൈവപുത്രസ്ഥാനത്തിന്റെയും ദൗത്യത്തിന്റെയും അടയാളമാണ് (യോഹ 1,4). യേശുവിന്റെ വാക്കുകളും പ്രവൃത്തികളും ജീവിതശൈലിയും ദൈവപുത്രൻ എന്ന

നിലയ്ക്കുള്ള അവന്റെ സത്തയുടേയും ദൗത്യത്തിന്റെയും അടയാളവും ആവിഷ്കരണവുമാകുന്നു. ദൈവപുത്രത്വത്തിന്റെ അനർഗ്ഗളമായ ധാരയാണ് അവന്റെ ഭൗമികാസ്തിത്വവും സേവനവും. അതിനാലാണ് യോഹന്നാൻ പറയുക: "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു; നാം അവന്റെ മഹത്ത്വം ദർശിച്ചു - കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം"(യോഹ 1,14).

### 3. നമ്മുടെ പ്രത്യുത്തരവും ഫലവും

ദൈവപുത്രനായ മിശിഹാ എന്ന നിലയിൽ യേശു ദൈവപിതാവിനോടും മനുഷ്യനോടും ബന്ധപ്പെട്ടിരിക്കുന്നു.

യേശു പിതാവിനോട് ജീവനിലും പ്രവൃത്തിയിലും ഒന്നായിരിക്കുന്നു. ഭൗമിക അസ്തിത്വത്തിൽ പിതാവിനെ വെളിപ്പെടുത്തുന്നു. പിതാവിനോടുള്ള ബന്ധം മൂലം യേശു തനിക്ക് പിതാവിനോടൊത്തുള്ള മഹത്ത്വം ലോകത്തിന് വെളിപ്പെടുത്തുന്നു. "നീ എനിക്കു നല്കിയ മഹത്ത്വം ഞാൻ അവർക്കു കൊടുത്തു" (യോഹ 17,22).

ദൈവപുത്രൻ എന്ന നിലയിൽ യേശു ദൈവമഹത്ത്വം മനുഷ്യന് വെളിപ്പെടുത്തുന്നു. ഇക്കാരണത്താൽ മനുഷ്യൻ യേശുവിന് മറുപടി നല്കേണ്ടിവരുന്നു. ഭാവാത്മകമോ നിഷേധാത്മകമോ ആകാം മറുപടി. പ്രത്യുത്തരത്തിന്റെ ഉത്തരവാദിത്വം നമുക്കാണ്. ആ മഹത്ത്വം വെളിപ്പെടത്തുന്ന അവനെ നമുക്ക് സ്വീകരിക്കാം. അല്ലെങ്കിൽ യേശു നമുക്ക് വെളിപ്പെടുത്തിത്തരുന്ന ദൈവമഹത്ത്വത്തിനു നേരേ നമുക്ക് കണ്ണടയ്ക്കാം. അത് നമുക്ക് വേണ്ടിയല്ലെന്ന് പറഞ്ഞ് പുറം തിരിഞ്ഞ് നടക്കാം. ലോകത്തിലായിരുന്നിട്ടും ലോകം അവനെ അറിഞ്ഞില്ല; അവൻ സ്വകീയരുടെ പക്കലേക്കു വന്നെങ്കിലും അവർ അവനെ സ്വീകരിച്ചില്ല എന്നിങ്ങനെ നിഷേധാത്മക നിലപാടിനെക്കുറിച്ച് യോഹന്നാൻ ഒന്നാം അദ്ധ്യായത്തിൽത്തന്നെ (യോഹ 1,10-11) പറയുന്നു. പുത്രനെ നിഷേധിക്കുന്നവൻ അന്തിക്രിസ്തുവാകുന്നു (1 യോഹ 4,3;2,22). യേശുവിനെ ക്രിസ്തു (മിശിഹാ) എന്ന് അംഗീകരിക്കാത്തവൻ നുണയനാണ് (1 യോഹ 2,22); പിശാചിന്റെ സന്തതിയാണ് (യോഹ. 8,43-55).

### യേശുവിന്റെ ദൈവത്വം നമ്മുടെ ദൈവപുത്രത്വത്തിന് അടിസ്ഥാനം

യേശു ദൈവപുത്രനായ ക്രിസ്തു ആകുന്നു എന്നു വിശ്വസിക്കുന്നവർ ദൈവത്തിന്റെ മക്കളായിത്തീരുന്നു. അവർക്ക് ദൈവത്തിന്റെ തന്നെ ജീവൻ ലഭിക്കുന്നു. ലോകത്തിന്മേലുള്ള വിജയമാണത്.

"യേശു ക്രിസ്തുവാണെന്ന് വിശ്വസിക്കുന്ന ഏവനും ദൈവത്തിന്റെ പുത്രനാകുന്നു"(1 യോഹ 5,19). "അവനെ സ്വീകരിച്ചവർക്കെല്ലാം, അവന്റെ നാമത്തിൽ വിശ്വസിച്ചവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നല്കി" (യോഹ 1,12).

### നിത്യജീവൻ

ദൈവത്തിന്റെ ജീവനിലുള്ള ഭാഗഭാഗിത്തമാണ് നിത്യജീവൻ. ജീവനാകുന്ന യേശുവഴി ദൈവത്തോടുള്ള (പിതാവിനോടുള്ള) കൂട്ടായ്മ.



"ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുകയാണ് നിത്യജീവൻ" (യോഹ 17,3). "തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രയ്ക്കും സ്നേഹിച്ചു" (യോഹ 3,16) (1യോഹ 4,9ഉം കാണുക). "യേശു ദൈവപുത്രനാണെന്ന് ഏറ്റു പറയുന്നവനിൽ ദൈവം വസിക്കുന്നു. അവനാകട്ടെ ദൈവത്തിലും വസിക്കുന്നു" (1 യോഹ 4,15). "ദൈവം നമുക്കു നല്കിയിട്ടുള്ള വാഗ്ദാനം ഇതാണ്, നിത്യജീവൻ" (1 യോഹ 2,25).

നിത്യജീവൻ ലഭിക്കാൻ യേശു ദൈവപുത്രനായ ക്രിസ്തു ആകുന്നു എന്ന് കണ്ട് അവനിലേക്ക് നമ്മെ നിരന്തരം സമർപ്പിച്ചുകൊണ്ടിരിക്കണം. അപ്പം നല്കുന്നവനായി മാത്രം യേശുവിൽ വിശ്വസിച്ചാൽ പോരാ. രോഗശാന്തി നല്കുന്ന യേശുവിനെ വലിയ ഇഷ്ടമാണ് ആളുകൾക്ക്. തന്നിൽ വിശ്വസിക്കുന്നവർക്ക് ജീവൻ നല്കാൻ കുരിശിൽ ഉയർത്തപ്പെട്ട യേശുക്രിസ്തുവിൽ ദൈവപുത്രന്റെ മഹത്ത്വം ദർശിക്കാൻ നമുക്കു സാധിക്കട്ടെ.

### 4. ഗൃഹപാഠം

1. യോഹന്നാൻ സുവിശേഷം എഴുതിയത് എന്തിന് എന്ന് അദ്ദേഹത്തിന്റെ വാക്കുകളിൽ എഴുതുക (യോഹ 20,30-31)
2. യേശു ദൈവപുത്രനായ മിശിഹാ ആകുന്നു എന്ന് വിശ്വസിച്ച് ഏറ്റുപറഞ്ഞ ചില വ്യക്തികളുടെ പേര് യോഹന്നാന്റെ സുവിശേഷത്തിൽനിന്ന് എഴുതുക.
3. യേശുവിന്റെ മിശിഹാത്തവും ദൈവപുത്രത്വവും തമ്മിലുള്ള ബന്ധം യോഹന്നാൻ കാണുന്ന വിധം വിശദമാക്കുക.
4. യോഹ. 4,32ലെ വാക്യത്തിന് സമാനമായ പഴയ നിയമ വാക്യം എഴുതുക.
5. മിശിഹാ എന്ന നിലയിൽ യേശുവിന്റെ ദൗത്യം വ്യക്തമാക്കുന്ന ചില സുവിശേഷഭാഗങ്ങൾ കണ്ടെത്തി പകർത്തുക.
6. ദൈവപുത്രൻ എന്ന നാമം യേശുവിന് ഉപയോഗിക്കുന്ന ചില പാഠങ്ങൾ യോഹന്നാന്റെ സുവിശേഷത്തിൽനിന്നും ലേഖനങ്ങളിൽനിന്നും എഴുതുക.
7. നമ്മുടെ ദൈവപുത്രത്വവും യേശുവിന്റെ ദൈവപുത്രത്വവും തമ്മിൽ യോഹന്നാന്റെ കാഴ്ചപ്പാടിൽ ബന്ധവും വ്യത്യാസവും ഉണ്ട്. വ്യക്തമാക്കുക.
8. യേശുവും പിതാവും തമ്മിലുള്ള ഐക്യം പ്രകടമാക്കുന്ന വേദി ഏതാണ്?
9. ന്യായാധിപന്മാരെ ദൈവങ്ങൾ എന്നു വിളിക്കുന്നതിന് അടിസ്ഥാനമെന്ത്?
10. പുത്രൻ എന്ന നിലയിൽ യേശുവിന്റെ ദൗത്യം എന്ത്? യോഹന്നാന്റെ വാക്കുകളിൽ എഴുതുക.
11. നാം ദൈവപുത്രരാകുന്നതെങ്ങനെ? യോഹന്നാന്റെ വാക്കുകളിൽ എഴുതുക.
12. പുത്രനെ സ്വന്തമാക്കിയവർക്ക് സ്വന്തമായി ലഭിക്കുന്ന നന്മ യോഹന്നാന്റെ വാക്കുകളിൽ എഴുതുക.

13. നാം ദൈവമക്കളാണെന്ന് എങ്ങനെ വ്യക്തമാക്കാനാവും?

**അടിക്കുറിപ്പ്**

1. സുവിശേഷങ്ങളിൽ 115; ലേഖനങ്ങളിൽ 16; വെളിപാടിൽ 5
2. *M. VELLANICKAL, Studies in the Gospel of John, 6.*3.
3. പ്രതിഷ്ഠാത്തിരുന്നാൾ: അന്തിയോക്കസ് എപ്പിഫാനസ് ജറുസലേം ദേവാലയം അശുദ്ധമാക്കിയതിനുശേഷം 165 ബി.സി.യിൽ അത് യഹൂദന്മാർ പുനഃപ്രതിഷ്ഠിച്ചു. പ്രസ്തുത പുനഃപ്രതിഷ്ഠയുടെ വാർഷികാഘോഷമാണ് പ്രതിഷ്ഠാപ്പെരുന്നാൾ (*വിസ്ലേവ്*). (ഏകദേശം) ഡിസംബർ മാസം 25ന് ആരഭിക്കുന്നു. എട്ട് ദിവസം ആഘോഷങ്ങളുണ്ട് (1 മക്ക 4,36-59;2 മക്ക 1,9-18;10,1-8, ജോസേഫൂസ് *Antiquities*, 12,316-325). പ്രതിഷ്ഠാപ്പെരുന്നാളും കൂടാരപ്പെരുന്നാളും തമ്മിൽ സാമ്യമുണ്ട്.

# 3 യേശു ജീവജലത്തിന്റെ ഉറവ

(യോഹ. 7,37-39)

**പാഠക്രമം**

1. ആമുഖം
2. ജലം പഴയ നിയമത്തിൽ
3. ജലം മറ്റ് പുതിയ നിയമ ഗ്രന്ഥങ്ങളിൽ
4. ജലം യോഹന്നാന്റെ കൃതികളിൽ
5. ഗൃഹപാഠം

**1. ആമുഖം**

പെരുന്നാളിന്റെ (കൂടാരപ്പെരുന്നാളിന്റെ) അവസാനത്തെ മഹാദിനത്തിൽ യേശു എഴുന്നേറ്റുനിന്ന് വിളച്ചുപറഞ്ഞു. ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന്, വിശുദ്ധ ലിഖിതത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും. അവൻ ഇത് പറഞ്ഞത് തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ്. അതുവരെയും ആത്മാവ് നല്കപ്പെട്ടിരുന്നില്ല കാരണം അതുവരെയും യേശു മഹത്വീകരിക്കപ്പെട്ടിരുന്നില്ല (യോഹ 7,37-39).

ജീവനുള്ളവയ്ക്കെല്ലാം ആവശ്യമായ ഒരു ഘടകമാണല്ലോ ജലം. ദാഹം ശമിപ്പിക്കാനും ഉന്മേഷം ഉണർത്താനും മാത്രമല്ല, ജീവൻ നിലനിർത്താനും ജലം കൂടിയേ തീരൂ. ജീവജലത്തിന്റെ ഉറവ യേശു ആകുന്നു എന്ന് സുവിശേഷകനായ യോഹന്നാൻ നമ്മോട് സാക്ഷിക്കുന്നു.

**2. ജലം പഴയ നിയമത്തിൽ**

'ജലം' എന്ന പദം പഴയ നിയമത്തിൽ 600ലേറെ പ്രാവശ്യമുണ്ട്. ജലം പഴയ നിയമത്തിൽ പ്രധാനമായ ഒരു വിഷയമാണെന്ന് ഇതിൽ ത്തന്നെ ഊഹിക്കാമല്ലൊ.'ജീവജലം' എന്ന പദം സാധാരണ അർത്ഥത്തിൽ ഒഴുക്കുവെള്ളത്തെ സൂചിപ്പിക്കുന്നു (ജറെ. 2,13;സഖ. 14,8). കിണർ, കുളം എന്നിവയിൽ കെട്ടികിടക്കുന്ന വെള്ളം നിർജ്ജീവമത്രെ.

പഴയ നിയമത്തിൽ ജീവജലം ജീവശക്തിയുടെയും രക്ഷയുടെ ദൈവാത്മാവിന്റെയും പ്രതീകമാണ്. നിയമഗ്രന്ഥത്തെയും (വിശുദ്ധ ഗ്രന്ഥത്തെയും) അതിലെ വെളിപാടിനെയും വിജ്ഞാനത്തെയും അത് സൂചിപ്പിക്കുന്നു.

### ജീവജലം-ജീവശക്തി

ജീവനും ജലവും തമ്മിൽ അടുത്ത ബന്ധമുണ്ടെന്ന് ഉത്പ 1,2ൽത്തന്നെ കാണാനാവും. കാറ്റ് വെള്ളത്തിന്മീതെ വ്യാപരിച്ച് അതിനെ ഇളക്കിമറിച്ചുകൊണ്ടിരുന്നു. വെള്ളത്തിന് ജീവനുണ്ടായിരുന്നു എന്ന് വെള്ളത്തിന്റെ ഇളക്കം സൂചിപ്പിക്കുന്നു. ജലത്തെ ജീവിപ്പിച്ചത് ദൈവാത്മാവാണ് എന്നും മനസ്സിലാക്കാം. പറുദീസായെ നനച്ച നാലു നദികളാണല്ലൊ ജീവജാലങ്ങളുടെ ജീവൻ നിലനിർത്തിയത് (ഉത്പ 2,10-14). ദൈവാനുഗ്രഹ സമൃദ്ധിയുടെ അടയാളമാണ് തോട്ടത്തെ നനച്ച നാലു നദികൾ. ജലവും ജീവനും രക്ഷാനുഗ്രഹവും തമ്മിലുള്ള ബന്ധം എസെക്കിയേൽ പ്രവാചകന്റെ വാക്കുകളിലും മുഴങ്ങുന്നുണ്ട്. എസെക്കിയേൽ ദർശനത്തിൽ ഒരു വലിയ നദി കണ്ടു. ആ നദി ചെന്നെത്തുന്നിടത്തെല്ലാം സർവ്വ ചരാചരങ്ങളും ജീവനുള്ളവയായിരിക്കും ... സകലതും ജീവിക്കും (എസെക്കി 47,9).

### കർത്താവ് ജീവജലത്തിന്റെ ഉറവ

ഇസ്രയേൽ സത്യ ദൈവത്തെ ഉപേക്ഷിച്ച് അന്യ ദൈവങ്ങളെ ആരാധിച്ചു. അതിനെക്കുറിച്ച് കർത്താവ് ജറെമിയാപ്രവാചകനിലൂടെ ഇങ്ങനെ വിലപിക്കുന്നു: ''എന്റെ ജനം രണ്ടു വിധം തിന്മകൾ പ്രവർത്തിച്ചു. അവർ ജീവന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു; വെള്ളമില്ലാത്ത കുളങ്ങൾ, പൊട്ടക്കുളങ്ങൾ, തങ്ങൾക്കുവേണ്ടി കുഴിച്ചിരിക്കുന്നു'' (ജറെ 2,13).

ഇസ്രായേലിന്റെ കർത്താവ് ജീവന്റെ ഉറവയാണ്. അവൻ പ്രവർത്തന നിരതനാണ്. മനുഷ്യ നിർമ്മിതങ്ങളായ മറ്റ് ദൈവങ്ങൾ വെള്ളമില്ലാത്ത പൊട്ടക്കുളങ്ങളാണ്. അനക്കമില്ല. ജീവനില്ല. പ്രവർത്തിക്കുന്നില്ല. ദൈവത്തോടുള്ള ബന്ധം വിച്ഛേദിച്ച മനുഷ്യന്റെ അവസ്ഥ മരുഭൂമിയിലകപ്പെട്ട മനുഷ്യന്റേതുപോലെ ഭയാനകമായി സങ്കീർത്തകൻ കാണുന്നു. ''ദൈവമേ എന്റെ ദൈവമേ, ഞാൻ നിന്നെ അന്വേഷിക്കുന്നു. വെള്ളമില്ലാതെ വരണ്ട ഭൂമിയെപ്പോലെ എന്റെ ആത്മാവ് നിനക്കായി ദാഹിക്കുന്നു. എന്റെ ശരീരം നിന്നെ അഭിലഷിക്കുന്നു'' (സങ്കീ 63,2).

### ജലം - നിയമം

സംഖ്യ. 21,16-18ൽ കിണറിനെക്കുറിച്ചുള്ള കവിതയുണ്ട്. അതിൽ പ്പറയുന്ന കിണർ നിയമഗ്രന്ഥത്തെ (പഴയ നിയമത്തിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങളടങ്ങിയ പഞ്ചഗ്രന്ഥിയെ) സൂചിപ്പിക്കുന്നു. ഈ കിണറിനെക്കുറിച്ചാണ്, ''ജനങ്ങളെ വിളിച്ചുകൂട്ടുക. ഞാൻ അവർക്ക് വെള്ളം കൊടുക്കും'' എന്ന് കർത്താവ് മോശയോട് അരുൾചെയ്തത്. അപ്പോൾ ഇസ്രായേൽ ഈ ഗാനമാലപിച്ചു:

'കിണറേ, കുതിച്ചുചാടു; അതിന് ഗാനമുതിർക്കു;
പ്രഭുക്കന്മാർ കുഴിച്ച കിണർ;'
ജനപ്രമാണിമാർ ചെങ്കോൽ കൊണ്ടും ദണ്ഡുകൊണ്ടും കുത്തിയ കിണർ (സംഖ്യ 21,16-18).



### ജീവജലം വെളിപാടിന്റെ പ്രതീകം

പഴയ നിയമം ജ്ഞാനത്തെ ജലത്തോടും ഉറവയോടും ഉപമിച്ചിട്ടുണ്ട് (സുഭാ 13,14;16,22;18,4;പ്രഭാ 26,30). ''ജ്ഞാനിയുടെ പ്രബോധനം ജീവന്റെ ഉറവയാണ്. അതിനാൽ മരണത്തിന്റെ കെണികൾ ഒഴിഞ്ഞുപോകും'' (സുഭാ 13,14). ''ജ്ഞാനിക്ക് ജ്ഞാനം ജീവന്റെ ഉറവയാണ്. ഭോഷന് ഭോഷത്തം ശിക്ഷയും'' (സുഭാ 16,22). ''മനുഷ്യന്റെ വചനങ്ങൾ ആഴമുള്ള ജലാശയമാണ്. ജ്ഞാനത്തിന്റെ ഉറവ കുതിച്ചൊഴുകുന്ന അരുവിയും'' (സുഭാ 18,4). ''ജ്ഞാനത്തിന്റെ ഉറവിടത്തെ നീ ഉപേക്ഷിച്ചിരിക്കുന്നു'' എന്ന് ബാറുക്ക് (3,12) നിയമങ്ങൾ പഠിക്കാത്ത ഇസ്രായേലിനെ കുറ്റപ്പെടുത്തുന്നു.

യഹൂദ പാരമ്പര്യത്തിൽ നിയമവും ജ്ഞാനവും തമ്മിൽ വ്യത്യാസമില്ല. ഇക്കാര്യം ജ്ഞാനം 24,23-29ൽ വ്യക്തമാവുന്നുണ്ട്. ജ്ഞാനത്തിൽനിന്നും നിയമത്തിൽനിന്നും പ്രവഹിക്കുന്നത് ദൈവിക വെളിപാടാണ്. നിയമം ജ്ഞാനവും വെളിപാടുമാണ്. അത് ദൈവദാനമാണ്. അതിനാൽ ജീവജലം ദൈവദാനമായ ദൈവിക വെളിപാടിന്റെ പ്രതീകമാകുന്നു.

### ജീവജലം രക്ഷയുടെ പ്രതീകം

കർത്താവിന്റെ രക്ഷാകര പ്രവൃത്തിയെ ജ്ഞാനത്തിന്റെ പ്രവൃത്തിയായി വർണ്ണിക്കുന്നു, ജ്ഞാനം 10-19 അദ്ധ്യായങ്ങൾ. മരുഭൂമിയിൽനിന്ന് നീരുറവ ഉത്പാദിപ്പിക്കുന്നതിനോട് കർത്താവിന്റെ രക്ഷാകര പ്രവൃത്തിയെ ഉപമിക്കുന്നുണ്ട് ബൈബിൾ. ഇസ്രായേൽ ഈജിപ്തിൽനിന്ന് പുറപ്പെട്ട് മരുഭൂമിയിലൂടെ യാത്ര ചെയ്തപ്പോൾ ഏലിമിൽ വെള്ളം കിട്ടാതെ വലഞ്ഞു. മോശ കർത്താവിനോട് കരഞ്ഞപേക്ഷിച്ചു. പാറയിൽ വടികൊണ്ട് അടിക്കാൻ കർത്താവ് മോശയോടു നിർദ്ദേശിച്ചു, മോശ അങ്ങനെ ചെയ്തു. അപ്പോൾ പാറയിൽനിന്ന് അരുവി (ജലം) ഒഴുകി (പുറ 15,27;സംഖ്യ 33,9). കർത്താവ് സ്വജനമായ ഇസ്രായേലിനെ രക്ഷിക്കാൻ വരുന്ന ദൈവത്തിന്റെ ദിവസത്തെക്കുറിച്ച് എശയ്യാപ്രവാചകൻ ഇങ്ങനെ പറയുന്നു: ''അപ്പോൾ വനാന്തരത്തിൽനിന്ന് ഉറവകളും മരുഭൂമിയിൽ നിന്ന് അരുവികളും പുറപ്പെടും. കത്തുന്ന മണൽക്കാട് തടാകമാകും; ദാഹിക്കുന്ന ഭൂമി നീരുറവയാകും'' (എശ 35,6-7). പ്രവാചകനിലൂടെ കർത്താവ് വീണ്ടും പറയുന്നു: ''ഞാൻ കുന്നിൽനിന്ന് നദികളും താഴ്വരയിൽനിന്ന് നീരുവയും പുറപ്പെടുത്തും. ഞാൻ വിജനപ്രദേശം തടാകവും വരണ്ട ഭൂമി നീരുറവയുമാക്കും'' (ഏശ 41,18).

അവസാനകാലത്തെ രക്ഷാകര ദാനങ്ങളുടെ പ്രതീകമായി ജീവജലത്തെ സഖറിയാസ്, എസെക്കിയേൽ, ജോയേൽ എന്നീ പ്രവാചകന്മാരും ദർശിക്കുന്നുണ്ട്. മിശിഹായുടെ ആഗമനത്തോടെ സമാഗതമാകുന്ന സമയത്തിന്റെ വർണ്ണന ശ്രദ്ധിക്കുക. രക്ഷാകാലത്തെപ്പറ്റി സഖ

റിയാ ഇങ്ങനെ പറയുന്നു: ''അക്കാലത്ത് ജീവജലത്തിന്റെ നദികൾ ജറുസലേമിൽനിന്ന് പുറപ്പെടും. അവയിൽ പകുതി പശ്ചിമ സമുദ്ര ത്തിലേക്കും പകുതി പൂർവ്വ സമുദ്രത്തിലേക്കും ഒഴുകും. അത് വേനല്ക്കാലത്തും ശീതകാലത്തും ഒഴുകികൊണ്ടിരിക്കും'' (സഖ 14,8). ജറുസലേം ദേവാലയ സന്നിധിയിൽ നിന്ന് പുറപ്പെടുന്ന ജലം നാല് വശവും ഒഴുകുന്നതായി എസെക്കിയേലും ദർശിക്കുന്നു (47,1-2). ഇത്തരം ചിത്രീകരണം ആമോ 8,11-12;ജറെ. 2,13;14,22; 55,12 എന്നിവ യിലുമുണ്ട്. സമാന ശൈലിയിൽത്തന്നെ രക്ഷാകര കാലത്തെപ്പറ്റി ജോയേൽപ്രവാചകനും സംസാരിക്കുന്നു:

''ആ ദിവസം പർവ്വതങ്ങൾ മധുരമുള്ള വീഞ്ഞു പൊഴിക്കും. മല കളിൽ പാൽ ഒഴുക്കും. യഹൂദായിലെ അരുവികളെല്ലാം വെള്ളമൊഴു ക്കും. കർത്താവിന്റെ ജലാശയത്തിൽ നിന്ന് ഒരു ഉറവ പുറപ്പെട്ട് ഷിത്തിം താഴ്‌വരയോളം നനയ്ക്കും'' (3,18).

ഇവിടെയെല്ലാം അവസാന കാലത്തെ രക്ഷാകര ദാനങ്ങളുടെ പ്രതീ കമാണ് ജീവജലം. പർവ്വതങ്ങൾ പൊഴിക്കുന്ന മധുരമുള്ള വീഞ്ഞും മല മുകളിൽ ഒഴുകുന്ന പാലും യഹൂദായിലെ അരുവികളിൽ ഒഴുകുന്ന വെള്ളവും അവസാന കാലത്ത് കർത്താവ് നല്കുന്ന രക്ഷയുടെ പ്രതീ കങ്ങളാണ്.

### ജീവജലം ദൈവദാനമായ ദൈവാത്മാവിന്റെ പ്രതീകം

അവസാന കാലത്തെ രക്ഷാകര ദാനമാണല്ലൊ പരിശുദ്ധാത്മാവ് (ഏശ 44,3;ജോയേ 2,28-32). കർത്താവിന്റെ ആത്മാവിനെയും ജലത്തെ യും തമ്മിൽ ബന്ധിപ്പിച്ച് പഴയ നിയമം പലപ്പോഴും സംസാരിക്കുന്നു ണ്ട് (ഏശ 32,15;ജോയേ 2,2029;എസെക്കി 36,25-27). മുകളിൽ നിന്നുള്ള ജലവർഷം പോലെയും താഴേക്കൊഴുകുന്ന നദി പോലെയുമാണ് ദൈ വാത്മാവിന്റെ വരവ് എന്ന് ഏശയ്യാ പ്രവാചകൻ വർണ്ണിക്കുന്നു: ''ദാഹി ക്കുന്ന ദേശത്ത് ഞാൻ വെള്ളം ഒഴുക്കും. വരണ്ട നിലത്തു നിന്ന് നദി കൾ പുറപ്പെടുത്തും. ഞാൻ എന്റെ ആത്മാവിനെ നിന്റെ സന്തതിക ളിൽ കോരിച്ചൊരിയും; എന്റെ അനുഗ്രഹത്തെ നിന്റെ മക്കളിലേക്കും'' (ഏശ 44,3). പരിശുദ്ധാത്മാവിന്റെ ഉദ്ഗമനവും ജീവജലത്തിന്റെ ഉദ്ഗ മനവും ഇവയുടെ രണ്ടിന്റെയും പ്രവൃത്തിയും സമാനമാണ്. രണ്ടിന്റെ യും ആഗമനം അതിശക്തമത്രെ. ദൈവത്തിന്റെ ആത്മാവിനെ സ്വീക രിക്കാൻ ഇസ്രായേൽജനത്തെ ദൈവം ഏശയ്യാ പ്രവാചകനിലൂടെ പ്രതീ കാത്മക ഭാഷയിൽ ആഹ്വാനം ചെയ്യുന്നു:

''ദാഹാർത്തരേ, നിങ്ങളെല്ലാവരും വെള്ളത്തിനടുത്തേക്കു വരൂ;
പണമില്ലാത്തവരേ; വാങ്ങി ഭക്ഷിക്കൂ;
സൗജന്യമായി വീഞ്ഞും പാലും വാങ്ങൂ.
അപ്പമല്ലാത്തതിന് വേണ്ടി നിങ്ങൾ പണം ചെലവഴിക്കുന്നതെന്തിന്?
തൃപ്തി നല്കാത്തതിനുവേണ്ടി നിങ്ങൾ അദ്ധ്വാനിക്കുന്നതെന്തിന്?''
(ഏശ 55,1-2)



### 3. ജലം മറ്റ് പുതിയ നിയമ കൃതികളിൽ

യോഹന്നാന്റെ കൃതികളൊഴിച്ചുള്ള പുതിയ നിയമ ഗ്രന്ഥങ്ങളിൽ മുപ്പത്തിമൂന്നു പ്രാവശ്യം ജലം എന്ന പദം ഉപയോഗിച്ചിട്ടുണ്ട്.[1] ഇവ യിൽ ഏറിയ പങ്കും ശാരീരികമോ ആത്മീയമോ ആയ വിശുദ്ധീകരണ ത്തിനുള്ള ജലം എന്ന നിലയിലാണ്. വിശേഷിച്ചും മാമോദീസായുടെ ജലമായി (മത്താ 3,11,16;മർക്കോ 1,8-10;ലൂക്കാ 3,16;അപ്പ 1,5; 8,36-38.39; 10,47;11,16;3,20). ജലം രക്ഷയുടെ മാർഗ്ഗമാകുന്നു എന്നും ആദിമ സഭ മനസ്സിലാക്കുന്നു (1 പത്രോ 3,20). മാമോദീസാ സ്വീകരിക്കുന്നവർ ഒരേ ആത്മാവിനെ പാനം ചെയ്യുന്നു (1 കോറി 12,13). ''പാനം ചെയ്യുക'' എന്ന ശൈലിയിൽ ജലത്തിന്റെ സൂചനയുണ്ടല്ലോ.

### ജലം യോഹന്നാന്റെ കൃതികളിൽ

യോഹന്നാന്റെ ഇഷ്ടപ്രതീകമാണ് ജലം. ഇക്കാര്യം നാല്പതില ധികം തവണ[2] ജലം എന്ന പദം ഉപയോഗിക്കുന്നതിൽത്തന്നെ വ്യക്ത മാകുന്നു. പ്രധാനമായും പ്രതീകമായാണ് യോഹന്നാൻ ജലം തന്റെ കൃതികളിൽ ഉപയോഗിക്കുക. ശുചീകരണത്തിന്റെയും [യോഹ 2,7.9 (രണ്ട്); 13,5] മാമോദീസായുടെയും [(യോഹ 1,26.31.33;3,5 (8,23); 1 യോ ഹ 5,6. (മൂന്ന്).8] ഉപാധിയുമാണ് ജലം. ശുദ്ധീകരണോപാധിയായി അവ തരിപ്പിക്കുന്നിടത്തുപോലും [യോഹ 2,7-9 (രണ്ട്); 4,46] പ്രതീകാത്മകമാ യാണ്. 'ജീവജലം' എന്ന പ്രയോഗവും പുതിയ നിയമത്തിൽ യോഹ ന്നാന്റെ പ്രത്യേകതയാണ് (യോഹ 4,10.11;7,38; വെളി 21,6;22,1.17).

### ജീവജലം യോഹന്നാന്റെ കൃതികളിൽ

ജീവജലത്തെക്കുറിച്ച് പഴയ നിയമം പുലർത്തുന്ന കാഴ്ചപ്പാടുക ളുടെ ക്രിസ്തീയമായ പുനരവതരണമാണ് യോഹന്നാന്റെ കൃതികളിൽ ദൃശ്യമാകുക. പഴയ നിയമം ജീവജലത്തെപ്പറ്റി പുലർത്തുന്ന ആശയ ങ്ങളെല്ലാം യേശുമിശിഹായിൽ സമ്യക്കായി സമ്മേളിക്കുന്നത് യോഹ ന്നാൻ കാണുന്നു.

### യേശു ജീവജലത്തിന്റെ ഉറവ

യാഹ്‌വേ (ഇസ്രായേലിന്റെ ദൈവമായ കർത്താവ്) ജീവജലത്തി ന്റെ ഉറവയാണെന്ന് പഴയ നിയമം പഠിപ്പിച്ചു. അതിന്റെ സ്ഥാനത്ത് യേശുവാണ് ജീവജലത്തിന്റെ ഉറവ എന്ന് പുതിയ നിയമസഭ വിശ്വ സിക്കുന്നു. അതിനാലാണ് യേശു ജീവജലത്തിന്റെ ഉറവയാകുന്നു എന്ന് യോഹന്നാൻ ചൂണ്ടിക്കാട്ടുക. യേശുമിശിഹാ ജീവജലം നല്കുന്നവ നാകുന്നു എന്നും യോഹന്നാൻസുവിശേഷകൻ സാക്ഷിക്കുന്നു (യോ ഹ 4,14).

ജീവജലത്തിന്റെ ഉറവയിൽനിന്ന് കുടിക്കാൻ യേശു നമ്മെ ക്ഷണി ക്കുന്നു. ഈ ക്ഷണം യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ രണ്ടി ടത്ത് (4-ാം അദ്ധ്യായത്തിലും 7-ാം അദ്ധ്യായത്തിലും) നല്കിയിട്ടുണ്ട്. നാലാം അദ്ധ്യായത്തിൽ സമറിയാക്കാരിയോടുള്ള സംഭാഷണത്തി

ലാണ്. 7-ാം അദ്ധ്യായത്തിൽ യേശു കൂടാരപ്പെരുനാളിൽ ജറുസലേം ദേവാലയത്തിൽ നടത്തിയ പ്രഭാഷണത്തിനിടയ്ക്കും. സമാനമായൊരു ക്ഷണം സിംഹാസനസ്ഥനായിരിക്കുന്ന കുഞ്ഞാട് നല്കുന്നത് വെളി 21,6ലും ആത്മാവും സഭയും നല്കുന്നത് വെളി 22,17ലും ആവർത്തിച്ചിട്ടുണ്ട്.

**യേശു ജീവജല ദാതാവ്**

യേശു സമറിയാസ്ത്രീയോട് പറയുന്നു:

> ദൈവത്തിന്റെ ദാനം എന്തെന്നും എനിക്ക് കുടിക്കാൻ തരിക എന്ന് നിന്നോട് ആവശ്യപ്പെടുന്നത് ആരെന്നും നീ അറിഞ്ഞിരുന്നെങ്കിൽ നീ അവനോട് ചോദിക്കയും അവൻ നിനക്ക് ജീവജലം തരികയും ചെയ്യുമായിരുന്നു (യോഹ 4,10).

ദൈവത്തിന്റെ ദാനത്തെപ്പറ്റിയാണ് ജീവജലം എന്ന പ്രതീകമുപയോഗിച്ച് യേശു സംസാരിക്കുക. എന്നാൽ യേശുവിന്റെ വാക്കുകളുടെ അർത്ഥം അവൾ ഗ്രഹിച്ചില്ല. അവൾ അത് അക്ഷരാർത്ഥത്തിൽ മാത്രമേ മനസ്സിലാക്കിയുള്ളു. യേശു അവളോട് പറഞ്ഞു: ''ദൈവത്തിന്റെ ദാനം എന്തെന്നും എനിക്ക് കുടിക്കാൻ തരിക എന്ന് നിന്നോട് ആവശ്യപ്പെടുന്നത് ആരെന്നും നീ അറിഞ്ഞിരുന്നെങ്കിൽ നീ അവനോട് ചോദിക്കയും അവൻ നിനക്ക് ജീവജലം തരികയും ചെയ്യുമായിരുന്നു'' (യോഹ 4,10). വീണ്ടും യേശു പറഞ്ഞു: ''ഞാൻ നല്കുന്ന ജലം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കയില്ല. ഞാൻ നല്കുന്ന ജലം അവനിൽ നിത്യജീവനിലേക്ക് നിർഗ്ഗളിക്കുന്ന അരുവിയാകും'' (യോഹ 4,13-14) യേശു പറഞ്ഞതിൽ അവൾ മനസ്സിലാക്കിയത് യേശു അവൾക്ക് ഒഴുക്കുവെള്ളം നല്കുമായിരുന്നു എന്നാണ്. ജീവനുള്ള ജലം ഒഴുകുന്ന വെള്ളം എന്ന ചിന്തയാണ് അവളിലുണർത്തുന്നത്. അതിനാലാണ് അവൾ അപേക്ഷിക്കുക, ''എങ്കിൽ ആ ജലം എനിക്കു തരിക; മേലിൽ എനിക്ക് ദാഹിക്കയില്ലല്ലോ. വെള്ളം കോരാൻ ഞാൻ ഇവിടെ വരികയും വേണ്ടല്ലോ'' (യോഹ 4,15).

**ജീവജലം യേശു നല്കുന്ന ദൈവദാനം**

നമ്മുടെ ദാഹം നിത്യമായി ശമിപ്പിക്കുന്നവൻ യേശുവാണ്. അവനാണ് ജീവജലം നല്കുന്നവനും. യേശു നല്കുന്ന ജീവജലം ദൈവത്തിന്റെ ദാനവുമാണ്. അത് കുടിക്കുന്നവൻ നിത്യജീവനിലേക്ക് നിർഗ്ഗളിക്കുന്ന അരുവിയായിത്തീരും.

പഴയ നിയമത്തിൽ ജീവജലം രക്ഷാകര ദാനങ്ങളുടെ പ്രതീകമാണ് എന്ന് മുകളിൽ കണ്ടുവല്ലോ. അവയുടെ പൂർത്തീകരണമാണ് യേശുവിൽ നമുക്ക് ലഭിക്കുക. യേശു നല്കുന്ന ജീവജലം രക്ഷയെന്ന ദാനത്തെയും സൂചിപ്പിക്കുന്നു. ''നീ ഒരു യഹൂദനാണ്'' എന്ന് യേശുവിനോട് പറഞ്ഞ സമറിയാക്കാരിതന്നെ പിന്നീട് യേശുവിനോടു പറയുന്നു, ''രക്ഷ യഹൂദരിൽ നിന്നാണ്'' (4,22). യഹൂദനായ യേശുവിൽനിന്ന് അവർക്ക് രക്ഷ ലഭിക്കുന്നു എന്ന് അർത്ഥം. ദൈവത്തിന്റെ ദാനം എന്തെന്നും ജലം ചോദിക്കുന്ന താൻ ആരെന്നും ***അറിഞ്ഞിരുന്നെങ്കിൽ*** എന്ന് യേശു സമറിയാസ്ത്രീയോടു പറയുന്നല്ലോ. യേശുവിനെക്കുറിച്ചുള്ള *അറിവ് നിത്യജീവനാകുന്നു*: ''ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുകയാണ് നിത്യജീവൻ'' (യോഹ 17,3). നിത്യജീവൻ അഥവാ രക്ഷ എന്ന ദൈവദാനത്തിന്റെ പ്രതീകവുമാണ് ജീവജലം. പിതാവ് ലോകത്തിന് നല്കിയ രക്ഷാദാനമാണല്ലോ യേശുമിശിഹാ (യോഹ 3,16).



**ജീവജലം യേശുവിൽ നല്കപ്പെട്ട വെളിപാട്**

''ഞാൻ നല്കുന്ന ജലം കുടിക്കുന്നവന് ഒരിക്കലും ദാഹിക്കയില്ല'' (യോഹ 4,14) എന്നും യേശു സമറിയക്കാരിയോട് പറഞ്ഞു. പഴയ നിയമത്തിൽ ജ്ഞാനം സ്വയം പുകഴ്ത്തിപ്പറയുന്നു: ''എന്നെ ഭക്ഷിക്കുന്നവൻ കൂടുതൽ കിട്ടാൻ ആഗ്രഹിക്കും; കുടിക്കുന്നവൻ കൂടുതൽ കിട്ടാൻ ആഗ്രഹിക്കും'' (സഭാ). ജ്ഞാനത്തിലൂടെയുള്ള വെളിപാടിനെയാണ് ജീവജലം എന്ന പദം സൂചിപ്പിക്കുക. ജ്ഞാനത്തെക്കുറിച്ച് പറയുന്ന ശൈലിപോലെയാണല്ലോ യോഹ 4,14ൽ ജീവജലത്തെക്കുറിച്ചും. ഇവിടെ ജീവജലം എന്ന പദം യേശുമിശിഹായിൽ നല്കപ്പെട്ട വെളിപാടിനെ അവതരിപ്പിക്കുന്നു. യഥാർത്ഥവും പൂർണ്ണവുമായ വെളിപാടാണ് യേശു നല്കുക. പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായതിനാൽ അവൻ പിതാവിനെ പൂർണ്ണമായി വെളിപ്പെടുത്തി (യോഹ 1,18). യേശുവിന് മാത്രമെ ദൈവത്തെ പൂർണ്ണമായി വെളിപ്പെടുത്താനാവു. കാരണം യേശു മാത്രമാണ് മുകളിൽ നിന്ന് വന്നവൻ (യോഹ 3,13; 6,41;8,23). യേശു നമുക്കുവേണ്ടി കുരിശിൽ മരിച്ച് ദൈവം സ്നേഹമാകുന്നു എന്ന് നമുക്ക് ദൈവത്തെ വെളിപ്പെടുത്തിത്തന്നു (യോഹ 3,16; യോഹ 4,16). യേശു വെളിപാട് മാത്രമല്ല നല്കുക; കൃപയും നല്കുന്നു. ''വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു; അവന്റെ മഹത്ത്വം ഞങ്ങൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം'' (യോഹ 1,14).

**ജീവജലം പരിശുദ്ധാത്മദാനം**

''ഞാൻ നല്കുന്ന ജലം അവനിൽ നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന അരുവിയായിത്തീരും'' (യോഹ 4,14b). പഴയ നിയമത്തിൽ ''നിർഗ്ഗളിക്കുക'' എന്ന പദം മനുഷ്യരുടെമേൽ ആത്മാവിന്റെ ശക്തിയായ പ്രവർത്തനത്തെ സൂചിപ്പിക്കുന്നതാണ്. ദൈവാത്മാവ് മനുഷ്യരുടെമേൽ ശക്തിയായി വന്നു പതിക്കുന്നത് വർണ്ണിക്കുന്നതാണ് (സംഖ്യ 21,18;ന്യായ 14,6;1 സാമു 10,10;16,8). യേശു നല്കുന്ന ജീവജലത്തിന്റെ പ്രവൃത്തിയും ആത്മാവിന്റെ പ്രവൃത്തിയും സാമ്യപ്പെടുത്തിയിരിക്കുന്നു. ''നിർഗ്ഗളിക്കുക'' എന്നത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. യോഹ 4,14ൽ യേശു

സമറിയാസ്ത്രീയോട് പറഞ്ഞതിനു സമാനമാണ് കൂടാരപ്പെരുന്നാളിൽ ജീവജലത്തെക്കുറിച്ച് യേശു പറയുന്നതും: "... ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വസിക്കുന്നവന്റെ ഉള്ളിൽ നിന്ന്, വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ 7,37-38). ഈ ജീവജലം പരിശുദ്ധാത്മാവ് ആകുന്നു എന്ന് യോഹന്നാൻസുവിശേഷകൻ തന്നെ വ്യക്തമാക്കുന്നു: "അവനിൽ വിശ്വസിച്ചവർ സ്വീകരിക്കാനിരുന്ന പരിശുദ്ധാത്മാവിനെപ്പറ്റിയാണ് അവൻ പറഞ്ഞത്. അതുവരെ ആർക്കും ആത്മാവ് ലഭിച്ചിരുന്നില്ല. എന്തെന്നാൽ അവൻ (യേശു) മഹത്വീകരിക്കപ്പെട്ടിരുന്നില്ല" (യോഹ 7,39). ആദിമ സഭ പരിശുദ്ധാത്മാവിനെ ദൈവത്തിന്റെ ദാനമെന്ന് വിളിച്ചിരുന്നു (അ.പ്പ 2,38;8,20;10,45;11,17;ഹെബ്രാ 6,4). യേശു കുരിശിൽ ഉയർത്തപ്പെട്ടപ്പോൾ പടയാളികളിൽ ഒരുവൻ യേശുവിന്റെ പാർശ്വത്തിൽ കുന്തം കൊണ്ടു കുത്തി. ഉടനെ രക്തവും ജലവും പുറപ്പെട്ടു (യോഹ 19,33-34). ജലം പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നതാണ്. കുരിശിൽ കിടന്ന് യേശു ആത്മാവിനെ നല്കി (യോഹ 19,30).

യേശുമിശിഹായിലുള്ള വെളിപാട്, രക്ഷ (നിത്യജീവൻ), പരിശുദ്ധാത്മാവ് എന്നീ ദൈവിക യാഥാർത്ഥ്യങ്ങളെല്ലാം ഉൾക്കൊള്ളുന്നതാണ് 'ജീവജലം' എന്ന പ്രതീകം യോഹന്നാന്റെ സുവിശേഷത്തിൽ. ദൈവത്തിന്റെ സമ്പൂർണ്ണ വെളിപാടായ യേശുമിശിഹായേയും അവനിൽ ദൈവം നല്കിയിട്ടുള്ള രക്ഷയും (നിത്യജീവനും) നമുക്ക് സ്വീകാര്യമാക്കി നമ്മുടെ സ്വന്തമാക്കാൻ സഹായിക്കുന്നത് പരിശുദ്ധാത്മാവാകുന്ന രക്ഷാകരദാനമാണല്ലോ. യേശു പിതാവിനോട് ചോദിച്ച് നമുക്ക് നല്കിയിട്ടുള്ള പരിശുദ്ധാത്മാവ് നമ്മുടെ കൂടെയും നമ്മിലും ആയിരിക്കുന്നു (യോഹ 14,16-17). ഈ സത്യാത്മാവ് പൂർണ്ണസത്യത്തിലേക്ക് നമ്മെ നയിക്കുന്നു. അതായത്, യേശുക്രിസ്തുവിനെക്കുറിച്ചും, അവൻ വെളിപ്പെടുത്തിയ സത്യങ്ങളെക്കുറിച്ചുമുള്ള പൂർണ്ണമായ അറിവിലേക്ക് നയിക്കുന്നു (യോഹ 16,13-14). യേശു മഹത്വീകൃതനായതിനാൽ നമുക്ക് പരിശുദ്ധാത്മാവിനെ ലഭിച്ചു (യോഹ 20,21-22). ജീവജലത്തിന്റെ ഉറവയായ യേശുക്രിസ്തുവിൽനിന്ന് പാനം ചെയ്ത്, യേശുമിശിഹായിൽ വിശ്വസിച്ച്, പരിശുദ്ധാത്മദാനം പ്രാപിക്കാം.

രക്ഷാകര ദാനങ്ങളുടെ പൂർണ്ണതയിലേക്ക് ക്ഷണം: ദൈവത്തോട് ഒന്നായിക്കഴിയുന്ന സൗഭാഗ്യപൂർണ്ണതയാണ് സ്വർഗ്ഗാനുഭവം. രക്ഷയുടെ പൂർണ്ണരൂപമാണ് സ്വർഗ്ഗാനുഭവം. മിശിഹാ ജീവജലത്തിന്റെ ഉറവയിൽനിന്ന് സൗജന്യമായി കുടിപ്പിക്കുന്ന ആ ഭാഗ്യത്തിലേക്ക് പരിശുദ്ധാത്മാവും സഭയും നമ്മെ എല്ലാവരെയും ക്ഷണിക്കുന്നു (വെളി 21,6; 22,17). ജീവജലം സ്വർഗ്ഗാനുഭവപൂർണ്ണതയുടെയും പ്രതീകമത്രേ. മാമോദീസാ സ്വീകരിക്കുന്നതിനെ വിശുദ്ധ പൗലോസ് ഒരേ ആത്മാവിൽ



നിന്ന് കുടിക്കുക എന്ന് വർണ്ണിച്ചിട്ടുണ്ടല്ലോ (1 കോറി 12,13). ഈ വർണ്ണനയിൽ ജീവജലം മാമോദീസാജലമാണ്.

## 5. ഗൃഹപാഠം

1. താൻ ജീവജലത്തിന്റെ ഉറവയാകുന്നു എന്ന് യേശു സൂചിപ്പിക്കുന്ന രണ്ടു സന്ദർഭങ്ങൾ യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ ഏതൊക്കെയാകുന്നു?
2. പഴയ നിയമത്തിൽ ജീവജലം എന്ന പ്രതീകം എന്തിനെയെല്ലാം സൂചിപ്പിക്കുന്നു?
3. യോഹന്നാന്റെ കൃതികളിൽ ജീവജലം എന്തിനെയെല്ലാം സൂചിപ്പിക്കുന്നു?
4. യേശുവും സമറിയാസ്ത്രീയും തമ്മിലുള്ള സംഭാഷണം വേർതിരിച്ച് എഴുതുക.
5. ജീവജലം നിയമത്തിന്റെയും വെളിപാടിന്റെയും പ്രതീകമായി ഉപയോഗിക്കുന്ന രണ്ടു പഴയ നിയമ ഭാഗങ്ങൾ ഉദ്ധരിക്കുക.
6. ജീവജലം പരിശുദ്ധാത്മാവിന്റെ പ്രതീകമായി ഉപയോഗിക്കുന്ന പഴയ നിയമ ഭാഗങ്ങളിലൊന്ന് ഉദ്ധരിക്കുക (ഏശ 44,3).
7. സഖ 14,8;ഏശ 35,6-7;41,18;47,1-2;ജോയേ. 3,18 എന്നീ ബൈബിൾ ഭാഗങ്ങൾ യോഹന്നാന്റെ ദർശനത്തിൽ എന്തിനെക്കുറിച്ച് പറയുന്നു?
8. യോഹന്നാന്റെ കാഴ്ചപ്പാടിൽ ആരാണ് ജീവജലത്തിന്റെ ഉറവ?
9. നിങ്ങളുടെ കാഴ്ചപ്പാടിൽ ആരാണ് ജീവജലത്തിന്റെ ഉറവ?
10. യേശുവിൽനിന്ന് ജീവജലം ലഭിക്കാൻ നാം എന്തു ചെയ്യണം?
11. മനഃപാഠമാക്കുക: (1) ജോയേ 3,18; (2) 2,28-29.
    1) എന്റെ ജനം ... കുഴിച്ചിരിക്കുന്നു (ജറെ 2,3)
    2) ജ്ഞാനിയുടെ ... ഒഴിഞ്ഞുപോകും (സുഭാ 13,14)
    3) ദൈവത്തിന്റെ ദാനം ... ചെയ്യുമായിരുന്നു (യോഹ 4,10)
    4) ഞാൻ നലകുന്ന ... അരുവിയാകും (യോഹ 4,14)
    5) ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ ... പരിശുദ്ധാത്മാവ് നല്കപ്പെട്ടിരുന്നില്ല (യോഹ 7,37-39).
12. യേശുക്രിസ്തു പഠിപ്പിച്ചിട്ടുള്ളവ മുഴുവൻ നമുക്ക് മനസ്സിലാക്കിത്തരുന്നത് പരിശുദ്ധാത്മാവാണ്. ഓരോ ദിവസവും യേശുക്രിസ്തുവിനെ കൂടുതൽ മനസ്സിലാക്കിത്തരാൻ നമുക്ക് എപ്പോഴും പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാം.

**അടിക്കുറിപ്പ്**

1. മത്താ 3,11.16;8,32;14,28.29;17,15;27,24.29;മർക്കോ 1,8.10;9,22.41;14,13;ലൂക്കാ 3,16; 7,44;8,24.25;16,24;22,10;അപ്പ 1,5;8,36 (രണ്ട്).38.39;10,47;11,16;എഫേ 5,26;ഹെബ്രാ 9,19;10,22;യാക്കോ 3,12;1 പത്രോ 3,20;2 പത്രോ 3,5.6.
2. യോഹ 1,26.31.33;2,7.9 (രണ്ട്);3,5.8 (?).23;4,10.11,13.14 (മൂന്ന്).15.46;5,3 (?).4 (രണ്ട്) (?).5,7;7,38;13,5;19,34;1 യോഹ 5,6 (മൂന്ന്).8;വെളി 1,15;7,17;8,10.11; (രണ്ട്);11,6;12,15;14,2.7;16,4.5.12;17,1.15;19,6;21,6;22,1.17.

# 4 യേശു ലോകത്തിന്റെ പ്രകാശം

(യോഹ. 8-9)

**പാഠക്രമം**

1. ആമുഖം: പ്രകാശത്തിന്റെ ധർമ്മം
2. പ്രകാശം - യോഹന്നാന്റെ ഇഷ്ട വിഷയം
3. പ്രകാശം പഴയ നിയമത്തിൽ
    - ദൈവം - പ്രകാശം
    - പ്രകാശം - ദൈവത്തിന്റെ പ്രത്യക്ഷീകരണോപാധി
    - നിയമം - പ്രകാശം
    - പ്രകാശം - ജീവനു കാരണം
4. പ്രകാശം മറ്റ് പുതിയ നിയമ കൃതികളിൽ
5. പ്രകാശം യോഹന്നാന്റെ കൃതികളിൽ
    - യേശു പ്രകാശം
    - പ്രകാശവും യേശുവിന്റെ ദൗത്യവും
    - ''ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു''- കൂടാരപ്പെരുന്നാളിൽ
    - വ്യഭിചാരിണിയെ വിധിച്ചില്ല (യോഹ 8,1-11)
    - യേശു വിധിക്കുന്നത് മോശയുടെ നിയമമനുസരിച്ചല്ല
    - യേശു വിധിക്കുന്നത് രക്ഷിക്കാൻ
    - യേശുവിന്റെ പ്രകാശം, പുത്രത്വത്തിന്റെ പ്രകാശനം
    - യേശു പിതാവിന്റെ പ്രകാശം
    - പിറവിക്കുരുടന്റെ കണ്ണു തുറന്നു
    - പിതാവിനെ വെളിപ്പെടുത്തുന്നു
    - അന്ധർക്ക് പ്രകാശം: ന്യായവിധിക്ക് വന്നിരിക്കുന്നു
    - യേശുവിനെ കാണാനും സ്വയം കാണാനും
6. വിശ്വാസികൾ പ്രകാശത്തിന്റെ മക്കൾ
    - പ്രകാശത്തിലുള്ള ജീവിതം
    - യേശുവിനെ അനുഗമിക്കുക
    - പരസ്പരം സ്നേഹിക്കുക
7. പ്രകാശത്തിന്റെ വിജയത്തിലേക്ക്
8. ഗൃഹപാഠം



## 1. ആമുഖം: പ്രകാശത്തിന്റെ ധർമ്മം പ്രകാശിപ്പക്കുക

രാത്രിയിലും വെളിച്ചമില്ലാത്ത മുറികളിലും നാം സ്വിച്ചിട്ട് ബൾബ് കത്തിക്കുന്നു. അല്ലെങ്കിൽ തിരി കത്തിക്കുന്നു. എന്തിന്? വസ്തുവകകൾ കാണാൻ. നമുക്കും നമ്മെയും കാണാൻ. വെട്ടമുണ്ടെങ്കിലേ വെട്ടപ്പെടാനാവൂ. വെളിച്ചമില്ലാതെ വഴിനടപ്പ് ദുഷ്കരമാണ്. നമുക്ക് ഈ ലോകത്തിൽ നിത്യജീവനിലേക്കുള്ള വഴി നടക്കണം. വെളിച്ചമായി യേശു ഉണ്ട്.

''യേശു വീണ്ടും അവരോടു പറഞ്ഞു: ഞാൻ ലോകത്തിന്റെ പ്രകാശം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശം ഉണ്ടായിരിക്കും'' (യോഹ 8,12). ''ഇതാണ് ഞങ്ങൾ അവനിൽ (ദൈവപുത്രനായ യേശുമിശിഹായിൽ) നിന്ന് കേൾക്കുകയും നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യുന്ന സന്ദേശം: *ദൈവം പ്രകാശമാകുന്നു*. ദൈവത്തിൽ അന്ധകാരമില്ല'' (1 യോഹ 1,5). 1 യോഹ 1,7ലും ദൈവത്തെ പ്രകാശമായി അവതരിപ്പിക്കുന്നുണ്ട്.

ദൈവപുത്രനായ യേശുക്രിസ്തു പ്രകാശത്തിലായിരുന്നപോലെ നാമും (വിശ്വാസികളും) പ്രകാശത്തിൽ ചരിക്കുമെങ്കിൽ നമുക്കു പരസ്പരം കൂട്ടായ്മ ഉണ്ടാകും എന്ന് യോഹന്നാൻ ക്രിസ്ത്യാനികളെ ഉദ്ബോധിപ്പിക്കുന്നു. പ്രകാശം തന്നെയായ ദൈവത്തെ അനുഗമിക്കുകയും അവൻ നല്കുന്ന രക്ഷാകരമായ വിളിക്ക് ''യേസ്'' എന്ന് പ്രത്യുത്തരിക്കുകയും ചെയ്താൽ നാമും പ്രകാശത്തിൽ വസിക്കും എന്നാണ് യോഹന്നാൻ പറയുന്നതിനർത്ഥം.

## 2. പ്രകാശം യോഹന്നാന്റെ ഇഷ്ടവിഷയം

പ്രകാശം എന്ന പ്രമേയത്തിന് യോഹന്നാൻ ശ്രദ്ധേയമായ പ്രാധാന്യം നല്കുന്നുണ്ട്. ഈ വസ്തുത യോഹന്നാന്റെ കൃതികളിൽ പ്രകാശം എന്ന പദം അനേകം (മുപ്പത്തിമൂന്ന്) തവണ ഉപയോഗിക്കുന്നതിൽ ത്തന്നെ സ്പഷ്ടമാണ്. (സുവിശേഷം -23; ലേഖനങ്ങൾ - 6; വെളിപാട് - 4). പ്രകാശത്തിന്റെ ശത്രുവായ ''അന്ധകാരം'' എന്ന പദം യോഹന്നാന്റെ കൃതികളിൽ പതിനഞ്ചു പ്രാവശ്യം ഉണ്ട് (സുവിശേഷം - 9; ലേഖനങ്ങൾ - 6).

ദൈവത്തേയും യേശുവിനേയും ക്രിസ്ത്യാനിയേയും അവതരിപ്പിക്കാൻ പ്രകാശം എന്ന പദം യോഹന്നാൻ ഉപയോഗിക്കുന്നുണ്ട് (1 യോഹ 1,4.5.7.8 (രണ്ട്).9;3,19 (രണ്ട്).20, (രണ്ട്).21;5,35;8,12;9,5;11,9,10;12,35 (രണ്ട്).36 (മൂന്ന്). (46).1 യോഹ 1,5.7 (രണ്ട്);2,8.9;വെളി 18,23;21,24;22,5 (രണ്ട്)

## 3. പ്രകാശം പഴയ നിയമത്തിൽ

### ദൈവം - പ്രകാശം

ദൈവത്തെ പ്രകാശമെന്ന് അവതരിപ്പിക്കാൻ യോഹന്നാന് പഴയ നിയമം സഹായിച്ചിട്ടുണ്ട്. തകർന്നടിഞ്ഞു കിടന്ന ഇസ്രായേലിന്റെ പ്രതാപൈശ്വര്യങ്ങൾ വീണ്ടെടുത്തു കൊടുക്കുന്ന പ്രകാശമായി ഇസ്രാ

യേലിന്റെ ദൈവത്തെ (മൂന്നാം) ഏശയ്യാ അവതരിപ്പിക്കുന്നു (ഏശ 60,1–3). മനുഷ്യരക്ഷ സുഗമമാക്കുന്ന തേജസും പ്രകാശവുമാണ് ദൈവം. അവൻ സ്വജനത്തിന് പ്രകാശവുമായി ഭവിക്കുമെന്ന് സങ്കീർത്തകന്മാരും ഉദ്ഘോഷിക്കുന്നു:

"കർത്താവ് എന്റെ പ്രകാശവും രക്ഷയുമാകുന്നു.
ഞാനാരെ ഭയപ്പെടണം.
കർത്താവ് എന്റെ ജീവന്റെ ദുർഗ്ഗമാകുന്നു.
ഞാനാരെ പേടിക്കണം" (സങ്കീ 27,1).
"ഞാൻ ദൈവസന്നിധിയിൽ,
ജീവന്റെ വെളിച്ചത്തിൽ വ്യാപരിക്കേണ്ടതിന്,
എന്റെ പ്രാണനെ മരണത്തിൽ നിന്ന്,
നീ രക്ഷിച്ചിരിക്കുന്നുവല്ലോ" (സങ്കീ 56,13).
"എന്തെന്നാൽ ജീവന്റെ ഉറവ നിന്നിലാണ്.
നിന്റെ വെളിച്ചത്തിൽ ഞങ്ങൾ വെളിച്ചം കാണുന്നു"
(സങ്കീ 36,9).

ദൈവത്തെ സനാതന പ്രകാശമെന്ന് ജ്ഞാനഗ്രന്ഥകാരനും വിശേഷിപ്പിക്കുന്നു: "നിത്യപ്രകാശത്തിന്റെ ഒരു പ്രതിഫലനമാണ് അവൾ (ജ്ഞാനം). ദൈവത്തിന്റെ വ്യാപാരങ്ങളുടെ നിർമ്മലദർപ്പണം; അവന്റെ നന്മയുടെ പ്രതിബിംബം" (ജ്ഞാനം 7,26).

### പ്രകാശം – ദൈവത്തിന്റെ പ്രത്യക്ഷീകരണോപാധി

ദൈവത്തെ (ദൈവത്തിന്റെ തേജസ്) വെളിപ്പെടുത്തുന്ന ഒരു മാദ്ധ്യമമായി പ്രകാശത്തെ മുകളിലുദ്ധരിച്ചവയേക്കാൾ പുരാതനമായ പഴയ നിയമ (യഹൂദ) പാരമ്പര്യങ്ങൾ അവതരിപ്പിക്കുന്നുണ്ട് (ഉദാ: ഉത്പ 15,17;പുറ 3,2.14.24;19,16 എന്നിവ; ഇടിയും മിന്നലും: 19,18;20,18 എന്നിവ). ഇതേ പാരമ്പര്യം പില്ക്കാല യഹൂദ വിശ്വാസവും പുലർത്തുന്നുണ്ട് (ഹബ 3,3–4;സങ്കീ 18,9;എസെക്കി 1,22;9,1 മുതലായവ). മരുഭൂമിയിലെ പ്രയാണത്തിൽ അഗ്നിസ്തംഭം ഇസ്രായേൽക്കാർക്ക് രാത്രിയിൽ പ്രകാശം നല്കിയിരുന്നു.

### നിയമം – പ്രകാശം

ഇസ്രായേൽജനത്തിന് ദൈവേഷ്ടം അറിയിച്ച് ദൈവത്തെ പ്രതിഫലിപ്പിച്ചത് നിയമം (*തോറാ*) ആകയാൽ അതിനെയും പ്രകാശം എന്ന് അവർ വിലമതിച്ചു. നിയമം ദൈവവചനമാണ്.

"നിന്റെ വചനം എന്റെ പാദങ്ങൾക്ക് വിളക്കും പാതകൾക്ക് പ്രകാശവും ആകുന്നു" (സങ്കീ 119,105).

"കല്പന വിളക്കും പ്രബോധനം പ്രകാശവും ശിക്ഷാർത്ഥമുള്ള ശാസനകൾ ജീവന്റെ മാർഗ്ഗവുമത്രേ" (സുഭാ 6,23).

"നിന്റെ വെളിച്ചവും നിന്റെ സത്യവും അയച്ചാലും. അവ എന്നെ നയിക്കട്ടെ."



"നിന്റെ വിശുദ്ധിയിലേക്കും നിന്റെ തിരുനിവാസത്തിലേക്കും അവ എന്നെ നയിക്കട്ടെ" (സങ്കീ 43,3).

ഇസ്രായേലിന്റെ കർത്താവായ ദൈവം തന്റെ ജനത്തിനുവേണ്ടി ചെയ്ത ഒരു സത്പ്രവൃത്തിയായാണല്ലോ ഇസ്രായേല്ക്കാർ നിയമത്തെ പരിഗണിച്ചത്. യേശുവിന്റെയും യോഹന്നാന്റെയും കാലത്തെ യഹൂദ സമൂഹാംഗങ്ങളും മേല്പ്പറഞ്ഞ വിധം നിയമത്തെ പ്രകാശമായും പ്രകാശത്തെ ദൈവാവിഷ്കരണത്തിന്റെ മാധ്യമമായും വിലമതിച്ചു.

### പ്രകാശം ജീവനു കാരണം

ആദിയിൽ ഭൂമി ആകൃതിയില്ലാത്തതും ശൂന്യവുമായിരുന്നു. ആഴത്തിന്മീതെ അന്ധകാരം പരന്നിരുന്നു. വ്യക്തിത്വമില്ലാത്തതും അവ്യക്തവുമായിരുന്ന ആ ക്രമരഹിതാവസ്ഥയിൽ പ്രകാശം ഉജ്വലിപ്പിച്ച് ഒരു ക്രമവും ആകൃതിയും സ്ഥാപിച്ചതിനുശേഷമാണ് സൃഷ്ടികർമ്മം സമുദ്ഘാടിതമായതെന്ന് സൃഷ്ടികളുടെ പുസ്തകം (ഉത്പ 1,1–3) പറയുന്നു. അതായത്, ജീവനും പ്രകാശവും തമ്മിൽ പരസ്പരാശ്രയം ഉണ്ട്. ജീവന്റെ ഉറവിടമെന്ന് കർത്താവായ പ്രകാശത്തെ സങ്കീർത്തകൻ സ്തുതിക്കുന്നല്ലോ (സങ്കീ 27,1;6,9). നീതിമാന്മാരുടെമേൽ പ്രകാശം ഉദിക്കുന്നു (പ്രകാശം ദർശിക്കുന്നവർ നീതിമാന്മാരാണ്) എന്നും സങ്കീർത്തകൻ പറയുന്നുണ്ട് (സങ്കീ 97,11).

പഴയ നിയമത്തിൽ ദൈവത്തോടു ബന്ധപ്പെടുത്തി പ്രകാശത്തെക്കുറിച്ച് പ്രത്യക്ഷപ്പെടുന്ന പ്രധാന ചിന്താധാരകളാണ് മുകളിൽ കണ്ടത്. അവയൊക്കെ യേശുവിനെ പ്രകാശമായി അവതരിപ്പിക്കാൻ യോഹന്നാനെ സഹായിച്ചിട്ടുണ്ടാവണം.

### 4. പ്രകാശം – മറ്റ് പുതിയ നിയമ കൃതികളിൽ

പുതിയ നിയമത്തിലെ മറ്റു പല ഗ്രന്ഥകാരന്മാരും പ്രകാശം എന്ന പ്രതീകം പല വിധം ഉപയോഗിച്ചിട്ടുണ്ട്. യേശു വിജാതിയർക്ക് വെളിപാടിന്റെ പ്രകാശമാണ് (ലൂക്കാ 2,31–32). മത്താ 4,16 (ഏശ 9,1);ലൂക്കാ 2,32 എന്നിവിടങ്ങളിൽ പ്രകാശം എന്ന പദം മിശിഹായ്ക്കുതന്നെ ഉപയോഗിച്ചിട്ടുണ്ട്. മർക്കോ 4,21–22;ലൂക്കാ 8,16–18ൽ ദീപത്തെ പുരസ്കരിച്ച് യേശു പറഞ്ഞ ഉപമയുണ്ട്. അതിൽ യേശു / വചനം ആണ് പ്രകാശം. അപ്പ 13,47ൽ യേശുക്രിസ്തുവിന്റെ സുവിശേഷം (ക്രൈസ്തവ സുവിശേഷം) വഹിക്കുന്ന പൗലോസിനെ ജനതകളുടെ പ്രകാശം എന്നു വിളിക്കുന്നു. കൊളോ 1,12–13ൽ ദൈവത്തിന്റെ പ്രിയ പുത്രനായ യേശുക്രിസ്തുവിന്റെ രാജ്യത്തെ പ്രകാശം എന്ന് ശ്ലീഹാ വിശേഷിപ്പിക്കുന്നു. യേശുക്രിസ്തു ശിഷ്യരെ ലോകത്തിന്റെ പ്രകാശമായി അവതരിപ്പിച്ചിട്ടുണ്ടല്ലോ (മത്താ 5,14). വിശുദ്ധ പൗലോസ് ഫിലിപ്പിയിലേയും എഫേസൂസിലെയും ക്രിസ്ത്യാനികൾക്ക് പ്രകാശം എന്ന നാമം ഉപയോഗിക്കുന്നു (ഫിലി 2,15; എഫേ 5,8). ദൈവത്തിന്റെ അത്ഭുതകരമായ പ്രകാശത്തി

ലേക്ക് വിളിക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ എന്ന നിലപാട് വിശുദ്ധ പത്രോസ് ശക്തിയുക്തം പ്രതിപാദിക്കുന്നു (1 പത്രോ 2,9).

ദൈവത്തോടും അവനിൽ വിശ്വസിച്ചവരോടും ബന്ധപ്പെടുത്തി പ്രകാശത്തെക്കുറിച്ച് യഹൂദ, ക്രൈസ്തവ പാരമ്പര്യങ്ങൾക്ക് വളരെ ആഴമായ ഉൾക്കാഴ്ചകളുണ്ടായിരുന്നു. അവ ഈ പ്രതീകം ഉപയോഗിക്കാൻ യോഹന്നാനെ സഹായിച്ചിട്ടുണ്ട്.

### 5. പ്രകാശം യോഹന്നാന്റെ കൃതികളിൽ യേശു പ്രകാശം

പ്രകാശം എന്ന പദം യേശുവിനെ ഉദ്ദേശിച്ച് യോഹന്നാന്റെ കൃതികളിൽ അനേക തവണയുണ്ട് (യോഹ 1,4.5.7.9;3,19;8,12;12,35;36,46;1 യോഹ 2,8.9.10;വെളി 21,24). താൻ പ്രകാശമാണെന്ന് യേശു സ്വയം പരിചയപ്പെടുത്തുന്ന പല സന്ദർഭങ്ങളുമുണ്ട് [യോഹ 8,12;9,5;12.35,36.(രണ്ട്)]. പ്രകാശമായി താൻ ലോകത്തിലേക്ക് വന്നിരിക്കുന്നുവെന്നും യേശു നേരെ അവകാശപ്പെടുന്നത് യോഹ 8,12;9,5;12,46 എന്നിവിടങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### പ്രകാശവും യേശുവിന്റെ ദൗത്യവും

''എല്ലാ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശം ലോകത്തിലേക്ക് വരുന്നുണ്ടായിരുന്നു'' (യോഹ 1,9).

''എന്നിൽ വിശ്വസിക്കുന്നവരാരും അന്ധകാരത്തിൽ വസിക്കാതിരിക്കാൻ ഞാൻ പ്രകാശമായി ലോകത്തിലേക്ക് വന്നിരിക്കുന്നു'' (യോഹ 12,46).

''യേശു വീണ്ടും അവരോടു പറഞ്ഞു, ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശം ഉണ്ടായിരിക്കും'' (യോഹ 8,12).

''ആ ജീവൻ മനുഷ്യരുടെ പ്രകാശമായിരുന്നു; പ്രകാശം അന്ധകാരത്തിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ അന്ധകാരത്തിന് സാധിച്ചില്ല'' (യോഹ 1,4b5).

മേലുദ്ധരിച്ച സുവിശേഷ സൂക്തങ്ങളെല്ലാം പ്രകാശമെന്ന നിലയിൽ യേശുവിന്റെ ദൗത്യത്തിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. യേശുവിന്റെ ദൗത്യം സമൂർത്തമായി സ്പഷ്ടമാക്കുന്ന രണ്ടു സംഭവങ്ങൾ യോഹന്നാന്റെ സുവിശേഷത്തിലുണ്ട്. യേശു വ്യഭിചാരിണിയെ വിധിക്കാതെ വിട്ടയച്ചതും (യോഹ 8,1-11) ജന്മാന്ധനു കാഴ്ച നല്കിയതും (യോഹ 9,1). ഈ രണ്ട് സംഭവവിവരണങ്ങളിലാണ് ''ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു'' എന്ന കേവലപ്രസ്താവനകൾ രണ്ടും പ്രത്യക്ഷപ്പെടുക.

### ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു - കൂടാരപ്പെരുന്നാളിൽ

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ കഥ യോഹന്നാന്റെ സുവിശേഷത്തിന് പുറത്തുള്ള പാരമ്പര്യത്തിൽ നിന്ന് സുവിശേഷ



ത്തിൽ ചേർത്തതാണ്. നമുക്ക് ലഭ്യമായിട്ടുള്ള സുവിശേഷഗ്രന്ഥത്തിൽ ആ കഥയുണ്ട്. സുവിശേഷത്തിന്റെ ഭാഗമെന്ന നിലയിൽ നാം അത് സ്വീകരിക്കുകയും മനസ്സിലാക്കയും ചെയ്യുന്നു. വ്യഭിചാരിണിയെ വിട്ടയച്ചതും ''ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു'' എന്ന് യേശു ആദ്യം പ്രസ്താവിക്കുന്നതും ജറുസലേം ദേവാലയത്തിലെ കൂടാരപ്പെരുന്നാളിന്റെ ആഘോഷത്തോട് അനുബന്ധിച്ചാണ് (യോഹ 7,2). (കൂടാരപ്പെരുന്നാളിനെക്കുറിച്ച് വേറൊരിടത്ത് പറഞ്ഞിട്ടുണ്ടല്ലോ).

യഹൂദരുടെ ഏറ്റവും വലിയ പെരുന്നാളുകളിൽ ഒന്നായിരുന്നു കൂടാരപ്പെരുന്നാൾ. അപ്പോൾ ദേവാലയത്തിൽ ദീപാലങ്കാരം നടത്താറുണ്ടായിരുന്നു. പെരുന്നാളാഘോഷത്തിന്റെ ആദ്യനാളിലെ ആഘോഷത്തെക്കുറിച്ചുള്ള യഹൂദസാക്ഷ്യം തന്നെ ദീപാലങ്കാരത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. ദേവാലയത്തിലെ വനിതാങ്കണത്തിൽ (court of women) അനേകം മെഴുകുതിരിക്കാലുകൾ ഉണ്ടായിരുന്നു. എല്ലാം കനകം പൂശിയതായിരുന്നു. ഓരോന്നിനും നന്നാലു ശിഖരങ്ങളുമുണ്ടായിരുന്നു. പെരുന്നാളിൽ അവയിലെല്ലാം തീപന്തങ്ങൾ ഉജ്ജ്വലിപ്പിച്ചിരുന്നു. അവയുടെ പ്രകാശധോരണി ജറുസലേമിലെല്ലാം പ്രതിഫലിച്ചു. ഭക്തരും സത്പ്രവർത്തകരും കൈകളിൽ ദീപയഷ്ടികളേന്തി സ്തുതിഗീതങ്ങളാലപിച്ച് അവയുടെ മുമ്പിൽ ആനന്ദനൃത്തം ആടിയിരുന്നു. പെരുന്നാളാഘോഷങ്ങളോട് അനുബന്ധിച്ചുള്ള ദീപാലങ്കാരത്തിന്റെ പശ്ചാത്തലത്തിലാണ് ''ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു'' എന്ന് യോഹ 8,12ൽ യേശു പ്രസ്താവിക്കുക. കൂടാരപ്പെരുന്നാളിൽ യഹൂദർ പാരമ്പര്യമനുസരിച്ച് ജറുസലേംദേവാലയത്തിൽ കത്തിക്കുന്ന തിരികളുടെ വെട്ടമല്ല യഥാർത്ഥ വെളിച്ചം. യേശുവാണ് ലോകത്തിന്റെ സത്യവെളിച്ചം. ഇസ്രായേലിനു മരുഭൂമിയിൽ പ്രകാശം നല്കിയ അഗ്നിസ്തംഭത്തിനു പകരം യേശു പ്രകാശം നല്കുന്നു.

### വ്യഭിചാരിണിയെ വിധിക്കാതെ വിട്ടയച്ചു

ഈ കഥ യേഹന്നാന്റെ സുവിശേഷത്തിന്റെ ഈ ഭാഗത്ത് സഭാപാരമ്പര്യം ചേർത്തതാണ്. ''ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു''എന്ന യേശുസൂക്തം ആദ്യം പ്രത്യക്ഷപ്പെടുക യോഹ 8,12ലാണ്. അതിന്റെ സന്ദർഭത്തിൽ പഠിക്കുമ്പോൾ പ്രസ്തുത പ്രസ്താവത്തിന് പ്രകാശമായി യേശുവിനെ അവതരിപ്പക്കുന്നതിൽ പ്രത്യേക അർത്ഥമുണ്ട്. വ്യഭിചാരത്തിൽ കൈയോടെ പിടിച്ച സ്ത്രീയെ മോശയുടെ നിയമപ്രകാരം കല്ലെറിഞ്ഞ് കൊല്ലാനുള്ള വിധി നേടാനാണ് നിയമപണ്ഡിതന്മാരും ഫരിസേയന്മാരും യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത്. യേശു അവളെ അങ്ങനെ വിധിക്കാതെ വിട്ടയച്ചു. അവളുടെ പാപം ക്ഷമിച്ചു. അവൾക്കു ജീവൻ നല്കി തിരിച്ചയച്ചു (യോഹ. 8,1-11). ''ആ ജീവൻ മനുഷ്യരുടെ പ്രകാശമായിരുന്നു.'' തുടർന്ന് യേശു തന്റെ പ്രതിയോഗികളോട് പ്രസ്താവിക്കുന്നു, ''ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു.'' ഈ പ്രസ്താവത്തിൽ പല സത്യങ്ങൾ അന്തർഭവിച്ചിട്ടുണ്ട്.

### യേശു വിധിക്കുന്നത് മോശയുടെ നിയമം അനുസരിച്ചല്ല

മോശയുടെ നിയമപ്രകാരം ആ സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലാൻ വിധിക്കണം (ലേവ്യ 20,10;നിയമ 22,22). അതിൻപ്രകാരം അവരെടുത്തിരുന്ന തീരുമാനം യേശുവിനെകൊണ്ട് അംഗീകരിപ്പിക്കാനാണ് അവർ അവളെ കൊണ്ടുവന്നത്. എന്നാൽ യേശു മോശയുടെ നിയമത്തിന്റെ സ്ഥാനത്ത് സ്നേഹം പ്രതിഷ്ഠിച്ചു. സ്നേഹമെന്ന നിലയ്ക്കാണല്ലോ ദൈവം സ്വപുത്രനെ ലോകത്തിലേക്കയച്ചത് (യോഹ 3,16; യോഹ 4,9-10). അതിനാൽ യേശു വിധിക്കുക മനുഷ്യന്റെ രീതിയിലല്ല (യോഹ 8,15-16); ദൈവത്തിന്റെ രീതിയിലാണ്. നിയമത്തിന്റെ സ്ഥാനം സ്നേഹവും പ്രകാശവുമായ യേശു ഏറ്റെടുത്തു. യേശുവിന്റെ ആഗമനത്തോടെ ദൈവത്തെയും ദൈവേച്ഛയും വെളിപ്പെടുത്തുന്നത് മോശയുടെ നിയമമല്ല, സ്നേഹവും പ്രകാശവുമായ യേശുവാണ്.

### യേശുവിന്റെ വിധി രക്ഷിക്കാനാണ്

യേശു പറഞ്ഞു, ''ഞാനും നിന്നെ വിധിക്കുന്നില്ല, പൊയ്ക്കൊള്ളുക. ഇനി മേലിൽ പാപം ചെയ്യരുത്'' (യോഹ 8,11). യേശു അവളെ ജീവക്കാൻ വിധിച്ചു. ജീവനിലേക്ക് വിധിച്ചു. പാപജീവിതം ഉപേക്ഷിക്കാൻ തീരുമാനിച്ച് യേശുവിനെ കർത്താവായി സ്വീകരിച്ച ഒരുവളെയാണ് സംഭവവിവരണത്തിന്റെ അവസാനഭാഗത്ത് സുവിശേഷകൻ ധ്വനിപ്പിക്കുക. ''കർത്താവേ'' എന്ന് അവൾ യേശുവിനെ സംബോധന ചെയ്യുന്നു. ആദ്യ ഘട്ടത്തിൽ അത് വിശ്വാസത്തിന്റെ വിളിയാണോ എന്നു തീർച്ചയില്ല. ഒരു കാര്യം തീർച്ചയാണ്. തന്നെ മരണവിധിയിൽ നിന്ന് രക്ഷിച്ചവനെയാണ് ആ സ്ത്രീ ''കർത്താവ്'' എന്ന് വിളിച്ചത്. ഞാനും നിന്നെ വിധിക്കുന്നില്ല എന്ന് യേശു അവളോട് പറഞ്ഞ വാക്കുകൾ യോഹ 12,47ലും ധ്വനിക്കുന്നു. യേശു ആഗതനായിരിക്കുക മനുഷ്യരെ ശിക്ഷയ്ക്കു വിധിക്കാനല്ല, രക്ഷിക്കാനാണ്. ''ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധിയായി ഉണ്ടാകുവാനുമത്രെ'' (യോഹ 10,10).

യേശുവാകുന്ന പ്രകാശം നമുക്ക് രക്ഷാകരവും ജീവദായകവുമാകാൻ നാം എന്തു ചെയ്യണം? അതും യേശു പഠിപ്പിക്കുന്നു. ''എന്നിൽ വിശ്വസിക്കുന്നവരാരും അന്ധകാരത്തിൽ വസിക്കാതിരിക്കാൻ ഞാൻ പ്രകാശമായി ലോകത്തിലേക്ക് വന്നിരിക്കുന്നു'' (യോഹ 12,46). പ്രകാശമായ യേശുവിൽ വിശ്വസിക്കുക. അത് പ്രകാശമായ യേശുവിനെ അനുഗമിക്കലാണ്. ''... എന്നെ അനുഗമിക്കുന്നവർ ഒരിക്കലും അന്ധകാരത്തിൽ നടക്കുന്നില്ല. അവന് ജീവന്റെ പ്രകാശം ഉണ്ടായിരിക്കും'' (യോഹ 8,12). യേശുവിൽ വിശ്വസിക്കുകവഴി അവനെ അയച്ച പിതാവിലാണ് വിശ്വസിക്കുക (യോഹ 12,44). നാം യേശുവിൽ വിശ്വസിക്കുമ്പോൾ ജീവന്റെ ഉറവിടത്തോടുതന്നെ ബന്ധപ്പെടുന്നു. അവിടെനിന്ന് ജീവൻ നമ്മിലേക്ക് ഒഴുകുന്നു.



പ്രകാശമായ യേശുവിൽ വിശ്വസിക്കുന്നതിന്റെ പ്രായോഗിക പരിപാടിയും യേശു പറഞ്ഞു തരുന്നുണ്ട്. യേശു പഠിപ്പിച്ചിട്ടുള്ള കല്പനകൾ നാം അനുസരിക്കണം. യേശു പഠിപ്പിച്ചിട്ടുള്ള കല്പനകൾ പിതാവ് അവനെ പഠിപ്പിച്ചവയാണ്. അവ അനുസരിച്ചാൽ നിത്യജീവൻ ലഭിക്കും. ''അവന്റെ കല്പന നിത്യജീവനാണെന്ന് എനിക്കറിയാം. അതിനാൽ ഞാൻ പറയുന്നതെല്ലാം പിതാവ് എന്നോടു കല്പിച്ചതുപോലെ തന്നെയാണ്'' (യോഹ 12,50). തന്നിൽ വിശ്വസിക്കുന്നവരെ രക്ഷിക്കുക എന്നത് പ്രകാശമെന്ന നിലയിൽ യേശുവിന്റെ ആത്മസത്തയുടെ പ്രവൃത്തിയാണ്.

### യേശുവിന്റെ പ്രകാശം, പുത്രത്വത്തിന്റെ പ്രകാശനം

വ്യഭിചാരത്തിൽ പിടിച്ചുകൊണ്ടുവന്ന സ്ത്രീയെ യഹൂദ മതനിയമപ്രകാരം - യേശുവിന്റെ വാക്കുകളിൽ ''മനുഷ്യരുടെ രീതിയിൽ'' - വിധിക്കാതെ യേശു ജീവന്റെ പ്രകാശത്തിലേക്ക് ആനയിച്ചു. അതിനടിസ്ഥാനം യേശു ദൈവപുത്രനാകുന്നു എന്നതാണ്. യേശുവിന്റെ പ്രകാശം എന്ന അവസ്ഥ അവന്റെ പുത്രത്വത്തിന്റെ പ്രത്യക്ഷീകരണമാണ്. യേശു ദൈവപുത്രനായതിനാൽ ദൈവികജീവൻ പ്രകാശിപ്പിക്കുന്ന പ്രകാശമാണ്. സംഭവത്തിലെ സ്ത്രീക്ക് ജീവൻ നല്കി തിരിച്ചയച്ചതിന്റെ പ്രത്യാഘാതമെന്നോണം യഹൂദരുമായി ഒരു സംവാദമുണ്ടായി (യോഹ 8,13-53). അതിൽ അനേക തവണ യേശു തന്റെ പുത്രത്വത്തെപ്പറ്റി പല ശൈലികളിൽ പറയുന്നു: ''ഞാൻ എവിടെ നിന്നു വന്നു ... എവിടേക്കു പോകുന്നു'' (8,14 രണ്ടുതവണ). ''എന്നെ അയച്ചവൻ''/ ''എന്നെ അയച്ച പിതാവ്'' (8,16.18.26.29.42); ''പിതാവ്''/ ''എന്റെ പിതാവ്'' (8,18.19) (മൂന്നു തവണ), (27,28,38,49,54), ''പുത്രൻ'' (8,36); ''ദൈവത്തിൽ നിന്നു വന്നവൻ''/ കേട്ടത് / കണ്ടത് (8,38; 40,2); ''മുകളിൽ നിന്ന് വന്നവൻ'' (8,23) മുതലായ ശൈലികളിൽ തന്റെ പുത്രത്വം യേശു ആവിഷ്കരിക്കുന്നു. യേശു പിതാവിന്റെ പുത്രനായതിനാലാണ് അവളെ മാനുഷികമായി വിധിക്കാതെ ദൈവികമായി വിധിച്ച് വിട്ടയച്ചത്. കാരണം പുത്രന്റെ ജോലി ജീവൻ നല്കുകയാണ് (യോഹ 3,16;5,21). ലോകത്തിന്റെ പ്രകാശമായ യേശു കുറ്റക്കാരിക്ക് ജീവൻ നല്കി. അത് അവന്റെ പുത്രത്വത്തെ പ്രകാശിപ്പിക്കുന്നു. അവൾക്ക് ജീവൻ നല്കിയത് അവൻ ദൈവപുത്രനായതിനാൽ ആണ്. അവന്റെ പ്രകാശാവസ്ഥ പുത്രത്വത്തിന്റെ പ്രത്യക്ഷീകരണമാകുന്നു.

മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാനും അവർ ദൈവത്തോട് ഐക്യത്തിൽ ജീവിക്കാനും നാം പ്രയത്നിക്കുമ്പോൾ നാം ദൈവമക്കളായി പ്രവർത്തിക്കുകയാണ്.

### യേശു പിതാവിന്റെ പ്രകാശം

മക്കൾ മാതാപിതാക്കന്മാരുടെ പ്രകാശനമാണല്ലോ. യോഹ 8ഉം 9ഉം അദ്ധ്യായങ്ങളിൽ യേശു പ്രവർത്തിക്കുന്നതും 8-ാം അദ്ധ്യായ

ത്തിലെ സംവാദത്തിൽ തന്റെ പുത്രത്വവ്യക്തിത്വം സ്ഥാപിക്കുന്നതും പിതാവിനെ ആവിഷ്കരിക്കാനാണ്. ''പിതാവിനെക്കുറിച്ചാണ് അവൻ തങ്ങളോടു സംസാരിച്ചതെന്ന് അവർക്ക് മനസ്സിലായില്ല'' (8,27).

''എന്നെ അയച്ചവൻ,'' ''പിതാവ്,'' ''എന്റെ ദൈവം'' എന്നീ പദങ്ങളിലെല്ലാം പിതാവിനെ ആവിഷ്കരിക്കാനാണ് യേശു തന്റെ പ്രകാശത്തെ തന്റെ പുത്രത്വത്തിന്റെ പ്രകാശനമായി അവതരിപ്പിക്കുക. ജീവൻ നല്കുക പിതാവിന്റെ പ്രവൃത്തിയാണ്. പിതാവിന് ഇഷ്ടമുള്ളതും പിതാവ് കല്പിച്ചതും പുത്രൻ പ്രവർത്തിക്കുന്നു (8,49.55). പിതാവിനെ അനുസരിക്കുകയും ആദരിക്കുകയും ചെയ്യുന്നതുപോലെ സകലരും പുത്രനോടും പെരുമാറാൻ ജീവൻ നല്കുക എന്ന ജോലി പിതാവ് പുത്രനെ ഏല്പിച്ചിരിക്കയാണ് (യോഹ 5,21-24). പ്രകാശമെന്ന നിലയ്ക്കും യേശു ജീവൻ നല്കുമ്പോൾ യഥാർത്ഥത്തിൽ അവൻ പ്രകാശിപ്പിക്കുന്നത് വിശ്വസിക്കുന്നവർക്കെല്ലാം ജീവൻ നല്കുന്ന പിതാവിനെയാണ് (യോഹ 3,16). യേശു പിതാവിന്റെ പ്രകാശമാകുന്നു. ഈ സത്യം ജന്മാന്ധനു കാഴ്ച നല്കുന്നതിലും വ്യക്തമാക്കുന്നുണ്ട്.

**പിറവിക്കുരുടന്റെ കണ്ണുതുറന്നു (യോഹ 9)**

യേശു വ്യഭിചാരിണിയെ വിധിക്കാതെ ജീവനിലേക്ക് വിട്ടയച്ച കഥ പോലെ പിറവിക്കുരുടന്റെ കണ്ണു തുറന്ന കഥയും യേശു പ്രകാശമാകുന്നു എന്നതിന്റെ കൂടുതൽ അന്തർധാരകളെ പ്രകാശിപ്പിക്കുന്നു. പിറവിക്കുരുടന്റെ കണ്ണ് തുറന്ന കഥ സുവിശേഷത്തിന്റെ മൂല രൂപത്തിലുള്ളതാണ്.

യേശു പറയുന്നു:-

> എന്നെ അയച്ചവന്റെ പ്രവൃത്തികൾ പകലായിരിക്കുമ്പോൾത്തന്നെ നാം ചെയ്യണം. ആർക്കും വേല ചെയ്യാൻ കഴിയാത്ത രാത്രി വരുന്നു. ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. ഇതു പറഞ്ഞിട്ട് അവൻ നിലത്തു തുപ്പി, തുപ്പൽകൊണ്ടു ചേറുണ്ടാക്കി, അയാളുടെ കണ്ണുകളിൽ പൂശിയിട്ട്, അവനോടു പറഞ്ഞു: നീ പോയി സീലോഹാ - അയയ്ക്കപ്പെട്ടവൻ എന്നർത്ഥം - കുളത്തിൽ കഴുകുക. അവൻ പോയി കഴുകി, കാഴ്ചയുള്ളവനായി തിരിച്ചുവന്നു (യോഹ 9,4-7). ''യേശു പറഞ്ഞു: കാഴ്ചയില്ലാത്തവർ കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും ചെയ്യാൻ ന്യായവിധിക്കായാണ് ഞാൻ ഈ ലോകത്തിലേക്ക് വന്നത്'' (യോഹ 9,39).

താൻ ലോകത്തിന്റെ പ്രകാശമാണെന്ന് വ്യക്തമാക്കാനാണ് യേശു ജന്മാന്ധന്റെ കണ്ണു തുറക്കുന്നത്.

**യേശു പിതാവിനെ വെളിപ്പെടുത്തുന്നു**

കഥയിലെ കുരുടന് കാഴ്ച നല്കിയതിനെക്കുറിച്ച് യേശു പറയുന്നത് താൻ പിതാവിന്റെ പ്രവൃത്തി ചെയ്യുന്നു എന്നാണ്. യേശു തന്നെ അയച്ചവന്റെ പ്രവൃത്തി ചെയ്യുന്നു (8,4). അത് ദൈവത്തിന്റെ പ്രവൃത്തികളാണ് (8,3). ഈ പ്രവൃത്തിയിലൂടെ യേശുവിൽ പ്രവർത്തിക്കുന്ന പിതാവിനെ ഈ ലോകത്തിന് വെളിപ്പെടുത്തികൊടുക്കുകയാണ്.



**അന്ധർക്കു പ്രകാശം: യേശുവിനെ കാണാനും സ്വയം കാണാനും**

ആദാമിന്റെ പാപം മുതൽ മനുഷ്യൻ അന്ധകാരത്തിൽ അലയുകയായിരുന്നു. ദൈവത്തെ കാണാനായില്ല. സ്വയം കാണാനുമാവുന്നില്ല. മറ്റുള്ളവരെയും ശരിയായി കാണാനാവുന്നില്ല. തങ്ങളുടെ സത്യാവസ്ഥ മനസ്സിലാക്കാൻ കഴിയാതെ പോയ മനുഷ്യന്റെ ആന്തരിക നയനങ്ങളെ ദൈവാഭിമുഖമായി തുറക്കാൻ പ്രകാശമായ യേശു സമാഗതനായി. ദൈവത്തെ കാണാൻ ആദ്യം മനുഷ്യൻ യേശുവിനെ കാണണം. യേശു പിതാവിന്റെ പ്രകാശമാണ്. യേശുവിനെ കാണുന്നവൻ പിതാവിനെയും കാണുന്നു (യോഹ 14,8-9). യേശുവിനെ കാണുമ്പോൾ മനുഷ്യനെയും ദൈവത്തെയും കാണാം. യേശുവിനെ മനുഷ്യപുത്രനായി കാണാനുള്ള കാഴ്ച യേശു പിറവിക്കുരുടനു നല്കി. യേശുവിനെ മനുഷ്യപുത്രനായി കാണാൻ ജന്മാന്ധന്റെ ആന്തരിക നയനങ്ങൾക്ക് കാഴ്ച ലഭിക്കുന്നതോടെയാണല്ലോ 9-ാം അദ്ധ്യായം അവസാനിക്കുക. യേശുവിനെ മനുഷ്യപുത്രനായി കാണുക അവനെ ദൈവ-മനുഷ്യ സംഗമരംഗമായി കാണുകയാണ്. യേശുവിലേക്ക് നോക്കുക. ദൈവത്തെയും മനുഷ്യനെയും കാണാം. എന്തെന്നാൽ അവൻ മനുഷ്യനായിത്തീർന്ന വചനമായ ദൈവമാണ്.

യേശുവിനെക്കുറിച്ച് പിറവിക്കുരുടന്റെ കാഴ്ച പടിപടിയായി വികസ്വരമാകുന്നത് അത്യന്തം ഹൃദയാവർജ്ജകമായി യോഹന്നാൻ അവതരിപ്പിക്കുന്നു. ആദ്യം അയാൾ യേശുവിനെ *ഒരു മനുഷ്യൻ* എന്ന് മനസ്സിലാക്കുന്നു: ''*യേശു എന്ന് പേരുള്ള മനുഷ്യൻ ...*'' (വാക്യം 11). കുറെ കഴിഞ്ഞപ്പോൾ യേശു ഒരു *പ്രവാചകനാണെന്ന്* ഏറ്റുപറയുകയായി: ''*അവൻ ഒരു പ്രവാചകനാണ്*'' (വാക്യം 17). യേശു പാപിയല്ല; ദൈവത്തിൽ നിന്നു വന്നവനാണ് എന്നും അയാൾ എതിരാളികളോട് സാക്ഷിക്കുകയായി (വാക്യ 31.33). അവസാന ഘട്ടത്തിൽഎത്തിയപ്പോഴേക്കും യേശുവിനെ ''മനുഷ്യപുത്രൻ'' എന്നും ''കർത്താവ്'' എന്നും വിശ്വസിച്ച് ഏറ്റു പറഞ്ഞ് ആരാധിച്ചു (വാക്യ 35.38).

''മനുഷ്യപുത്രൻ'' എന്ന നിലയ്ക്ക് യേശു ദൈവവും മനുഷ്യനും തമ്മിലുള്ള സംസർഗ്ഗത്തിന്റെ വേദിയാണ് (യോഹ 1,51). പൈശാചിക ദംശമേറ്റവർക്ക് രക്ഷയുടെ അടയാളവും മാർഗ്ഗവും ദൈവതേജസ്സിന്റെ വെളിപ്പെടലും ആകുന്നു (യോഹ 3,13-15). യേശുവിൽനിന്ന് കാഴ്ച ലഭിച്ച ജന്മാന്ധൻ യേശുവിനെ ദൈവ-മനുഷ്യ സംഗമത്തിന്റെ വേദിയും മാദ്ധ്യമവുമായി കണ്ടു. രക്ഷയുടെ അടയാളവും മാർഗ്ഗവുമായും കണ്ടു. ദൈവമഹത്വത്തിന്റെ ആവിഷ്കരണമായും കണ്ടു.

യേശുവിനെ കാണുക എന്ന് പറഞ്ഞാൽ അവനിൽ വിശ്വസിക്കുകയാണ്. കാഴ്ച പ്രാപിച്ച ജന്മാന്ധനോട് യേശു ചോദിച്ചു: നീ മനുഷ്യ

പുത്രനിൽ വിശ്വസിക്കുന്നുവോ? അയാൾ തിരിച്ചു ചോദിച്ചു: ''കർത്താവേ, ഞാൻ അവനിൽ വിശ്വസിക്കേണ്ടതിന് അവൻ ആരാണ്?'' യേശു പറഞ്ഞു: "നീ അവനെ കണ്ടുകഴിഞ്ഞു. നിന്നോട് സംസാരിക്കുന്നവൻ തന്നെയാണ് അവൻ". ''കർത്താവേ, ഞാൻ വിശ്വസിക്കുന്നു'' എന്നു പറഞ്ഞ് അയാൾ യേശുവിനെ ആരാധിച്ചു. യേശുവിൽനിന്ന് കാഴ്ച ലഭിക്കുന്നതിന്റെ ഫലമായി വിശ്വാസത്തിൽ യേശുവിനെ രക്ഷകനായി സ്വീകരിച്ച് കർത്താവായി ആരാധിക്കുന്നതിലേക്ക് വളരുന്നു. നാം യേശുവിനെ കർത്താവായി ആരാധിക്കുന്നത് അവനിൽ വിശ്വസിച്ച് അവനെ കാണാൻ ദൈവം യേശുവിലൂടെ നമ്മുടെ കണ്ണ് തുറന്നതിന്റെ ഫലമാണ്.

**സ്വയം കാണാനും**

പാപിയായ മനുഷ്യന് തന്നെത്തന്നെ ദർശിക്കാനും പ്രകാശമായ യേശു സഹായിക്കുന്നു. ഇത് സമറിയാക്കാരിയുടെ (യോഹ 4) അനുഭവത്തിൽ സുവിശേഷകൻ സാക്ഷിക്കുന്നു. അവൾ യേശുവാകുന്ന പ്രകാശത്തിനു മുമ്പിൽ നിന്നപ്പോൾ അവൾക്ക് തന്നെത്തന്നെയും (യോഹ 4,16-18.29) യേശുവിനെയും പൂർണ്ണമായി മനസ്സിലാക്കാൻ സാധിച്ചു. താൻ പാപിയാണെന്നും തന്റെ ജീവിതമാകെ അസംതൃപ്തമാണെന്നും അവളോട് സംസാരിച്ചുനിന്ന യേശുവിന്റെ മുമ്പിൽ നിന്നപ്പോൾ അവൾക്ക് കാണാനായി. ശത്രുവായ യഹൂദൻ എന്നാണ് അവൾ ആദ്യം യേശുവിനെ കണ്ടത് (വാക്യം 9). പിന്നീട്, യാക്കോബിനെക്കാൾ വലിയവൻ എന്നും (വാക്യം 12) പ്രവാചകൻ (വാക്യം 19) എന്നും മിശിഹാ (വാക്യം 25-29) എന്നും യേശുവിനെ അവൾക്ക് കാണാനായി. തദ്ഫലമായി അവളും യേശുവിന്റെ സാക്ഷിയായിത്തീർന്നു.

**യേശു ന്യായവിധിക്കായി വന്നിരിക്കുന്നു**

''യേശു പറഞ്ഞു: കാഴ്ചയില്ലാത്തവർ കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും ചെയ്യാൻ ന്യായവിധിക്കായാണ് ഞാൻ ഈ ലോകത്തിലേക്ക് വന്നത്'' (യോഹ 9,39). എന്നാൽ യോഹ 8,15;12,47 എന്നീ സുവിശേഷഭാഗങ്ങളിൽ യേശു പറയുന്നു, താൻ വന്നിരിക്കുന്നത് ലോകത്തെ വിധിക്കാനല്ല, രക്ഷിക്കാനാണ് എന്ന്. വിപരീതങ്ങളെന്ന് തോന്നുന്നു ഇവ. ഇല്ലേ? പക്ഷേ സുവിശേഷകന്റെ ദൃഷ്ടിയിൽ അവയ്ക്കു തമ്മിൽ പൊരുത്തക്കേടൊന്നുമില്ല. പ്രകാശമായി യേശു വന്നിട്ടുള്ളത് മനുഷ്യരെ രക്ഷിക്കാൻ തന്നെയാണ്. എന്നാൽ അവൻ ന്യായവിധിയായി ഭവിക്കും. ആർക്ക്? അവനെ രക്ഷകനും ദൈവപുത്രനായ മിശിഹായും പിതാവിനെ വെളിപ്പെടുത്തുകയും അന്ധർക്കു കാഴ്ച നല്കുകയും ചെയ്യുന്ന പ്രകാശവുമായി വിശ്വസിച്ച് അംഗീകരിക്കാത്തവർക്ക്.

> ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കുവിധിക്കാനല്ല. പ്രത്യുത അവൻവഴി ലോകം രക്ഷപ്രാപിക്കാനത്രേ. *അവനിൽ വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നില്ല. വിശ്വസിക്കാത്തവനോ, ദൈവത്തിന്റെ ഏകജാതന്റെ നാമത്തിൽ വിശ്വസിക്കാത്തതിനാൽ നേരത്തേതന്നെ ശിക്ഷിക്കപ്പെട്ടിരിക്കുന്നു.* ഇതാണ് ശിക്ഷാവിധി. പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തെക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു (യോഹ 3,18-19). എന്നിൽ വിശ്വസിക്കുന്നവരാരും അന്ധകാരത്തിൽ വസിക്കാതിരിക്കാൻ ഞാൻ വെളിച്ചമായി ലോകത്തിലേക്ക് വന്നിരിക്കുന്നു. എന്റെ വാക്കു കേൾക്കുന്ന ഒരുവൻ അവ പാലിക്കുന്നില്ലെങ്കിലും ഞാൻ അവനെ വിധിക്കുന്നില്ല. കാരണം ഞാൻ വന്നിരിക്കുന്നത് ലോകത്തെ വിധിക്കാനല്ല, രക്ഷിക്കാനാണ്. എന്നാൽ എന്നെ നിരസിക്കുകയും എന്റെ വാക്കുകൾ തിരസ്കരിക്കുകയും ചെയ്യുന്നവന് ഒരു വിധികർത്താവുണ്ട്. ഞാൻ ഉച്ചരിച്ച വചനം തന്നെ അന്ത്യദിനത്തിൽ അവനെ വിധിക്കും (യോഹ 12,46-48). (യോഹ 9,39;12,1.35-36;1 യോഹ 2,9-10 എന്നീ ഭാഗങ്ങളും പഠിക്കുക).



യോഹ 9-ാം അദ്ധ്യായത്തിലെ കഥാപാത്രങ്ങളായ ഫരിസേയന്മാരും വേദഗ്രന്ഥ പണ്ഡിതന്മാരും യേശുവിനെയും അവന്റെ വാക്കുകളെയും മനഃപൂർവ്വം തിരസ്കരിച്ച് ന്യായവിധിക്ക് ഇരയായി. തങ്ങൾക്ക് യേശുവിനെ അറിയാം (കാഴ്ചയുണ്ട്) എന്നായിരുന്നു അവരുടെ ഭാവം. വാസ്തവത്തിൽ യേശുവിനെക്കുറിച്ച് അവർ കൂടുതൽ അന്ധരായിത്തീരുകയായിരുന്നു (9,16. 24.29). അവർ പ്രകാശമായ യേശുവിൽനിന്ന് ദൈവത്തെക്കുറിച്ചും തങ്ങളെക്കുറിച്ചും പ്രകാശം പ്രാപിക്കേണ്ടിയിരുന്നു. പകരം ശിക്ഷ സമ്പാദിച്ചു. അവരുടെ പാപം നിലനില്ക്കുന്നു. അവർ അന്ധകാരത്തിൽ തുടരുകയും ചെയ്യുന്നു (9,40-41). പ്രകാശമായ യേശുവിനെ തിരസ്കരിച്ചവരെ 'അന്ധകാരത്തെ സ്വീകരിച്ച ലോകം' എന്ന് യോഹന്നാൻ വേർതിരിച്ച് കാണിക്കുന്നു.

**6. വിശ്വാസികൾ പ്രകാശത്തിന്റെ മക്കൾ**

> ''നിങ്ങൾ പ്രകാശത്തിന്റെ മക്കളായിത്തീരാൻ നിങ്ങൾക്കു പ്രകാശമുള്ളപ്പോൾ പ്രകാശത്തിൽ വിശ്വസിക്കുവിൻ''
> (യോഹ 12,36).

പ്രകാശമായ യേശുവിൽ വിശ്വസിക്കുന്നവർ പ്രകാശത്തിന്റെ പുത്രരായിത്തീരുന്നു എന്നാണ് യേശുവിന്റെ ഉദ്ബോധനത്തിനർത്ഥം. ക്രിസ്ത്യാനികളെ 'പ്രകാശത്തിന്റെ മക്കൾ' എന്ന് നാമകരണം ചെയ്യുക ആദിക്രൈസ്തവസഭയുടെ മതബോധനത്തിന്റെ ഒരു ശൈലിയായിരുന്നു. ഇതിന് സമകാലീന യഹൂദപാരമ്പര്യം ക്രൈസ്തവരെ സ്വാധീനിച്ചിട്ടുണ്ടാവാം. ലൂക്കാ 16,8;1 തെസ്സ 5,5;എഫേ 5,8 എന്നിവിടങ്ങളിലും ക്രൈസ്തവ വിശ്വാസികളെ *പ്രകാശത്തിന്റെ മക്കൾ* എന്ന് ചിത്രീകരിച്ചിട്ടുണ്ട്. *അവർ അന്ധകാരത്തിൽ നിന്ന് അത്ഭുതകരമായ പ്രകാശത്തിലേക്ക് വിളിക്കപ്പെട്ടവരാകുന്നു* എന്ന് 1 പത്രോ 2,9 പ്രസ്താവിക്കുന്നു. ക്രിസ്തീയ മാമോദീസാ സ്വീകരിച്ചവരെയാണ് ഇവിടെ ഉദ്ദേശിക്കുക. ആദിമ

സഭയിൽ മാമോദീസായ്ക്ക് *ജ്ഞാനപ്രകാശനം* എന്ന പദം ഉപയോഗിച്ചിട്ടുള്ളത് എബ്രാ 6,4;10,32 എന്നിവിടങ്ങളിലും കാണാം.

മത്താ 5,14;ഫിലി 2,18 എന്നിവിടങ്ങളിൽ ക്രിസ്ത്യാനികളെ ''ലോകത്തിന്റെ പ്രകാശം'' എന്ന വിളിക്കുന്നു. യോഹന്നാൻ ആ പേര് ക്രിസ്തീയ വിശ്വാസികൾക്ക് ഉപയോഗിച്ചിട്ടില്ല. യേശുക്രിസ്തുവിന്റെ വിളിക്ക് വിശ്വാസത്തോടെ പ്രത്യുത്തരിക്കുന്നവരെല്ലാം പ്രകാശത്തിന്റെ മക്കളാകുന്നു. യേശു പിതാവിന്റെയും ലോകത്തിന്റെയും പ്രകാശമായിരുന്നു. അതുപോലെ പ്രകാശമായ യേശുവിനെ സ്വീകരിക്കുന്നവരെ യേശുവിന്റെ പ്രകാശമെന്നും ലോകത്തിന്റെ പ്രകാശമെന്നും കരുതാം. പ്രകാശമായ യേശുവിനെ പ്രവൃത്തികളിൽ പ്രതിഫലിപ്പിക്കുന്നിടത്തോളം (യോഹ 3,18-20) വിശ്വാസികൾ യേശുവിന്റെ പ്രകാശമാണ്. പ്രകാശത്തിന്റെ ജീവിതത്തിലൂടെ ലോകത്തിന് യേശുവിനെ കാണിച്ചുകൊടുക്കുകയും യേശുവിലേക്ക് ആളുകളെ ആനയിക്കയും ചെയ്യുന്നിടത്തോളം അവർ ലോകത്തിന്റെ പ്രകാശമാണ്.

### പ്രകാശത്തിലുള്ള ജീവിതം

ലോകത്തിൽ പ്രകാശമായി പ്രകാശത്തിൽ വസിക്കാനുള്ള പ്രായോഗിക നിർദ്ദേശവും യേശുവും അവനെ അനുകരിച്ച് യോഹന്നാനും നല്കുന്നുണ്ട്.

### യേശുവിനെ അനുഗമിക്കുക

''യേശു വീണ്ടും അവരോടു പറഞ്ഞു ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കയില്ല. അവനു ജീവന്റെ പ്രകാശം ഉണ്ടായിരിക്കും'' (യോഹ 8,12). പ്രകാശമായ യേശുവിനെ അനുഗമിക്കാതെ തിരസ്കരിക്കുന്നതിന് കാരണം തിന്മ പ്രവർത്തിക്കുന്നവൻ പ്രകാശത്തെ വെറുക്കുന്നു എന്നതാണ്. അവന്റെ പ്രവൃത്തികൾ വെളിപ്പെടാതിരിക്കാൻ അവൻ വെളിച്ചത്തിലേക്ക് വരുന്നില്ല. സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്ക് വരുന്നു. അങ്ങനെ അവന്റെ പ്രവൃത്തികൾ ദൈവൈക്യത്തിൽ ചെയ്യപ്പെടുന്നവയെന്ന് വെളിപ്പെടുന്നു (യോഹ 3,20-21).

### പരസ്പരം സ്നേഹിക്കുക

> ഇതാണ് ഞങ്ങൾ അവനിൽ നിന്നു കേൾക്കുകയും നിങ്ങളോടു പ്രഖ്യാപിക്കുകയും ചെയ്യുന്ന സന്ദേശം: ദൈവം പ്രകാശമാകുന്നു. ദൈവത്തിൽ അന്ധകാരമില്ല. അവനോടു കൂട്ടായ്മയുണ്ടെന്നു പറയുകയും അതേ സമയം അന്ധകാരത്തിൽ നടക്കുകയും ചെയ്താൽ നാം വ്യാജം പറയുന്നവരാകും; സത്യം പ്രവർത്തിക്കുന്നില്ല. അവൻ പ്രകാശത്തിലായിരുന്നപോലെ നാമും പ്രകാശത്തിൽ സഞ്ചരിക്കുന്നുവെങ്കിൽ നമുക്കു പരസ്പരം കൂട്ടായ്മയുണ്ടാകും (1യോഹ 1,5-7). താൻ പ്രകാശത്തിലാണെന്നു പറയുകയും, അതേ സമയം തന്റെ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ ഇപ്പോഴും അന്ധകാരത്തിൽത്തന്നെയാണ്. സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നു. അവന് ഇടർച്ചയുണ്ടാകുന്നില്ല. എന്നാൽ തന്റെ സഹോദരനെ വെറുക്കുന്നവൻ അന്ധകാരത്തിലാണ്. അവൻ അന്ധകാരത്തിൽ നടക്കുന്നു. അന്ധകാരം അവന്റെ കണ്ണുകളെ അന്ധമാക്കിയതിനാൽ എവിടേക്കു പോകുന്നുവെന്ന് അവന് അറിഞ്ഞുകൂടാ (1 യോഹ 2,9-11).



അന്യോന്യം സ്നേഹിക്കുക എന്ന ഏക കല്പനയിൽ വിശ്വാസികളുടെ ധാർമ്മികജീവിതവും പ്രകാശമാർഗ്ഗത്തിലൂടെയുള്ള അനുഗമനവും യോഹന്നാൻ സംക്ഷേപിച്ചിരിക്കുന്നു.

### 7. പ്രകാശത്തിന്റെ വിജയത്തിലേക്ക്

പ്രകാശമായ യേശുവിനെ സ്വീകരിച്ച് ജീവൻ (രക്ഷ) പ്രാപിച്ചവൻ അവനെ അനുഗമിച്ച് പ്രകാശത്തിന്റെ മാത്രം സ്ഥാനമായ സ്വർഗ്ഗത്തിൽ എത്തും. പ്രകാശം തന്നെയായ ദൈവവുമായുള്ള നമ്മുടെ ഐക്യം പൂർണ്ണതയിലെത്തും (1 യോഹ 1, 5-7). പ്രകാശത്തിന്റെ മക്കൾ യേശുവിനെ അനുഗമിച്ച് അന്ധകാരലേശമില്ലാത്ത അനുഭവത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കയത്രേ.

പ്രകാശം എന്ന നിലയിൽ യേശുവിന്റെ ഭൗമിക ജീവിതമാകെ അന്ധകാരത്തോടുള്ള സംഘട്ടനമായിരുന്നു (യോഹ 1,4-5). അന്ധകാരം സാത്താനും അവൻെറ അധീനതയിലമർന്ന ലോകത്തിനും പ്രതിനിധീഭവിക്കുന്നു.

പ്രകാശത്തിന്റെ മക്കളും യേശുവിനെപ്പോലെ അന്ധകാരത്തിന്റെ മക്കളോടു മല്ലിട്ടു കഴിയുകയാണ്. ഇതിന്റെ സുന്ദരമായൊരു തൂലികാചിത്രം യോഹ 9-ാം അദ്ധ്യായത്തിൽ നമുക്കു കാണാം - കാഴ്ച പ്രാപിച്ചവനും യഹൂദനേതാക്കന്മാരും തമ്മിലുള്ള സംഘട്ടനത്തിൽ. പ്രകാശവും അന്ധകാരവും തമ്മിലും രണ്ടിന്റേയും സന്താനങ്ങൾ തമ്മിലുമുള്ള സംഘട്ടനം സ്വർഗ്ഗീയ ജറുസലേമിൽ അവസാനിക്കും. അവിടെ അന്ധകാരത്തെ തീർത്തും തുടച്ചുമാറ്റുന്ന ദിവസം സമാഗതമാകും. അന്നാളിൽ സ്വർഗ്ഗീയ ജറുസലേം ദിവ്യപ്രകാശത്തെ പരിപൂർണ്ണമായി പ്രകാശിപ്പിക്കും. ''നഗരത്തിൽ സൂര്യനോ ചന്ദ്രനോ പ്രകാശിക്കേണ്ട ആവശ്യമില്ല'' കാരണം, ദൈവമഹത്ത്വമായിരുന്നു അതിന്റെ പ്രകാശം; കുഞ്ഞാട് അതിന്റെ വിളക്കുമായിരുന്നു (വെളി 21,23). ഈ ദിവ്യപ്രകാശത്തിൽ പുതിയ ഉടമ്പടിയിലെ ജനങ്ങളും പ്രശോഭിതരാകും (വെളി 22,4). ഇനിയൊരിക്കലും അവിടെ രാത്രി ഉണ്ടാവില്ല (വെളി 21,25,22,5). കർത്താവായ ദൈവമായിരിക്കും അവരുടെ പ്രകാശം. അവർ എന്നേക്കും വാഴുകയും ചെയ്യും (വെളി 22,5). കാരണം, അവർ ജീവിതകാലത്ത് തങ്ങളെത്തന്നെ അവന് അർപ്പിച്ചവരായിരുന്നു.

## 8. ഗൃഹപാഠം

1. ''ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു'' എന്ന് യേശു പ്രസ്താവിക്കുന്ന വാക്യങ്ങൾ എഴുതുക?
2. ദൈവം പ്രകാശമാകുന്നു എന്ന് യോഹന്നാൻ പ്രസ്താവിക്കുന്ന വാക്യം എഴുതുക?
3. ദൈവത്തെ പ്രകാശം എന്ന് പറയുന്ന മൂന്ന് സങ്കീർത്തന വാക്യങ്ങൾ എഴുതുക?
4. പഴയ നിയമത്തിൽ പ്രകാശം എന്ന് എന്തിനെല്ലാം വിളിക്കുന്നുണ്ട്?
5. പുതിയ നിയമത്തിൽ പ്രകാശം എന്ന് ആരെയൊക്കെ വിളിക്കുന്നുണ്ട്?
6. ക്രിസ്ത്യാനികളെ (യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെ) പ്രകാശം എന്നു വിളിക്കുന്ന ബൈബിൾവാക്യങ്ങൾ എഴുതുക.
7. യോഹന്നാന്റെ കൃതികളിൽ എവിടെയൊക്കെ യേശുവിന് പ്രകാശം എന്ന പദം ഉപയോഗിക്കുന്നു.
8. യേശു പ്രകാശമായി ലോകത്തിലേക്ക് വന്നതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുന്ന നാല് വാക്യങ്ങൾ യോഹന്നാന്റെ കൃതികളിൽ നിന്ന് എഴുതുക.
9. യേശു ലോകത്തിന്റെ പ്രകാശമാകുന്നു എന്ന് വ്യക്തമാക്കുന്നതിന് യോഹന്നാൻ വിവരിക്കുന്ന രണ്ട് സംഭവങ്ങൾ ഏതെല്ലാം? എവിടെ?
10. യേശു പ്രകാശമായിരിക്കാൻ അടിസ്ഥാനം എന്ത്?
11. പിറവിക്കുരുടന്റെ കണ്ണു തുറക്കുന്നതിൽ വ്യക്തമാക്കുന്ന സത്യങ്ങൾ ഏവ?
12. മനുഷ്യൻ പ്രകാശത്തിന്റെ മക്കളാകുന്നതെങ്ങനെ?
13. ലോകത്തിൽ പ്രകാശത്തിന്റെ മക്കളായി ജീവിക്കാൻ നാം എന്തു ചെയ്യണമെന്നാണ് യോഹന്നാന്റെ കൃതികളിൽ ലഭിക്കുന്ന നിർദ്ദേശം?

# 5 യേശു നല്ല ഇടയൻ

(യോഹ 10)

**പാഠക്രമം**

1. ആമുഖം
    - ഇടയൻ - നേതാവ്
    - കൂടാരപ്പെരുന്നാളിൽ
    - ഇടയൻ - പ്രധാന കഥാപാത്രം
    - ''ഞാൻ നല്ല ഇടയനാകുന്നു'' - ആവിഷ്കരണസ്വഭാവം
    - പശ്ചാത്തലം
2. ഇടയൻ പഴയ നിയമത്തിൽ
    - ദൈവം നല്ല ഇടയൻ; ദൈവജനം ആടുകൾ
3. ഇടയൻ മറ്റ് പുതിയ നിയമ ഗ്രന്ഥങ്ങളിൽ
4. ഇടയൻ യോഹന്നാന്റെ കൃതികളിൽ
    - യേശു നല്ല ഇടയൻ
    - യേശു ഇടയനും വാതിലും
    - നല്ല ഇടയന്റെ ഏഴ് ലക്ഷണങ്ങൾ
        - (ഒന്ന്) വാതിലിലൂടെ കടക്കുന്നു
        - (രണ്ട്) ആടുകളെ അറിയാം
        - (മൂന്ന്) ആടുകൾക്ക് അറിയാം
        - (നാല്) ആടുകൾക്ക് തിരിച്ചറിയത്തക്ക തനതായ സ്വരമുള്ളവൻ
        - (അഞ്ച്) ആടുകൾക്ക് മുമ്പേ പോകുന്നു
        - (ആറ്) ജീവൻ കൊടുത്തും ആടുകളെ സംരക്ഷിക്കുന്നു
        - (ആടുകൾക്കുവേണ്ടി സ്വന്തജീവൻ കൊടുക്കുന്നു)
        - തന്റെ ആലയിൽപ്പെടാത്തവരെയും ഒന്നിപ്പിക്കുന്നു
5. യേശുവിന്റെ ആടുകൾ - ലക്ഷണങ്ങൾ
6. യേശുവിന്റെ ഇടയത്തം - ദൈവപുത്രത്വത്തിന്റെ പ്രകാശനം
7. ഗൃഹപാഠം

### 1. ആമുഖം

#### ഇടയൻ – നേതാവ്

ഗ്രീക്കു മതസംസ്ക്കാരവും പൗരസ്ത്യ പാരമ്പര്യങ്ങളും പണ്ടു മുതലേ സമൂഹനേതാക്കന്മാരെ ഇടയന്മാരായി ചിത്രീകരിച്ചിട്ടുണ്ട്. ആളുകളെ ആടുകളായും. ഈ രീതി പഴയ നിയമത്തിൽ വളരെ പ്രബലമാണ്.

#### കൂടാരപ്പെരുന്നാളിൽ

യേശുവിനെ നല്ല ഇടയനായി മനസ്സിലാക്കാൻ അവനെ അപ്രകാരം ചിത്രീകരിക്കുന്ന സന്ദർഭം സുപ്രധാനമാണ്. കൂടാരപ്പെരുന്നാളിന്റെ അവസാനം പ്രതിഷ്ഠാപ്പെരുന്നാളിന്റെ മുമ്പേ വരുന്ന സാബത്തു ദിവസമായിരിക്കണം യേശു ഈ പ്രഭാഷണം നടത്തുക.[1] ഇസ്രായേൽക്കാരുടെ മൂന്ന് പ്രധാന പെരുന്നാളുകളായിരുന്നു പെസഹായും, പെന്തിക്കൊസ്തിയും, കൂടാരപ്പെരുന്നാളും. ഇസ്രായേൽ മരുഭൂമിയിൽ കൂടാരവാസികളായിരുന്ന നാളുകളെ അനുസ്മരിക്കുകയാണ് കൂടാരപ്പെരുന്നാളിന്റെ പ്രമുഖ പ്രമേയം (ലേവ്യ 23,33-43; നെഹെ 8,13-18). മറ്റ് ചില സംഭവങ്ങളും കൂടാരപ്പെരുന്നാളിൽ അനുസ്മരിച്ച് ആഘോഷിച്ചിരുന്നു.

ഏഴാം മാസത്തിന്റെ (തിഷ്രി: സെപ്റ്റംബർ / ഒക്ടോബർ) പതിനഞ്ചാം ദിവസമാണ് തുടങ്ങുക. പാപപ്പരിഹാരദിനാചരണത്തിന് ശേഷം അഞ്ച് ദിവസം കഴിഞ്ഞ്. കൂടാരപ്പെരുന്നാളാഘോഷം സമാപന ദിവസം കൂട്ടി എട്ട് നാളേക്കായിരുന്നു (പുറ 23,16;34,22;ലേവ്യ 23.34;നിയമ 16,13 –15). ഏഴ് ദിവസവും ഈന്തപ്പനയോലയും അരുളിയുടെയും മറ്റ് മരങ്ങളുടെയും ശാഖകളും കൊണ്ടുണ്ടാക്കിയ കൂടാരങ്ങളിലാണ് ഇസ്രായേല്ക്കാർ താമസിച്ചിരുന്നത്. ഇടയനായ കർത്താവ് മരുഭൂമിയിൽ എല്ലാ അനുഗ്രഹങ്ങളുംകൊണ്ട് ഇസ്രായേലിനെ നിറച്ചു എന്ന് അവർ അനുസ്മരിച്ചു. അന്നത്തെ അനുഗ്രഹവർഷത്തിന്റെ സമൃദ്ധിയെ സൂചിപ്പിക്കുന്ന ചടങ്ങുകളും ഉണ്ടായിരുന്നല്ലോ. യാഹ്വേയുടെ ശത്രുക്കളെയെല്ലാം ഉന്മൂലനം ചെയ്യുന്ന ആഗതമാകാനിരിക്കുന്ന മഹത്ത്വപൂർണ്ണമായ ദിനത്തോട് ബന്ധപ്പെടുത്തിയുമാണ് കൂടാരപ്പെരുന്നാൾ ആഘോഷിച്ചത്. കർത്താവിനെ ആരാധിക്കാൻ സകല ജനങ്ങളും ജറുസലേമിൽ ഒരുമിച്ച് കൂട്ടപ്പെടാനിരിക്കുന്നത് ആഘോഷവിഷയമാക്കി (സഖ 14,16) സോളമൻ പണിതീർത്ത ദേവാലയത്തിന്റെ പ്രതിഷ്ഠയുടെ (1രാജ 8) വാർഷികോത്സവവുമായിരുന്നു. നിയമം (*തോറ*) പരസ്യമായി പാരായണം ചെയ്യുന്ന ഉത്സവവും ആയിരുന്നു കൂടാരപ്പെരുന്നാൾ (നിയമ 31,10–11). ഇടയനായ യാഹ്‌വേ ഇസ്രായേലിനു കാർഷിക ജീവതിത്തിലും മരുഭൂവാസത്തിലും ചൊരിഞ്ഞ അനുഗ്രഹവർഷവും ഭാവിയിൽ വെളിപ്പെടാനിരിക്കുന്ന യാഹ്‌വേയുടെ മഹത്ത്വവും ദേവാലയ പ്രതിഷ്ഠയും അനുസ്മരിച്ചാഘോഷിക്കുന്ന കൂടാരപ്പെരുന്നാളിന്റെ പരിസമാപ്തിയോടടുത്താണ് യേശു താൻ നല്ല ഇടയനാകുന്നു എന്ന് തന്നെ സ്വീകരിക്കാത്ത യഹൂദരോട് പ്രസ്താവിക്കുക. കൂടാരപ്പെരുന്നാളിൽ സീലോഹായിലെ നീരുറവയിൽ നിന്ന് ജലം കോരിക്കൊണ്ടുവന്ന് ദേവാലയത്തിൽനിന്ന് ഒഴുക്കുന്ന ജലതർപ്പണത്തിന്റെ ചടങ്ങും ഉണ്ടായിരുന്നു. അതും ഇടയനായ യേശു അജഗണത്തെ ജീവൻ നല്കുന്ന ജലാശയത്തിലേക്ക് നയിക്കുകയും (സങ്കി 23,2) ജീവനേകുന്ന ജലാശയം നല്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു എന്ന് യോഹന്നാൻ വ്യക്തമാക്കുന്നു.



#### ഇടയൻ പ്രധാന കഥാപാത്രം

യോഹ 10-ാം അദ്ധ്യായത്തിൽ പ്രതീകങ്ങളായ അനേകം കഥാപാത്രങ്ങളുണ്ട്. ഇടയൻ, ആടും ആട്ടിൻപറ്റവും, ഇടയന്റെ സ്വന്തം ആട്ടിൻപറ്റം, ആട്ടിൻകൂട്, വാതിൽ, വാതില്ക്കാവല്ക്കാരൻ, കള്ളന്മാരും കവർച്ചക്കാരും, അപരിചിതരായ ഇടയന്മാർ, കൂലിക്കാർ, ചെന്നായ്, മേച്ചില്പ്പുറം, തൊഴുത്തിൽ പെടാത്ത ആടുകൾ മുതലായ ഒട്ടേറെ കഥാപാത്രങ്ങൾ. അവരെയെല്ലാം ചേർത്ത് മെനഞ്ഞെടുത്തിട്ടുള്ളതാണ് പ്രഭാഷണം. ഈ കഥാപാത്രങ്ങളെല്ലാം പ്രതീകങ്ങളാണ്. പ്രഭാഷണത്തിൽ ഏറിയ പങ്കും ഇടയനെക്കുറിച്ച് പറയാനാണ് സുവിശേഷകൻ ഉപയോഗിക്കുക. (ഇടയനെക്കുറിച്ച് പറയുന്ന വാക്യങ്ങൾ കണ്ടുപിടിക്കുക). മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതുപോലും സത്യ ഇടയന്റെ ചിത്രം കൂടുതൽ സുന്ദരമാക്കാനാണുതാനും.

#### "ഞാൻ നല്ല ഇടയനാകുന്നു" – ആവിഷ്കരണ സ്വഭാവം

''ഞാൻ നല്ല ഇടയൻ ആകുന്നു'' എന്ന് യേശു പറയുന്നു. യേശുവിന്റെ പ്രധാന ഉദ്ദേശ്യം യഹൂദമതത്തിലെ മൺമറഞ്ഞവരോ തന്റെ സമകാലീനരോ ഇനി ഭാവിയിൽ വരാനിരിക്കുന്നവരോ ആയ ഇടയന്മാരുമായി സ്വയം താരതമ്യപ്പെടുത്തി താൻ അവരെക്കാൾ നല്ലവനായ ഇടയനാണ് എന്ന് സ്ഥാപിക്കുകയല്ല. യേശുവിന്റെ അനന്യതയിലേക്ക് വിരൽ ചൂണ്ടുകയാണ്. ''നല്ല ഇടയൻ'' എന്നത് യേശുവിന്റെ ദൈവിക നാമമാണ്. ''ഞാൻ ... ആകുന്നു'' എന്നത് കർത്താവിന്റെ (ദൈവിക) നാമമാണല്ലോ (പുറ 3,14–15). കർത്താവാണ് ഇടയൻ (സങ്കി 23,1). യേശുവിന്റെ ദൈവിക വ്യക്തിത്വം വെളിപ്പെടുത്തുന്നതാണ് ''ഞാൻ നല്ല ഇടയനാകുന്നു'' എന്ന പ്രസ്താവം. ഞാൻ നല്ല ഇടയനാകുന്നു എന്നത് ദൈവം യേശുവിലൂടെ വെളിപ്പെടുത്തിയ ഒരു ദൈവിക സത്യമാണ്.

#### പശ്ചാത്തലം

ഇടയനായി യേശുവിനെ അവതരിപ്പിക്കാൻ പറ്റിയ സാംസ്കാരികവും സാമൂഹ്യവും മതപരവുമായ പശ്ചാത്തലമാണ് ഉണ്ടായിരുന്നത്. പശ്ചിമേഷ്യയിലാകെയും യവന സംസ്കാരത്തിലും അജപാലന ഭാഷയ്ക്ക് പ്രചാരമുണ്ടായിരുന്നു. യഹൂദർക്ക് വളരെ പരിചിതമായൊരു പ്രതീകമാണ് ഇടയൻ. ഇസ്രായേല്ക്കാരുടെ ചരിത്രത്തിലെ പ്രധാനപ്പെട്ട വ്യക്തികളെല്ലാം ഇടയന്മാരായി വേല ചെയ്തവരാണ്. അങ്ങനെ

യുള്ളവരാണ് അബ്രഹാമും ഇസഹാക്കും യാക്കോബും മക്കളും മോശയും ദാവീദുമെല്ലാം. മുഖ്യമായും കർഷക ജനതയായിരുന്നു പല സ്തീനായിലെ യഹൂദർ. അവരിൽ ഒട്ടേറെപ്പേർ ആട്ടിടയരായിരുന്നു. ആട്ടിടയന്മാർ ഓരോ പ്രഭാതത്തിലും ആടുകളെ ആലയിൽ നിന്നിറക്കി മേച്ചിൽ സ്ഥാനത്തേക്ക് നയിച്ചു കൊണ്ടുപോകുന്നു. പകൽ സമയം അവയെ മേയിച്ചു കഴിയുന്നു. പ്രദോഷത്തിൽ അവയെ ആലയിലേക്ക് തിരിച്ചുകൊണ്ടുവരുന്നു. രാത്രിയിൽ അവയ്ക്കു കാവൽ കിടക്കുകയും ചെയ്യുന്നു. ഇത്തരം ആട്ടിടയന്മാർ യേശുവിന്റെ കാലത്ത് പലസ്തീനായിൽ ഒരു സാധാരണ ദൃശ്യമായിരുന്നു. തീർത്തും ജീവിതഗന്ധിയായ ഒരു ചിത്രം ജീവസുറ്റ വിധം അവതരിപ്പിച്ചിരിക്കുകയാണ് യോഹന്നാൻ. എന്തിന്? യേശുവിനെ അനുവാചകർക്ക് കൂടുതൽ പരിചയപ്പെടുത്താൻ. ഇസ്രായേലിന്റെ ചരിത്രഗതിയെ നിർണ്ണായകമായി സ്വാധീനിച്ച മോശയും ദാവീദും തൊഴിലുകൊണ്ട് ആട്ടിടയന്മായിരുന്നല്ലോ.

യേശുവിന്റെ കാലത്തെ യഹൂദരുടെ സാമൂഹ്യപശ്ചാത്തലവും യേശുവിനെ നല്ല ഇടയനായി അവതരിപ്പിക്കാൻ പ്രേരകമായിട്ടുണ്ട്. യേശുതന്നെ പറയുന്നല്ലോ, "എനിക്കു മുമ്പേ വന്നവരെല്ലാം കള്ളന്മാരും കവർച്ചക്കാരുമാകുന്നു" (യോഹ 10,8). ഈ പ്രസ്താവം കഠിനമാണ്. അല്ലേ? ചരിത്രത്തിൽ ജീവിച്ചിരുന്ന ഏതെങ്കിലും പ്രത്യേക വ്യക്തികളെ ഉദ്ദേശിച്ചല്ല ഇങ്ങനെ പറയുന്നത്. എങ്കിലും യഹൂദജനത്തിന്റെയും ദേശത്തിന്റെയും രക്ഷകരെന്നു സ്വയം നടിച്ച കപട ഇടയന്മാരെക്കുറിച്ചാവും. യേശുവിന്റെ കാലത്ത് അത്തരക്കാർ കുറവല്ലായിരുന്നു. അവർ അന്യരും കൂലിക്കാരുമാണെന്നും, അവർക്ക് സ്വന്തം ഉദരപൂരണമാണ് ലക്ഷ്യമെന്നും പറയുന്നുണ്ടല്ലോ. അത് പരിഗണിക്കുമ്പോൾ യേശുവിന്റെ കാലത്തെ യഹൂദ മതാധികാരികളെയും ഭരണാധിപന്മാരെയും ഉദ്ദേശിച്ചാവണം – പ്രത്യേകിച്ച് പുരോഹിതന്മാരെയും ഫരിസേയന്മാരെയും നിയമപണ്ഡിതന്മാരെയും. മക്കബായ കാലം മുതലുള്ള (168 ക്രി. മു. മുതൽ) യഹൂദരുടെ പുരോഹിതഭരണാധികാരികളും രാഷ്ട്രീയാധികാരികളും സ്വാർത്ഥ താത്പര്യത്തിനു വേണ്ടി തങ്ങളുടെ സ്ഥാനവും ജനങ്ങളെയും ദേവാലയത്തെയും ഒറ്റിക്കൊടുത്തിട്ടുണ്ട്. യഹൂദനേതാക്കന്മാരിൽ ഏറിയ പങ്കും യേശുവിനെ എതിർക്കയുമായിരുന്നു. അവർ നല്ല ഇടയനും വാതിലുമായ യേശുവിലൂടെ കടക്കാൻ കൂട്ടാക്കിയുമില്ല.

"ഞാൻ നല്ല ഇടയനാകുന്നു" എന്ന് യേശു പ്രസ്താവിക്കാൻ മതപരമായും പ്രബലമായ പശ്ചാത്തലമുണ്ടായിരുന്നു. അനേകം പുരാതന ജനതകൾ തങ്ങളുടെ ദൈവങ്ങളെ ഇടയന്മാർ എന്ന് സങ്കല്പിച്ചിരുന്നു. ദൈവങ്ങളുടെ പരമാധികാരം അംഗീകരിക്കുന്നതാണ് ദൈവങ്ങളെക്കുറിച്ചുള്ള ഇടയസങ്കല്പം. ദൈവത്തെ ഇടയൻ എന്ന് വിളിക്കുന്നത് അവനെ പരമാധികാരിയായി അംഗീകരിക്കുന്നതിനാലാണ് (ഉദാ: ഉത്പ 48,15;49,24). യഹൂദരുടെ മതപാരമ്പര്യവും ദൈവത്തെ



ഇടയൻ എന്ന് വിളിച്ചു. കൂടാതെ, അവരുടെ ചരിത്രത്തിലെ നിർണ്ണായക വ്യക്തിത്വങ്ങളെയും ഇടയന്മാരായി ചിത്രീകരിച്ചിരുന്നു.

**2. ഇടയൻ പഴയ നിയമത്തിൽ :**
**ദൈവം – ഇടയൻ; ദൈവജനം – ആടുകൾ**

പഴയ ഉടമ്പടിപ്രകാരമുള്ള ദൈവജനമായ ഇസ്രായേലിന്റെ ഇടയ സങ്കല്പമാണല്ലോ പഴയ നിയമത്തിലുള്ളത്. അവരുടെ ഇടയസങ്കല്പത്തിന് ശോഭയേറ്റാൻ അയൽസമൂഹങ്ങളുടെ ഇടയ സങ്കല്പങ്ങളും പരാമർശിക്കുന്നു.

ഇസ്രായേലിന്റെ സാക്ഷാൽ രാജാവും ഭരണകർത്താവും ദൈവമായിരുന്നു. ഇസ്രായേൽക്കാരുടെ അയൽസമൂഹങ്ങൾ തങ്ങളുടെ രാജാക്കന്മാരെയും ഭരണാധിപരെയും "ഇടയൻ" (ഇടയന്മാർ) എന്ന് വിളിച്ചിരുന്നു (നാഹും 3,18). പക്ഷേ രാഷ്ട്രീയ ഭരണാധിപർക്ക് ഇടയസ്ഥാനം നല്കുന്നതിൽ ഇസ്രായേൽക്കാർക്ക് വിമുഖത ഉണ്ടായിരുന്നു. ഇസ്രായേലിന്റെ യഥാർത്ഥ ഇടയൻ യാഹ്‌വേ ആകുന്നുവെന്ന വിശ്വാസം പഴയ നിയമത്തിലെ വിവിധ പാരമ്പര്യങ്ങളിൽ ആവർത്തിച്ച് പ്രഖ്യാപിതമായിട്ടുണ്ട്. യാക്കോബ് ദൈവത്തെ "എന്റെ ഇടയൻ" എന്നു വിളിച്ചു (ഉത്പ 48,15). സ്വന്ത പുത്രന്മാരെ വിളിച്ച് ഭാവിയിൽ സംഭവിക്കാനിരിക്കുന്നവയെപ്പറ്റി യാക്കോബ് പറയുകയാണ്: "യാഹ്‌വേ ഇസ്രായേലിന്റെ പാറയായ ഇടയനാണ്; അവന്റെ നാമത്തിൽ ഫറവോന്റെ വില്ല് ചലനമറ്റതായി" (ഉത്പ 49,24).

ഈ വിശ്വാസം സങ്കീർത്തകന്മാരും ഉദ്ഘോഷിക്കുന്നു:

"കർത്താവ് എന്റെ ഇടയനാകുന്നു,
എനിക്ക് ഒന്നിനും കുറവുണ്ടാകയില്ല.
പച്ചപ്പുൽത്തകിടികളിൽ അവൻ എന്നെ കിടത്തുന്നു
ശാന്തമായ ജലാശയങ്ങളിലേക്ക് അവൻ എന്നെ നയിക്കുന്നു"
(സങ്കീ 23,1-2).

ഇടയനായ കർത്താവിനോട് അവർ പ്രാർത്ഥിക്കുകയാണ്:
"ദൈവമേ, നീ ഞങ്ങളെ എന്നേക്കുമായി തള്ളിക്കളഞ്ഞതെന്ത്? നിന്റെ മേച്ചില്പ്പുറത്തെ ആടുകളുടെ നേർക്ക് ക്രോധം പുകയുന്നതെന്ത്?" (സങ്കീ 74,1).
"ഇസ്രായേലിന്റെ ഇടയനായവനേ,
ജോസഫിനെ ഒരു ആട്ടിൻപറ്റം പോലെ നയിക്കുന്നവനേ, നീ
കാതോർക്കണമേ" (സങ്കീ 80,1).

ഇസ്രായേലിന്റെ കർത്താവായ ദൈവത്തെ ഇടയനായി ചിത്രീകരിക്കാൻ പ്രവാചക പാരമ്പര്യത്തിനും വലിയ താത്പര്യമാണ്. അജഗണത്തെ ശ്രദ്ധാപൂർവ്വം പരിരക്ഷിയ്ക്കുന്ന ഇടയന്റേയും വിജയശ്രീലാളിതനായ ഭരണാധിപന്റേയും പ്രതിരൂപങ്ങൾ സുന്ദരമായി സമ്മേളിപ്പിച്ച് ഏശയ്യാപ്ര

വാചകൻ കർത്താവായ ദൈവത്തെ അവതരിപ്പിക്കുന്നു (40,10-11). രക്ഷയുടെ യുഗമാകുമ്പോൾ ഇടയൻ തന്റെ ആടുകളെ നല്ല മേച്ചില്പ്പുറങ്ങളിലേക്കും നീരുറവയിലേക്കും നയിക്കും എന്നും ദൈവ മഹത്ത്വത്തിന്റെ പ്രവാചകൻ പറയുന്നു (49,9-10). ഒരു നാൾ യാഹ്‌വേ തന്റെ ജനത്തെ അജഗണത്തെപ്പോലെ നയിക്കുകയും ആട്ടിൻകൂട്ടത്തെപ്പോലെ നിയന്ത്രിക്കുകയും ചെയ്തുവെന്ന് സങ്കീർത്തകനും ഏശയ്യായും അനുസ്മരിക്കുന്നു (സങ്കീ 78,51-53;77,20;ഏശ 63,11). ശത്രുക്കളുടെ രാജ്യത്ത് ചിതറിക്കിടക്കുന്ന ദൈവജനത്തെ കൂട്ടിച്ചേർക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഇടയൻ എന്ന് കർത്താവിനെക്കുറിച്ച് കർത്താവിന്റെ പ്രവാചകന്മാരായ ജറെമിയായും (31,10) മീഖായും (2,12; 4,6,7) വർണ്ണിക്കുന്നുണ്ട്. ഇസ്രായേലിലെ ഇടയന്മാർ ആടുകളെ അന്വേഷിക്കയും തീറ്റിപ്പോറ്റുകയും ചെയ്യാതിരുന്നാൽ കോപിച്ചും മനംനൊന്തും താൻ തന്നെ തന്റെ ആടുകളെ മേയ്ക്കുമെന്നും അവയ്ക്കു വേണ്ട ശുശ്രൂഷയെല്ലാം ചെയ്യുമെന്നും പ്രഖ്യാപിക്കുന്ന ഇടയനായ കർത്താവിന്റെ ചിത്രം എസെക്കിയേൽപ്രവാചകൻ മനോഹരമായി വരച്ചിട്ടുണ്ട് (എസെക്കി 34). ഇതേ ശൈലിയിൽ സംഖ്യ 11,4-7ഉം വർണ്ണിക്കുന്നു.

സമൂഹത്തിന്റെ നേതാക്കന്മാരെയും 'ഇടയൻ' എന്നു ഇസ്രായേല്ക്കാർ വിളിച്ചിരുന്നു. ഇസ്രായേലിന്റെ ചരിത്രത്തിലെ നിർണ്ണായക വ്യക്തിത്വങ്ങളായ മോശ (ഏശ 63,11;സങ്കീ 71,21), ജോഷ്വ (സംഖ്യ 27,16-17;മിഖാ 2,12,13), ദാവീദ്, ദാവീദുവംശജനായ മിശിഹാ (സങ്കീ 78,70,72;എസെക്കി 37,24;മിഖ 5,3;ഏശ 3,11) എന്നിവരെയും ഇടയന്മാരായി പഴയ നിയമ പാരമ്പര്യങ്ങൾ ചിത്രീകരിക്കുന്നുണ്ട്. മോശയും ദാവീദും ദാവീദുവംശജനായ മിശിഹായും ഇടയന്മാരായി പരിഗണിക്കപ്പെട്ടത് അവർ യാഹ്‌വേയുടെ പ്രതിനിധികളായി അവന്റെ ജനത്തെ നയിച്ചതിനാലാണ്.

ആത്മീയകാര്യങ്ങളുടെ ചുമതലക്കാരെ ഇടയന്മാരോട് സാമ്യപ്പെടുത്തുക ബൈബിളിലെ പ്രിയങ്കരമായൊരു അവതരണ രീതിയാണ് (സംഖ്യ 27,16-17;പ്രഭാ 12,11;യോഹ 21,15-17). ഇടയന്മാരുടെ ആചാര മേഖലകളിൽ നിന്നുള്ള ഉദാഹരണങ്ങളിൽ ബൈബിൾ ആത്മീയ ജീവിതത്തിലെ അനുഭവങ്ങളും ആശയങ്ങളും അവതരിപ്പിക്കുന്നു. അതിനുദാഹരണമാണ് ദൈവത്തിൽനിന്ന് അകന്നു പോയവരെ ഇടയനില്ലാതെ ചിതറിപ്പോയ ആട് എന്ന് വർണ്ണിക്കുന്നത് (മത്താ 9,36;6,34). നാം ദൈവത്തിൽ നിന്ന് അകന്ന് പോകുമ്പോൾ ഇടയനില്ലാതെ അലഞ്ഞുതിരിയുന്ന ആടിനെപ്പോലെയാകുന്നു. ദൈവത്തിന്റെ ജനം അജഗണമാണ്.

രാഷ്ട്രീയ ഭരണാധികാരികളെ ജനത്തിന്റെ ഇടയന്മാരായി ചിത്രീകരിക്കുന്നതിൽ പഴയ നിയമം പൊതുവെ വിമുഖമാണെന്ന് സൂചിപ്പിച്ചല്ലോ. ചിലയിടങ്ങളിൽ അവരെ ഇടയചിത്രത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. അവിടെയെല്ലാം അവരെ മണ്ടന്മാരും അധികാരം ദുരുപയോഗം ചെയ്തവരുമൊക്കെയായി ചിത്രീകരിച്ചിരിക്കുകയാണ് (ഉദാ: ജറെ 10,21;22,22;23,1-4;25,34-38 മുതലായവ). അപവാദം ദാവീദിനെക്കുറിച്ചുള്ള ചിത്രീകരണത്തിൽ മാത്രമാണ്. തന്റെ ജനമായ ഇസ്രായേലിനെ മേയിക്കാൻ കർത്താവ് വിളിച്ചവനാണ് ദാവീദ്. അവൻ പരമാർത്ഥ ഹൃദയത്തോടെ അവരെ മേയിച്ചു; കരവിരുതോടെ അവരെ നയിച്ചു (സങ്കി 78,70-72). ഏശയ്യായുടെ പ്രവചനഗ്രന്ഥം പേർഷ്യൻ രാജാവായിരുന്ന സൈറസിനെ (530-522 ക്രി.മു.) ദൈവത്തിന്റെ ഇടയൻ എന്നും (ഏശ 44,28) കർത്താവിന്റെ അഭിഷിക്തൻ എന്നും (ഏശ 45,1-3) വിശേഷിപ്പിക്കുന്നു. കാരണം തന്റെ രാജ്യത്ത് വിപ്രവാസികളായി കഴിഞ്ഞിരുന്ന യഹൂദരെ സ്വരാജ്യത്ത് തിരിച്ചുപോകാൻ അനുവദിച്ചതും ജറുസലേംദേവാലയം പുനരുദ്ധരിക്കാൻ അംഗീകാരം നല്കിയതുമാകാം (2ദിന 36,22-23;എസ്രാ 1,1-7,44).



*തനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ തന്റെ ജനത്തിന് നല്കുമെന്ന്* കർത്താവ് വാഗ്ദാനം ചെയ്തിട്ടുണ്ട് (ജറെ 3,15;23,4). ഈ വാഗ്ദാനമാണ് പഴയ നിയമത്തിലെ ഇടയപരാമർശത്തിലെ ഏറ്റം ശ്രദ്ധേയവും സവിശേഷവും സുപ്രധാനവുമായ സംഗതി. അതിന് ക്രമേണ മിശിഹാപരമായ സൂചനയുണ്ടാവുകയും ചെയ്തു (എസെക്കി 34,23; 37,22.24). ദൈവം ഉയർത്തുന്ന ഇടയൻ ദാവീദ്‌വംശത്തിൽ നിന്നാകുമെന്നും ആ ഇടയൻ ആട്ടിൻപറ്റത്തിനു വേണ്ടി പീഡയേല്ക്കുമെന്നും പ്രവചിതമായി (സഖ 13,7;12,10). ദാവീദിന്റെ കുടുംബത്തായ്‌വഴിയിൽ ജനിച്ച ദാവീദുപുത്രനാണല്ലോ യേശു. കുടുംബപരമായി ഇടയസ്ഥാനം യേശുവിനുണ്ടായിരുന്നു. ഇടയനായിരുന്ന ദാവീദിനെയാണ് കർത്താവ് തന്റെ ജനത്തിന്റെ അധിപനായ രാജാവായി ഉയർത്തിയത്. ഇടയന്റെ വിനീതാവസ്ഥയും രാജാവിന്റെ ഔന്നത്യവും ദാവീദിനുണ്ട് (2സാമു 7,8;സങ്കി 78,70-71). ഈ രണ്ട് അവസ്ഥകളും ഒത്തിണങ്ങിയ ഇടയനായ രാജാവാണ് യേശുക്രിസ്തു.

### 3. "ഇടയൻ" മറ്റ് പുതിയ നിയമ കൃതികളിൽ

പുതിയ നിയമത്തിൽ പൊതുവെ ഇടയചിത്രമുണ്ട്. ലൂക്കാ 2,8-20ൽ മാത്രമേ അക്ഷരാർത്ഥത്തിൽ ഇടയന്മാരെ അവതരിപ്പിക്കുന്നുള്ളൂ. മറ്റെല്ലായിടത്തും പ്രതിരൂപങ്ങളാണ് ഇടയന്മാർ. മിക്കവാറും എല്ലായിടത്തും ഇടയചിത്രത്തിൽ അവതരിപ്പിക്കുന്നത് യേശുക്രിസ്തുവിനെയാണ്. യോഹന്നാന്റെ ഗ്രന്ഥങ്ങൾ മാത്രമല്ല, പുതിയ നിയമത്തിലെ മറ്റ് പല ഗ്രന്ഥങ്ങളും യേശുവിനെ ഇടയനായി ചിത്രീകരിക്കുന്നുണ്ട്. ജനങ്ങളെ "ഇടയനില്ലാത്ത ആട്" എന്ന് വിളിക്കുന്നു (മർക്കോ 6,34;മത്താ 9,36) സംഖ്യ 27,16 അവലംബിച്ചുള്ള വർണ്ണനയാണിത്. യേശുവിനെയാണ് "ഇടയൻ" എന്ന പദം ഉദ്ദേശിക്കുന്നതെന്ന് സന്ദർഭം സൂചിപ്പിക്കുന്നു. നഷ്ടപ്പെട്ട ആടിനെ തേടിപ്പോകുന്ന ഇടയൻ (ലൂക്കാ 15,3-7;മത്താ 18,12-14) തീർച്ചയായും യേശുവാണ്. മർക്കോ 14,27ൽ സഖെ 13,7 അനുകരിച്ച് പറയുന്നു: "ഇടയനെ അടിയ്ക്കും; ആടുകൾ ചിതറി

പ്പോകും.'' ഇവിടെ ഇടയൻ യേശുവും ആടുകൾ അവന്റെ ശിഷ്യരുമാണ്. ലൂക്കാ 12,32ലും ശിഷ്യരെ ''ചെറിയ അജഗണം'' എന്ന് വിളിക്കുന്നു. 1 പത്രോ 5,2ലും അപ്പ 20,28ലും ക്രിസ്തീയ സമൂഹത്തെ (സഭയെ) അജഗണമെന്ന് ഗ്രന്ഥകർത്താക്കൾ അവതരിപ്പിക്കുന്നു. ഏശയ്യാ 53,6നെ പുരസ്ക്കരിച്ച് യേശുവിനെ മെസിയാനിക ഇടയൻ എന്ന് 1 പത്രോ 2,25 ചൂണ്ടിക്കാണിക്കുന്നു. യേശുക്രിസ്തു ഇടയനും മേലന്വേഷകനുമാണ് എന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. യേശുക്രിസ്തു മുഖ്യ ഇടയനാണെന്ന് 1 പത്രോ 5,1-4 പ്രത്യേകം ചൂണ്ടിക്കാണിക്കുകയും സഭയിലെ മൂപ്പന്മാർ (സഭാനേതാക്കന്മാർ) ഇടയന്മാരാണെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു. ഇതേ വിചാരധാര അപ്പ 20,28ലും എഫേ 4,11ലും ഉണ്ട്.

**4. ഇടയൻ യോഹന്നാന്റെ കൃതികളിൽ**

യോഹന്നാൻ യേശുവിനെ ***നല്ല*** ഇടയനായി അവതരിപ്പിക്കുന്നു. അപ്രകാരം ചെയ്യുന്നത് പഴയ നിയമത്തിന്റെയും യോഹന്നാന് മുമ്പുള്ള ക്രിസ്തീയ പാരമ്പര്യങ്ങളുടേയും പിൻബലത്തോടെയാവണം. കർത്താവാണ് ഇടയൻ എന്ന് പഴയ നിയമം ആവർത്തിച്ച് പഠിപ്പിക്കുന്നത് മുകളിൽ ചൂണ്ടിക്കാട്ടിയല്ലോ. പഴയ നിയമത്തിൽ കർത്താവിനുണ്ടായിരുന്ന സ്ഥാനം പുതിയ നിയമത്തിൽ യേശുക്രിസ്തുവിനുള്ളത് യോഹന്നാൻ സാക്ഷിക്കുന്നു. യേശുവാണ് ഇടയൻ. ഇടയൻ എന്ന നിലയിൽ യേശു ദൈവനാമം ഉള്ളവനാണ്. എന്നാൽ മറ്റാർക്കും, അതായത് യഹൂദ-ക്രൈസ്തവ നേതാക്കന്മാരിൽ ആർക്കും, 'ഇടയൻ' എന്ന പദം യോഹന്നാൻ ഉപയോഗിക്കുന്നില്ല. യേശുവിനെ മാത്രമേ യോഹന്നാൻ 'ഇടയൻ' എന്ന നാമംകൊണ്ട് വർണ്ണിക്കുന്നുള്ളൂ.

**യേശു നല്ല ഇടയൻ**

യേശു ***നല്ല* ഇടയൻ ആകുന്നു** എന്നാണ് യോഹന്നാന്റെ അസന്നിഗ്ദ്ധമായ നിലപാട് (യോഹ 10,11.14). യോഹ 10-ാം അദ്ധ്യായത്തിലാണ് 'നല്ല ഇടയൻ' എന്ന് വിശേഷിപ്പിച്ച് യേശുവിനെ ഇടയനായി വർണ്ണിക്കുക. ആടുകളുമായുള്ള ബന്ധം ആസ്പദമാക്കിയാണ് മുഖ്യമായും യേശുവിനെ നല്ല ഇടയനെന്ന് അവതരിപ്പിക്കുക. നല്ല ഇടയന്റെ ലക്ഷണങ്ങൾ യോഹന്നാൻ വിവരിക്കുന്നുണ്ട്. അത് പിന്നാലെ കാണാം. വെളി 12,5;19,15 എന്നിവിടങ്ങളിൽ സങ്കീ 2,9 ആസ്പദമാക്കി യേശുവിന്റെ ശത്രുക്കളോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അവനെ ഇടയനായ മിശിഹായായി ചിത്രീകരിക്കുന്നു.

**യേശു ഇടയനും വാതിലും**

''ഞാൻ വാതിൽ ആകുന്നു'' എന്ന് രണ്ടു പ്രാവശ്യം (വാക്യ 7.9) യോഹ 10ൽ യേശു പ്രഖ്യാപിക്കുന്നുണ്ട്. രണ്ടു പ്രാവശ്യം ആവർത്തിക്കുന്നത് പ്രധാനമാണെന്ന് സൂചിപ്പിക്കുന്നു. യേശു വാതിലും ഇടയനും ആയിരിക്കുന്നു. ഈ ഡബിൾ റോൾ ചിത്രീകരണം മനസ്സിലാക്കാൻ



പലസ്തീനായിൽ ആടുകളെ രാത്രിയിൽ സൂക്ഷിച്ചിരുന്ന ആലയുടെ ചിത്രം നമ്മുടെ മനസ്സിലുണ്ടാവണം. കല്ലുവെട്ടുകഴിയോ ഗുഹയോ കല്ലടുക്കിയുണ്ടാക്കിയ കൂടോ ആയിരുന്നു ആല. അത് അടച്ചിരുന്നതും കല്ലുകൊണ്ടാണ്. ചിലപ്പോൾ കതകിനു പകരം ഇടയൻ തന്നെ വാതില്ക്കൽ കിടക്കും. അങ്ങനെ ഇടയൻ വാതിലായി വർത്തിക്കുന്നു.

യോഹ 10,1-18ൽ വാതിലിനെക്കുറിച്ച് രണ്ടു കാര്യങ്ങൾ പ്രത്യേകം പറയുന്നു.

വാക്യം 2 : ഇടയൻ ആലയിലേക്കു പ്രവേശിക്കുന്ന വാതിൽ
(ഇടയന് വാതിൽ).

വാക്യം 3 : ആട് പുറത്തേക്കും അകത്തേക്കും കടക്കുന്ന വാതിൽ
(ആടിന് വാതിൽ).

വാതിലിലൂടെ ആട് പുറത്തേക്ക് കടക്കുന്നത് മേച്ചിൽസ്ഥലം കണ്ടെത്താനാണ്. അകത്തേക്ക് കടക്കുന്നത് രാത്രി സംരക്ഷണയ്ക്കും വിശ്രമത്തിനുമാണ് (വാക്യം 9). യഥാർത്ഥ ഇടയന്മാരെ തിരിച്ചറിയാനും ആടുകൾ പുറത്തു പോയി മേയാനും അകത്തു കടന്ന് സംരക്ഷിതരാകാനും ഈ വാതിലാണ് മാർഗ്ഗം. ''ഇതാണ് കർത്താവിന്റെ വാതിൽ. നീതിമാന്മാർ അതിലൂടെ പ്രവേശിക്കും'' (സങ്കീ 118,20) എന്ന പ്രവചനം യേശുവിൽ നിറവേറി. യേശുവാകുന്ന വാതിലിലൂടെ അകത്തേക്കും പുറത്തേക്കും പോകുന്ന ആടുകൾ രക്ഷയും ജീവനും പ്രാപിക്കുന്നു. യേശുവാകുന്ന വാതിലിലൂടെ പ്രവേശിക്കാത്ത ഇടയന്മാരെല്ലാം കള്ളന്മാരും കവർച്ചക്കാരുമാകുന്നു. അവർ ആരാണ്? യേശുവിനെ ദൈവമായി അംഗീകരിക്കയും വിശ്വസിക്കയും ചെയ്യാത്തവർ. അവർക്ക് ആടുകളുടെ ഉടമസ്ഥതയില്ല. അവർ വരുന്നത് ആടിനെ മോഷ്ടിക്കാനും കൊല്ലാനുമാണ് (യോഹ 10,10).

ആടുകളെക്കുറിച്ച് യേശു പറഞ്ഞു, ''എന്നിലൂടെ ആരെങ്കിലും പ്രവേശിച്ചാൽ അവൻ രക്ഷ പ്രാപിക്കും. അവൻ അകത്തു വരികയും പുറത്തു പോകയും മേച്ചിൽസ്ഥലം കണ്ടെത്തുകയും ചെയ്യും'' (10,9).

''*എന്നിലൂടെ (യേശുവിലൂടെ) പ്രവേശിക്കുക*'' ഒരു ശൈലിയാണ്. വിശ്വാസത്തിന്റെ ശൈലി. അതിന്റെ അർത്ഥം രക്ഷ വെളിപ്പെടുത്തുന്നവനും നല്കുന്നവനുമെന്ന് യേശുവിൽ വിശ്വസിക്കുക എന്നാണ്. യേശു പറഞ്ഞിട്ടില്ലേ, ''എന്നിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്''(യോഹ 6,40.47). യേശുവിൽ വിശ്വസിക്കാത്തവരോട് (യഹൂദന്മാരോട്) യേശു പറയുന്നതും ശ്രദ്ധിക്കുക: ''നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല; കാരണം, നിങ്ങൾ എന്റെ ആടുകളല്ല.'' ''മേച്ചിൽസ്ഥലം (കണ്ടെത്തുക)'' എന്നതും ഒരു വേദശൈലിയാണ് (1 ദിന 4,40). അതിന് പല അർത്ഥങ്ങളുണ്ട്. ദൈവപരിപാലനയും സംരക്ഷണവും (സങ്കീ 23,2), ഇസ്രായേലിന്റെ വിമോചനം (എസെക്കി 34,12-15), മിശിഹാ

യുടെ ഭരണത്തിൽ ലഭിക്കുന്ന സമൃദ്ധമായ അനുഗ്രഹവർഷം (ഏശ 49,9-10) എന്നെല്ലാം "മേച്ചിൽസ്ഥലം" എന്ന പ്രതീകത്തിന് അർത്ഥ മുണ്ട് ബൈ ബിളിൽ. യേശുവാകുന്ന വാതിലിലൂടെ അകത്തു വരികയും പുറത്തു പോകയും ചെയ്യുന്നവർ സുരക്ഷിതരാണ്. അവർക്ക് ദൈവത്തിന്റെ അത്ഭുതകരമായ പരിപാലന അനുഭവിക്കാം. അവർക്ക് ദൈവകൃപയും രക്ഷയും തീർച്ചയായും ലഭിക്കുന്നു.

"അകത്തു വരികയും പുറത്തു പോകുകയും മേച്ചിൽസ്ഥലം കണ്ടെത്തുകയും ചെയ്യും." യേശുവിന്റെ ഈ പ്രസ്താവത്തിന് വിശാലമായ അർത്ഥമുണ്ട്. യേശുവിൽ വിശ്വസിക്കുന്നവർ ജീവിതത്തിന്റെ ചിട്ടയും ക്രമവും സമൃദ്ധിയായി അനുഭവിക്കും. ദൈവം നല്കുന്ന രക്ഷ അവർക്ക് സുലഭമായിരിക്കും. യേശുവാകുന്ന വാതിൽ ജീവന്റെ പൂർണ്ണതയിലേക്ക് നയിക്കുന്നു. ജീവജലത്തിന്റെ ഉറവ (അദ്ധ്യായം 7) നല്കുന്നവൻ, ജീവന്റെ പ്രകാശം നല്കുന്നവൻ (അദ്ധ്യായം 8) എന്നെല്ലാമാണല്ലോ കൂടാരപ്പെരുന്നാളാഘോഷത്തിൽ യേശു തന്നെത്തന്നെ ആവിഷ്കരിക്കുക. ജീവന്റെ പൂർണ്ണതയിലേക്ക് നയിക്കുന്നവൻ എന്ന് പെരുന്നാളിന്റെ പരിസമാപ്തി ദിനങ്ങളിലെ പ്രസംഗത്തിൽ അവതരിപ്പിക്കുന്നു. അതാണ് 10-ാം അദ്ധ്യായത്തിൽ യേശുവിനെക്കുറിച്ചുള്ള വെളിപ്പെടുത്തൽ. യേശു ജീവൻ നല്കുന്നവനുമാണ്.

**നല്ല ഇടയന്റെ ഏഴ് ലക്ഷണങ്ങൾ**

(ഒന്ന്) *വാതിലൂടെ കടക്കുന്നു* (വാക്യം 2)

(രണ്ട്) *ആടുകളെ അറിയാം* (വാക്യ 2.4.5.6.14-15)

ആടും ഇടയനും തമ്മിലുള്ള ബന്ധത്തിന്റെ ഹൃദയസ്പർശിയായ ഒരു ചിത്രം 2 സാമു 12 നല്കിയിട്ടുണ്ട്. ഒരു ദരിദ്രന് ഒരു പെണ്ണാട്ടിൻ കുട്ടി ഉണ്ടായിരുന്നു. വില കൊടുത്ത് വാങ്ങിയതായിരുന്നു. അവന് ആ ഒരു ആട് മാത്രമേ ഉണ്ടായിരുന്നുള്ളു. അവൻ അതിനെ വളർത്തി. അത് അവന്റെ കുട്ടികളോടൊപ്പം വളർന്നു. അവന്റെ ഭക്ഷണത്തിൽനിന്ന് അത് തിന്നു. അവൻ കുടിച്ചതിൽനിന്ന് അത് കുടിച്ചു. അത് അവന്റെ മടിയിൽ ഉറങ്ങി. അത് അവന് മകളെപ്പോലെ ആയിരുന്നു.

നല്ല ഇടയനായ യേശുവും അവന്റെ ആടുകളും തമ്മിലുള്ള ബന്ധവും മേൽക്കഥയിലെ ദരിദ്രനും അവന്റെ ആടും തമ്മിലുള്ളതു പോലെയാണ്. യേശുവിന് തന്റെ ആടുകളേയും തന്റേതല്ലാത്ത ആടുകളേയും "അറിയാം." അവനിൽ വിശ്വസിക്കാത്തവരാണ് അവന്റേതല്ലാത്ത ആടുകൾ. അറിവ് ബുദ്ധിപരമല്ല; വ്യക്തിപരമായ ബന്ധമാണ്. വ്യക്തികൾ തമ്മിലുള്ള ഐക്യത്തിലേക്ക് നയിക്കുന്ന അറിവാണ്. പേരു ചൊല്ലി വിളിക്കുന്നത് വ്യക്തിപരമായി ബന്ധപ്പെട്ടിരിക്കുന്നതിനാലാണ് (ഉദാ: "മറിയം," "ലാസർ"). പേര് പറഞ്ഞ് വിളിക്കുന്നത് വ്യക്തിപരമായ ബന്ധം സൂചിപ്പിക്കുന്നു. യേശു ചിലരെ പേര് പറഞ്ഞ് വിളിച്ചത്



സുവിശേഷകർ എഴുതിയിട്ടുണ്ട്. യേശുവിന് തന്റെ എല്ലാ ആടുകളോടും, അവനിൽ വിശ്വസക്കുന്ന ഓരോരുത്തരോടും, വ്യക്തിപരമായ ബന്ധമുണ്ട്. നമ്മുടെ അമ്മയുടെ ഗർഭപാത്രത്തിൽ നാം ഉരുവാകുന്നതിന് മുമ്പുതന്നെ നമ്മുടെ ഇടയനായ യേശുക്രിസ്തു നമ്മെ അറിയുന്നു (ജറെ 1,5).

യേശുവിന് തന്റെ ആടുകളെക്കുറിച്ചുള്ള അറിവിന്റെ അടിസ്ഥാനവും മാതൃകയും പിതാവിന്റെ അറിവാണ് (10,15;15,910;17,11-21-22). പിതാവിന് പുത്രനെ അറിയാവുന്നതുപോലെയും പിതാവ് പുത്രനെ അറിയുന്നതുകൊണ്ടും (= പിതാവ് പുത്രനുമായി കൂട്ടായ്മയിലായതിനാലും) നല്ല ഇടയനായ യേശുവിന് തന്റെ ആടുകളെ അറിയാം. അവൻ അവയോട് കൂട്ടായ്മയിലാകുന്നു (യോഹ 8,28;1 കോറി 8,3;ഗലാ 4,9;2 തിമൊ 2,19 മുതലായവ).

തന്റെ പിതാവാണ് ആടുകളെ തനിക്ക് നല്കിയതെന്നും പിതാവിന്റെ കയ്യിൽനിന്ന് ആർക്കും അവയെ അപഹരിക്കുവാൻ സാദ്ധ്യമല്ലെന്നും യേശുവിനറിയാം (യോഹ 10,29). ഓരോ വിശ്വാസിയെയും വ്യക്തിപരമായും യേശുവിന്നറിയാം. നമ്മെ ഓരോരുത്തരെയും യേശുവിനറിയാം (10,3). തന്നെ മാത്രമേ തന്റെ ആടുകൾ അനുഗമിക്കുകയുള്ളുവെന്നും യേശുവിനറിയാം (10,5-6).

(മൂന്ന്) *ആടുകൾക്ക് അറിയാം* (10,3-5.15)

"എന്റെ ആടുകൾ എന്നെ അറിയുന്നു." യേശുവിനെ ദൈവപുത്രനായ മിശിഹായും രക്ഷകനുമായി സ്വീകരിച്ചവർക്ക് യേശുവിനെ അറിയാം. അവർ അവനോട് ഐക്യപ്പെട്ടിരിക്കുന്നു. ഇതിന്റെ അടിസ്ഥാനവും മാതൃകയും പുത്രന് പിതാവിനോടുള്ള ഐക്യമാണ് (= യേശുവിന് പിതാവിനോടുള്ള കൂട്ടായ്മ). പുത്രന് പിതാവിനെ അറിയാവുന്നതുപോലെയും പുത്രൻ പിതാവിനെ അറിയുന്നതുകൊണ്ടും യേശുവിന്റെ ആടുകൾക്ക് ഇടയനെ അറിയാം. ഇടയനെ അറിയുന്നതിനാൽ അവന്റെ പിതാവിനെയും അറിയുന്നു (യോഹ 8,19). ആടുകളുടെ അറിവ് ഫലം പുറപ്പെടുവിക്കുന്നു. ആടുകൾ ഇടയന്റെ സ്വരം തിരിച്ചറിഞ്ഞ് അവനെ അനുഗമിക്കുന്നു.

(നാല്) *ആടുകൾക്ക് തിരിച്ചറിയത്തക്ക തനതായ സ്വരമുള്ളവൻ*

| | | |
|---|---|---|
| സുന്ദരമായ സ്വരം | – | "നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" (1,38). സ്നാപകയോഹന്നാൻ രണ്ടു ശിഷ്യന്മാരുമായി നില്ക്കുകയായിരുന്നു. യേശു അവരുടെ അടുക്കലേക്ക് നടന്നു വന്നു. യോഹന്നാൻ പറഞ്ഞു: "ഇതാ ദൈവത്തിന്റെ |

| | | |
|---|---|---|
| | | കുഞ്ഞാട്!" അതു കേട്ട് ആ രണ്ട് ശിഷ്യന്മാർ യേശുവിനെ അനുഗമിച്ചു. യേശു തിരിഞ്ഞ് അവരോട് ചോദിച്ചു. "നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" അവർ ചോദിച്ചു: ഗുരോ, നീ എവിടെയാണ് വസിക്കുക? അവൻ പറഞ്ഞു: വന്നു കാണുക. അവർ ചെന്ന് അവൻ വസിക്കുന്നിടം കാണുകയും അന്ന് അവനോടു കൂടെ വസിക്കുകയും ചെയ്തു (യോഹ 1, 35-40). (പേടിച്ചോടുന്ന സ്വരമല്ല). |
| തന്റേതായ സ്വരം | - | "മറ്റുള്ളവരുടെ അനുകരണമല്ല; ഇതുവരെ കേട്ടിട്ടില്ലാത്ത സ്വരം" (8,46;9,3). |
| അധികാരമുള്ള സ്വരം | - | കാരണം, എന്റെ പിതാവിൽ നിന്നു പഠിച്ചതു ഞാൻ പറയുന്നു (8,25). "ലാസറേ പുറത്തുവരിക" - മരിച്ചവൻ പുറത്തു വന്നു. "നീ ചെന്നു നിന്റെ ഭർത്താവിനെ വിളിച്ചു കൊണ്ടു വരിക" (4,16). "വന്നു കാണുക" (1,38). |
| ആധികാരികതയുള്ള സ്വരം | - | "എന്റെ പിതാവിന്റെ സന്നിധിയിൽ കണ്ടവയെപ്പറ്റി ഞാൻ സംസാരിക്കുന്നു; എന്നെ അയച്ചവൻ എന്നോടു കൂടിയുണ്ട് (8,38). |

(അഞ്ച്) *ഇടയൻ യേശു ആടുകൾക്ക് മുമ്പേ പോകുന്നു*

ഇത് അസാധാരണമത്രേ. പലസ്തീനായിൽ ഇടയന്മാർ ആടുകൾക്ക് പിമ്പേയാണ് പോവുക. എന്നാൽ യേശു മുമ്പിൽ പോകുന്നു. അത് യഹൂദർ അവനെ സ്വീകരിക്കാഞ്ഞതിന് ഒരു കാരണമാണ്.

| | | |
|---|---|---|
| മുമ്പേ പോകുന്നു | - | നയിക്കുന്നു |
| | - | വഴിയൊരുക്കുന്നു |
| | - | മെച്ചമായ മേച്ചില്പ്പുറം നോക്കി കണ്ടു പിടിക്കുന്നു. മെച്ചമായ മേച്ചില്പ്പുറവും ആടുകൾക്ക് വെള്ളവും അന്വേഷിച്ച് പോകുമ്പോൾ ഇടയന്മാർ പല അപകടങ്ങളും അഭിമുഖീകരിക്കേണ്ടി വരുന്നു (ഉദാ: 1 സാമു 17,34-35;ഏശ 31,4; ആമോ 3,12; മിഖ 5,8). യേശു അപകടങ്ങളെ പേടിച്ചോടിയില്ല. സധൈര്യം അഭിമുഖീകരിച്ചു. - അപകടങ്ങൾ മുമ്പിൽ നിന്നു നേരിടുന്നു. |

ഇടയനായ യേശുവിന് തന്റെ ആടുകൾ യാത്രചെയ്യേണ്ട ചുറ്റുപാടുകളെക്കുറിച്ചറിയാം. യേശു വഴിയൊരുക്കി മുമ്പേ പോകുന്നതുകൊണ്ട് ആടുകൾക്ക് ബദ്ധപ്പാട് ഇല്ല. അവർ അവന്റെ വിളി കേട്ട് പിറകേ പോ യാൽ മതി.

(ആറ്) *ജീവൻ കൊടുത്തും ആടുകളെ സംരക്ഷിക്കുന്നു*

ശത്രുമൃഗങ്ങൾ ആടുകളെ ആക്രമിക്കാൻ വരുന്നതു കാണുമ്പോൾ കൂലിക്കാരായ ഇടയന്മാർ സ്വയരക്ഷാർത്ഥം ആടുകളെ വിട്ടിട്ട് ഓടിപ്പോകുന്നു. കൂലി വാങ്ങാനും പാൽ കുടിക്കാനും ഇറച്ചി തിന്നാനും വേണ്ടിയാണ് കൂലിക്കാരൻ പ്രവർത്തിക്കുക. അവന് ആടുകളെക്കുറിച്ച് താത്പര്യമില്ല (യോഹ 10,12). യേശു ആടുകളോടു ബന്ധപ്പെടുന്നത് സ്വാർത്ഥ താത്പര്യത്തിനല്ല. സ്വന്തം കാര്യം നേടാനല്ല. ആടുകൾക്ക് അങ്ങോട്ട് കൊടുക്കാനാണ്. "അവൻ അവയെ സംരക്ഷിക്കുന്നു" (യോഹ 17,12). അവൻ ഈ ലോകം വിട്ട് പോകുന്നതിന് മുമ്പ് തന്റെ സ്ഥാനത്തു നിന്ന് ആടുകളെ നയിക്കാൻ പാറക്ലീത്തായെ നല്കുന്നു. കൂടാതെ അവയെ പിതാവിന് ഏല്പിച്ചുകൊടുക്കയും ചെയ്യുന്നു: "പിതാവേ, നിന്റെ നാമത്തിൽ നീ എനിക്കു തന്ന ഇവരെ കാത്തുകൊള്ളണമെ" (യോഹ 17.15). കാരണം, ഈ ആടുകൾ അവന്റെ സ്വന്തമാണ്. അതിനാൽ അവൻ അവയ്ക്കുവേണ്ടി സ്വയം വിശുദ്ധീകരിക്കുന്നു. സ്വയം പിതാവിന് സമർപ്പിക്കുന്നു (17,19). ആടുകൾക്കു വേണ്ടി ജീവൻ സമർപ്പിക്കുന്ന ഇടയനെ യോഹന്നാൻ സുവിശേഷകൻ മാത്രമെ അവതരിപ്പിക്കുന്നുള്ളു. പഴയ നിയമത്തിലെ ഇടയന്മാരാരും ആടുകൾക്കു വേണ്ടി ജീവൻ ബലി കഴിച്ചില്ല. ആടുകൾക്കു വേണ്ടി സ്വജീവൻ സമർപ്പിക്കുന്നതിൽ ആടുകളോടുള്ള ഇടയന്റെ സ്നേഹാധിക്യം പ്രകടമാക്കുന്നു. "സ്നേഹിതർക്കു വേണ്ടി ജീവൻ സമർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ലല്ലോ"(യോഹ 15,13). ആടുകളോടുള്ള സ്നേഹം മൂലമാണ് ഇടയനായ യേശു ആടുകൾക്കു വേണ്ടി ജീവൻ സമർപ്പിച്ചത്. അതുകൊണ്ട് അവന് തന്റെ ആടുകളോടുള്ള ഐക്യത്തിന്റെ ആഴവും ശ്രേഷ്ഠതയും നമുക്ക് വ്യക്തമാണ്.

> തിരിച്ചെടുക്കുന്നതിനുവേണ്ടി ഞാൻ ജീവൻ സമർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു (യോഹ 10,17). ആരും എന്നിൽ നിന്ന് അത് പിടിച്ചെടുക്കുകയല്ല, ഞാൻ സ്വമനസാ സമർപ്പിക്കുകയാണ്. അതു സമർപ്പിക്കാനും തിരിച്ചെടുക്കാനും എനിക്കധികാരമുണ്ട്. ഈ കല്പന എന്റെ പിതാവിൽ നിന്നാണ് (യോഹ 10,18).

*സ്വമേധയാ സമർപ്പിച്ചിരിക്കുന്നു.* യേശു ആടുകൾക്കു വേണ്ടി ജീവൻ സമർപ്പിക്കുക മറ്റാരുടേയും പ്രേരണ കൊണ്ടല്ല. സാഹചര്യത്തിന്റെ സമ്മർദ്ദം കൊണ്ടല്ല. മറ്റ് നിവൃത്തിയില്ലാഞ്ഞുമല്ല. സ്വന്തം മനസ്സാലെയാണ് (യോഹ 10,17-18;18,4-14;19,10). യേശു കുരിശും വഹിച്ചു പോയി. യേശുവിനെ യൂദാസ് യഹൂദപ്രമാണികൾക്ക് ഒറ്റിക്കൊടുത്തു. അവർ യേശുവിനെ പിടിച്ച് ബന്ധിപ്പിക്കുകയും പീഡിപ്പിക്കുകയും ചെയ്തു. കുരിശിൽ തറച്ച് കൊല്ലാൻ പീലാത്തോസിനെക്കൊണ്ട് വിധിപ്പിക്കുകയും കുരിശിൽ തറച്ച് കൊല്ലുകയും ചെയ്തു. എല്ലാം ശരിയാണ്. പക്ഷേ, ഇങ്ങനെയെല്ലാം സംഭവിച്ചത് യേശു ഇതിനെല്ലാം സ്വമനസ്സാ സമ്മതിച്ചതിനാലാണ് (യോഹ 18,4-8;19,30); സമർപ്പിച്ചതിനാലാണ് (10,18). പിതാവ് അവന് നല്കിയ മഹത്വീകരണമാർഗ്ഗം സ്വീകരിക്കുകയായിരുന്നു. തിരിച്ചെടുക്കാൻ അവൻ ജീവൻ സമർപ്പിക്കുകയായിരുന്നു. അതിനാൽ പിതാവ് അവനെ സ്നേഹിക്കുന്നു (10,17). പിതാവുമായുള്ള ഐക്യമാണ് എല്ലാറ്റിനും അടിസ്ഥാന കാരണം (യോഹ 10,30).

*സ്വന്തം അധികാരത്തിൽ സമർപ്പിക്കുന്നു.* "പിതാവിന് തന്നിൽ തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽത്തന്നെ ജീവനുണ്ടാകാൻ അവൻ വരം നല്കിയിരിക്കുന്നു" (യോഹ 5,26). യേശുവിന്റെ മരണം അവന്റെ അധികാരപ്രയോഗമാണ് (യോഹ 19,30).

തിരിച്ചെടുക്കാൻ വേണ്ടിയാണ് യേശു സ്വജീവൻ സമർപ്പിച്ചത്. യേശുവിന്റെ മരണം അതിൽനിന്ന് ഉയർത്തെഴുന്നേല്ക്കാൻ വേണ്ടിയായിരുന്നു (യോഹ 12,24). കൃഷിക്കാരൻ വയലിൽ ഗോതമ്പ് അല്ലെങ്കിൽ നെന്മണി വിതയ്ക്കുന്നു. നിലത്തു വീണ വിത്ത് അഴിയുന്നില്ലെങ്കിൽ അതിൽനിന്ന് പുതുമുകുളം ഉയരുകില്ല. അഴിഞ്ഞാൽ മുളയ്ക്കും. പുതുനാമ്പ് പുറത്തു വരും. ഇലകളും പിന്നെ സമയമാകുമ്പോൾ പൂവും കതിരും. യേശു ജീവൻ സമർപ്പിക്കുന്നത് സ്വയം അഴിയാനും ജീവന്റെ പുതുനാമ്പായി ഉയർക്കാനുമാണ്. യേശു ആടുകൾക്കുവേണ്ടി ജീവൻ സമർപ്പിക്കുന്നത് അവർക്ക് ഉയിർപ്പിന്റെ മഹത്തപൂർണ്ണമായ ജീവൻ നല്കാനുമാണ്. ആടുകൾക്ക് ജീവന്റെ പൂർണ്ണത സമൃദ്ധമായി ഉണ്ടായിരിക്കാൻ (യോഹ 10,10).

കള്ളൻ വരുന്നത് കൊല്ലാനാണ്. കൊല്ലുന്നവൻ പിശാചാണ്. (യോഹ 8,44): "അവൻ ആദിമുതൽ കൊലപാതകിയാണ്." കൊലപാതകിയായ പിശാചിന്റെയും ആടുകളെക്കുറിച്ച് താത്പര്യമില്ലാത്ത, ഉദരപൂരണത്തിനു മാത്രം നടക്കുന്ന, കൂലിക്കാരായ ഇടയന്മാരുടെയും കയ്യിൽനിന്ന് യേശു ആടുകളെ രക്ഷിക്കുന്നു. സ്വന്തം ജീവൻ സമർപ്പിച്ച് അവയ്ക്ക് ജീവൻ നല്കുന്നു.

(ഏഴ്) *നല്ല ഇടയനായ യേശു തന്റെ ആലയിൽ ഉൾപ്പെടാത്തവരേയും ഒന്നിപ്പിക്കുന്നു* (യോഹ 10,26).



യേശുവിന്റെ കാലത്തെ സാഹചര്യത്തിൽ യഹൂദരല്ലാത്തവരാണ് "തൊഴുത്തിൽപ്പെടാത്ത ആടുകൾ." യേശുവിൽ വിശ്വസിക്കുന്ന എല്ലാ മതക്കാരെയും ജാതിക്കാരെയും കുലങ്ങളെയും യേശു ഒന്നിപ്പിക്കുന്നു. മറ്റുള്ള ആടുകളെയും കൊണ്ടുവരികയും അവയെയും മെച്ചമായ മേച്ചിൽ സ്ഥലത്തേക്കു നയിക്കുകയും അവയ്ക്കു ജീവൻ നല്കുകയും ചെയ്യുന്നതും പിതാവിന്റെ ഇഷ്ടമാണ് (യോഹ 10.4.9.10.28).

### 4. യേശുവിന്റെ ആടുകൾ ലക്ഷണങ്ങൾ

(ഒന്ന്) ആടുകൾ ഇടയന്റെ സമ്പത്താണ്.

(രണ്ട്) ആടുകൾ അവന്റെ സ്വരം തിരിച്ചറിയുന്നു (10,34). അവന്റെ സ്വരം കേൾക്കുന്നു (10,3-27). ആടുകൾ പ്രതിഷേധിക്കാതെ ഇടയനെ അനുസരിക്കുന്നു.

(മൂന്ന്) ആടുകൾ അവനെ മാത്രം അനുഗമിക്കുന്നു (10,4.27).

(നാല്) ആടുകൾ അന്യരുടെ സ്വരം അറിയുന്നില്ല (10,5).

(അഞ്ച്) ആടുകൾ അന്യരെ അനുഗമിക്കുന്നില്ല (10,5)

(ആറ്) ആടുകൾ അന്യരിൽനിന്ന് ഓടിയകലുന്നു (10,5).

(ഏഴ്) ആടുകൾ യേശുവാകുന്ന വാതിലിലൂടെ മാത്രം പ്രവേശിക്കുന്നു (10,9).

(എട്ട്) ആടുകൾ യേശുവാകുന്ന വാതിലിലൂടെ അകത്തു വരികയും പുറത്തു പോകുകയും മേച്ചിൽസ്ഥലം കണ്ടെത്തുകയും ചെയ്യുന്നു (10,9).

(ഒമ്പത്) ആടുകൾ യേശുവിനെ അറിയുന്നു (10,14)

(പത്ത്) ആടുകൾ ഒരിക്കലും ഒരു കാരണവശാലും നശിച്ചുപോകുകയില്ല (10,28).

### 5. യേശുവിന്റെ ഇടയത്തം ദൈവപുത്രത്വത്തിന്റെ പ്രകാശനം

ദൈവപുത്രനായ മിശിഹാ എന്ന സ്ഥാനത്തിന്റെ പ്രായോഗിക ആവിഷ്കാരമാണ് യേശുവിന്റെ ഇടയസ്ഥാനം. "... നീ മിശിഹാ ആണെങ്കിൽ വ്യക്തമായി ഞങ്ങളോട് പറയുക" (10,24). യേശുവിനെ എതിർത്ത യഹൂദർ ആവശ്യപ്പെട്ടു. യേശു മറുപടി പറഞ്ഞു: "... എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എന്നെപ്പറ്റി സാക്ഷ്യം നല്കുന്നു." എന്നാൽ നിങ്ങൾ വിശ്വസിക്കുന്നില്ല, കാരണം നിങ്ങൾ എന്റെ ആടുകളിൽപ്പെട്ടവരല്ല. എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു. ഞാൻ അവയ്ക്കു ജീവൻ നല്കുന്നു.

യേശുവിന്റെ എതിരാളികൾ അവന്റെ മിശിഹാത്തത്തെപ്പറ്റി ചോദിച്ചു. യേശു മറുപടിയിൽ പുത്രനായ തനിക്ക് പിതാവിനോടുള്ള ബന്ധത്തെപ്പറ്റി ആദ്യം പറഞ്ഞു. എന്നിട്ട് അതിന്റെ വിശദീകരണം. അത് ഇടയനായ താനും തന്റെ ആടുകളും തമ്മിലുള്ള ബന്ധത്തെക്കുറി

ച്ചുള്ള ചിത്രീകരണത്തിൽ നല്കി. അങ്ങനെ യേശു ഇടയധർമ്മത്തെക്കുറിച്ച് പറഞ്ഞു. ഇടയധർമ്മത്തെക്കുറിച്ചുള്ള വാക്കുകൾ അവസാനിപ്പിച്ചത് പിതാവും പുത്രനും തമ്മിലുള്ള ഐക്യത്തെക്കുറിച്ച് പ്രസ്താവിച്ചാണ്. തുടർന്നുള്ള വാക്യങ്ങളിലും (31 . 37) യേശുവിന്റെ പുത്രത്വം വ്യക്തമാക്കാൻ ശ്രമിച്ചു.

യേശു മിശിഹായാണോ എന്ന് വ്യക്തമായി പറയാനാണ് യഹൂദർ യേശുവിനോട് ആവശ്യപ്പെട്ടത്. യേശുവിന്റെ മറുപടിയുടെ ഘടന ഇപ്രകാരമാണ്. യേശുവിന്റെ ഇടയധർമ്മം — യേശുവിന്റെ പുത്രത്വം. യേശുവിന്റെ ഇടയധർമ്മത്തെക്കുറിച്ചുള്ള വാക്കുകൾ അവന്റെ ദൈവിക പുത്രത്വത്തെക്കുറിച്ചുള്ള വാക്കുകൾക്ക് ഇടയ്ക്ക് വച്ചിരിക്കുന്നു. ഇടയ്ക്ക് ജാമും ബട്ടറുമൊക്കെ തേച്ച് രണ്ട് റൊട്ടിക്കഷണങ്ങൾ ഒട്ടിക്കുന്നപോലെ. ജാമിന്റെ മധുരം റൊട്ടിക്കഷണങ്ങൾ തിന്നാൻ കൂടുതൽ രുചി നല്കുന്നു. പ്രധാന ഭക്ഷ്യവസ്തു റൊട്ടിക്കഷണങ്ങളാണ്. യേശു ഇടയനായി പ്രവർത്തിക്കുന്നത് അവൻ ദൈവപുത്രൻ ആയിരിക്കുന്നതിനാലാണ്. നല്ല ഇടയനായ യേശുവിന്റെ പരിലാളനയിലും സംരക്ഷണയിലും നമുക്ക് ദൈവപുത്രനായ അവന്റെ ദൈവപുത്രത്വം രുചികരമായി ആസ്വദിക്കാനാവുന്നു. യേശു ദൈവപുത്രനായതിനാൽ മിശിഹായുമാണ്. യേശു ദൈവപുത്രനായ മിശിഹാ ആയതിനാൽ നല്ല ഇടയനാണ്.

നല്ല ഇടയൻ എന്ന നിലയിൽ യേശു ചെയ്യുന്നതെല്ലാം ദൈവപുത്രനായ മിശിഹായുടെ പ്രവൃത്തികളാണ് (10,36). മിശിഹാ ആയതിനാൽ അവൻ നല്ല ഇടയനാണ്. ഈ പ്രത്യേകത അവനെ അതുല്യനായ ഇടയനാക്കുന്നു. മനുഷ്യർ വിശ്വാസത്തിലൂടെ യേശുവിന്റെ ആടുകളിൽപ്പെടുന്നവരാകുമ്പോൾ സ്വാഭാവികമായും ദൈവപുത്രരുമായിത്തീരുന്നു. നാം പിതാവിന്റെ വകയായിത്തീരുന്നു. പിതാവിന്റെ കൈയ്യിൽ നിന്ന് നമ്മെ ആരും പിടിച്ചെടുക്കുകയില്ല (10,29).

### 7. ഗൃഹപാഠം

1. (1) 23-ാം സങ്കീർത്തനം മനഃപാഠമാക്കുക.
   (2) 23-ാം സങ്കീർത്തനത്തിൽ "കർത്താവ്" എന്ന പദമുള്ളിടത്ത് 'യേശു മിശിഹാ' എന്ന് ചേർത്ത് ആ സങ്കീർത്തനം മുഴുവൻ എഴുതുക.
2. യോഹ 10-ാം അദ്ധ്യായം ആസ്പദമാക്കി നല്ല ഇടയന്റെ ലക്ഷണങ്ങൾ എഴുതുക. യേശുവാകുന്നു നല്ല ഇടയൻ എന്നു സ്ഥാപിക്കുക.
3. യോഹ 10-ാം അദ്ധ്യായം ആസ്പദമാക്കി യേശുവിന്റെ ആടുകളുടെ ലക്ഷണങ്ങൾ എഴുതുക.
4. നല്ല ഇടയനായ യേശുവിനെ മറ്റ് ഇടയന്മാരിൽ നിന്ന് വ്യത്യസ്തനാക്കുന്ന അടിസ്ഥാനപരമായ രണ്ടു കാര്യങ്ങൾ ഏവ? (ജീവൻ സമർപ്പിക്കുക, ദൈവപുത്രത്വം)



5. യോഹ 10-ാം അദ്ധ്യാത്തിൽ നിങ്ങൾക്ക് ഏറ്റം ഇഷ്ടപ്പെട്ട 10 വാക്യങ്ങൾ മനഃപാഠം പഠിക്കുക.
6. 'ഇടയൻ' എന്ന് ബൈബിളിൽ ആരെയൊക്കെ വിളിക്കുന്നുണ്ട്?.
7. ഇടയനായ യേശുവും ആടുകളും തമ്മിലുള്ള ബന്ധം വിവരിക്കുക.
8. നിങ്ങൾ യേശുവിന്റെ ആട് ആകുന്നുവോ? അവന്റെ നല്ല ആടുകളായിരിക്കാൻ നാം എന്തു ചെയ്യണം?
9. ആടുകളോട് ഇടയനായ യേശുവിന്റെ സ്നേഹം പ്രകടമാക്കുന്നതെങ്ങനെ?
10. നിങ്ങളുടെ സഭയിലും മതത്തിലും അല്ലാത്തവരോട് ക്രിസ്തുവിന്റെ സ്നേഹത്തോടെയാണോ നിങ്ങൾ പെറുമാറുന്നതും ഇടപെടുന്നതും?

**അടിക്കുറിപ്പ്**

1. യഹൂദ വായനക്രമം അനുസരിച്ച് ആടുകളെയും ഇടയന്മാരെയും ഇസ്രായേലിന്റെ ഇടയനായ ദൈവത്തേയും പരാമർശിക്കുന്ന ഭാഗങ്ങൾ വായിക്കുക.
2. *cfr*. C.K. BARRET, *The Gospel according to St. John* (London: SPCK, 1984[2]) 368.

# 6 യേശു മാർഗ്ഗമാകുന്നു

(യോഹ 14,6)

**പാഠക്രമം**

1. ആമുഖം
2. മാർഗ്ഗം പഴയ നിയമത്തിൽ
3. മാർഗ്ഗം പുതിയ നിയമത്തിൽ
4. മാർഗ്ഗം യോഹന്നാന്റെ സുവിശേഷത്തിൽ

സന്ദർഭം - വിടവാങ്ങൽ പ്രസംഗം
യേശു - പിതാവിലേക്ക് മാർഗ്ഗം
- വിവിധ ശൈലികൾ
- യേശു മാർഗ്ഗമായി വർത്തിക്കുന്നു.
സത്യവും ജീവനും
ആകയാൽ
: സത്യമായതിനാൽ
: ജീവനായതിനാൽ
: യേശുവിലേക്ക് വരിക - പിതാവിലേക്ക് വരിക
: യേശുവിനെ അറിയുക - പിതാവിനെ അറിയുക
: യേശുവിനെ കാണുക - പിതാവിനെ കാണുക
യേശു മരണശേഷവും മാർഗ്ഗമായി തുടരുന്നു
സ്നേഹത്തിൽ - പരസ്പര സ്നേഹം ത്രിത്വവുമായുള്ള ഐക്യത്തിൽ പാറക്ലിത്തയിലൂടെ.

5. ക്രിസ്തുശിഷ്യർ - മാർഗ്ഗമായി
6. ഗൃഹപാഠം

**1. ആമുഖം**

"മാർഗ്ഗം" എന്ന വാക്കിനർത്ഥം 'വഴി' എന്നാണല്ലോ. യേശു പറഞ്ഞു: "വഴിയും സത്യവും ജീവനും ഞാനാകുന്നു. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേക്കു വരുന്നില്ല" (യോഹ 14,6).

നാം വഴിയേ നടക്കുന്നത് എന്തിനാണ്? ഉദ്ദേശിക്കുന്ന സ്ഥാനങ്ങളിൽ എത്താൻ. അല്ലേ? ലക്ഷ്യസ്ഥാനത്ത് എത്തിക്കുകയാണ് മാർഗ്ഗത്തിന്റെ ധർമ്മം. ഓരോ സ്ഥാനത്തേക്കും എത്തിച്ചേരാൻ അതാതിന്റെ മാർഗ്ഗമുണ്ട്. സ്കൂളിലേക്ക് വഴിയുണ്ട്, ഓഫീസിലേക്ക് വഴിയുണ്ട്. ആകാ



ശത്തിൽ പറക്കുന്ന വിമാനങ്ങൾക്ക് വഴിയുണ്ട്. നമ്മുടെ ഓരോരുത്തരുടേയും വീട്ടിലേക്ക് വഴിയുണ്ട്. സ്വർഗ്ഗീയപിതാവിന്റെ പക്കലേക്ക് (സ്വർഗ്ഗത്തിലേക്ക്) പോകാൻ വഴിയുണ്ട്. സ്വർഗ്ഗീയപിതാവിന്റെ പക്കലേക്ക് പോകാൻ മനുഷ്യവംശത്തിന് നല്കപ്പെട്ട വഴിയാണ് യേശുക്രിസ്തു.

വീട്ടിലേക്കുള്ള വഴിയേ നടന്നാലേ വീട്ടിൽ എത്തൂ. വഴി തെറ്റിയാൽ വീട്ടിലെത്തില്ല. രണ്ടര മാസം മുമ്പ് എനിക്ക് ഒരനുഭവമുണ്ടായി. എന്റെ ഒരു സഹോദരി കേരളത്തിന് പുറത്തുനിന്ന് ട്രെയിനിൽ വരികയായിരുന്നു. രാത്രി എട്ടു മണിയടുത്താണ് തിരുവനന്തപുരം സെൻട്രൽ റെയിൽവേസ്റ്റേഷനിൽ എത്തിയത്. അവിടെ നിന്ന് കാറിൽ. ഞാനാണ് കാറോടിച്ചത്. നല്ല തിരക്കുള്ള സമയം. റൊട്ടിക്കടമുക്കു (ബേക്കറി ജംഗ്ഷൻ) വഴി നാലാഞ്ചിറയ്ക്ക് പോരാൻ തമ്പാനൂർ നിന്ന് തിരിച്ചു. റൊട്ടിക്കടമുക്കിൽ പലയിടത്തേക്ക് തിരിയുന്ന റോഡുകളുണ്ടല്ലോ. എല്ലായിടത്തു നിന്നും വാഹനങ്ങൾ ജംഗ്ഷനിൽ നിരന്നുണ്ട്. കുറെ നേരം കാത്തു നില്ക്കേണ്ടി വന്നു ജംഗ്ഷൻ കടക്കാൻ. ഞങ്ങളുടെ വാഹനം കുറച്ച് പുറകിലുമായിരുന്നു. വാഹനങ്ങളിൽ നിന്നുള്ള പ്രകാശത്തിന്റെ പ്രളയത്തിൽ എന്റെ കണ്ണഞ്ചിപ്പോയി. രാത്രി വാഹനം എതിരേ വരുമ്പോൾ ലൈറ്റ് ഡിം ചെയ്യുക മലയാളിയുടെ അന്തസിന് ചേർന്നതല്ലല്ലോ! ചുരുക്കിപ്പറഞ്ഞാൽ മതിയല്ലോ. സാധാരണ വരേണ്ട വഴിക്കു പകരം വേറൊരു വഴി കയറി. പൊട്ടിപ്പൊളിഞ്ഞൊരു റോഡ്. അല്പം കഴിഞ്ഞപ്പോൾ മനസ്സിലായി ഞങ്ങൾക്ക് വഴി മാറിയെന്ന്. ആഴ്ചയുടെ പല ദിവസവും പല പ്രാവശ്യം ഞാൻ യാത്ര ചെയ്തിട്ടുള്ള റോഡും കടന്നുപോയിട്ടുള്ള റൊട്ടിക്കടമുക്കും! എന്നിട്ടും പല വഴികൾ കൂടുന്നിടത്ത് അതുകളിൽ നില്ക്കുകയും നിരങ്ങിനീങ്ങുകയും ചെയ്തുകൊണ്ടിരുന്ന വാഹനങ്ങളിൽ നിന്നുള്ള വെളിച്ചക്കൂട്ടത്തിൽ വഴി തെറ്റിപ്പോയി. വല്ലാത്തൊരു വൈരുദ്ധ്യം തന്നെ.

നമ്മുടെയെല്ലാം സ്നേഹപിതാവായ ദൈവത്തിലേക്ക് അനേകം വഴികളുണ്ട്. വഴികളുടെ എണ്ണം കൂടുതലായിരിക്കുന്നത് പ്രശ്നമാകാം. പലയിടത്തുനിന്നുള്ള പ്രകാശത്തിന്റെ ധാരാളിത്തത്തിൽ നമ്മുടെ കണ്ണഞ്ചി വഴി തെറ്റാം. സ്നേഹം തന്നെയായ ദൈവപിതാവിലേക്ക് തെറ്റാത്തൊരു വഴിയുണ്ട് - യേശുക്രിസ്തു. അവനെ അനുഗമിക്കുകയും അവനെ സ്വീകരിക്കുകയും ചെയ്താൽ നാം ദൈവപിതാവിന്റെ പക്കൽ എത്തും. തീർച്ചയായും എത്തും.

**2. മാർഗ്ഗം പഴയ നിയമത്തിൽ**

ബൈബിളിൽ വളരെ പ്രധാനമായ ഒരു വിഷയമാണ് മാർഗ്ഗം അഥവാ വഴി. മാർഗ്ഗം (വഴി) എന്ന പദം (ഗ്രീക്ക്) പഴയ നിയമത്തിൽ (സപ്തതിയിൽ) ആയിരത്തോളം പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഹീബ്രു ബൈബിളിൽ എണ്ണൂറിലേറെ തവണയുണ്ട്. സാധാരണ അർത്ഥത്തിലും പെരുമാറ്റം, സ്വഭാവം എന്നിങ്ങനെ ആലങ്കാരിക അർത്ഥത്തിലും മാർഗ്ഗം

എന്ന പദം ഉപയോഗിക്കുന്നുണ്ട്. ഇതിലെല്ലാം പ്രധാനം മാർഗ്ഗം എന്ന പദം പ്രതിരൂപാത്മകമായി ഉപയോഗിക്കുന്നതാണ്. മോശയിലൂടെ ദൈവം നല്കിയ നിയമങ്ങളെ "കർത്താവ് നല്കിയ" മാർഗ്ഗങ്ങൾ / കർത്താവിന്റെ മാർഗ്ഗം എന്ന് പഴയ നിയമത്തിലെ വിവിധ പാരമ്പര്യങ്ങൾ ഉദ്ഘോഷിക്കുന്നു (പുറ 18,20;നിയമ 5,31-33;31,29;ബാറൂ 3,13;സങ്കീ 119,27.30). കർത്താവിന്റെ മാർഗ്ഗത്തിലൂടെ നടന്നാൽ ദീർഘായുസ്സും ഐശ്വര്യസമൃദ്ധിയും അവനിൽനിന്ന് ലഭിക്കും എന്ന വിശ്വാസം വളരെ ശക്തമാണ് പഴയ നിയമത്തിലാകെ. കർത്താവിന്റെ മാർഗ്ഗത്തിൽ ചരിക്കുക / നടക്കുക എന്ന ശൈലിയുടെ അടിസ്ഥാനപരമായ അർത്ഥം സത്യദൈവത്തെ മാത്രം ആരാധിക്കുക എന്നാണ് (നിയമ 5,32-33;8,6; 10,12-13). അതായത്, ദൈവത്തെ സമ്പൂർണ്ണ മനസ്സോടും ശക്തിയോടും ഹൃദയത്തോടും സ്നേഹിക്കുക. ഇസ്രായേലിനെ ഈജിപ്തിൽ നിന്ന് വാഗ്ദത്ത നാട്ടിലേക്ക് ദൈവം നടത്തിയ സംഭവത്തിന്റെ, ഇസ്രായേലിന്റെ ജീവിതാനുഭവത്തിന്റെ, വെളിച്ചത്തിൽ മോചനത്തിലേക്കും അതിന്റെ പൂർണ്ണതയായ രക്ഷയിലേക്കും ഉള്ള വഴി എന്നും മാർഗ്ഗത്തിന് അർത്ഥസമ്പുഷ്ടി കൈവന്നു. ദൈവത്തെ സ്വതന്ത്രമായി ആരാധിക്കാൻ സാധിക്കുന്ന അവസ്ഥയിലേക്കായിരുന്നല്ലോ ഈ മാർഗ്ഗം നയിച്ചത്. രക്ഷകനായ ദൈവത്തെ സത്യമായി ആരാധിക്കുന്ന സ്ഥാനത്തേക്കുള്ള വഴി എന്ന് മാർഗ്ഗത്തിന് അർത്ഥക്ലിപ്തതയും ഉണ്ടായി.

### 3. മാർഗ്ഗം പുതിയ നിയമത്തിൽ

പഴയ നിയമത്തിലെപ്പോലെ പുതിയ നിയമവും വിവിധ അർത്ഥങ്ങളിൽ മാർഗ്ഗം എന്ന പദം 100 തവണ ഉപയോഗിക്കുന്നുണ്ട്. യേശുക്രിസ്തുവിൽ കൈവന്ന രക്ഷയുടെ വഴി (മർക്കോ 1,3 = മത്താ 3,3; ലൂക്കാ 3,4;മർക്കോ 1,3 = മത്താ 11,10;ലൂക്കാ 1,76.79;മത്താ 4,5), അനുസരിച്ചാൽ രക്ഷയിലേക്കു നയിക്കുന്ന നിയമം (ദൈവവചനം) (മർക്കോ 12,14 = മത്താ 22,16; ലൂക്കാ 20,21) ക്രിസ്തുശിഷ്യത്വം (മർക്കോ 8,27 = മത്താ 16,13-20;ലൂക്കാ 9,18-21;മർക്കോ 10,52 = മത്താ 20,34;ലൂക്കാ 18,34) എന്നെല്ലാം അർത്ഥമുണ്ട്.

ലൂക്കായുടെ കൃതികളിൽ സവിശേഷമായ ആശയസമ്പുഷ്ടിയോടെ മാർഗ്ഗം എന്ന പദം ഉപയോഗിക്കുന്നുണ്ട്. യേശുക്രിസ്തു ഗലീലിയിൽ നിന്ന് ജറുസലേമിലേക്ക് യാത്ര ചെയ്തതിനെ സൂചിപ്പിക്കാൻ ലൂക്കായുടെ സുവിശേഷത്തിൽ മാർഗ്ഗം എന്ന പദം ഉപയോഗിക്കുന്നു. യേശുവിനെ കർത്താവും ദൈവവും രക്ഷകനും മിശിഹായുമായി വിശ്വസിച്ച് ഏറ്റുപറയുന്നവരുടെ കൂട്ടായ്മയായ സഭയെ കുറിക്കാനും (അപ്പ 9,2), യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ ദൈവത്തെ ആരാധിക്കുന്നതിനെ കുറിക്കാനും (അപ്പ 24,14) മാർഗ്ഗം എന്ന പദം അപ്പോസ്തലപ്രവർത്തനങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ദൈവത്തിന്റെ രക്ഷ സകല മനുഷ്യരിലേക്കും എത്തിച്ചേരുന്ന സുവിശേഷപദ്ധതിയെ



കർത്താവിന്റെ മാർഗ്ഗം എന്ന് ലൂക്കാ വിശേഷവിധിയായി അവതരിപ്പിക്കുന്നു (ലൂക്കാ 3,4-6;അപ്പ 28,28).

ജീവനിലേക്കു നയിക്കുന്ന ഇടുങ്ങിയ വാതിലിനെക്കുറിച്ചും നാശത്തിലേക്കു നയിക്കുന്ന വിശാലമായ വഴിയെക്കുറിച്ചും മത്താ 7,13-14ൽ പറയുന്നുണ്ടല്ലോ. യേശു നല്കുന്ന ഉപദേശമാണ് ജീവനിലേക്കു നയിക്കുന്ന ഇടുങ്ങിയ വാതിൽ. ദൈവരാജ്യത്തിലേക്ക് നയിക്കുന്ന ഇടുങ്ങിയ വാതിലെന്ന് അനുതാപത്തെ ലൂക്കാ 13,24ൽ ചിത്രീകരിക്കുന്നു.

ദൈവത്തിന്റെ രക്ഷാപ്രവൃത്തിയെയും (റോമ 11,3) യേശുക്രിസ്തുവിലുള്ള വിശ്വാസത്തെയും (റോമ 3,17) സൂചിപ്പിക്കുവാൻ പൗലോസും മാർഗ്ഗം എന്ന പദം ഉപയോഗിക്കുന്നു. ഹെബ്രായർക്കുള്ള ലേഖനം വിശ്വാസത്തെ ദൈവസന്നിധിയിൽ എത്താൻ മാർഗ്ഗമായും (3,10) യേശുക്രിസ്തുവിന്റെ മരണത്തെ സ്വർഗ്ഗത്തിലേള്ള മാർഗ്ഗമായും (9,9; 10,20) ചൂണ്ടിക്കാട്ടുന്നു. ക്രൈസ്തവ തത്വങ്ങളനുസരിച്ചുള്ള ക്രിസ്തീയ ജീവിതത്തെ സത്യത്തിന്റെ മാർഗ്ഗം എന്നും (2പത്രോ 2,2) നേരായ മാർഗ്ഗം എന്നും (2പത്രോ 2,15), നമ്മുടെ കർ ത്താവും ദൈവവുമായ യേശുക്രിസ്തുവിനെ അറിഞ്ഞുള്ള ജീവിതത്തെ നീതിയുടെ മാർഗ്ഗമെന്നും പത്രോസ് ശ്ലീഹായുടെ ലേഖനവും വിശേഷിപ്പിക്കും. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തെ യാക്കോ 1,8ഉം യൂദാ 11ഉം മാർഗ്ഗം എന്ന് വിളിക്കുന്നു.

### 4. മാർഗ്ഗം യോഹന്നാന്റെ സുവിശേഷത്തിൽ

"യേശു പറഞ്ഞു. വഴിയും സത്യവും ജീവനും ഞാനാകുന്നു" (യോഹ 14,6). യോഹന്നാന്റെ സുവിശേഷം മാത്രമെ യേശുവിനെ മാർഗ്ഗമായി അവതരിപ്പിക്കുന്നുള്ളു.

#### സന്ദർഭം-വിടവാങ്ങൽ പ്രസംഗം

"ഞാനാകുന്നു വഴിയും സത്യവും ജീവനും" എന്ന് യേശു പറയുന്ന സന്ദർഭം അതീവപ്രധാനമാണ്. യേശു ഇപ്രകാരം പ്രസ്താവിച്ചത് അവൻ കുരിശിൽ ഉയർത്തപ്പെട്ട് ഈ ലോകത്തിൽ നിന്ന് കടന്നുപോകുന്നതിന് മുമ്പ് ശിഷ്യന്മാരോടു പറഞ്ഞ വിടവാങ്ങൽ പ്രസംഗത്തിലാണ്. മാതാപിതാക്കന്മാരോ മറ്റ് പ്രിയപ്പെട്ടവരോ നേതാക്കന്മാരോ ഗുരുക്കന്മാരോ മരിക്കുന്നതിന് മുമ്പ് പിൻഗാമികൾക്കു നല്കുന്ന ഉപദേശങ്ങൾ വളരെ വിലമതിക്കുന്ന പാരമ്പര്യമാണല്ലോ മനുഷ്യർക്കെല്ലാമുള്ളത്. യോഹ 14-16 അദ്ധ്യായങ്ങളിൽ യേശുവിന്റെ വിടവാങ്ങൽപ്രസംഗം യോഹന്നാൻ എഴുതിയിരിക്കുന്നു. അതിൽ യേശു തന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും അർത്ഥം വിശദീകരിക്കുന്നു. താൻ ഈ ലോകം വിട്ട് പോകയാണെന്ന് യേശു പ്രസ്താവിക്കുകയും ചെയ്യുന്നു (13,31-36). താൻ പോകയാണെന്ന് അവൻ വ്യക്തമായി പറഞ്ഞു (13,32-33.36). ഗുരുവിന്റെ എന്നേക്കുമായുള്ള വേർപാട് ഓർത്ത്

ശിഷ്യന്മാർ അസ്വസ്ഥരും ആകുലരുമായി (യോഹ 14,1). യേശു വിട്ടു പോയാൽപ്പിന്നെ മരണശേഷം തങ്ങളെ ആരു നയിക്കും എന്ന് അവർ ആകുലപ്പെട്ടു.

ഈ ലോകംവിട്ട് പിതാവിന്റെ സന്നിധിയിലേക്ക് പോകാനുള്ള സമയമായി എന്ന് അറിഞ്ഞുകൊണ്ടാണ് യേശു ഇതൊക്കെ ശിഷ്യന്മാരോടു പറഞ്ഞത്. യേശു പോകുകയാണ് എന്നു പറഞ്ഞതിന്റെ അർത്ഥം മുഴുവൻ ശിഷ്യന്മാർക്ക് മനസ്സിലാക്കാനായില്ല. മരണം വഴി മഹത്വീകൃതനാകുകയാണെന്നും പിതാവിന്റെ സന്നിധിയിലേക്കാണ് പോകുന്നതെന്നും അവർ ഗ്രഹിച്ചില്ല. അതുകൊണ്ട് പത്രോസ് ചോദിച്ചു: ''കർത്താവേ, നീ എവിടേക്കു പോകുന്നു?'' (13,36). മറുപടിയിൽ യേശു ഒട്ടേറെ കാര്യങ്ങൾ വ്യക്തമാക്കി. പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. അവിടെ ശിഷ്യർക്കു വേണ്ടി സ്ഥലമൊരുക്കാനാണ് താൻ പോകുന്നത് (യോഹ 14,2). പോയിട്ട് തിരികെ വന്ന് ശിഷ്യരെ അവിടേക്ക് തന്നോടും പിതാവിനോടൊപ്പമായിരിക്കാൻ കൂട്ടിക്കൊണ്ടു പോകും. (യോഹ 14,4) താൻ എവിടേക്കാണ് പോകുന്നതെന്ന് ശിഷ്യന്മാർക്ക് അറിയാമെന്നും യേശു പറഞ്ഞു (യോഹ 14,4). അതും അവർക്ക് മനസ്സിലായില്ല. അതിനാൽ തോമസ് പറഞ്ഞു: 'കർത്താവേ, നീ എവിടേക്കാണ് പോകുന്നതെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ, പിന്നെ വഴി എങ്ങനെ അറിയും?' അപ്പോൾ യേശു പറഞ്ഞു: *''വഴിയും സത്യവും ജീവനും ഞാനാകുന്നു; എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേക്കു വരുന്നില്ല''* (യോഹ 14,6).

### യേശു പിതാവിലേക്കു മാർഗ്ഗം

തന്നിൽ വിശ്വസിക്കുന്നവർക്ക് പിതാവുമായി ഐക്യപ്പെടാനുള്ള മാർഗ്ഗമായി യേശു വർത്തിക്കുന്നു എന്ന് യോഹ. 13,1;14,6 എന്നിവിടങ്ങളിൽ സ്പഷ്ടമാണ്. ''ഞാൻ മാർഗ്ഗവും സത്യവും ജീവനുമാകുന്നു'' എന്ന് പ്രസ്താവിച്ചു കഴിഞ്ഞുടൻതന്നെ പ്രസ്താവിക്കുന്നല്ലോ, ''എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേക്ക് വരുന്നില്ല.'' മനുഷ്യകുലത്തിന് ദൈവസന്നിധിയിൽ എത്താനുള്ള മാർഗ്ഗമാണ് യേശു. ദൈവവും മനുഷ്യനും തമ്മിലുള്ള ഐക്യത്തിന്റെ മാർഗ്ഗമത്രേ യേശു.

### വിവിധ ശൈലികൾ

ദൈവസന്നിധിയെ സൂചിപ്പിക്കാൻ പല പദങ്ങൾ യേശു ഉപയോഗിക്കുന്നത് യോഹ 13-14 അദ്ധ്യായങ്ങളിലുണ്ട്: ''പിതാവിന്റെ സന്നിധി'' (13,1;14,612), ദൈവസന്നിധി (13,3), ''എന്റെ പിതാവിന്റെ ഭവനം'' (14,2), 'ഞാൻ പോയി നിങ്ങൾക്ക് ഒരുക്കുന്ന സ്ഥലം' (14,3) / 'ഞാൻ പോകുന്നിടം' (13,36;14,4), ''ഞാൻ ആയിരിക്കുന്നിടം'' (14,3), ''പിതാവിനെ കാണുക'' (14.7.8.9), ''പിതാവിനെ അറിയുക'' (14,7) മുതലായവ അത്തരങ്ങളാണ്. പിതാവിന്റെ സന്നിധിയിൽ എത്തുക എന്നതിനർത്ഥം പിതാവുമായി ഐക്യത്തിലാവുക എന്നാണ്. ''എന്റെ പിതാവിന്റെ ഭവനത്തിൽ ധാരാളം വാസസ്ഥലങ്ങൾ ഉണ്ട്'' എന്ന് യേശു പറഞ്ഞല്ലോ. അതിലെ ''വാസസ്ഥലങ്ങൾ'' എന്ന പദത്തിന്റെ മൂലാർത്ഥം ഒന്നായിത്തീരുന്നതിനെ സൂചപ്പിക്കുന്നതാണ്. യേശുവിലൂടെ പിതാവിന്റെ പക്കലേക്ക് എത്തുന്നവർ പിതാവിനോട് ഒന്നായിത്തീരുന്നു എന്നാണ് അർത്ഥം. ''യേശു പ്രതിവചിച്ചു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കയും ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും'' (യോഹ 14,23).



### യേശു മാർഗ്ഗമായി വർത്തിക്കുന്നു

ദൈവപിതാവുമായി ഐക്യത്തിലെത്താൻ തന്നിലൂടെ സാധിക്കുന്നത് എങ്ങനെ എന്നും യേശു പറഞ്ഞു തരുന്നുണ്ട്.

*സത്യവും ജീവനുമാകയാൽ യേശു മാർഗ്ഗമാകുന്നു.* ''ഞാൻ മാർഗ്ഗവും സത്യവും ജീവനും ആകുന്നു'' എന്നാണല്ലോ യേശു പറയുക. സത്യം എന്ന നിലയ്ക്കും ജീവൻ എന്ന നിലയ്ക്കും യേശു മാർഗ്ഗമാകുന്നു. അതായത്, യേശു സത്യവും ജീവനുമായിരിക്കയാൽ മാർഗ്ഗമാകുന്നു.

### സത്യമായതിനാൽ യേശു മാർഗ്ഗമാകുന്നു

യേശു സത്യം ആകുന്നു എന്നതിനർത്ഥം യേശു പിതാവിനെ അവൻ ആയിരിക്കുന്നതുപോലെ വെളിപ്പെടുത്തുന്നവൻ ആകുന്നു എന്നാണ്. ദൈവത്തിന്റെ തനിമ യേശുവിൽ മനുഷ്യകുലത്തിന് വെളിപ്പെടുന്നു. യേശു പിതാവിന്റെ വെളിപ്പെടുത്തൽ (പ്രത്യക്ഷീകരണം) ആകുന്നു. അതുകൊണ്ടാണ് യേശു പറയുക: ''നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ പിതാവിനെയും അറിയുമായിരുന്നു. ഇപ്പോൾ മുതൽ നിങ്ങൾ അവനെ കാണുകയും ചെയ്തിരിക്കുന്നു'' (യോഹ 14,7). ''... എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു ...'' (യോഹ 14,9). കാരണം യേശു പിതാവിലും പിതാവ് യേശുവിലും ആകുന്നു. ''ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നുവെന്ന് നീ വിശ്വസിക്കുന്നില്ലേ?'' (യോഹ 14,10). ''... ഞാൻ പിതാവിലും പിതാവ് എന്നിലും ആയിരിക്കകൊണ്ട് നിങ്ങൾ വിശ്വസിക്കുവിൻ...'' (14,11). മനുഷ്യർ ജറുസലേമിലും ഗെർസിം മലയിലും ദൈവത്തെ ആരാധിക്കുന്ന രീതിയുടെ കാലം യേശു വന്നതോടെ കഴിഞ്ഞു. ഇനി മുതൽ ദൈവത്തെ ആരാധിക്കുന്നവർ ആത്മാവിലും - സത്യത്തിലും പരിശുദ്ധാത്മാവിലും യേശുക്രിസ്തുവിലും - ആരാധിക്കണം (യോഹ 4,21-26).

### യേശു ജീവൻ ആകയാൽ മാർഗ്ഗമാകുന്നു

ജീവൻ എന്ന പദം നിത്യജീവനെ(ദൈവത്തിന്റെ ജീവനെ)യാണ് വിവക്ഷിക്കുക. ദൈവത്തിന്റെ ജീവൻ എന്ന് പറഞ്ഞാൽ ജീവനാകുന്ന ദൈവം എന്ന് തന്നെ. ദൈവപിതാവിന്റെ വചനത്തിൽ ജീവനുണ്ടായി

രുന്നു. പിതാവിന്റെ ജീവനുള്ള വചനം മനുഷ്യനായവനാണ് യേശു ക്രിസ്തു. യേശുവിൽ മനുഷ്യന് ദൈവത്തെ കാണാം; ദൈവത്തോട് ബന്ധപ്പെടാം. ജീവൻ മനുഷ്യരുടെ പ്രകാശമായിരുന്നു (യോഹ 1,4). മനുഷ്യർ അവനോട് ബന്ധപ്പെടുമ്പോൾ അവർ പിതാവിനോട് ബന്ധപ്പെടുകയാണ്. യേശു മനുഷ്യർക്ക് ജീവൻ നല്കുന്നവൻ എന്ന നിലയിലാണ് ലോകത്തിൽ മനുഷ്യനായി വന്നത്. യേശുവിന്റെ ജീവൻ ദൈവത്തിന്റേത് തന്നെയാണ്. "എന്തെന്നാൽ പിതാവിന് തന്നിൽത്തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽത്തന്നെ ജീവനുണ്ടാകാൻ അവൻ അധികാരം നല്കിയിരിക്കുന്നു" (യോഹ 5,26;കാണുക യോഹ 16,10). യേശു ജീവൻ നല്കുന്നത് അവൻ "സത്യദൈവവും നിത്യജീവനും" ആകയാലാണ് (യോഹ 5,20). മനുഷ്യൻ യേശുവിൽ വിശ്വസിക്കുമ്പോൾ ദൈവത്തോട് ബന്ധപ്പെടുന്നു. യേശു അവന്റെ ജീവൻ ആയിത്തീരുന്നു. ജീവനാകുന്ന അവനിലൂടെ ജീവന്റെ ഉറവിടമാകുന്ന പിതാവിനോട് ബന്ധപ്പെടുന്നു. യേശു ജീവൻ ആകയാൽ മനുഷ്യന് പിതാവിനോട് ഐക്യത്തിലെത്താൻ മാർഗ്ഗമാകുന്നു.

യാക്കോബ് സ്വപ്നത്തിൽ കണ്ട ഗോവണി യേശുവാണ് (യോഹ 1, 51). അവനിലൂടെ മനുഷ്യൻ ദൈവത്തിലേക്ക് കയറുകയും ദൈവം മനുഷ്യനിലേക്ക് ഇറങ്ങുകയും ചെയ്യുന്നു. യേശുവാണ് ദേവാലയം (യോഹ 2,13-23). ആ ദേവാലയത്തിൽ വിശ്വസിക്കുന്നവർ യേശുവാകുന്ന ദേവാലയത്തിൽ ദൈവത്തെ ആരാധിക്കുകയാണ്.

**യേശുവിലേക്കു വരിക - പിതാവിലേക്കു വരിക**

"എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേക്ക് വരുന്നില്ല" (14,6) എന്ന് യേശു പറയുന്നുവല്ലോ. പിതാവിലേക്കുള്ള ഏക മാർഗ്ഗം യേശു ആകുന്നു. യേശുവിലേക്ക് വരുന്നവൻ പിതാവിലേക്കും വരുന്നു. "പിതാവ് എനിക്ക് നല്കുന്നവരെല്ലാം എന്റെ അടുക്കൽ വരും. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരിക്കലും തള്ളിക്കളയുകയുമില്ല" (യോഹ 6,37). യേശുവിന്റെ അരികിലേക്ക് വരിക എന്നതിനർത്ഥം യേശുവിൽ വിശ്വസിക്കുക എന്നാണ്.(യോഹ 6,45-47). യേശുവിന്റെ പക്കൽ വരുന്നവന്, യേശുവിൽ വിശ്വസിക്കുന്നവന്, നിത്യജീവനുണ്ട് (യോഹ 6,47). മാർഗ്ഗമാകുന്ന യേശുവിലൂടെ പിതാവിന്റെ പക്കലേക്ക് വരിക എന്ന് പറയുന്നതിനർത്ഥം യേശുവിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കുക എന്നുതന്നെ.

"അറിയുക" എന്ന ക്രിയയ്ക്ക് ബൈബിളിലെ ദൈവശാസ്ത്രപരമായ അർത്ഥം ബന്ധപ്പെടുക എന്നാണെന്ന് ഇടയനെക്കുറിച്ചുള്ള പാഠത്തിൽ കണ്ടല്ലോ. യേശുവിനെ അറിയുന്നവൻ പിതാവിനെയും അറിയുന്നു = യേശുവിനോടു ബന്ധപ്പെടുന്നവൻ പിതാവിനോടും ബന്ധപ്പെടുന്നു. യേശുവും പിതാവും തമ്മിലുള്ള ഗാഢമായ ഐക്യമാണ് അതിനടിസ്ഥാനം (യോഹ 14,10-11;10,14). യേശുക്രിസ്തുവിനോടു ബന്ധപ്പെടാതെ പിതാവിനോട് ബന്ധപ്പെടാൻ സാദ്ധ്യമല്ല. കാരണം യേശു മാത്രമാണ് ദൈവത്തോടുകൂടെ ആയിരുന്നിട്ട് ഈ ലോകത്തിലേക്ക് വന്ന് (യോഹ 1,1-2) നമ്മുടെ ഇടയിൽ വസിച്ചത് (യോഹ 1,14). യേശുവിനെ തിരസ്കരിച്ചവർ പിതാവിനെയും അറിഞ്ഞില്ല (യോഹ 8,19;16,2). യേശുവിനുള്ളവർ യേശുവിനെ അറിയുന്നു (10,14-15). ശിഷ്യർ (വിശ്വസിച്ചവർ) യേശുവിനെ അറിഞ്ഞതിനാൽ പിതാവിനെയും അറിയുന്നു (യോഹ 14,9.12.45;1 യോഹ 2,8). യേശു പിതാവിന്റെ തനി പ്രത്യക്ഷീകരണം ആകയാൽ യേശുവിനെ അറിയുക പിതാവിനെയും അറിയുക യത്രേ. മനുഷ്യൻ ദൈവത്തോട് ബന്ധപ്പെടാൻ അവശ്യം യേശുവിനോട് ബന്ധപ്പെടണം. പിതാവിനെയും പുത്രനേയും അറിയുക നിത്യജീവനാണ്. "ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശു മിശിഹായെയും അറിയുകയാണ് നിത്യജീവൻ" (യോഹ 17,3).



**യേശുവിനെ കാണുക-പിതാവിനെ കാണുക**

പിതാവിന്റെ പക്കലേക്ക് വരിക എന്ന അർത്ഥത്തിലുള്ള മറ്റൊരു ശൈലിയാണ് "പിതാവിനെ കാണുക." ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലും വെളിപ്പെടലും സ്വനയനങ്ങൾകൊണ്ടു ദർശിക്കുക എന്നാണ് 'കാണുക' എന്ന പദത്തിന് ബൈബിളിൽ പ്രമുഖമായ ഒരു അർത്ഥം. ദൈവം സ്വയം വെളിപ്പെടുത്തിക്കൊടുത്ത് സ്വയം മനുഷ്യന് പങ്കുവയ്ക്കുകയും തന്നിലേക്ക് ഭാഗഭാഗിത്വം നല്കുകയും ചെയ്യുകയാണ്. അതാണ് യേശുമിശിഹായിലൂടെ സംഭവിച്ചത്: "വചനം മാംസമായി, നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്ത്വം നമ്മൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം" (യോഹ 1,14). ദൈവത്തെ പൂർണ്ണമായി കണ്ടിട്ടുള്ളതും വെളിപ്പെടുത്തുന്നതും അവന്റെ പുത്രനായ യേശുവാണ്. "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഹൃദയൈക്യം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതനാണ് അവനെ വെളിപ്പെടുത്തിയത്"(യോഹ 1,18). "ദൈവത്തിൽ നിന്നുള്ളവർ മാത്രമേ പിതാവിനെ കണ്ടിട്ടുള്ളു" (യോഹ 6,46). ദൈവത്തിന്റെ സമ്പൂർണ്ണ ആവിഷ്കാരമായ യേശുമിശിഹായെ വിശ്വാസപൂർവ്വം കാണുന്നവർ അവനിലൂടെ അവന്റെ പിതാവിനോടും ഐക്യത്തിലെത്തുന്നു. അവർക്കുദാഹരണങ്ങളാണ് സമരിയാ സ്ത്രീയും (യോഹ 4) കാഴ്ച ലഭിച്ച പിറവിക്കുരുടനും (യോഹ 9). "കാണുക" എന്ന പദം 'വിശ്വസിക്കുക' എന്നതിന് പര്യായമായി യോഹന്നാൻ ഉപയോഗിക്കുന്നു (യോഹ 9,37-38;6,40). യേശുവിനെ കാണുന്നവൻ പിതാവിനെയും കാണുന്നു: "എന്നെ കാണുന്നവൻ പിതാവിനെയും കാണുന്നു" (യോഹ 14,9). ഇതിനും അടിസ്ഥാനം യേശു പിതാവിലും പിതാവ് അവനിലും ആയിരിക്കുന്നതാണ് (യോഹ 14,10-11). പിതാവും പുത്രനും തമ്മിലുള്ള പരസ്പരധിവാസം യേശുവിന്റെ പ്രവൃത്തികളിൽ പ്രകടമാകുന്നു (യോഹ 14,12)

**യേശു മരണത്തിനുശേഷവും മാർഗ്ഗമായി തുടരുന്നു (യോഹ 14,15-1)**

യേശു ഈ ലോകം വിട്ട് പിതാവിന്റെ പക്കലേക്ക് പോയതിനു ശേഷവും അവൻ തന്നെ സ്വീകരിച്ചവർക്ക് പിതാവിനോട് ഐക്യപ്പെടാൻ മാദ്ധ്യമമായി തുടരുന്നു എന്ന് യേശു വ്യക്തമാക്കുന്നു. യേശുവിന്റെ കുരിശുമരണം ശിഷ്യരിൽ നിന്നുള്ള അവന്റെ വേർപാടാണെങ്കിലും വേർപാടല്ല എന്നാണ് യോഹന്നാന്റെ ദർശനം. യേശുവിന്റെ കുരിശുമരണം അവന്റെ മഹത്വീകരണമാണ് (യോഹ 13,32). യേശു ദൈവമനുഷ്യസംഗമ സ്ഥാനമാണ് എന്ന വെളിപ്പെടുത്തൽ പൂർണ്ണമാക്കി. യേശുവിന്റെ ദൈവത്വം പ്രത്യക്ഷമാകുന്ന ഉയർത്തലാണത് (യോഹ 1,51;3,14-15). ഉയർത്തപ്പെട്ട യേശുവിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ലഭിക്കാനാണ് യേശു പിതൃസന്നിധിയിലേക്ക് ഉയർത്തപ്പെടുക (യോഹ 3,15). യേശുവും അവനിൽ വിശ്വസിക്കുന്നവരും അവനിലൂടെ ദൈവപിതാവിന്റെ പക്കലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു എന്ന സത്യത്തിന്റെ പ്രഖ്യാപനവുമാണ് യേശുവിന്റെ കുരിശുമരണം. കുരിശിൽ ഉയർത്തപ്പെട്ട യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർ അവൻ മുഖാന്തരം പിതാവിന്റെ പക്കലേക്കും ഉയർത്തപ്പെടുന്നു; പിതാവിനോടും ബന്ധപ്പെടുന്നു.

ഇക്കാര്യങ്ങൾ മനസ്സിലാകാതെ വിഷമിച്ചിരുന്ന ശിഷ്യന്മാരോട് യേശു പറയുകയാണ്, തന്റെ വേർപാടിനു ശേഷവും താൻ തന്നെ ദൈവ-മനുഷ്യസംഗമ സ്ഥാനമായി തുടരുമെന്ന്. സ്നേഹത്തിലൂടെ, ത്രിത്വവുമായുള്ള ഐക്യത്തിലൂടെ, പാറക്ലീത്തായിലൂടെ മനുഷ്യന് ദൈവത്തോട് ബന്ധപ്പെടാനുള്ള മാർഗ്ഗമായി താൻ തന്നെ തുടരും എന്ന് യേശു സ്പഷ്ടമാക്കി. തികച്ചും പ്രായോഗികമായാണ് യേശു ഇവിടെ സംസാരിക്കുക.

**സ്നേഹത്തിലൂടെ**

യോഹ 14,15-31 പ്രാധാന്യം നല്കുക സ്നേഹം എന്ന പ്രമേയത്തിനാണ്. യേശുവിന്റെ മരണം (മഹത്വീകരണം) സ്നേഹത്തിന്റെ വിജയമാണ്.

''തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നല്കാൻ തക്ക വിധം ദൈവം ലോകത്തെ അത്രയ്ക്കും സ്നേഹിച്ചു'' (യോഹ 3,16). ദൈവം ലോകത്തെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു. നമുക്ക് സ്നേഹം തന്നുകൊണ്ടിരിക്കുന്നു. ദൈവം സ്നേഹം തന്നെയാണ് (1 യോഹ 4,8). ദൈവം ലോകത്തെ, നമ്മെ, സ്നേഹിച്ചുകൊണ്ടിരിക്കുന്നു എന്ന് പറഞ്ഞാൽ ദൈവം തന്നെത്തന്നെ നമുക്ക് നല്കിക്കൊണ്ടിരിക്കുന്നു എന്നാണ്. അവന്റെ സ്വയംദാനത്തിന്റെ പൂർണ്ണതയാണ് തന്റെ ഏകജാതനെ നമുക്കുവേണ്ടി നല്കിയത്. തന്റെ ഏകപുത്രൻ വഴി നാം ജീവിക്കേണ്ടതിന് ദൈവം അവനെ ലോകത്തിലേക്കയച്ചു. അങ്ങനെ ദൈവത്തിന്റെ സ്നേഹം നമ്മുടെയിടയിൽ വെളിപ്പെട്ടിരിക്കുന്നു (1 യോഹ 4,9).



ദൈവം നമ്മെ ഇത്രമാത്രം സ്നേഹിച്ചതിനാൽ നാമും അവനെ സ്നേഹിക്കണം. ''പ്രിയപ്പെട്ടവരേ, ദൈവം നമ്മെ ഇപ്രകാരം സ്നേഹിച്ചുവെങ്കിൽ നാമും പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു''(യോഹ 4,11). ദൈവത്തെ സ്നേഹിക്കുകയെന്നാൽ അവന്റെ കല്പനകൾ അനുസരിക്കുകയാണ്. അവന്റെ കല്പനകൾ ഭാരമുള്ളവയല്ല (1 യോഹ 5,3;1 യോഹ 3,16) യേശുവിനെ നാം സ്നേഹിക്കണം. നാം യേശുവിന്റെ സ്നേഹത്തിൽ വസിക്കണം. ''പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു നിങ്ങൾ എന്റെ സ്നേഹത്തിൽ വസിക്കുവിൻ'' (യോഹ 15,9).

യേശു പിതാവിനെ സ്നേഹിച്ചത് അവനെ പൂർണ്ണമായി അനുസരിച്ചുകൊണ്ടാണ്. അതുകൊണ്ടും അതുപോലെയും നാമും യേശുവിന്റെ കല്പന പാലിച്ചുകൊണ്ട് അവനെ സ്നേഹിക്കണം. ''ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും'' (യോഹ 15,10). ''നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പന പാലിക്കും'' (യോഹ. 14,15). ''എന്റെ കല്പനകൾ സ്വീകരിക്കുകയും അവ പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവും സ്നേ ഹിക്കും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും'' (യോഹ 14,21). യേശുവിനെ സ്നേഹിക്കാൻ അവന്റെ കല്പനകൾ പാലിക്കണം. ''യേശു പ്രതിവചിച്ചു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ചെയ്യും''(യോഹ 14,23). ''എന്നെ സ്നേഹിക്കാത്തവനോ എന്റെ വചനം പാലിക്കുന്നില്ല'' (യോഹ 14,24). അവന്റെ കല്പനകൾ പാലിക്കുന്ന ഏവനും അവനിൽ വസിക്കുന്നു. അവൻ കല്പനകൾ പാലിക്കുന്നവനിലും (1 യോഹ 3,24).

**പരസ്പരസ്നേഹം**

സഹോദരനെ ക്രിയാത്മകമായി സ്നേഹിക്കാതെ ദൈവസ്നേഹം അസാദ്ധ്യമാണ്. ''ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ'' (യോഹ 14,17). ക്രിസ്തുവിന്റെ കല്പനയാണിത്. ക്രിസ്തുവിൽനിന്ന് ഈ കല്പന നമുക്ക് ലഭിച്ചു. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം (1യോഹ 4,21). സഹോദരരെ സ്നേഹിക്കുന്നവൻ ദൈവത്തിൽനിന്നു ജനിച്ചവനാണ്. ദൈവത്തെ അറിയുകയും ചെയ്യുന്നു (1 യോഹ. 4,7-8). ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. എന്നാൽ നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കും. അവിടുത്തെ സ്നേഹം തമ്മിൽ പൂർണ്ണമാകയും ചെയ്യും (യോഹ 4,12). ദൈവത്തിന് നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം

സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു (1 യോഹ 4,16).

സഹോദരരെ സ്നേഹിക്കുന്നതിനാൽ നാം മരണത്തിൽ നിന്നു ജീവനിലേക്കു കടന്നിരിക്കുന്നു എന്നു നമുക്കറിയാം. സ്നേഹിക്കാത്തവനാകട്ടെ മരണത്തിൽത്തന്നെ നിലനില്ക്കുന്നു (1 യോഹ 3,14). താൻ പ്രകാശത്തിലാണെന്ന് പറയുകയും, അതേ സമയം തന്റെ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ ഇപ്പോഴും അന്ധകാരത്തിലാണ്. സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നു; അവന് ഇടർച്ച ഉണ്ടാകുന്നില്ല. എന്നാൽ തന്റെ സഹോദരനെ വെറുക്കുന്നവൻ ഇരുട്ടിലാണ്. ഇരുട്ട് അവന്റെ കണ്ണുകളെ അന്ധകാരമാക്കിയതിനാൽ എവിടേക്ക് പോകുന്നുവെന്ന് അവൻ അറിയുന്നില്ല (1 യോഹ 2,9-11). ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു (1 യോഹ 4,20)

**സ്നേഹത്തിന്റെ പ്രായോഗികത - പങ്കുവയ്ക്കുന്നതിൽ**

''കുഞ്ഞുമക്കളേ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത് പ്രത്യുത, പ്രവൃത്തിയിലും സത്യത്തിലുമാണ്''(1 യോഹ 3,7-8).

**ആവശ്യക്കാരനെ സഹായിക്കുക**

ഭൗകികസമ്പത്ത് ഉണ്ടായിരിക്കെ ഒരുവൻ തന്റെ സഹോദരനെ സഹായം ആവശ്യമുള്ളവനായി കണ്ടിട്ടും അവനെതിരേ ഹൃദയം അടയ്ക്കുന്നെങ്കിൽ അയാളിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും (1 യോഹ 3,77). ദൈവസ്നേഹം നമ്മിൽ കുടികൊള്ളണമെങ്കിൽ നമ്മുടെയിടയിൽ ജീവിതാവശ്യങ്ങൾ നിറവേറ്റാനാകാതെ വിഷമിക്കുന്നവരെ നാം സഹായിക്കണം. മിശിഹാ സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചതിൽനിന്ന് സ്നേഹം എന്തെന്നു നമുക്കറിയാം. നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു (യോഹ 3,16).

യേശുവിനെയും സഹോദരനെയും യേശു കല്പിച്ചതുപോലെ സ്നേഹിച്ചാൽ നാം ദൈവവുമായി ഐക്യത്തിലാകും (1 യോഹ 4,16; 2 യോഹ 3,23-24;യോഹ 14,21-23). ദൈവസന്നിധിയിൽ നമുക്കു സമാധാനം അനുഭവിക്കാം (1 യോഹ 3,20;യോഹ 14,27).

**ത്രിത്വവുമായുള്ള ഐക്യത്തിൽ**

യേശുവിന്റെ കല്പനകൾ പാലിക്കുന്നവനിൽ യേശുവും യേശുവിന്റെ പിതാവും വസിക്കുന്നു. ''യേശു പ്രതിവചിച്ചു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ പക്കൽ വന്ന് വാസമുറപ്പിക്കുകയും ചെയ്യും'' (യോഹ 14,23).

**പാറക്ലീത്തയിലൂടെ**

പരിശുദ്ധാത്മാവിനെയാണ് പാറക്ലീത്ത എന്ന് യോഹന്നാന്റെ സുവിശേഷം വർണ്ണിക്കുക. യേശു ഈ ലോകം വിട്ടു പോയപ്പോൾ പരിശു



ദ്ധാത്മാവിനെ നല്കി. കുരിശിൽ ഉയർത്തപ്പെട്ട യേശുവിന്റെ ഏറ്റവും അവസാനത്തെ പ്രവൃത്തി അവൻ തല ചായ്ച്ച് ആത്മാവിനെ നല്കിയതാണ് (യോഹ 19,30). യേശുവിന്റെ കുരിശിന്റെ ചുവട്ടിൽ കൂടി നിന്ന സഭയ്ക്ക് പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ടാണ് യേശു കുരിശിൽ മരിച്ചത്. പാറക്ലീത്തായുടെ സാന്നിദ്ധ്യം വഴിയും പിതാവിനോട് ഐക്യം സാദ്ധ്യമാക്കുന്നു. വിശ്വാസികളിൽ മഹത്വീകൃതനായ യേശുവിന്റെ സാന്നിദ്ധ്യമാണ് പാറക്ലീത്താ എന്ന് യോഹ 2,1ഉം യോഹ 14,16-19ഉം തമ്മിൽ ബന്ധപ്പെടുത്തുമ്പോൾ കാണാനാവും. വിശ്വാസികളിൽ ഓരോരുത്തരിലും വസിക്കുന്ന ആത്മാവായാണ് യോഹ 14,16-17 പരിശുദ്ധാത്മാവിനെ ചിത്രീകരിക്കുക. ''ഞാൻ പിതാവിനോടു ചോദിക്കയും എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ അവൻ നിങ്ങൾക്ക് തരികയും ചെയ്യും. ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിന് സാധിക്കയില്ല. കാരണം, അത് അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ നിങ്ങൾ അവനെ അറിയുന്നു. അവൻ നിങ്ങളോടൊത്തു വസിക്കുന്നു: നിങ്ങളിൽ ആയിരിക്കയും ചെയ്യും'' (14,16-17).

യേശു പിതാവിനോട് അപേക്ഷിച്ച് നമുക്ക് പരിശുദ്ധാത്മാവിനെ നല്കുന്നു. പരിശുദ്ധാത്മാവിനെ അറിയാൻ യേശുവിനെ അറിയണം. യേശുവിനെ അറിയാത്ത ലോകത്തിന് (= യേശുവിൽ വിശ്വസിക്കാത്തവർക്ക്) പാറക്ലീത്തായെ അറിയാനാവില്ല. എന്നാൽ യേശുവിനെ സ്വീകരിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ സാധിക്കും.

പരിശുദ്ധാത്മാവിന്റെ രണ്ടു വിധ സാന്നിദ്ധ്യത്തെക്കുറിച്ച് പറയുന്നുണ്ട്. ആശ്വാസദായകനായ പരിശുദ്ധാത്മാവ് ശിഷ്യരോടു *കൂടെയും അവരിലും* ഉണ്ടായിരിക്കും (14,16). ''നിങ്ങളോടുകൂടെ'' എന്ന ശൈലി വിവക്ഷിക്കുന്നത് യേശുവിനെ സ്വീകരിച്ചവരുടെ അനുദിന ജീവിത്തിൽ പരിശുദ്ധാത്മാവ് യേശുവിന്റെ വേർപാടിനു ശേഷം (ആരോഹണശേഷം) ഒരു സഹായിയായി സന്നിഹിതനായിരിക്കും എന്നാണ്. പാറക്ലീത്താ ''നിങ്ങളിൽ ആയിരിക്കും'' (14,17) എന്ന് പറഞ്ഞാൽ, വിശ്വാസികളിൽ പരിശുദ്ധാത്മാവിന്റെ ആന്തരിക സാന്നിദ്ധ്യം ഉണ്ടായിരിക്കും എന്നാണ്. പിതാവിൽ നിന്ന് പുത്രൻ ചോദിച്ച് അയച്ചു തരുന്ന പാറക്ലീത്തായുടെ സാന്നിദ്ധ്യത്തിലൂടെയും വിശ്വാസികൾ പിതാവുമായി ഐക്യപ്പെടുന്നു.

''ദൈവം തന്റെ ആത്മാവിനെ നമുക്കു തന്നിരിക്കുന്നതിനാൽ നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കുന്നു എന്നു നാം അറിയുന്നു''(1 യോഹ 4,13). ''...അവൻ (ദൈവത്തിന്റെ പുത്രനായ മിശിഹാ) നല്കിയിരിക്കുന്ന ആത്മാവുമൂലം അവൻ നമ്മിൽ വസിക്കുന്നു എന്ന് നമുക്കറിയാം'' (1 യോഹ 3,24).

**5. ക്രിസ്തുശിഷ്യർ മാർഗ്ഗമായി**

''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും. ഞാൻ എന്റെ

പിതാവിന്റെ അടുത്തേക്ക് പോകുന്നതുകൊണ്ട് ഇവയെക്കാൾ വലിയവയും അവൻ ചെയ്യും. നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവ് പുത്രനിൽ മഹത്ത്വപ്പെടാൻ വേണ്ടി ഞാൻ പ്രവർത്തിക്കും. എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും'' (യോഹ 14,12-14).

ദൈവപുത്രനായ യേശുമിശിഹായിൽ വിശ്വസിക്കുന്നവർ അവൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും എന്ന് യേശു പ്രസ്താവിക്കുന്നു. ഇപ്രകാരം യേശു പ്രസ്താവിച്ചത് താൻ പിതാവിലേക്കുള്ള വഴി ആകുന്നു എന്ന് പറഞ്ഞത് വിശദമാക്കുന്ന സന്ദർഭത്തിലാണ്. യേശു പിതാവിലും പിതാവ് യേശുവിലും വസിക്കുന്നു. അവർ അന്യോന്യം അധിവസിക്കുന്നു. അവർ പരസ്പര സ്നേഹം വഴി ഐക്യത്തിലാണ്. അതിനാലാണ് യേശു പിതാവിലേക്ക് വഴി ആയിരിക്കുക. അതിനാൽ തന്നെയാണ് യേശുവിലൂടെ പിതാവ് പ്രവർത്തിക്കുന്നത് എന്ന് യേശു വ്യക്തമാക്കി. പിതാവിന്റെ പക്കലേക്ക് പോയിക്കഴിഞ്ഞാൽ യേശു നേരിട്ടല്ല പ്രവർത്തിക്കുക. അവനിൽ വിശ്വസിക്കുന്നവരിലൂടെയാണ്. അവനിൽ വിശ്വസിക്കുന്നവർ അവൻ വഴി പിതാവിലും പിതാവ് അവരിലും വസിക്കുന്നു. നാം യേശുവിൽ വിശ്വസിക്കുകവഴി പിതാവ് നമ്മിലും നാം പിതാവിലും വസിക്കുന്നു. അതിനാൽ യേശുവിൽ വിശ്വസിക്കുന്നവർക്ക് അവൻ ചെയ്ത പ്രവൃത്തി തുടർന്നു ചെയ്യാം. യേശു അവരിലൂടെ പ്രവർത്തിക്കുന്നു. അതിനാൽ അവർക്ക് ആളുകളെ യേശുവിലേക്ക് ആനയിക്കാം.

യേശുമിശിഹായിൽ വിശ്വസിക്കുന്നവരിൽ പരിശുദ്ധാത്മാവും പ്രവർത്തിക്കുന്നു. അതിനാൽ പിതാവിനെ വെളിപ്പെടുത്താനും പിതാവിലേക്ക് ആളുകളെ ആനയിക്കാനും വിശ്വാസികൾക്ക് സാധിക്കുന്നു. പിതാവിലേക്കുള്ള ഏക വഴി യേശുമിശിഹാ തന്നെ. പിതാവിനോട് ബന്ധപ്പെടാനുള്ള വഴിയായി യേശുവിന്റെ ശിഷ്യരെ യോഹന്നാൻ വർണ്ണിക്കുന്നില്ല. എന്നാൽ യേശുക്രിസ്തു ഉത്ഥാനാനന്തര ഘട്ടത്തിൽ അദൃശ്യനാണ്. ഈ അവസ്ഥയിൽ അവന്റെ ശിഷ്യർ അവന്റെ മുക്ത്യാരരായി വർത്തിക്കുന്നു. പരിശുദ്ധാത്മാവ് അവരുടെ കൂടെയും അവരിലും വസിച്ച് യേശുവിന് സാക്ഷ്യം വഹിക്കാൻ അവരെ ശക്തരാക്കുന്നു. അവർ വഴി യേശുവിലേക്ക് വരുന്നവർ പിതാവുമായി ഐക്യത്തിലാകുന്നു (യോഹ 17,20-21). അങ്ങനെ യേശുവിന്റെ ശിഷ്യർ പരിശുദ്ധാത്മ സാന്നിദ്ധ്യത്താലുള്ള പ്രവർത്തനം മൂലം മനുഷ്യർക്ക് പിതാവിലേക്ക് ഉയരാൻ വഴിയായിത്തീരുന്നു. പക്ഷേ നാം ക്രിസ്തുവിനോടും അവൻ വഴി പിതാവിനോടും സഹോദരങ്ങളോടും സ്നേഹൈക്യത്തിലായിരുന്നാൽ മാത്രമേ ആളുകളെ യേശുക്രിസ്തു മുഖാന്തരം പിതാവിലേക്ക് ആനയിക്കാനാവൂ.

### 6. ഗൃഹപാഠം

1. പഴയ നിയമത്തിൽ മാർഗ്ഗം എന്ന പദം എന്തിനെയെല്ലാം സൂചിപ്പിക്കുന്നു?
2. പുതിയ നിയമത്തിൽ മാർഗ്ഗം എന്ന പദം എന്തിനെയെല്ലാം സൂചിപ്പിക്കുന്നു?



3. യോഹന്നാന്റെ സുവിശേഷത്തിൽ മാർഗ്ഗം എന്ന പദം പ്രത്യേകമായി ആരെ ഉദ്ദേശിക്കുന്നു?
4. യേശു എന്തിനാണ് മാർഗ്ഗമായിരിക്കുക.
5. ദൈവസന്നിധിയെ സൂചിപ്പിക്കാൻ യോഹ 14ൽ ഉപയോഗിക്കുന്ന പദങ്ങളും ശൈലികളും ഏവ?
6. യേശു മാർഗ്ഗമായി വർത്തിക്കുന്നത് എങ്ങനെയെല്ലാം?
7. നമുക്ക് എങ്ങനെ യേശുവിനെ മാർഗ്ഗമായി പ്രയോജനപ്പെടുത്താം?
8. യേശുവിന്റെ മഹത്വീകരണശേഷവും യേശു മാർഗ്ഗമായി തുടരുന്നതെങ്ങനെ?
9. ആര് ദൈവത്തെ കണ്ടിട്ടുണ്ട് എന്നാണ് യേശു പറയുക?
10. ദൈവം നമ്മെ എത്രമാത്രം എന്തിനു സ്നേഹിച്ചു? (യോഹ 3,16).
11. യേശുവിന്റെ സ്നേഹത്തിൽ വസിക്കാൻ മാർഗ്ഗമെന്ത്?
12. സ്നേഹം എന്തെന്ന് നമുക്ക് എങ്ങനെ അറിയാം ? (യോഹ 3,16).
13. നമ്മിൽ ദൈവസ്നേഹം കുടികൊള്ളുന്ന അവസ്ഥയേത് (യോ ഹ 3,17).

**പൂരിപ്പിക്കുക**

1. യേശു പറഞ്ഞു, ഞാൻ മാർഗ്ഗവും ... വരുന്നില്ല (1യോഹ 14,6)
2. ദൈവത്തെ ആരും ... വെളിപ്പെടുത്തിയത് (യോഹ. 1,18).
3. സഹോദരനെ സ്നേഹിക്കുന്നതിനാൽ ... (1 യോഹ. 3,15).
4. യേശു പ്രതിവചിച്ചു ... വാസമുറപ്പിക്കയും ചെയ്യും (യോഹ. 1,18).
5. ദൈവം തന്റെ ആത്മാവിനെ ... അറിയുന്നു (1 യോഹ. 4,13).

**പ്രധാന ചോദ്യം**

ദൈവപിതാവുമായി ഇപ്പോൾ നിങ്ങൾ ബന്ധത്തിലാണോ എന്നു പരിശോധിക്കുക. യേശുക്രിസ്തുവുമായി ബന്ധത്തിലാണെങ്കിൽ പിതാവിനോടു ബന്ധത്തിലാണ്. പരിശുദ്ധാത്മാവ് നിങ്ങളോടു കൂടെയും നിങ്ങളിലും ആയിരിക്കുന്നുവെങ്കിൽ നിങ്ങൾ പിതാവിനോട് യേശുക്രിസ്തു വഴി ബന്ധത്തിലാണ്.

# 7 യേശു ജീവന്റെ അപ്പം

(യോഹ 6)

**പാഠക്രമം**

1. ആമുഖം
2. വിശ്വസിക്കുന്നതിന് അടയാളം
3. ഭക്ഷിക്കുന്നതിൽ പൂർണ്ണമാകുന്നു
4. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവന്റെ അപ്പം "ഞാനാകുന്നു"
5. "ഞാനാകന്നു" എന്ന നാമമുള്ളവൻ നല്കുന്ന അപ്പം - അവന്റെ ശരീരം - വിശുദ്ധ കുർബാനയിൽ
6. യേശുവിന്റെ ശരീരം ജീവിക്കുന്ന അപ്പം
7. യേശുവിന്റെ മാംസം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നതിന്റെ സദ്ഫലങ്ങൾ
8. എന്താണ് നമ്മുടെ പ്രത്യുത്തരം?
9. ഗൃഹപാഠം

**1. ആമുഖം**

"അപ്പോൾ അവർ അവനോട് അപേക്ഷിച്ചു: കർത്താവേ, ഈ അപ്പം ഞങ്ങൾക്ക് എപ്പോഴും നല്കേണമേ. യേശു അവരോടു പറഞ്ഞു: ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്ത് വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കയുമില്ല" (യോഹ 6,35).

യേശു അഞ്ച് അപ്പവും രണ്ടു മീനും വർദ്ധിപ്പിച്ച് അയ്യായിരത്തിലേറെയുണ്ടായിരുന്ന ജനാവലിയെ തൃപ്തരാക്കുകയും പന്ത്രണ്ടു കുട്ട അപ്പക്കഷണങ്ങൾ മിച്ചമെടുക്കുകയും ചെയ്തു. ഈ സംഭവം നാലു സുവിശേഷങ്ങളും വിവരിക്കുന്നുണ്ട് (മർക്കോ 6,30-34;മത്താ 14,13-21; ലൂക്കാ 9,10-17;യോഹ. 6,1-15). ഈ കഥ പൊതുവെ എല്ലാവർക്കും അറിയാം. യേശു രണ്ടാമത് ഏഴ് അപ്പവും കുറെ ചെറിയ മത്സ്യവും വർദ്ധിപ്പിച്ച് നാലായിരത്തിനടുത്ത ജനതതിയെ തൃപ്തിപ്പെടുത്തി ഏഴു കുട്ട അപ്പക്കഷണങ്ങൾ മിച്ചമെടുത്ത ഒരു കഥയും മർക്കോസും (8,16) മത്തായിയും (14,32-39) രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പം വർദ്ധിപ്പിച്ചു കൊടുത്ത് ജനത്തെ തീറ്റി തൃപ്തരാക്കിയ ശേഷം താൻ അപ്പം വർദ്ധിപ്പിച്ചു നല്കിയതിന്റെ അർത്ഥം അപ്പത്തെ കേന്ദ്രമാക്കി യേശു വിശദ



മാക്കിക്കൊടുക്കുന്നത് യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേയുള്ളു. യേശു അപ്പം വർദ്ധിപ്പിച്ചു നല്കിയത് അവൻ ചെയ്ത ഒരു അടയാളമാണ്. അത് എന്തിന്റെ അടയാളമാണ് എന്ന് തുടർന്നുള്ള പ്രസംഗത്തിൽ യേശു വ്യക്തമാക്കുന്നു (യോഹ 6,35-58).

യേശു അപ്പം വർദ്ധിപ്പിച്ചു നല്കി വിശന്നിരുന്നവരുടെ വയറ് നിറച്ചു. പക്ഷേ വിശക്കുന്ന വയറുകൾ നിറയ്ക്കുന്ന ഒരു പരിപാടി മാത്രമല്ല യേശു ചെയ്തത്. ദൈവം സ്വർഗ്ഗത്തിൽനിന്ന് അപ്പം നല്കിയിട്ടുള്ളതിന്റെ അടയാളമാണ് യേശു അപ്പം വർദ്ധിപ്പിച്ചു നല്കിയത്. യേശു വർദ്ധിപ്പിച്ചു നല്കിയ അപ്പം സ്വീകരിക്കുന്നവർ ദൈവം സ്വർഗ്ഗത്തിൽനിന്ന് നല്കിയിട്ടുള്ള അപ്പം സ്വീകരിച്ച് അപ്പം സ്വീകരണം പൂർണ്ണമാക്കണം. വയറിന്റെ വിളിക്കു മറുപടിയായ അപ്പം സ്വീകരിക്കുന്നത് ജീവന്റെ അപ്പം സ്വീകരിക്കുന്നതിലേക്ക് നയിക്കണം. യേശു അപ്പം വർ ദ്ധിപ്പിച്ചു നല്കി ജനക്കൂട്ടത്തെ തൃപ്തിപ്പെടുത്തി. വിശക്കുന്ന ജനക്കൂട്ടത്തിന്റെ വയറു നിറയ്ക്കുന്നവൻ മാത്രമെന്ന് യേശുവിനെ ആളുകൾ തെറ്റിദ്ധരിച്ചു. തെറ്റിദ്ധരിച്ച ജനക്കൂട്ടം അവനെ ഭരണാധികാരിയാക്കാൻ വന്നു. അവൻ അവരെ ഒഴിഞ്ഞുമാറി മലമുകളിലേക്കു പിൻവാങ്ങി (6,15). മലമുകളിലേക്ക് കയറിപ്പോയത് അപ്പം നല്കിയ യേശുവിന്റെയും അവൻ നല്കിയ അപ്പത്തിന്റെയും ഔന്നത്യം സൂചിപ്പിക്കുന്നതാവും. മരുഭൂമിയിൽ വിശന്നു വലഞ്ഞ ഇസ്രായേൽജനത്തിന് കർത്താവിൽ നിന്ന് അപ്പം ലഭ്യമാക്കിയ ശേഷം (പുറ 16) നിയമങ്ങൾ സ്വീകരിക്കാൻ മോശ മലയിലേക്ക് - ദൈവസന്നിധിയിലേക്ക് - കയറിപ്പോയി (പുറ 19,3 മുതൽ). മോശ മലയിൽ ദൈവസന്നിധിയിൽ ആയിരുന്നു. അതുപോലെ യേശുവും മലയിൽ പിതാവുമായുള്ള ഐക്യത്തിൽ കഴിഞ്ഞു (യോഹ. 8,1).

താൻ അപ്പം വർദ്ധിപ്പിച്ചു നല്കിയതിന്റെ അർത്ഥം യേശു പിറ്റേ ദിവസം കഫർണാമിൽ വിശദമാക്കി. തന്നെ അന്വേഷിച്ച് അവിടെയെത്തിയ ജനക്കൂട്ടത്തോടാണ് യേശു വിശദീകരിച്ചത്. അവർ അവിടെഎത്തിയതിന്റെ കഥയ്ക്കിടയിൽ യേശുവിന്റെ ദൈവികതയും കർതൃത്വവും വെളിപ്പെടുത്തുന്ന സംഭവങ്ങളുണ്ട്. അതൊക്കെ യോഹന്നാൻ വിവരിക്കുന്നു.

സന്ധ്യ വരെ യേശു മലയിറങ്ങിയില്ല. അവനെ കാണാഞ്ഞ് ശിഷ്യന്മാർ വള്ളത്തിൽ തിബേരിയോസ് കടലിന്റെ അക്കരെ കഫർണാമിലേക്ക് പുറപ്പെട്ടു. ഇരുട്ടിത്തുടങ്ങിയിരുന്നു. ശക്തിയേറിയ കാറ്റും അടിച്ചിരുന്നു. എന്നിട്ടും ശിഷ്യന്മാർ അഞ്ചാറ് കിലോമീറ്റർ വള്ളം വലിച്ചു അപ്പോൾ യേശു കടലിന്മീതെ നടന്ന് വള്ളത്തെ സമീപിക്കുന്നത് അവർ കണ്ടു. പക്ഷേ അവർ ഭയപ്പെട്ടു. യേശു പറഞ്ഞു: "ഞാനാണ്, ഭയപ്പെടേണ്ട." "ഞാനാണ്" എന്നത് ദൈവത്തിന്റെ പേരാണ് (പുറ 12,12;3,13 -15). പൂർവ്വപിതാക്കന്മാരോടുള്ള വാഗ്ദാനപ്രകാരം അടിമത്തത്തിൽ നിന്ന് ഇസ്രായേലിനെ മോചിച്ച ദൈവത്തിന്റെ പേരാണ് "ഞാനാണ്."

കടലിനെ കാല്ക്കീഴാക്കിയും വെള്ളത്തെ തന്റെ ആജ്ഞയ്ക്ക് അധീന പ്പെടുത്തിയുമാണല്ലോ ദൈവമായ കർത്താവ് ഇസ്രായേലിനെ മോചിപ്പി ച്ചത്. ശിഷ്യരെ ഭയപ്പെടുത്തിയ കടലിനെ കാല്ക്കീഴാക്കി നടന്നുവന്ന് യേശു അവരെ ഭയപ്പാടിൽ നിന്ന് രക്ഷിച്ചു. അവൻ തന്റെ പിന്നാലെ വരുന്നവരെ പരിപാലിക്കുന്ന ദൈവമാണ്. ഇസ്രായേലിനുവേണ്ടി കട ലിനെ കീഴടക്കിയ കർത്താവിന്റെ രക്ഷാകര പ്രവൃത്തി യേശു തന്റെ ശിഷ്യർക്കു വേണ്ടി തുടരുകയും പൂർത്തിയാക്കയും ചെയ്യുന്നു. ദൈവ മായ കർത്താവുമാണ് താൻ എന്ന് യേശു ശിഷ്യർക്ക് സൂചന നല്കി. അവനെ വള്ളത്തിൽ കയറ്റാൻ അവർ ആഗ്രഹിച്ചു. പക്ഷേ സാധിച്ചില്ല. പെട്ടെന്ന് വള്ളം അവർ ലക്ഷ്യമിട്ടിരുന്ന മറുകരയെത്തി.

പിറ്റേ ദിവസം ജനങ്ങൾ യേശുവിനെ തേടിയിറങ്ങി. അപ്പം അത്ഭു തകരമായി വർദ്ധിപ്പിച്ച് തങ്ങളുടെ വയറ് നിറച്ചതുകൊണ്ടാണ് അവർ അവനെ അന്വേഷിച്ചത്. യേശു ശിഷ്യന്മാരോടുകൂടെ വള്ളത്തിൽ ഇല്ലാ യിരുന്നുവെന്ന് അവർ അറിഞ്ഞു. തലേ ദിവസം യേശു അപ്പം വർദ്ധി പ്പിച്ച സ്ഥലത്തു നിന്നും ആളുകൾ വന്നു. യേശുവോ ശിഷ്യരോ അവി ടെയില്ലെന്ന് വന്നവർ പറഞ്ഞു. ഉടനെ ജനക്കൂട്ടം കഫർണാമിലേക്ക് തിരിച്ചു. അവിടെ അവനെ കണ്ടു. ''ഗുരോ, നീ എപ്പോഴാണ് ഇവിടെ എത്തിയത്?'' അവരുടെ ആകാംക്ഷാഭരിതമായ ചോദ്യം.

അവരുടെ ഈ അന്വേഷണം യേശു മുതലെടുത്തു. അപ്പം വർദ്ധി പ്പിച്ചു കൊടുത്തതിന്റെ അർത്ഥം പറഞ്ഞുകൊടുക്കാൻ അവസരമാക്കി. അപ്രകാരം നല്കിയ വിശദീകരണമാണ് യോഹ 6,35-58ലുള്ള പ്രസംഗം.

യോഹ 6,35-58ലെ പ്രസംഗം ജീവന്റെ അപ്പത്തെക്കുറിച്ചുള്ള നീണ്ടൊരു ധ്യാനമത്രേ. പ്രസംഗത്തിനു പശ്ചാത്തലവും സാഹചര്യ വുമാണ് യേശു അപ്പം വർദ്ധിപ്പിച്ച സംഭവും (യോഹ 6, 1-15) അവൻ തടാകത്തിനു മീതെ നടന്നതും (6,16-21) ജനക്കൂട്ടം അവന്റെ അടുത്തേക്ക് വന്നതും (6,22-24). 6,25-34 ജീവന്റെ അപ്പത്തെക്കുറിച്ചുള്ള ഈ പ്രഭാ ഷണത്തിന് ആമുഖമാണ്. ചുരുക്കത്തിൽ, തന്റെ പക്കലേക്കു വന്ന വലിയ ജനാവലിയുടെ വിശപ്പ് യേശു അഞ്ചപ്പവും രണ്ടു മീനും വർദ്ധി പ്പിച്ചു നല്കി ശമിപ്പിച്ചു. അവൻ അപ്രകാരം ചെയ്തത് അവരുടെ വയറ് നിറയ്ക്കാൻ മാത്രമായി ചെയ്ത ''അത്ഭുതം'' അല്ല. ജീവന്റെ അപ്പം അവർക്കിടയിൽ ദൈവം ലഭ്യമാക്കിയിട്ടുണ്ടെന്നതിന്റെ അടയാളമാണ്. ശാരീരിക ജീവൻ നിലനിർത്താൻ അപ്പം (ഭക്ഷണം) വേണം. നിത്യജീ വൻ നിലനിർത്താൻ ദൈവം നല്കിയ, സ്വർഗ്ഗത്തിൽനിന്നിറങ്ങിയ, ജീവന്റെ അപ്പം സ്വീകരിക്കണം.

### 2. വിശ്വസിക്കുന്നതിന് അടയാളം

യേശു അപ്പം വർദ്ധിപ്പിച്ചത് അവൻ ചെയ്ത ഒരു അടയാളം ആകുന്നു. അടയാളം ചെയ്തത് അത് കാണുന്നവർ അവനിൽ വിശ്വസിക്കാനാണ് (യോഹ 20,30-31; 2,11). സ്വർഗ്ഗത്തിൽനിന്നു വന്ന ജീവന്റെ അപ്പമായ



യേശുവിൽ മനുഷ്യർ വിശ്വസിക്കാൻ ഒരു അടയാളമാണ് അവൻ അപ്പം വർദ്ധിപ്പിച്ചത്. ''വിശ്വസിക്കുക'' എന്ന ക്രിയാപദം ഒമ്പതു തവണ 6-ാം അദ്ധ്യായത്തിലുണ്ട് (വാക്യ 29.30.35.36.40.47.64.69). പ്രസംഗത്തിന്റെ ആമുഖം മുതൽ (ഉദാ: 6,29) അവസാനം വരെ (6,69) ഉണ്ട്. ''വിശ്വസി ക്കുക'' എന്ന പ്രതികരണം വളരെ പ്രധാനമായ പ്രമേയമാണ് 6-ാം അദ്ധ്യായത്തിൽ. ''വിശ്വസിക്കുക''യ്ക്ക് പര്യായമായി ''എന്റെ (യേശു വിന്റെ) പക്കൽ വരിക''യുമുണ്ട് (6,35.37.44.45.65). ഈ ശൈലി യേശു വിൽ വിശ്വസിക്കുന്നതിന്റെ ചലനാത്മകതയെ സൂചിപ്പിക്കുന്നു. യേശു വിലേക്ക് നമ്മെ ഏല്പിച്ചു കൊടുക്കുന്ന നമ്മുടെ പ്രതികരണകർമ്മ മാണ് അവനിൽ വിശ്വസിക്കുക. യേശുവിൽ വിശ്വസിക്കുക ദൈവഹിതം അനുസരിച്ചുള്ള നമ്മുടെ പ്രവൃത്തിയാണ് (6,29.40). അതേ സമയം അത് ദൈവത്തിന്റെ ദാനമാണ് (6,37.39.44.45.65). അത് സ്വീകരിക്കാത്തവരെ (വിശ്വസിക്കാത്തവരെ) യേശു ശാസിക്കുന്നു (6,26-30.41-43.60-63).

### 3. ഭക്ഷിക്കുന്നതിൽ പൂർണ്ണമാകുന്നു

സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന അപ്പത്തിൽ വിശ്വസിക്കുക പൂർണ്ണമാകുന്നത് ആ അപ്പം ഭക്ഷിക്കുമ്പോഴാണ്. ജീവന്റെ അപ്പത്തെ ക്കുറിച്ചുള്ള പ്രഭാഷണത്തിന് രണ്ടു ഭാഗങ്ങളുണ്ട്: 6,35-50: ഒന്നാം ഭാഗം; 6,51-58: രണ്ടാം ഭാഗം. ഒന്നാം ഭാഗത്ത് ''വിശ്വസിക്കുക'' എന്ന ക്രിയയും അതിന്റെ സമാന്തരമായി ''എന്റെ പക്കൽ വരിക'' എന്ന ക്രിയയുമാണ് ഉപയോഗിച്ചിട്ടുള്ളത്. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന ജീവനുള്ള (ജീ വിക്കുന്ന) അപ്പമായ യേശുവിൽ വിശ്വസിക്കുക / അവന്റെ പക്കലേക്ക് വരിക.

പ്രഭാഷണത്തിന്റെ രണ്ടാം ഭാഗത്ത് ''ഭക്ഷിക്കുക,'' ''പാനം ചെയ്യുക,'' ''മാംസം,'' ''രക്തം,'' ''പോഷിപ്പിക്കുക'' എന്നിങ്ങനെയുള്ള പദാവലിയാണ്. അതായത്, സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പ മായ യേശുവിൽ വിശ്വസിക്കുക എന്ന നമ്മുടെ പ്രതികരണം പൂർണ്ണമാ കുക പ്രസ്തുത അപ്പം ഭക്ഷിക്കുകയും അപ്പത്തിന്റെ രക്തം കുടിക്കു കയും അത് നമ്മെ പോഷിപ്പിക്കുകയും ചെയ്യുമ്പോഴാണ്.

### 4. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പം ആര്?

''സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവന്റെ (ജീവനുള്ള അപ്പം) ഞാനാ കുന്നു'' എന്ന് യേശു നാലു പ്രാവശ്യം പ്രഭാഷണത്തിൽ പ്രസ്താവി ക്കുന്നുണ്ട് (6,35. 41.48.51). അതിനു സമാനമായ മറ്റ് പ്രസ്താവങ്ങളുണ്ട്: ''ദൈവത്തിന്റെ അപ്പം'' (6,33), ''സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ'' അപ്പം (6,50.58). ''സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ'' എന്ന വിശേഷണം ഏഴ് പ്രാവശ്യം ഈ പ്രഭാഷണത്തിൽ ഉണ്ട് (6,31. 33.36.41.50.51.58). യേശു വാണ് സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പം. ഇക്കാര്യം തറപ്പിച്ചു പറയാൻ സ്വർഗ്ഗത്തിൽ നിന്നിങ്ങിയ അപ്പത്തെക്കുറിച്ച് യഹൂദർക്കുണ്ടായിരുന്ന ധാരണ യേശു തിരുത്തുന്നു. ഇസ്രായേല്ക്കാർ മരുഭൂമിയിലൂടെ യാത്ര

ചെയ്തപ്പോൾ വിശന്നു വലഞ്ഞു. ജനത്തിന് അപ്പത്തിനുവേണ്ടി മോശ കർത്താവിനോടു യാചിച്ചു. കർത്താവ് പ്രാർത്ഥനയ്ക്ക് മറുപടി നല്കി: മന്നായും കാടപ്പക്ഷിയും നല്കി (പുറ 16). കർത്താവ് മോശ മുഖാന്തരം സ്വർഗ്ഗത്തിൽ നിന്നു വർഷിച്ച മന്നാ മോശ നല്കിയ അപ്പമെന്ന് യഹൂദർ വിലമതിച്ചു. യേശു പറഞ്ഞു: മരുഭൂമിയിൽ സ്വർഗ്ഗത്തിൽനിന്ന് മന്നാ തന്നത് മോശയല്ല, തന്റെ പിതാവാണ്. ആ പിതാവ് സ്വർഗ്ഗത്തിൽ നിന്ന് യഥാർത്ഥ അപ്പം തരുന്നു. ഈ യഥാർത്ഥ അപ്പം, ദൈവത്തിന്റെ അപ്പം, സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് ലോകത്തിനു ജീവൻ നല്കുന്നതാണ്. ലോകത്തിനു ജീവൻ നല്കുന്ന ദൈവത്തിന്റെ അപ്പം തന്നിൽ വിശ്വസിക്കുന്ന സകലരെയും പിതൃഹിതപ്രകാരം ജീവിപ്പിക്കുന്ന (സകലർക്കും നിത്യജീവൻ നല്കുന്ന) യേശുക്രിസ്തുവാകുന്നു (6,25-40).

**സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ജീവനുള്ള (ജീവിക്കുന്ന) അപ്പം "ഞാനാകുന്നു"**

അപ്പം വർദ്ധിപ്പിച്ചു നല്കിയ അടയാളം പ്രവർത്തിച്ചശേഷം അന്നു രാത്രി യേശു കടലിനു മീതേ നടന്ന് ശിഷ്യന്മാർ യാത്രചെയ്തിരുന്ന വള്ളത്തെ സമീപിച്ചു. അതു കണ്ട് ശിഷ്യന്മാർ ഭയപ്പെട്ടു. അപ്പോൾ യേശു അവരോടു പറഞ്ഞു: "ഞാനാകുന്നു; ഭയപ്പെടേണ്ട" (യോഹ 6,20). അവനെ വള്ളത്തിൽ കയറ്റാൻ അവർ ആഗ്രഹിച്ചെങ്കിലും അവൻ കയറുന്നതിനു മുമ്പേ പെട്ടെന്ന് വള്ളം ലക്ഷ്യം വച്ചിരുന്ന കരയ്ക്ക് എത്തിച്ചേർന്നു.

"ഞാനാകുന്നു" എന്ന് യേശു ശിഷ്യന്മാരോട് പറഞ്ഞല്ലോ. "ഞാനാകുന്നു" എന്നത് ഇസ്രായേലിനെ മോചിപ്പിക്കാൻ പ്രവർത്തിക്കുന്ന ദൈവത്തിന്റെ പേരാണ് (പുറ 12,12; 3,13-15) എന്ന കാര്യം മുകളിൽ അനുസ്മരിച്ചു. യേശു ദൈവനാമധാരിയാണ്. അവൻ ക്ഷോഭിച്ചിരുന്ന കടലിന്മീതെ നടന്ന് ശിഷ്യന്മാരെ ആശ്വസിപ്പിച്ചു. അത് ഇസ്രായേൽക്കാർക്ക് നടന്നുപോകാൻ കർത്താവ് ചെങ്കടലിൽ പാതയൊരുക്കിയത് അനുസ്മരിപ്പിക്കുന്നു. കർത്താവ് ചെങ്കടലിനെ കീഴടക്കി. ക്ഷോഭിച്ച് ശിഷ്യന്മാരെ ഭയപ്പെടുത്തിയ കടലിനെ യേശു കീഴടക്കി അവരെ ആശ്വസിപ്പിച്ചു. ഈ വിവരണങ്ങൾ ഇസ്രായേലിനെ ചെങ്കടലിലൂടെ കർത്താവ് നടത്തിയത് വർണ്ണിക്കുന്ന സങ്കീർത്തന വചനങ്ങളെയും അനുസ്മരിപ്പിക്കുന്നു: "നിന്റെ വഴി കടലിന്മീതെയായിരുന്നു; നിന്റെ പാത പെരുവെള്ളത്തിന്മീതെയും; എന്നിട്ടും നിന്റെ കാല്പാടുകൾ കാണപ്പെട്ടില്ല" (സങ്കീ 77,19). ചെങ്കടലിലൂടെയുള്ള ഇസ്രായേലിന്റെ പുറപ്പാടിനെക്കുറിച്ചുള്ള ഇത്തരം കാവ്യാത്മക വർണ്ണനകൾ മറ്റ് കീർത്തനങ്ങളിലുമുണ്ട്. ഉദാ: സങ്കീ 29,3: "കർത്താവ് പെരുവെള്ളത്തിന്മീതേ സിംഹാസനസ്ഥനായിരിക്കുന്നു." "മോചിതർക്കു കടന്നു പോകാൻ സമുദ്രത്തിന്റെ ആഴത്തിൽ പാതയൊരുക്കിയതും നീയല്ലോ" എന്ന് ഇസ്രായേൽ ഗാനമാലപിച്ചു (ഏശ 51,10). "തിരമാലകൾ അലറുംവിധം കടലിനെ ക്ഷോഭിപ്പിക്കുന്ന ദൈവമായ കർത്താവ്" എന്ന വർണ്ണനയോടു ചേർത്ത് തന്റെ നാമം കർത്താവ് പ്രഖ്യാപിക്കുന്നതും ഏശ 51,15ലുണ്ട്.



(പെസഹാപ്പെരുന്നാളിൽ സിനഗോഗിൽ വായിച്ചിരുന്ന ഒരു തിരുഗ്രന്ഥ ഭാഗമാണ് ഏശ 51,1-16). ചിന്തയിലും അവതരണശൈലിയിലും 107-ാം സങ്കീർത്തനവും യോഹ. 6-ാം അദ്ധ്യായവുമായി വളരെ നല്ല പൊരുത്തമുണ്ട്. 107-ാം സങ്കീർത്തനം ഇപ്പറയുന്ന സംഭവങ്ങൾ നിരത്തുന്നു: മരുഭൂമിയിൽ ജനം വിശന്നു വലഞ്ഞു (വാക്യ 4-5). അവരെ വിശിഷ്ട വിഭവങ്ങൾ കൊണ്ട് കർത്താവ് സംതൃപ്തരാക്കി (വാക്യ 9). ചിലർ കപ്പലുകളിൽ കടലിൽ പുറപ്പെട്ടു (വാക്യ 23). കർത്താവ് സമുദ്രത്തിൽ കൊടുങ്കാറ്റ് വീശിച്ച് തിരമാലകളുയർത്തി (വാക്യ 25). ആടിയുലഞ്ഞ അവർ കർത്താവിനോടു നിലവിളിച്ചു (വാക്യ 27-28). അവൻ അവരെ വിടുവിച്ച് കടലിനെ ശാന്തമാക്കി അവരാഗ്രഹിച്ച തീരത്ത് അവരെ എത്തിച്ചു (വാക്യ 28-30). ഇവയെല്ലാം യേശു പൂർത്തിയാക്കിയെന്ന് യോഹ 6ലെ വിവരണത്തിൽ പ്രതിഫലിക്കുന്നുണ്ട്. സങ്കീ 107 ഇസ്രായേലിന്റെ മോചനത്തെപ്പറ്റി പൊതുവായ ശൈലിയിൽ ഒരു വർണ്ണനയാണ്. ഇസ്രായേലിന്റെ മോചനമാണല്ലോ പെസഹായുടെ അനുസ്മരണാഘോഷത്തിന്റെ വിഷയം.

കർത്താവ് ചെങ്കടൽ കടത്തിയശേഷം ഇസ്രായേലിന് സ്വർഗ്ഗത്തിൽ നിന്ന് മന്നാ നല്കി. യേശു കടലിന്മീതെ നടന്ന് ശിഷ്യന്മാരെ ഭയത്തിൽനിന്ന് മോചിപ്പിച്ച് അക്കരെ എത്തിച്ചശേഷം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന യഥാർത്ഥ അപ്പത്തെക്കുറിച്ച് പ്രസംഗിച്ചു. പ്രസ്തുത അപ്പം "ഞാനാകുന്നു" എന്ന നാമം ഉള്ളവനാണ്.

അപ്പം നല്കുന്നതിൽ യേശു മോശയെപ്പോലെ പെരുമാറുന്നുണ്ട്. വലിയ ജനാവലി തന്നെ അനുഗമിച്ചപ്പോൾ യേശു മലയിലേക്കു കയറി (യോഹ 6,3). അത് മോശ മലയിലേക്കു കയറിപ്പോയത് അനുസ്മരിപ്പിക്കുന്നു (പുറ 19,2-3.20;24,15). വലിയ ഒരു ജനാവലി തന്റെ അടുത്തേക്ക് വരുന്നതു കണ്ട് യേശു ഫീലിപ്പോസിനോടു ചോദിച്ചു: "ഇവർക്കു ഭക്ഷിക്കാൻ നാം എവിടെനിന്ന് അപ്പം വാങ്ങും?" (യോഹ 6,7). ഈ ചോദ്യത്തിന് സംഖ്യ 11,13ൽ രേഖപ്പെടുത്തിയിട്ടുള്ള മോശയുടെ ചോദ്യവുമായി സാമ്യമുണ്ട്. മരുഭൂമിയിൽ വിശന്നു വലഞ്ഞപ്പോൾ ഇസ്രായേൽജനം പിറുപിറുത്തു. അപ്പോൾ മോശ കർത്താവിനോടു കയർത്തു കുറെ ചോദ്യങ്ങൾ ഒന്നിനുപിറകേ ഒന്നായി ചോദിച്ചു. കൂട്ടത്തിൽ ഇങ്ങനെയുമുണ്ട്: "ഈ ജനത്തിനെല്ലാം തിന്നാൻ മാംസം എവിടെ കിട്ടും?" "അവർക്കു തൃപ്തിയാകുവോളം കടലിലെ മത്സ്യത്തെ ഒരുമിച്ചു കൂട്ടുമോ?" എന്നും മോശ കർത്താവിനോട് ചോദിച്ചു (സംഖ്യ 11,22). അതിന്റെ ഉത്തരം യേശു നല്കി എന്നും സുവിശേഷകൻ സൂചിപ്പിക്കുന്നു. അവൻ രണ്ട് ഉണങ്ങിയ മത്സ്യംകൊണ്ട് വലിയ ജനാവലിയെ തൃപ്തിപ്പെടുത്തി.

ദൈവപുരുഷനായ ഏലിഷായെ അനുസ്മരിപ്പിക്കുന്ന കാര്യങ്ങളും യോഹ 6ലുണ്ട്. 2 രാജ 4,42-44ൽ വിവരിക്കുന്ന ഏലിഷാക്കഥയോട് വളരെയടുത്ത സാമ്യമുണ്ട് യോഹ 6,9-13ലെ വിവരണങ്ങൾക്ക്. ''ബാൽഷാലിഷായിൽ നിന്ന് ഒരാൾ ആദ്യഫലങ്ങൾ കൊണ്ടുണ്ടാക്കിയ കുറെ അപ്പവും ഇരുപതു ബാർലിയപ്പവും കുറെ പുതിയ ധാന്യക്കതിരുകളും സഞ്ചിയിലാക്കി കൊണ്ടുവന്നു ദൈവപുരുഷനു കൊടുത്തു. അപ്പോൾ ഏലിഷാ പറഞ്ഞു: അത് ഇവർക്ക് കൊടുക്കുക. അവർ ഭക്ഷിക്കട്ടെ. ഭൃത്യൻ ചോദിച്ചു: നൂറ് ആളുകൾക്കായി ഇത് ഞാൻ എങ്ങനെ പങ്കുവയ്ക്കും? അവൻ ആവർത്തിച്ചു: കൊടുക്കുക, അവർ ഭക്ഷിക്കട്ടെ. എന്തെന്നാൽ, കർത്താവ് അരുളിചെയ്യുന്നു, അവർ ഭക്ഷിക്കയും മിച്ചം വരികയും ചെയ്യും. ഭൃത്യൻ അത് അവർക്കു വിളമ്പി. കർത്താവ് അരുളി ചെയ്തതു പോലെ അവർ ഭക്ഷിച്ചു; മിച്ചം വരികയും ചെയ്തു.''

യേശു മോശയെപ്പോലെയും ഏലിഷായെപ്പോലെയും പെരുമാറുന്നെങ്കിലും അവൻ മോശയും ഏലിഷായും, അല്ലെങ്കിൽ കേവലമൊരു പ്രവാചകൻ, അല്ല. യേശു പ്രവാചകനാണ് എന്ന് യോഹന്നാൻ വളരെ താത്പര്യത്തോടെ സാക്ഷിക്കുന്നുണ്ട് (യോഹ 1,25;4-19;7,40-52;9,17). യേശു മോശയെക്കാൾ വലിയവനാണ് (യോഹ 6,33.35.41.48-49.58). മോശ പ്രവചിച്ച യുഗാന്ത്യ പ്രവാചകനാണ് (നിയമ 18,15) യേശു. മോശ മരുഭൂമിയിൽ നല്കിയ മന്നാ ഭക്ഷിച്ചവർ മരിച്ചു. എന്നാൽ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയ ജീവനുള്ള അപ്പമായ യേശുവിൽനിന്ന് ഭക്ഷിക്കുന്നവർ എന്നേക്കും ജീവിക്കും. നിത്യജീവന്റെ അപ്പം നല്കുന്നവനാണ് യേശു (യോഹ 6,48-59).

യേശുമിശിഹാ രാഷ്ട്രീയ മിശിഹായുമല്ല. അപ്പം തിന്ന ജനം ഇക്കാര്യത്തിലും യേശുവിനെ തെറ്റിദ്ധരിച്ചു. യേശു അപ്പം വർദ്ധിപ്പിച്ച് ജനക്കൂട്ടത്തെ തീറ്റി സംതൃപ്തരാക്കി മിച്ചവുമെടുത്തപ്പോൾ അവർ അവനെ ബലമായി പിടിച്ച് രാജാവാക്കാൻ ഒരുങ്ങി (യോഹ 6,15). ദാവീദുവംശജനായ മിശിഹാ (അഭിഷിക്തനായ) രാജാവ് പെസഹായിൽ വരുമെന്ന് ചില യഹൂദർ പ്രതീക്ഷിച്ചിരുന്നതിലാവാം അങ്ങനെ തുനിഞ്ഞത്. യേശു ഭൂമിയിൽനിന്ന് അപ്പം ഉളവാക്കുന്ന യഥാർത്ഥ രാജാവാണ് (നിയമ 8,10). അവൻ ഇസ്രായേലിന്റെ രാജാവാണ് (യോഹ 11,13;19,14.19). പക്ഷേ അവന്റെ രാജ്യം ഐഹികമല്ല (യോഹ 18,36). ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള അനുഗ്രഹസമൃദ്ധിയിൽ (സങ്കീ 37,19; 81,16;132,15) ജനത്തെ സംതൃപ്തരാക്കുന്നവനാണ്. പുതിയ പുറപ്പാടിലെ യാത്രികർക്ക് ഉന്നതങ്ങളിൽ മേച്ചില്പുറം ഒരുക്കി അവരുടെ വിശപ്പും ദാഹവും അകറ്റുന്നവനാണ് (ഏശ 49,9-11). അവൻ അവരെ ''തഴച്ച പുല്പ്രദേശത്ത്'' (യോഹ 6,10; 10,9) തീറ്റിപ്പോറ്റുന്ന നല്ലയിടനായ കർത്താവാണ് (യോഹ 6,10;10,9;സങ്കീ 23,1-2). യേശു തന്നെ അപ്പവും മീനും വിളമ്പിക്കൊടുത്തു (യോഹ 6,11). അവൻ ''ഞാനാകുന്നു.''



### 5. ''ഞാനാകുന്നു'' എന്ന നാമം ഉള്ളവൻ നല്കുന്ന അപ്പം അവന്റെ ശരീരം

യഹൂദരുടെ പെസഹാക്കാലത്ത് യേശു മലമുകളിൽ തന്നെ അനുഗമിച്ച് തന്റെ അടുത്തേക്കു വന്ന വലിയ ജനാവലിക്ക് അപ്പം വർദ്ധിപ്പിച്ച് നല്കി. അവൻ മെച്ചമായ പുല്പുറങ്ങളിൽ അപ്പം സമൃദ്ധമായി നല്കി തന്റെ ആടുകളെ യുഗാന്ത്യ നന്മകളാൽ സംതൃപ്തരാക്കുന്ന നല്ലയിടയനാണ്. തന്റെ ശിഷ്യഗണത്തിനു നേരെ അലറിയുയർന്ന കടലിനെ കാല്ക്കീഴാക്കി അവരെ വിടുവിച്ച ദൈവനാമധാരിയാണ്. പെസഹാക്കാലത്ത് അപ്പം നല്കുന്നവൻ പടവിൽ ലക്ഷ്യമായ തീരത്തേക്കു യാത്ര ചെയ്യുന്ന ശിഷ്യരുടെ പക്കലേക്ക് ''ഞാനാകുന്നു'' എന്നുച്ചരിച്ച് വന്ന് അവരെ രക്ഷിക്കുന്നവനാകുന്നു. സ്വർഗ്ഗത്തിൽനിന്ന് പിതാവ് നല്കിയതിനാൽ അവിടെ നിന്നിറങ്ങിവന്ന ജീവന്റെ അപ്പമാണ് അവൻ. ''ഞാനാകുന്നു'' എന്ന നാമമുള്ള അവൻ നിത്യജീവന്റെ അപ്പമായി നല്കുന്നത് തന്റെ മാംസമാണ് (ശരീരമാണ്). ''ലോകത്തിനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാകുന്നു'' (യോഹ 6,51). ഈ പ്രസ്താവം ''ഇത് നിങ്ങൾക്കു വേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാകുന്നു'' എന്ന് ലൂക്കായുടെ സുവിശേഷത്തിൽ ഉള്ളതിന് സമാന്തരമാണ്. വിശുദ്ധ കുർബാനയുടെ യാഥാർത്ഥ്യം അത് ''ഞാനാകുന്നു'' എന്ന ദൈവികനാമം ധരിച്ചിരിക്കുന്ന യേശുക്രിസ്തുവിന്റെ മാംസവും (ശരീരവും) രക്തവുമാകുന്നു എന്ന് യോഹന്നാൻ സുവിശേഷകന് തീർച്ചയാണ്.

### *എവുഖരിസ്തിയാ*യിൽ (വിശുദ്ധ കുർബാനയിൽ)

''ഞാനാകുന്നു'' എന്ന ദൈവനാമമുള്ള യേശുക്രിസ്തു തന്റെ ശരീരവും രക്തവുമായി നിത്യജീവന്റെ അപ്പം നല്കുന്ന സംഭവത്തെയാണ് (രഹസ്യത്തെയാണ്) സഭ യൂഖറിസ്റ്റ് (*എവുഖരിസ്തിയ*) - വിശുദ്ധ കുർബാന - എന്നു വിളിക്കുക. സുവിശേഷത്തിലുള്ള പ്രകാരം യോഹ 6 *എവുഖരിസ്തിയാ*യിൽ ലഭിക്കുന്ന നിത്യജീവന്റെ അപ്പത്തെക്കുറിച്ചുള്ള ഒരു ധ്യാനപ്രസംഗമാണ്. ഇസ്രായേലിന്റെ മോചനം, കർത്താവ് അവർക്കു വേണ്ടി കടലിനെ കീഴടക്കിയത്, അവർക്ക് മരുഭൂമിയിൽ മന്നാ നല്കിയത്, മോശയുടെ പ്രവൃത്തികളെ അനുസ്മരിപ്പിക്കുന്ന യേശുവിന്റെ പ്രവൃത്തികൾ, പെസഹാക്കാലബന്ധം എന്നിവയെല്ലാം ക്രിസ്തീയ *എവുഖരിസ്തിയ*യുടെ പഴയ നിയമ മൂലങ്ങൾ അനുസ്മരിപ്പിക്കുന്നു. മോശയുടെ മദ്ധ്യസ്ഥതയിൽ ദൈവം ഇസ്രായേലിന് നല്കിയ വിടുതൽ യേശുമിശിഹായിലൂടെ ശിഷ്യർക്കു ലഭിച്ച രക്ഷയിൽ പൂർത്തിയാകുന്നു. അതിന്റെ അനുസ്മരണയാണ് *എവുഖരിസ്തിയ*. തഴച്ച പുല്പ്രദേശത്തെയും അപ്പം തിന്നു തൃപ്തരായതിനെയും കുറിച്ചുള്ള പരാമർശങ്ങൾ *എവുഖരിസ്തിയാ*യുടെ യുഗാന്ത്യപരതയിലേക്കും വിരൽ ചൂണ്ടുന്നു. ക്രിസ്തീയ *എവുഖരിസ്തിയ* യഹൂദർക്ക്, അല്ലെങ്കിൽ ഏതെങ്കിലുമൊരു പ്രത്യേക ജനവിഭാഗത്തിനു വേണ്ടി, മാത്രമുള്ളതല്ല. ''വിജാതിയർ'' എന്ന് യഹൂദർ വേർതിരിച്ചു

നിർത്തിയവർക്കു വേണ്ടിയും ഉള്ളതാണ് എന്ന് മിച്ചമെടുത്ത പന്ത്രണ്ടു കുട്ട അപ്പക്കഷണങ്ങളിലൂടെ സുവിശേഷകൻ സൂചിപ്പിക്കുന്നുണ്ടാവും. പന്ത്രണ്ട് കുട്ട അപ്പക്കഷണങ്ങൾ പന്ത്രണ്ട് അപ്പോസ്തലന്മാരെയും സൂചിപ്പിക്കാം. അവരിലൂടെയാണല്ലോ വിജാതിയർക്ക് യേശുവിന്റെ ശരീരമായി നിത്യജീവന്റെ അപ്പം ലഭിച്ചത്. വിജാതിയർക്കുവേണ്ടിയും സ്വർഗ്ഗത്തിൽ നിന്നുള്ള മന്നാ കരുതിവച്ചിട്ടുണ്ട്.

യേശു അപ്പം വർദ്ധിപ്പിച്ചതിന്റെ വിവരണത്തിലും അപ്പം വർദ്ധിപ്പിച്ച് നല്കിയതിന്റെ അർത്ഥം വിശദീകരിച്ച് കഫർണാമിലെ സിനഗോഗിൽ നടത്തിയ പ്രഭാഷണത്തിലും (പ്രഭാഷണത്തിന്റെ രണ്ടാം ഭാഗം 6,51-58) *എവുഖറിസ്തിയാ*പരമായ മറ്റ് അനേകം കാര്യങ്ങളുണ്ട്. (അവ അനേകം വേദപണ്ഡിതർ ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്).

(ഒന്ന്) *പെസഹായുടെ പശ്ചാത്തലം*: യേശു അപ്പം വർദ്ധിപ്പിച്ച് ജനത്തിന് നല്കിയത് പെസഹായുടെ ആഘോഷത്തോടു ബന്ധപ്പെട്ടാണ് (6,4). പെസഹായുടെ അത്താഴത്തിൽ യേശു *എവുഖറിസ്തിയ* സ്ഥാപിച്ചു എന്നാണല്ലോ സമാന്തര സുവിശേഷങ്ങളും വിവരിക്കുക.

(രണ്ട്) *ബാർലിയപ്പം*: ഗോതമ്പപ്പമായിരുന്നു സാധാരണ ഭക്ഷണം. ബാർലിയപ്പം വില കുറഞ്ഞതായിരുന്നു. പാവപ്പെട്ടവരുടെ ഭക്ഷണമായിരുന്നു. ബാർലിക്കൊയ്ത്തിന്റെ കാലം ബോവസ് രൂത്തിനു നല്കിയ മലർ ബാർലിയുടേത് ആയിരുന്നെന്നും അത് മിശിഹായുടെ വിരുന്നിന്റെ മുന്നാസ്വാദനം ആയിരുന്നെന്നും യഹൂദരുടെ റബ്ബിമാർ വ്യാഖ്യാനിച്ചിട്ടുണ്ട്. ആദിമ സഭയിൽ വിശുദ്ധ കുർബാനയ്ക്ക് ബാർലിയപ്പമാണ് ഉപയോഗിച്ചിരുന്നത്.

(മൂന്ന്) *മത്സ്യം*: ഉണങ്ങിയ രണ്ട് മത്സ്യമാണ് കുട്ടിയിൽ നിന്നു ലഭിച്ചത്. ''മത്സ്യം'' എന്നതിന്റെ ഗ്രീക്ക് വാക്ക് *ഇഖ്ഥ്യൂസ്* ആണ്. ഈ വാക്കിലെ ഓരോ അക്ഷരവും യേശുവിന്റെ പല നാമങ്ങളുടെ (പദവി നാമങ്ങളുടെ) ആദ്യക്ഷരങ്ങളാണ്: ഇ = *ഏസൂസ്* (യേശു); ഖ് = *ഖ്രിസ്തോസ്* (ക്രിസ്തു); ഥ് = *ഥെയൊസ്* (ദൈവം); യ്യൂ (ഹ്യൂ) = *ഹ്യൂയൊസ്* (പുത്രൻ); സ് = *സോതേർ* (രക്ഷകൻ). *ഇഖ്ഥ്യൂസ്* = യേശുക്രിസ്തു ദൈവപുത്രൻ രക്ഷകൻ. അവനെ ജനം ''ഭക്ഷിക്കുന്നതും'' അവന്റെ ''രക്തം പാനം ചെയ്യുന്നതും'' വിശുദ്ധ കുർബാനയിലാണ്. യേശു മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെട്ട ശേഷം മൂന്നാം പ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ അപ്പവും മത്സ്യവുമെടുത്ത് അവർക്ക് കൊടുത്തതും വിശുദ്ധ കുർബാനയെ സൂചിപ്പിക്കുന്നതാണല്ലോ (യോഹ 21,1-14). ആദ്യ നൂറ്റാണ്ടു മുതൽ മത്സ്യം (ഒരു മത്സ്യം : *ഇഖ്ഥ്യൂസ്*) യേശുവിന്റെ ഒരു ചിത്രകാവ്യമായി സ്വീകരിച്ചിട്ടുണ്ട്.

(നാല്) *യേശു അപ്പവും മീനുമെടുത്ത് ചെയ്ത കാര്യങ്ങൾ*: ''യേശു അപ്പമെടുത്ത് *കൃതജ്ഞതാസ്തോത്രം ചെയ്ത്* (*എവുഖറിസ്റ്റെയിൻ*) ഇരുന്നവർക്കായി *ഭാഗിച്ചുകൊടുത്തു*. അതുപോലെതന്നെ മത്സ്യത്തിൽനിന്ന് അവർക്ക് വേണ്ടത്ര (കൊടുത്തു)'' (6,11). ഇതാണ് അപ്പവും മീനും കൊണ്ട് യേശു ചെയ്ത പ്രവൃത്തി. ഈ വിവരണത്തിന് യേശു അപ്പം വർദ്ധിപ്പിച്ചതിനെയും അവന്റെ അന്ത്യപെസഹായിൽ ചെയ്തതിനെയും കുറിച്ച് സമാന്തര സുവിശേഷങ്ങളിലെ വിവരണങ്ങളുടെ ചുവയുണ്ട്. ആദ്യ നൂറ്റാണ്ട് മുതൽ സഭകൾ *എവുഖറിസ്തിയായിൽ* യേശുവിന്റെ അന്ത്യത്താഴവും അനുസ്മരിച്ചു. അതിന്റെ സ്വാധീനത്തിലാണല്ലോ സുവിശേഷങ്ങളിലെ അന്ത്യത്താഴ വിവരണങ്ങളും അപ്പം വർദ്ധിപ്പിക്കൽ സംഭവങ്ങളും പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. യോഹന്നാന്റെ വിവരണത്തിൽ *എവുഖറിസ്റ്റെയിൻ* എന്ന ക്രിയ തന്നെ ഉപയോഗിക്കുന്നു. അപ്പമെടുത്ത് ദൈവത്തെ വാഴ്ത്തി (അപ്പത്തെ പ്രതി ദൈവത്തെ വാഴ്ത്തി) എന്നാണ് മൗലികമായ അർത്ഥം. ക്രിസ്തീയ പാരമ്പര്യത്തിൽ ആദി മുതല്ക്കേ *എവുഖറിസ്തിയ* എന്ന പദം വിശുദ്ധ കുർബാനയെ വർണ്ണിക്കുന്നതായിത്തീർന്നു. അപ്പം വർദ്ധിപ്പിച്ച സംഭവം വിശുദ്ധ കുർബാനയുടെ പ്രതീകമായി രണ്ടാം നൂറ്റാണ്ടിലെ ഭൂഗർഭകലാരൂപങ്ങൾ ചിത്രീകരിക്കുന്നുമുണ്ടല്ലോ.



*യേശു തന്നെ അപ്പം ഭാഗിച്ചുകൊടുത്തു*. അയ്യായിരത്തിലേറെ പുരുഷന്മാർ തന്നെ ഉണ്ടായിരുന്ന വലിയ ജനാവലിയാണ്. അവരെ പന്തിപന്തിയായി ഇരുത്തിയിട്ട് അവർക്കെല്ലാം യേശു അപ്പവും മീനും ഭാഗിച്ച് വിളമ്പിക്കൊടുത്തു എന്നു പറയുന്നതിൽ തീർച്ചയായും വിശുദ്ധ കുർബാന കൊടുക്കലിന്റെ പ്രതിഫലനമുണ്ട്. അപ്പം വർദ്ധിപ്പിച്ച സംഭവത്തിൽ യേശു ശിഷ്യന്മാർ വഴി കൊടുത്തതാവും. അതേ സംഭവം സുവിശേഷകൻ വിശുദ്ധ കുർബാനപരമായി വ്യാഖ്യാനിച്ചു. ''അപ്പം'' എന്ന ഏകവചന പ്രയോഗവും അടയാളത്തിന്റെ വിശുദ്ധ കുർബാനപരമായ ഒരു സൂചനയാവാം.

(അഞ്ച്) *ജനാവലിയുടെ സംതൃപ്തി*: ''അവർ തൃപ്തരായപ്പോൾ ശേഷിച്ച കഷണം പന്ത്രണ്ടു കുട്ട നിറയെ ശേഖരിച്ചു'' (വാക്യം 12). ''അവർ തൃപ്തരായപ്പോൾ''എന്ന ശൈലി ഒന്നാം നൂറ്റാണ്ടിൽ വിരചിതമായ *ഡിഡാഖേയിൽ* (അദ്ധ്യായം 10,1) വിശുദ്ധ കുർബാന സ്വീകരണത്തെക്കുറിച്ച് ഉള്ളതാണ്. *ഡിഡാഖേ* അദ്ധ്യായം 9ൽ അപ്പത്തിന്മേലും പാനപാത്രത്തിന്മേലുമുള്ള *എവുഖറിസ്തിയാ* പ്രാർത്ഥനയുണ്ട്. യോഹ 6ൽ അപ്പം വർദ്ധിപ്പിച്ചതിന്റെ വിവരണത്തിലുള്ള മറ്റ് ചില ശൈലികളും *ഡിഡഖേ*യിൽ വിശുദ്ധ കുർബാനയെക്കുറിച്ചുണ്ട്. ഉദാ: (പിതാവിന്) ''കൃതജ്ഞതാസ്തോത്രം പറയുക'' (*എവുഖറിസ്റ്റെയിൻ*), ''കഷണങ്ങൾ,'' ''ശേഖരിക്കുക,'' ''ഭക്ഷിക്കുക'' മുതലായവ. ''കൃതജ്ഞതാസ്തോത്രം'' (*എവുഖറിസ്റ്റെയിൻ*) വിശുദ്ധ കുർബാനയുടെ പേരായി ഉപയോഗിക്കുന്നു. ഇവയുടെ വെളിച്ചത്തിൽ ''... തൃപ്തരായപ്പോൾ'' എന്ന ശൈലി വിശുദ്ധ കുർബാനയെ സംബന്ധിക്കുന്നതായി സുവിശേഷത്തിൽ ഉപയോഗിച്ചിട്ടുണ്ട് എന്നു സന്യായം ഉറപ്പാക്കാം.

(ആറ്) ''*മിച്ചമുള്ള കഷണങ്ങളെല്ലാം ഒന്നും നഷ്ടമാകാതിരിക്കാൻ ശേഖരിക്കുവിൻ*'': യഹൂദർ അപ്പം (ഭക്ഷണം) ദൈവദാനമായി വിലമതിച്ചു. എന്നിരുന്നാലും ''ഒന്നും നഷ്ടമാകാതിരിക്കാൻ ശേഖരിക്കുവിൻ'' എന്ന നിർദ്ദേശം സാധാരണ അപ്പത്തിനെന്നതിലും യോജിക്കുന്നത് നിത്യജീവനിലേക്ക് നിലനില്ക്കുന്ന അപ്പമായിരിക്കേണ്ട അപ്പത്തിനാണ്. ''ഒന്നും നഷ്ടമാകാതിരിക്കാൻ'' തക്ക വിധം അപ്പക്കഷണങ്ങൾ ശേഖരിക്കുന്നത് വിശുദ്ധ കുർബാനയ്ക്ക് സഭ ആദി തൊട്ടേ ചെയ്തുപോരുന്ന പതിവാണല്ലോ. ''ശേഖരിക്കുക'' എന്ന പദം *ഡിഡഖേ*യിൽ വിശുദ്ധ കുർബാനയുടെ അപ്പം ശേഖരിക്കപ്പെടുന്നതിനെക്കുറിച്ചും *എവുഖരിസ്തിയാ*യുടെ അപ്പം ശേഖരിക്കപ്പെടുന്നതുപോലെ സഭ ശേഖരിക്കപ്പെടുന്നതിനെക്കുറിച്ചും ആണ് ഉപയോഗിച്ചിട്ടുള്ളത്. യോഹ 17,12ൽ ശിഷ്യരിൽപ്പെട്ടവരിൽ ''നാശത്തിന്റെ പുത്രനല്ലാതെ മറ്റാരും നഷ്ടപ്പെട്ടിട്ടില്ല'' എന്നുണ്ടല്ലോ.

(ഏഴ്) മുകളിൽ ചൂണ്ടിക്കാട്ടിയ പോലെ പ്രഭാഷണത്തിന്റെ രണ്ടാം ഭാഗത്ത് ''ശരീരം,'' ''രക്തം,'' ''ഭക്ഷിക്കുക,'' ''പാനം ചെയ്യുക,'' ''പോഷിപ്പിക്കുക'' തുടങ്ങിയ പദാവലിയും വിശുദ്ധ കുർബാനയപ്പം ഭക്ഷിക്കുകയും കുർബാനയുടെ പാത്രത്തിൽനിന്ന് പാനം ചെയ്യുകയും ചെയ്യുന്നത് വർണ്ണിക്കുന്നു.

### 6. യേശുവിന്റെ ശരീരം ജീവിക്കുന്ന അപ്പം (6,51)

യേശുവിന്റെ ''ശരീര''ത്തെക്കുറിച്ചുള്ള പരാമർശം നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നതാണ്. യേശു പറയുന്നു: ''സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള (ജീവിക്കുന്ന) അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാണ്'' (6,51).

യേശുവിന്റെ ശരീരം ഭക്ഷിക്കേണ്ടതിന്റെ അത്യാവശ്യം പല വിധത്തിൽ യോഹ 6,51-58 പറഞ്ഞു വച്ചിട്ടുണ്ട്. പ്രഭാഷണത്തിന്റെ ഒന്നാം ഭാഗത്ത് ''യേശുവിൽ വിശ്വസിക്കുക'' എന്ന ശൈലിയുണ്ടല്ലോ. അതിന്റെ ആലങ്കാരികമായ ആവർത്തനമല്ല രണ്ടാം ഭാഗത്തുള്ള (യേശുവിന്റെ) ''ശരീരം ഭക്ഷിക്കുക,'' ''രക്തം കുടിക്കുക'' എന്നീ ശൈലികൾ. ശിഷ്യരെ യേശുവിനോട് ബന്ധപ്പെടുത്തി അലങ്കാരപ്രയോഗത്തിനു പറ്റിയവയല്ല പഴയ നിയമമനുസരിച്ച് ''ശരീരം ഭക്ഷിക്കുക,'' ''രക്തം കുടിക്കുക'' എന്നീ ശൈലികൾ. അവ ശത്രുതയുടെയും വിരോധത്തിന്റെയും പ്രവൃത്തികളെ വർണ്ണിക്കുന്ന രൂപകാലങ്കാരങ്ങളാണ്. ഉദാഹരണങ്ങൾ നിരവധിയുണ്ട്: സങ്കീ 27,2: ''... ദുഷ്ടന്മാർ അപവാദം പരത്തിക്കൊണ്ട് എന്റെ മാംസം തിന്നുതീർക്കുമ്പോൾ'' (*പി.ഒ.സി*: ... ദുരാരോപണങ്ങളുമായി എന്നെ ആക്രമിക്കുമ്പോൾ). പിശാചിനെയും നുണയനെയും ശത്രുവിനെയും മാംസഭോജിയെന്ന് വിളിക്കാം. രക്തം കുടിക്കരുതെന്ന് നിയമം കർശനമായി വിലക്കിയിട്ടുണ്ടായിരുന്നു (നിയമ 12,23;ലേവ്യ 3,17;ഉത്പ 9,4;അപ്പ 15,20). നീചനായ കൊലപാതകിയാണ് രക്തം കുടിക്കുന്നവൻ (ജറെ 46,10). എന്നിട്ടും യേശു പറഞ്ഞു, തന്റെ ശരീരം മനുഷ്യർ ഭക്ഷിക്കണം എന്നും രക്തം കുടിക്കണം എന്നും (യോഹ 6,51.55.56). ''എന്റെ ശരീരം സാക്ഷാൽ ഭക്ഷണമാണ്. എന്റെ രക്തം സാക്ഷാൽ പാനീയമാണ്'' (6,55). ഇവിടെ യേശു ഉദ്ദേശിച്ചത് നരഭോജനമല്ല. നരഭോജനമാണെന്ന് യഹൂദർ തെറ്റിദ്ധരിച്ചു. അവർ എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തു (6,52). അപ്പോഴും മനുഷ്യർ തന്റെ ശരീരം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യം യേശു യഹൂദരുടെ വിദ്വേഷം വർദ്ധിപ്പിക്കുംവിധം ഊന്നിപ്പറഞ്ഞു (6,53-59). അത് ശിഷ്യർക്കുപോലും ഇടർച്ചയുണ്ടാക്കി (6,60-66).



യേശുവിന്റെ ശരീരത്തിന്റെ സവിശേഷത യോഹ 1,14ൽ പറഞ്ഞിട്ടുണ്ട്: ''വചനം മാംസമായി, നമ്മുടെയിടയിൽ വസിച്ചു.'' ''ശരീരം'' എന്ന് 6-ാം അദ്ധ്യായത്തിലും ''മാംസം'' എന്ന് 1,14ലും പരിഭാഷപ്പെടുത്തിയിട്ടുള്ളത് ഒരേ ഗ്രീക്കു വാക്കാണ് (*സാർക്സ്*). ''വചനം മാംസമായി, നമ്മുടെയിടയിൽ വസിച്ചു'' എന്ന പ്രസ്താവം അനാദിയിലേ ദൈവത്തോടൊത്തും ദൈവവുമായിരുന്ന വചനം മനുഷ്യാവതാരം ചെയ്തത് വർണ്ണിക്കുന്നു. അവനാണ് ''സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവിക്കുന്ന അപ്പം.'' മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെട്ട യേശുവിനെ പിതാവ് നല്കുന്ന അപ്പമായി (6,32-50), ജീവിക്കുന്ന അപ്പമായി, അഭിമുഖീകരിച്ച് സ്വീകരിച്ചവനുമാണ് സുവിശേഷകൻ (യോഹ 21,1-14). യേശു ജീവന്റെ (ജീവനിലേക്കു നയിക്കുന്ന) അപ്പം എന്നാണ് പ്രഭാഷണത്തിന്റെ ഒന്നാം ഭാഗത്ത്. വാക്യം 51ൽ രണ്ടാം ഭാഗം തുടങ്ങുമ്പോൾ ''ജീവിക്കുന്ന അപ്പം'' എന്നാക്കി. ഈ ലോകത്തിൽ വചനം മാംസമായി ജീവിച്ചവനും ഉയർപ്പിൽ നിത്യമായി ജീവിക്കുന്നവനുമാണ് ''ജീവിക്കുന്ന അപ്പം.''അവൻ ''അപ്പ''ത്തിന്റെ രഹസ്യത്തിൽ (കൂദാശയിൽ) ജീവിക്കുന്നവനായി സ്വയം നല്കുന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവിക്കുന്ന അപ്പം ജീവിപ്പിക്കുന്നതാണ് - ജീവന്റെ അപ്പമാണ്.

### 7. യേശുവിന്റെ മാംസം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നതിന്റെ സദ്ഫലങ്ങൾ

സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവിക്കുന്ന അപ്പമായവനെ വിശ്വാസത്തിൽ സ്വീകരിക്കുന്നവർക്ക് അവൻ ജീവന്റെ അപ്പമാണ്. ആ അപ്പം അവന്റെ മാംസവും രക്തവുമായി ഭക്ഷിച്ചു പാനം ചെയ്യാൻ അവൻ സ്വയം നല്കിയിട്ടുള്ളതാണ് അപ്പത്തിന്റെ ദിവ്യരഹസ്യം. അത് ഭക്ഷിച്ചു പാനം ചെയ്യുന്നതിന്റെ നല്ല ഫലങ്ങളും യേശുവിന്റെ പ്രഭാഷണത്തിൽ യോഹന്നാൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഒന്ന്) *നിത്യജീവൻ* (6,51.53.54.58)

അപ്പത്തിന്റെ ദിവ്യരഹസ്യം (വിശുദ്ധ കുർബാന) സ്വീകരിക്കുന്നതിന്റെ ഈ ഫലം ആവർത്തിച്ചു പരാമർശിച്ചിട്ടുണ്ട് 6,51-58ൽ: ''ആരെ

ങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും'' (6,51). ഇക്കാര്യം തൊട്ടടുത്ത വാക്യത്തിൽ നിഷേധരൂപത്തിലുണ്ട്: ''... നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല'' (6,53). വീണ്ടും: ''എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്''(6,54). ''ഇത് (ഈ അപ്പം) ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും'' (6,58). ''ജീവിക്കുന്നവനായ പിതാവ് ... മൂലം'' യേശു ജീവിക്കുന്നതുപോലെ യേശുവിനെ ജീവനുള്ള അപ്പത്തിൽ ഭക്ഷിക്കുന്നവൻ യേശു മൂലം ജീവിക്കും (6,57). ഇക്കാര്യം തറപ്പിച്ചു പറയാൻ യേശു എടുത്തു പറയുന്നു, പിതാക്കന്മാർ മന്നാ ഭക്ഷിച്ചിട്ടും മരിച്ചതുപോലെയല്ല ഈ അപ്പം ഭക്ഷിക്കുന്നവൻ (6,58).

ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് സ്വാഭാവിക ജീവൻ അല്ലെന്ന് ''നിത്യജീവൻ'' എന്ന ശൈലിയിൽത്തന്നെ സൂചിതമാണ്. ''നിത്യജീവൻ'' എന്ന് വിശേഷിപ്പിക്കപ്പെട്ട ജീവൻ യേശുക്രിസ്തു മുഖാന്തരം, അവനെ അപ്പത്തിൽ സ്വീകരിക്കുക വഴി, ലഭിക്കുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു (6,51–58). അവന്റെ ജീവൻ പിതാവിന്റേതു തന്നെയാണ് (യോഹ 5,26). പിതാവും പുത്രനും പങ്കു പറ്റുന്ന ജീവനിലുള്ള പങ്കാളിത്തമാണ് നിത്യജീവൻ. അതുതന്നെ ''ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുകയാണ് നിത്യജീവൻ'' എന്ന് വർണ്ണിച്ചിട്ടുള്ളതും (യോഹ. 17,3).

നിത്യജീവൻ വിശ്വാസിക്ക് ദൈവത്തിന്റെ ആത്മാവ് നല്കുന്നു (യോഹ 6,52). മണ്ണുകൊണ്ട് മെനയപ്പെട്ട രൂപത്തിലേക്ക് ദൈവം തന്റെ ആത്മാവിനെ ഉച്ഛ്വസിച്ചപ്പോൾ മനുഷ്യന് സ്വാഭാവിക ജീവനുണ്ടായി (ഉത്പ 2,7). അതേ ആത്മാവിനെ തന്നിൽ വിശ്വസിക്കുന്നവർക്ക് യേശുമിശിഹാ ഉച്ഛ്വസിച്ച് നല്കുന്നു (യോഹ 20,20;19,30). യേശുക്രിസ്തു ഉന്നതത്തിൽനിന്ന് ഉച്ഛ്വസിച്ച ആത്മാവിനാൽ (യോഹ 19,30;20,20) ദൈവം മനുഷ്യനെ ഉന്നതത്തിൽനിന്ന് (വീണ്ടും) ജനിപ്പിച്ച് നിത്യജീവന്റെ പങ്കാളിയാക്കുന്ന രഹസ്യമാണ് മാമോദീസായിലെ ജീവജലത്തിൽ സംഭവിക്കുക (യോഹ 3,5;4,14;7,3739). മാമോദീസാ പൂർത്തിയാകുന്നത് വിശുദ്ധ കുർബാന സ്വീകരികരണത്തോടെയാണല്ലോ. അപ്രകാരമായിരുന്നു ആദിമ സഭയിൽ. യേശു ശിഷ്യന്മാരെ വെള്ളത്തിലൂടെ രക്ഷിച്ചു കഴിഞ്ഞുടനെയാണ് നിത്യജീവന്റെ അപ്പത്തെക്കുറിച്ച് പ്രഭാഷിക്കുക. അത് ആദിമ സഭയുടെ ആചാരനുഭവത്തോടു ബന്ധപ്പെടുത്തി കാണേണ്ടതല്ലേ? മാമോദീസാ-(മൂറോനഭിഷേകം)- കുർബാന ''പ്രവേശക രഹസ്യ''മായാണ് പൗരസ്ത്യ(ഓറിയന്റൽ) സഭകൾ പുരാതന കാലം മുതൽ ആഘോഷിച്ചിരുന്നത്. മാമോദീസായിൽ വിശ്വാസിക്ക് യേശുമിശിഹാ മുഖാന്തരം ദൈവാത്മാവിൽ ലഭിച്ച നിത്യജീവനെ വിശുദ്ധ കുർബാനയിൽ ജീവിക്കുകയും ജീവിപ്പിക്കുകയും



ചെയ്യുന്ന അപ്പമായ യേശുമിശിഹായുടെ ശരീരരക്തങ്ങൾ പരിപോഷിപ്പിക്കുന്നു (യോഹ 6,51–58).

(രണ്ട്) *ഉയർപ്പ്* (യോഹ 6,54)

''എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും'' (യോഹ 6,54). ഈ വാക്യത്തിന്റെ ആദ്യ ഭാഗത്ത് ഈ ലോകത്തുതന്നെ ലഭിക്കുന്ന നിത്യജീവിതത്തെക്കുറിച്ചാണ് പറയുക. യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങളാകുന്ന ജീവിക്കുന്ന അപ്പം *എവുഖരിസ്തിയാ*യിൽ സ്വീകരിക്കുന്നവർക്ക് ഈ ലോകത്തിൽത്തന്നെ നിത്യജീവനുണ്ട്. അവരെ അവസാനിക്കാത്ത ജീവിതത്തിലേക്ക് അവസാന ദിവസം യേശു ഉയർപ്പിക്കുമെന്ന് വാക്യത്തിന്റെ രണ്ടാം ഭാഗത്ത് പറയുന്നു. അത് ഈലോക ജീവിതത്തിന് അപ്പുറത്തേക്കു നീളുന്ന നിത്യജീവന്റെ ഭാവി വശം പരാമർശിക്കുന്നു. *എവുഖരിസ്തിയാ*യിൽ ജീവിക്കുന്ന അപ്പമായ യേശുവിന്റെ ശരീരം തിന്നുകയും രക്തം കുടിക്കുകയും ചെയ്യുന്നവർക്ക് ഇഹത്തിലും പരത്തിലും നിത്യജീവനുണ്ട്. നിത്യജീവനിൽ തുടരാൻ പരലോകത്തേക്ക് യേശു വിളിക്കുന്നതാണ് അവൻ അവരെ ഉയർപ്പിക്കുക. യേശുവിൽ പൂർത്തിയായ യുഗാന്ത്യജീവന്റെ വർത്തമാന-ഭാവി മാനങ്ങളിൽ ദൈവിക ജീവനിൽ യേശു അവരെ പങ്കാളികളാക്കുന്നു. യേശു നമ്മെ ഉയിർപ്പിക്കുമെന്നതിന്റെ ഉറപ്പു കൂടി വിശുദ്ധ കുർബാന സ്വീകരണത്തിൽ ലഭിക്കുന്നു. യേശുക്രിസ്തു മുഖാന്തരം നമുക്കു ലഭിക്കാനിരിക്കുന്ന ഉയർപ്പിൽ വിശ്വസിക്കുന്നതിന്റെ ഉറപ്പായൊരു പ്രവൃത്തിയാണ് വിശുദ്ധ കുർബാനയപ്പത്തിൽ ജീവിക്കുന്ന യേശുമിശിഹായുടെ ജീവിപ്പിക്കുന്ന ശരീരരക്തങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക.

സഭയുടെ ആരംഭം മുതൽ *എവുഖരിസ്തിയാ*യെ (വിശുദ്ധ കുർബാനയെ) കർത്താവിന്റെ പുനരാഗമനത്തോടു ബന്ധപ്പെടുത്തി ആഘോഷിക്കുന്നു. ക്രിസ്തുവർഷം 55-ാം ആണ്ടടുത്ത് വിശുദ്ധ പൗലോസ് കോറിന്തിലെ സഭയ്ക്ക് എഴുതിയിട്ടുണ്ടല്ലോ: ''*നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാനപാത്രത്തിൽനിന്ന് കുടിക്കുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം അവന്റെ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്*'' (1 കോറി 11,26). ദൈവരാജ്യത്തിന്റെ ഭാവി പൂർണ്ണതയിൽ ലഭിക്കാനിരിക്കുന്ന സ്വർഗ്ഗീയാനുഭവത്തിന്റെ (''സ്വർഗ്ഗീയ വിരുന്ന്'' എന്ന് വർണ്ണിക്കുന്നതിന്റെ) മുന്നനുഭവവും വാഗ്ദാനവുമാണ് വിശുദ്ധ കുർബാനയിൽ ലഭിക്കുന്ന കർത്താവിന്റെ ശരീരം (മർക്കോ 14,25;ലൂക്കാ 22,18).

(മൂന്ന്) *പരസ്പര അധിവാസം* (യോഹ 6,56)

''എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു''(യോഹ 6,56). യേശുവും ശിഷ്യരും (അവനിൽ വിശ്വസിക്കുന്നവരും) തമ്മി

ലുള്ള പരസ്പര അധിവാസം യോഹന്നാന് വളരെ പ്രിയപ്പെട്ട വിഷയമാണ്. അതിന് യോഹ 14-17 അദ്ധ്യായങ്ങളിൽ അത്യധികം പ്രാധാന്യം നല്കിയിട്ടുണ്ട്. യേശുവും അവന്റെ ശരീരം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നവരും തമ്മിലുള്ള അന്തര്യാമിയായ സഹവാസം യേശുവും (പുത്രനും) പിതാവും തമ്മിലുള്ളതിന്റെ തുടർച്ചയും പ്രസരണവുമാണ്. പുത്രനിൽ പിതാവിനെ കാണാൻ തക്കവിധം പുത്രൻ പിതാവിലും പിതാവ് പുത്രനിലുമാണ് (യോഹ 14,8-11;17,21). അതുപോലെ (= അതുകൊണ്ട്) പുത്രൻ അവനിൽ വിശ്വസിക്കുന്നവരിലും അവർ പിതാവിലും വസിക്കുന്നു (17,21-23). ''അതുപോലെ'' എന്നു പറഞ്ഞാൽ 'അതേ മാതൃകയിൽ' എന്നു തന്നെയല്ല അർത്ഥം. *അത് അടിസ്ഥാനമാക്കിയും അതുനിമിത്തവും അതിനാലും* എന്നും അർത്ഥമുണ്ട്. പിതാവും പുത്രനും തമ്മിലുള്ള പരസ്പര അധിവാസം ജീവന്റെ ഐക്യമാണ്. യേശുമിശിഹായും അവന്റെ ശരീരം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നവരും തമ്മിലുളവാകുന്നതും ജീവന്റെ ഐക്യമാണ്. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നിട്ടുള്ള ജീവിക്കുന്ന അപ്പമായ യേശുവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നവരെ ആ ശരീരരക്തങ്ങൾ ജീവിപ്പിക്കുന്നു.

ജീവനിലുള്ള ഐക്യത്തിന്റെയും അന്യോന്യ അധിവാസത്തിന്റെയും പ്രകാശനമാണ് അവരുടെ അന്യോന്യ സ്നേഹം. അന്യോന്യം സ്നേഹിക്കുമ്പോൾ അന്യോന്യം അധിവസിക്കയുമത്രേ. സ്നേഹം, ഐക്യം, പരസ്പരധിവാസം ഇവയെല്ലാം പിതാവും പുത്രനും അവനിൽ വിശ്വസിക്കുന്നവരും തമ്മിലുള്ള അടിസ്ഥാനപരമായ അന്യോന്യ ബന്ധത്തിന്റെ - ഐക്യത്തിന്റെ - വിവിധ വശങ്ങളാണ് (യോഹ 17,11.21-23,24-26). ഇപ്പറഞ്ഞ ബന്ധം ദൈവപുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് സ്വാഭാവികമാണ്; ക്രിസ്തീയ ജന്മത്തിന്റെ ജീവിതരീതിയാണ്. ശിഷ്യർ യേശുവിനെ സ്നേഹിച്ച് അവന്റെ കല്പന പാലിക്കുന്നതിന് പ്രതിഫലമായി പിതാവിന്റെ സ്നേഹപ്രവൃത്തിയാണ് പിതാവും പുത്രനും ശിഷ്യരുടെ അടുത്തുവന്ന് അവരിൽ വാസമുറപ്പിക്കുക (യോഹ 14,23-24).

ശിഷ്യത്വജീവിതം പുറമേക്കു മാത്രം യേശുവിന്റെ പിറകേ പോക്കല്ല. ശിഷ്യർ യേശുക്രിസ്തുവിലും അവൻ അവരിലും വസിച്ച് ശിഷ്യർ ഏറെ ഫലം പുറപ്പെടുവിക്കുന്നതാണ് (യോഹ 15,5). പരസ്പര സ്നേഹാധിവാസത്തിന്റെ ജീവിതം അവന്റെ കല്പനകൾ പാലിക്കുന്നതിൽ ശിഷ്യരുടെ വിശ്വസ്തതയോടു ബന്ധപ്പെട്ടതുമാണ് (യോഹ 15,10;1 യോഹ 3,22-24;4,12.16). ദൈവപുത്രനായ യേശുമിശിഹായിൽ വിശ്വസിക്കുന്നവർക്ക് അന്യോന്യവും അവനോടും അവൻ മുഖാന്തരം പിതാവിനോടും തിരിച്ചും ജീവനിലുള്ള ഐക്യവും പരസ്പര അധിവാസവും സ്നേഹത്തിന്റെ ജീവിതത്തിൽ പ്രകാശിതമാകണം. അല്ലെങ്കിൽ ഐക്യവും അന്യോന്യാധിവാസവും ഉണ്ടെന്നു പറയുന്നത് പിശാചിന്റെ പണിയായ നുണയും കൊലപാതകവുമാകും (1 യോഹ 3,11-14).



പുത്രൻ പിതാവിനോട് അപേക്ഷിച്ച് പിതാവ് ശിഷ്യർക്കു നല്കുന്ന പരിശുദ്ധാത്മാവ് ശിഷ്യരിൽ വസിക്കുന്നതിനെക്കുറിച്ചും യേശു ഉറപ്പു പറഞ്ഞിട്ടുണ്ട് (യോഹ 14,16-17). പുത്രൻ പിതാവിലും ശിഷ്യർ പുത്രനിലും വസിക്കുന്നു എന്ന വെളിപാട് മഹത്വീകൃതനായ പുത്രൻ പരിശുദ്ധാത്മാവിൽ ശിഷ്യരിൽ വസിക്കുന്നതിന്റെ ഫലമായി ശിഷ്യർക്കു ലഭിക്കുന്ന അറിവാണ് (യോഹ 14,18-21). ''അവൻ (ദൈവം) നമുക്കു നല്കിയിട്ടുള്ള ആത്മാവു മൂലം അവൻ നമ്മിൽ വസിക്കുന്നെന്നു നാമറിയുകയും ചെയ്യുന്നു'' (1 യോഹ 3,24). ഈ അറിവും ബുദ്ധിപരമായ അഭ്യാസമല്ല, പരസ്പര ഐക്യത്തിന്റേതാണ്.

സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ജീവിക്കുന്ന അപ്പമായ യേശുക്രിസ്തുവിന്റെ ശരീരം യഥാർത്ഥ ഭക്ഷണവും രക്തം യഥാർത്ഥ പാനീയവുമാണ് (യോഹ 6,55). അത് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ അവന്റെ ശിഷ്യർക്കു ജീവനില്ലായിരിക്കും (6,53). ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നവരെ അവസാന ദിവസം അവൻ ഉയിർപ്പിക്കും (6,54). അവർ എന്നേക്കും ജീവിക്കും (6,58). അവരിൽ അവനും അവൻ അവരിലും വസിക്കുന്നു (6,56). ഇവയൊന്നും യേശു ആലങ്കാരികമായി പറഞ്ഞ വാക്കുകളല്ല. ദൈവപുത്രനായ യേശുക്രിസ്തുവും അവനിൽ വിശ്വസിക്കുന്നവരും തമ്മിലുള്ള അന്യോന്യ സ്നേഹാധിവാസത്തിന്റെയും ജീവനിലുള്ള ഐക്യത്തിന്റെയും സമൂർത്തമായ അടയാളമാണ് അവനിൽ വിശ്വസിക്കുന്നവർക്ക് അവനെ ജീവിക്കുന്ന അപ്പമായി ഈ ലോകത്തിൽ ലഭിക്കുന്ന വിശുദ്ധ കുർബാന (*എവുഖരിസ്തിയ*). അത് ദൈവപുത്രനായ - ''ഞാനാകുന്നു'' എന്നു നാമമുള്ള - മനുഷ്യപുത്രന്റെ ശരീരവും രക്തവുമായി ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുക ശിഷ്യരുടെ വിശ്വാസത്തികവിന്റെ പ്രത്യുത്തരമാണ് (6,69). ഈ സ്വീകരണം യേശുമിശിഹായും അവനിൽ വിശ്വസിക്കുന്നവരും (ശിഷ്യരും) തമ്മിലുള്ള അന്യോന്യ ബന്ധത്തെ പരിപോഷിപ്പിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നു. അങ്ങനെ *എവുഖരിസ്തിയാ* ക്രിസ്തീയ ജീവിതത്തിന്റെ ശക്തിയുടെ സ്രോതസ്സുമാകുന്നു.

### 8. എന്താണ് നമ്മുടെ പ്രത്യുത്തരം?

യേശു അപ്പം വർദ്ധിപ്പിച്ച് വലിയ ജനാവലിയെ സംതൃപ്തരാക്കിയ അടയാളം കാണുകയും അപ്പം സ്വീകരിക്കുകയും ചെയ്തവർ യേശുവിനെ തെറ്റിദ്ധരിച്ചു. രാഷ്ട്രീയ മിശിഹായെന്നു ധരിച്ചു. യുഗാന്ത്യപ്രവാചകനായ യേശുമിശിഹാ രാഷ്ട്രീയ മിശിഹാ അല്ല (യോഹ 1,20-21.25;7,4041). അത് അറിയാതെ യേശുവിനെ പിടിച്ച് രാജാവാക്കാൻ ഒരുങ്ങി (യോഹ 6,15). ഇന്നും വിശക്കുന്നവരുടെയും വിശക്കാത്തവരുടെയും വയറു നിറയ്ക്കുന്നവൻ എന്ന നിലയ്ക്കു മാത്രമാണ് യേശുവിനെ ജനക്കൂട്ടം ഏറിയകൂറും അന്വേഷിക്കുക. ആ ആൾക്കൂട്ടത്തിൽ ഒരാളാണോ ഞാനും? എങ്കിൽ യേശുവിന്റെ മറുപടി കേട്ടോളൂ: ''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അടയാളങ്ങൾ കണ്ട

തുകൊണ്ടല്ല, അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുക്'' (യോഹ 6,26).

നമുക്കു ദൈവം നല്കുന്ന ഭക്ഷണം ദൈവസ്നേഹത്തിന്റെ, ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലിന്റെ, അടയാളമാണ്. ജനക്കൂട്ടം നശ്വരമായ അപ്പത്തിനു വേണ്ടി മാത്രം യേശുവിനെ അന്വേഷിക്കുകയും (യോഹ 6,26) അദ്ധ്വാനിക്കയും (6,27) ചെയ്തു. അത് യേശുവിലും അവനെ അയച്ചവനിലും വിശ്വസിക്കാത്തതിന്റെ ലക്ഷണമാണ്. വിശ്വസിക്കാഞ്ഞതിനാൽ യഹൂദർ യേശു ചെയ്ത അടയാളം നിഷേധിച്ചു (6,28–30.36) – തർക്കിച്ചു (6,52) – അപ്പം വർദ്ധിപ്പിച്ചു തൃപ്തരാക്കിയ അടയാളത്തിന്റെ അർത്ഥം വ്യാഖ്യാനിച്ച് യേശു പറഞ്ഞുകൊടുത്ത വാക്കുകളും നിഷേധിച്ചു (6,60).

യേശു അപ്പം വർദ്ധിപ്പിച്ച് വലിയ ജനാവലിയെ തൃപ്തരാക്കിയത് അവന്റെ ദൈവികരഹസ്യം (മഹത്ത്വം) വെളിപ്പെടുത്താനാണ്: അവൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവിക്കുന്ന അപ്പമാണ്; മനുഷ്യർക്ക് ജീവന്റെ (ജീവൻ നല്കുന്ന) അപ്പമാണ്; ആ അപ്പം യേശുവിന്റെ ശരീരവും രക്തവുമാണ്. മനുഷ്യർ അവന്റെ ശരീരം ഭക്ഷിക്കയും രക്തം കുടിക്കയും ചെയ്യണം. പക്ഷേ വളരെപ്പേർ യേശുവിനെ ഉപേക്ഷിച്ചു (6,66). ശിഷ്യരിൽപ്പെട്ടവർപോലും അടയാളം കണ്ടിട്ടും വ്യാഖ്യാനം കേട്ടിട്ടും യേശുവിനെ ഒറ്റിക്കൊടുത്തു (6,64). അത് അവിശ്വസിക്കുന്നതിന്റെ മൂർദ്ധന്യമാണ് (6,64).

ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിലാണ് യോഹന്നാന്റെ പേരിൽ നമുക്കു ലഭിച്ചിട്ടുള്ള സുവിശേഷവ്യാഖ്യാനം (യോഹന്നാൻ എഴുതിയ സുവിശേഷം) രചിതമായത്. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവിക്കുന്ന അപ്പമായി യേശുവിന്റെ ശരീരവും രക്തവും യഥാക്രമം ഭക്ഷിക്കാനും പാനം ചെയ്യാനും മനുഷ്യർക്ക് ജീവന്റെ അപ്പമായി അന്നത്തെ സഭയുടെ സാഹചര്യത്തിൽ ലഭിച്ചത് വിശുദ്ധ കുർബാനയിൽ (അപ്പം മുറിക്കലിൽ / *എവുഖറിസ്തിയാ*യിൽ) ആണ്. വിശുദ്ധ കുർബാനയിലെ അപ്പത്തിൽ ജീവിക്കുന്ന യേശുവിനെ വിശ്വസിച്ച് സ്വീകരിക്കാൻ – അവന്റെ ശരീരം ഭക്ഷിക്കാനും രക്തം പാനം ചെയ്യാനും – കഴിയാതെ നിഷേധിച്ചവരുടെയും തർക്കിച്ചവരുടെയും ഉപേക്ഷിച്ചു പോയവരുടെയും ഒറ്റിക്കൊടുത്തവന്റെയും അനന്തരാവകാശിയാണോ നാം? വിശുദ്ധ കുർബാനയിലെ അപ്പത്തിലും കാസായിലും യേശുവിന്റെ സാന്നിദ്ധ്യം നിഷേധിക്കാനും തർക്കിക്കാനും മനുഷ്യബുദ്ധിക്ക് അനേകം കാരണങ്ങളുണ്ട്. സുവിശേഷകനായ യോഹന്നാൻ അവയുടെ അടിസ്ഥാന കാരണം പറയുന്നു: വിശ്വസിക്കാതിരിക്കുക. വിശ്വസിക്കാതിരിക്കുക പാപമാണ് (യോഹ 16,9). യേശുവിനെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ആർക്കും യേശുവിന്റെ പക്കലേക്കു വരാനാവില്ല (6,44). പിതാവിന്റെ ആകർഷണം സ്വീകരിക്കാൻ കാന്തത വേണം മനുഷ്യർക്ക്.



പന്തിരുവരും യേശുവിനെ അനുഗമിച്ച മറ്റുള്ളവരും ചേർന്ന ''ശിഷ്യർ'' (6,66–67) പോലും വിശ്വസിക്കുന്നതിൽ പരാജയപ്പെട്ട സന്ദർഭങ്ങളുണ്ട് (6,5–7.60–61.66). അപ്പോഴും പന്തിരുവർ (യൂദാസൊഴികെ) വിശ്വസിക്കുന്നതിൽ വളർന്നു. ''കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു,'' പത്രോസ് പറഞ്ഞു (യോഹ 6,69).

## 9. ഗൃഹപാഠം

### 9.1. ബാലന്റെ സഹകരണം: വിശ്വസിച്ച് ദാനം

അടയാളം പ്രവർത്തിക്കാൻ യേശുവിനു അപ്പം നല്കി.

വിശന്നിരിക്കുന്നവർക്ക് ഭക്ഷണം നല്കാൻ ബാലന്റെ ത്യാഗപൂർണ്ണമായ ദാനം സഹായിച്ചു.

'സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവന്റെ അപ്പം' എന്ന് സ്വയം അവതരിപ്പിക്കാൻ യേശുവിനെ ബാലന്റെ ദാനം സഹായിച്ചു.

യേശുവിൽ വിശ്വസിച്ചതിനാലാണ് ബാലൻ യേശുവിന് അപ്പം നല്കിയത്.

**സഹായകചോദ്യങ്ങൾ**

(1) യേശു അപ്പം വർദ്ധിപ്പിച്ച സംഭവം സുവിശേഷങ്ങളിൽ എവിടെയെല്ലാമുണ്ട്?

(2) സുവിശേഷങ്ങളിലെ പ്രസ്തുത വിവരണങ്ങൾ താരതമ്യം ചെയ്ത് സാമ്യങ്ങളും വ്യത്യാസങ്ങളും കണ്ടുപിടിക്കുക.

(3) യോഹന്നാന്റെ സുവിശേഷത്തിലെ വിവരണത്തിന്റെ പ്രത്യേക ഉദ്ദേശ്യമെന്ത്? പ്രധാന പ്രമേയമെന്ത്?

(4) 'വിശ്വസിക്കുക' എന്ന പദം യോഹ 6ൽ എത്ര തവണയുണ്ട്? ഏത് വാക്യങ്ങളിൽ? ആ വാക്യങ്ങൾ മനഃപാഠമാക്കുക.

(5) 'ബാർലിയപ്പം' കൊണ്ട് പ്രത്യേകം ഉദ്ദേശിക്കുന്നത് എന്തെല്ലാം?

(6) ശിഷ്യന്മാർ 'പന്ത്രണ്ട് കുട്ട' നിറയെ ശേഖരിച്ച ശിഷ്ട കഷണങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു?

(7) അപ്പം വർദ്ധിപ്പിച്ച് നല്കുന്ന യേശുവിനെ യോഹ 6–ാം അദ്ധ്യായം ഏതൊക്കെ നിലയിൽ അവതരിപ്പിക്കുന്നു? (നായകൻ, ഇടയൻ, അടയാളം പ്രവർത്തിക്കുന്നവൻ, പ്രവാചകൻ, രാജാവ്, സ്വർഗ്ഗീയ മന്നാ, ജീവനുള്ള അപ്പം, ഉയർപ്പിക്കുന്നവൻ, തന്റെ ശരീരം ഭക്ഷിക്കാനും രക്തം കുടിക്കാനും മനുഷ്യർക്ക് നല്കുന്നവൻ ... മുതലായവ).

(8) യേശുവിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന ഏതെല്ലാം ഫലത്തെക്കുറിച്ച് യോഹ 6ൽ പറയുന്നു? ഉദാ: വാക്യ 35.40.47 മുതലായവ)

(9) യോഹ 6,29 അനുസരിച്ച് യേശുവിൽ വിശ്വസിക്കുന്നതിന്റെ ശ്രേഷ്ഠതഎന്താണ്? ഇതേ കാര്യം പ്രസ്താവിക്കുന്ന മറ്റൊരു വാക്യം യോഹൽ ഉള്ളത് കണ്ടുപിടിക്കുക. ഈ രണ്ടു വാക്യങ്ങളും മനഃപാഠമാക്കുക.

(10) 'അപ്പം' എന്ന പദം യോഹ 6ൽ എത്ര തവണയുണ്ട്? എവിടെയെല്ലാം?

(11) ഇന്ന് യേശുവിന്റെ ശരീരവും രക്തവും വിശ്വസിക്കുന്നവർക്കു ഭക്ഷിക്കാനും പാനം ചെയ്യാനും ജീവിക്കുന്ന അപ്പം ലഭിക്കുന്നതെങ്ങനെ?

(12) 'ജീവന്റെ അപ്പം' സ്വീകരിക്കുന്നതിന്റെ ഫലങ്ങൾ എന്തെല്ലാം?
(വാക്യ 51-53.54-56).

**9.3. പ്രായോഗിക ചിന്ത**

1. യേശു അപ്പം വർദ്ധിപ്പിക്കാൻ ബാലൻ ചെയ്ത സേവനവും ത്യാഗവും വിലയിരുത്തുക.
2. ഇന്നത്തെ ലോകത്ത് ശാരീരികവും ആത്മീയവുമായി വിശക്കുന്നവരുടെ പട്ടിണിയകറ്റാൻ യോഹ 6ലെ ബാലന്റെ മാതൃകയിൽ നമുക്ക് എങ്ങനെ പ്രവർത്തിക്കാനാവും?
3. വിശുദ്ധ കുർബാനയിൽ സ്വയം നല്കുന്ന 'ജീവന്റെ അപ്പ'മായി യേശുവിനെ മറ്റുള്ളവർക്ക് മനസ്സിലാക്കാനും സ്വീകരിക്കാനും നമുക്ക് ക്രിയാത്മകമായി എങ്ങനെ സഹായിക്കാനാവും?
4. യോഹ 6ൽ യേശു അപ്പം വർദ്ധിപ്പിച്ച് നല്കിയ വിവരണം ആസ്പദമാക്കി ചിന്തിക്കുമ്പോൾ വിശുദ്ധ കുർബാന എന്തിന്റെ അടയാളമാണ്? അത് നമ്മെ എന്തിന് ആഹ്വാനം ചെയ്യുന്നു?
5. മിച്ചം വരുന്ന ഭക്ഷണസാധനങ്ങൾ ഒന്നും നഷ്ടമാക്കരുത്. ഭക്ഷണം നഷ്ടപ്പെടുത്തുന്നത് ദൈവദാനം നിന്ദിക്കയാണ്. പാപവുമാണ്. വിശന്നിരിക്കുന്നവരുടെ ആവശ്യവും അവകാശവും നിഷേധിക്കുന്നു.

# 8 "യേശുവിന്റെ അമ്മ" "സ്ത്രീ" ജീവനുണ്ടായവരുടെ അമ്മ

1 ആമുഖം
യോഹന്നാന്റെ സുവിശേഷത്തിന്റെ ഇതിവൃത്തം
യോഹന്നാന്റെ സുവിശേഷത്തിന്റെ ഉദ്ദേശ്യം
"സ്ത്രീ"വിളി സുവിശേഷത്തിന്റെ ഉദ്ദേശ്യത്തോട് ബന്ധപ്പെടുത്തുക
സുവിശേഷ ഘടനയിൽ
കാനായിലും ഗോഗുൽത്തായിലും : "ആരംഭ"ത്തിലും പൂർത്തീകരണത്തിലും
യോഹന്നാന്റെ പ്രതീകാത്മക ശൈലി
2 കാനായിൽ "യേശുവിന്റെ അമ്മ" "സ്ത്രീ"
"അടയാളങ്ങളുടെ ആരംഭ"ത്തിന്റെ അർത്ഥം
കാനായിലെ കല്യാണം - കഥനരീതി
മൂന്നാം നാൾ
മൂന്നാം നാളിലെ കല്യാണം
കാനായിലെ കല്യാണത്തിലെ വെള്ളവും വീഞ്ഞും
3 "യേശുവിന്റെ അമ്മയുടെ ഇടപെടൽ
"സ്ത്രീ, എനിക്കും നിനക്കും എന്ത്?"
കാനായിലെ "സ്ത്രീ" ജീവനുള്ളവരുടെ അമ്മ
"എന്റെ സമയം ഇനിയും സമാഗതമായിട്ടില്ല" (സമാഗതമായില്ലേ?)
കാനായിലെ കല്യാണത്തിലെ "സ്ത്രീ" മണവാട്ടി
4 ഗോൽഗോത്തായിൽ "യേശുവിന്റെ അമ്മ" "സ്ത്രീ"
"സ്ത്രീ"- ശിഷ്യന്റെ (ശിഷ്യരുടെ) അമ്മ - ഉന്നതങ്ങളിൽ നിന്നുള്ള വെളിപ്പെടുത്തൽ
വിശ്വാസത്തിലുള്ള സ്വീകരണം
"സ്ത്രീ"- അമ്മ യേശുക്രിസ്തുവിന്റെ ദാനം
5 എല്ലാം നിറവേറുവാൻ
6 "സ്ത്രീ"സഭയുടെ അമ്മയും പ്രതീകവും പ്രതിനിധിയും
7 ഗൃഹപാഠം

1. **ആമുഖം**

യേശു തന്റെ അമ്മയെ ''സ്ത്രീ'' എന്ന് വിളിച്ചു. അതും രണ്ട് രംഗങ്ങളിൽ. രണ്ട് പ്രാവശ്യം. ആദ്യം കാനായിലെ കല്യാണവീട്ടിൽ. രണ്ടാമത് ഗോൽഗോത്തായിൽ കുരിശിൽ കിടന്ന്.

യേശു തന്റെ അമ്മയെ ''സ്ത്രീ'' എന്ന് വിളിച്ചത് ഒരു സുവിശേഷ സംഭവമാണ്. നിർഭാഗ്യവശാൽ അത് വളരെയേറെ തെറ്റിദ്ധരിക്കപ്പെട്ട ഒരു സുവിശേഷ സംഭവമാണ്. യേശു അവളെ തള്ളിപ്പറഞ്ഞു, തരം താഴ്ത്തി, നിന്ദിച്ചു എന്നൊക്കെ ചിലർ വ്യാഖ്യാനിക്കാറുണ്ടായിരുന്നു. അത്തരം വ്യഖ്യാനങ്ങൾ വികലങ്ങളാണെന്ന് ബൈബിൾ ആഴമായി പഠിക്കുന്നവർക്ക് അറിയാം. സന്ദർഭമനുസരിച്ച് ''സ്ത്രീ''സംബോധന ബഹുമാനാദരവുകളുടേതോ നിന്ദയുടേതോആകാം. യോഹന്നാന്റെ സുവിശേഷ വിവരണത്തിൽ യേശു തന്റെ അമ്മയെ ''സ്ത്രീ'' എന്ന് വിളിച്ചതിൽ നിന്ദയുടെയോ അവഗണനയുടെയോ അംശമേയില്ല. ആദരപൂർവ്വമായ വിളിയാണത്. സാദരമായ ''സ്ത്രീ''സംബോധനയ്ക്ക് ബൈബിളിൽ നിരവധി ഉദാഹരണങ്ങളുണ്ട്.

യേശു സ്വന്തം അമ്മയെ സ്ത്രീ എന്ന് വിളിച്ചത് സാദരമോ അനാദരമോ എന്നതല്ല സുവിശേഷവിവരണത്തിൽ കാതലായ കാര്യം. യേശു സ്വന്തം അമ്മയെ സ്ത്രീ എന്ന് വിളിച്ചത് ഒരു സുവിശേഷസംഭവമാണ്. യേശു തന്റെ അമ്മയെ ''സ്ത്രീ'' എന്ന് വിളിച്ചത് സുവിശേഷ വിവരണത്തിന്റെ സുപ്രധാന ഭാഗങ്ങളിലാണ് യോഹന്നാൻ ക്രമീകരിച്ചിട്ടുള്ളത്. മറ്റെല്ലാ സുവിശേഷ സംഭവങ്ങളെയും പോലെ അവയും വ്യാഖ്യാനിക്കണം. ധ്യാനവിഷയമാക്കണം. അതും യോഹന്നാൻ എഴുതിയതിന്റെ ഉദ്ദേശ്യം അനുവാചകർക്ക് യേശുക്രിസ്തുവിന്റെ നാമത്തിൽ ജീവനുണ്ടാകുകയാണ്. അതിന്റെ സുവിശേഷപരമായ, അതായത് യോഹന്നാന്റെ സുവിശേഷവിവരണത്തിൽ അതിന്റെ ബൈബിൾപരമായ, അർത്ഥം എന്ത്? അതാണ് പ്രധാനം. അതാണറിയേണ്ടത്. യേശു തന്റെ അമ്മയെ ''സ്ത്രീ'' എന്ന് വിളിച്ച സുവിശേഷസംഭവം യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേയുള്ളൂ. മറ്റ് സുവിശേഷങ്ങളിലില്ല. അത് ബൈബിൾപരമായി വ്യാഖ്യാനിക്കാൻ ആദ്യം അത് യോഹന്നാന്റെ സുവിശേഷത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കണം. ആ സംഭവം യോഹന്നാന്റെ സുവിശേഷത്തിന്റെ ഇതിവൃത്തം, പ്രഖ്യാപിതമായ ഉദ്ദേശ്യം, ഘടന, അവതരണശൈലി, ''സ്ത്രീ'' എന്ന് വിളിച്ച സന്ദർഭങ്ങൾ, വിവരണരീതി എന്നിവയുടെയെല്ലാം വെളിച്ചത്തിൽ പ്രസ്തുത സംഭവം വിശകലനം ചെയ്യണം. പുതിയ നിയമത്തിൽ യോഹന്നാന്റെ പേരിലുള്ള (പാരമ്പര്യത്തിലുള്ള) മറ്റ് കൃതികളോട് ബന്ധപ്പെടുത്തി കാണണം. യോഹന്നാന്റെ സംഭവ വിവരണത്തിൽ പ്രതിധ്വനിക്കുന്ന പഴയ നിയമ സംഭവങ്ങളുടെ വെളിച്ചത്തിലും മനസ്സിലാക്കണം. കാനായിലെ സംഭവത്തിന് സഭയുടെ ആദികാലം മുതൽ സഭാപിതാക്കന്മാരും സഭാപണ്ഡിതരും സഭയുടെ ആരാധനാ പാരമ്പര്യങ്ങളും നല്കിയിട്ടുള്ള വ്യഖ്യാനങ്ങളും പരിഗണിക്കണം. ഇത്രയും വ്യാപകവും വിശദവുമായ അന്വേഷണം ഈ പാഠത്തിന്റെ പരിധിയ്ക്ക് പുറത്താണ്. യോഹന്നാന്റെ സുവിശേഷവിവരണത്തിന്റെ വെളിച്ചത്തിൽ സാധാരണക്കാർക്ക് മനസ്സിലാക്കാവുന്ന തരം വ്യാഖ്യാനമേ ഈ പാഠത്തിൽ ഉദ്ദേശിക്കുന്നുള്ളൂ.



**യോഹന്നാന്റെ സുവിശേഷത്തിന്റെ ഇതിവൃത്തം**

വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്ത്വം നമ്മൾ കണ്ടു – കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം (യോഹ 1,14). ഈ ഇതിവൃത്തമാണ് യോഹന്നാൻ അനാവരണം ചെയ്യുക. വചനമായ ദൈവം മനുഷ്യനായി. ദൈവപുത്രൻ മനുഷ്യപുത്രനായി. അവന്റെ പരസ്യശുശ്രൂഷയിൽ ദൈവത്തിന്റെ ഏകപുത്രന്റെ മഹത്ത്വം മനുഷ്യർക്ക് കാണാൻ കഴിഞ്ഞു.

ആ മഹത്ത്വത്തിൽ ദൈവകൃപ നിറഞ്ഞിട്ടുണ്ട്. അവന്റെ മഹത്ത്വത്തിൽ ദൈവത്തിന്റെ വെളിപാട് നിറഞ്ഞിട്ടുണ്ട്. ഏകജാതനായ യേശുക്രിസ്തു തന്റെ മഹത്ത്വം വെളിപ്പെടുത്തിയപ്പോൾ ദൈവത്തെ വെളിപ്പെടുത്തി. ദൈവത്തെ കാണാൻ ഏകജാതനെ കണ്ടാൽ മതി. ദൈവത്തിന്റെ കൃപയും വെളിപ്പെടലും നിറഞ്ഞ ഏകജാതന്റെ മഹത്ത്വം അവൻ വെളിപ്പെടുത്തിയത് തന്റെ പരസ്യ ശുശ്രൂഷയിലാണ്. യോഹന്നാൻ സുവിശേഷകൻ മുഖ്യമായി വിവരിക്കുന്നത് യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയാണ് – കാനായിലെ കല്യാണവീട്ടിൽ ആരംഭിച്ച് ഗോൽ ഗോത്തായിൽ കുരിശിൽ ഉയർത്തപ്പെടലിൽ പൂർത്തിയാക്കിയ പരസ്യ ശുശ്രൂഷ. യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ വിവരണം വായിക്കുന്നവർക്ക് ദൈവത്തിന്റെ ഏകജാതനായ യേശുക്രിസ്തുവിന്റെ മഹത്ത്വം – ദൈവത്തിന്റെ കൃപയും സത്യവും നിറഞ്ഞ മഹത്ത്വം – കാണാൻ ഇടയാകട്ടെ.

**യോഹന്നാന്റെ സുവിശേഷത്തിന്റെ ഉദ്ദേശ്യം**

*ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും യേശു ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തിച്ചു. എന്നാൽ, ഇവതന്നെയും എഴുതപ്പെട്ടിട്ടുള്ളത് യേശു ദൈവപുത്രനായ ക്രിസ്തു (മിശിഹാ) ആണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്.*

**''സ്ത്രീ''വിളി സുവിശേഷത്തിന്റെ ഉദ്ദേശ്യത്തോട് ബന്ധപ്പെടുത്തുക**

വചനം മനുഷ്യനായി – ദൈവപുത്രനായ യേശുക്രിസ്തു. അവന്റെ മഹത്ത്വം മനുഷ്യർ ദർശിക്കണം. ദൈവത്തിന്റെ ഏകജാതനായ അവന്റെ മഹത്ത്വം കണ്ട് അവൻ ദൈവപുത്രനായ മിശിഹായാണെന്ന് മനുഷ്യർ വിശ്വസിക്കണം. അങ്ങനെ വിശ്വസിച്ച് അവന്റെ നാമത്തിൽ അവർക്ക് ജീവനുണ്ടാകണം. അതിനാണ് യോഹന്നാൻ സുവിശേഷകൻ യേശു ചെയ്ത കുറെ അടയാളങ്ങൾ എഴുതിയിട്ടുള്ളത്; സുവിശേഷവിവരണം എഴുതിയിട്ടുള്ളത്. ദൈവപുത്രനായ യേശുക്രിസ്തു

വിൽ വിശ്വസിക്കുന്നവർക്ക് ജീവനുണ്ടാവുകയാണ് സുവിശേഷത്തിന്റെ പരമമായ ലക്ഷ്യം എന്ന് ഈ ഗ്രന്ഥത്തിൽ പാഠം 1ൽ നാം ഏറെക്കുറെ വിശദമായി പഠിച്ചതാണല്ലോ. താൻ വന്നിട്ടുള്ളത് വിശ്വസിക്കുന്നവർക്ക് (തന്റെ ശിഷ്യർക്ക്) ജീവനുണ്ടാകാനും, അത് സമൃദ്ധിയായി ഉണ്ടാകാനും ആണെന്ന് യേശുവും പ്രഖ്യാപിച്ചിട്ടുണ്ട് (യോഹ 10,10). തന്നിൽ വിശ്വസിക്കുന്നവർക്ക് ജീവനുണ്ടാകുകയാണ് യേശുവിന്റെ വരവിന്റെയും പ്രവർത്തനത്തിന്റെയും ഉദ്ദേശ്യം. സുവിശേഷകന്റെയും യേശുക്രിസ്തുവിന്റെയും ഉദ്ദേശ്യം ഒന്നുതന്നെ – യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ജീവനുണ്ടാവുക. ഈ ഉദ്ദേശ്യത്തോട് ബന്ധപ്പെടുത്തി വേണം കാനായിൽ കല്യാണവീട്ടിൽ അടയാളങ്ങളുടെ ആരംഭത്തിലും ഗോൽഗോത്തായിൽ കുരിശിൽ അടയാളങ്ങളുടെ പൂർത്തീകരണത്തിലും യേശു തന്റെ അമ്മയെ സ്ത്രീ എന്ന് വിളിച്ചത് വ്യാഖ്യാനിക്കാൻ. ശിഷ്യർ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നിടത്ത് “സ്ത്രീ”യുടെ സ്ഥാനം എന്ത്? തന്നിൽ വിശ്വസിക്കുന്ന ശിഷ്യർക്ക് യേശു ജീവൻ കൊടുക്കുന്നിടത്ത് “സ്ത്രീ”ക്ക് എന്താണ് കാര്യം? അവിടെ “സ്ത്രീ” ആരാണ്? ഇക്കാര്യമാണ് “സ്ത്രീ”സംബോധന സംബന്ധിച്ച് സുവിശേഷപരമായി അന്വേഷിക്കേണ്ടതും അറിയേണ്ടതും.

**സുവിശേഷഘടനയിൽ**

യേശു തന്റെ അമ്മയെ “സ്ത്രീ” എന്ന് വിളിച്ചത് കാനായിലെ കല്യാണ വീട്ടിലും (യോഹ 1,1–11) ഗോൽഗോത്തായിൽ കുരിശിൽ ഉയർത്തപ്പെട്ടപ്പോഴും (19,25–27) ആണല്ലോ. സുവിശേഷ വിവരണത്തിന്റെ ഘടനയിൽ ഈ രണ്ട് രംഗങ്ങളുടെ പ്രത്യേകത എന്താണ്?

യോഹന്നാന്റെ സുവിശേഷത്തിന് താഴെപ്പറയുന്ന അടിസ്ഥാനപരമായ ഘടനയുണ്ട്.

| | |
|---|---|
| ആമുഖം (സുവിശേഷത്തിന്റെ പൊതുവായ ആമുഖം | : 1,1–2,11 |
| ഒന്നാം ഭാഗം (അടയാളങ്ങളുടെ പുസ്തകം) | : 2,1–12,50 |
| (രണ്ടാം ഭാഗത്തിന് ആമുഖം 11, 1–12,50) | |
| രണ്ടാം ഭാഗം (മഹത്ത്വത്തിന്റെ പുസ്തകം) | : 11,1–120,29 |
| ഉപസംഹാരം (സുവിശേഷത്തിന്റെ പൊതു ഉപസംഹാരം) | : 20,30–31 |
| അനുബന്ധം | : 21 |

ആമുഖത്തിന് മൂന്ന് ഭാഗങ്ങളുണ്ട്. ആദ്യ ഭാഗം (1,1–18) പദ്യരൂപത്തിൽ. രണ്ടാം ഭാഗം (1,19–59) സാക്ഷ്യരൂപത്തിൽ. മൂന്നാം ഭാഗം (2,1–11) ചരിത്രരൂപത്തിൽ. ഒന്നാം ഭാഗം (1,1–18) ഒരു വചനസ്തവമാണ്. രണ്ടാം ഭാഗത്ത് (1,19–59) യേശുക്രിസ്തുവിനെക്കുറിച്ച് സാക്ഷ്യങ്ങളുടെ നിരയുണ്ട്. ഈ ഭാഗത്തെ 1,19,29,35,43 മുതലായ വാക്യങ്ങൾ കൂട്ടിയിണക്കുന്നു. മൂന്നാംഭാഗം (2,1–11) “മൂന്നാംദിവസം” എന്നാണ് തുടക്കം. ചരിത്രം പറയുമ്പോലെ. സുവിശേഷത്തിന്റെ പൊതു ആമുഖത്തിന്റെ അവസാന ഭാഗമാണ് 2,1–11.



**കാനായിലും ഗോൽഗോത്തായിലും : “ആരംഭ”ത്തിലും “പൂർത്തീകരണ”ത്തിലും**

യോഹ 2,1–11 സുവിശേഷത്തിന്റെ പൊതു ആമുഖത്തിന്റെ അവസാന ഭാഗമാണ്. അതേ സമയം അത് സുവിശേഷത്തിന്റെ ഒന്നാം ഭാഗത്തിന്റെ (യോഹ 2,1–12,50) ആരംഭം കൂടിയാണ്. അങ്ങനെ സുവിശേഷത്തിന്റെ പൊതു ആമുഖവും ബാക്കി ഭാഗവും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായി വർത്തിക്കുന്നു യോഹ 2,1–11.

യോഹ 2,1–11ൽ പറയുന്നത് അതിന്റെ മുൻപിൻ ഭാഗങ്ങളെ സംബന്ധിച്ച് സുപ്രധാനമാണ്. യോഹ 2,1–11 യേശുവിന്റെ പരസ്യ ശുശ്രൂഷയുടെയും അതിന്റെ ഫലത്തിന്റെയും ഒരു പൊതു ചിത്രം സംക്ഷിപ്തമായി നല്കുന്നു. യോഹ 2,1–11ലെ വിവരണം അവസാനിക്കുന്നത് ഇപ്രകാരമാണല്ലോ: *ഇത് യേശു അടയാളങ്ങളുടെ ആരംഭമായി ഗലീലിയിലെ കാനായിൽ പ്രവർത്തിച്ചു. തന്റെ മഹത്ത്വം വെളിപ്പെടുത്തി. അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു* (യോഹ 2,11). യേശു പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ് കാനായിലെ കല്യാണത്തിൽ പ്രവർത്തിച്ചത്. അതുവഴി അവന്റെ മഹത്ത്വം വെളിപ്പെടുത്തി. ഫലം അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു.

എന്താണ് അടയാളം? ഈ ഗ്രന്ഥത്തിൽ പാഠം 1ൽ പഠിച്ചതാണ്. ഇവിടെയും ചുരുക്കമായി അനുസ്മരിക്കാം. രക്ഷകനായ ദൈവം തന്റെ ജനത്തെ രക്ഷിക്കാൻ ചെയ്യുന്ന രക്ഷാകര പ്രവൃത്തികളാണ് അടയാളങ്ങൾ. നാം അവയെ അത്ഭുതങ്ങൾ എന്നു വിളിക്കുന്നു. യോഹന്നാൻ സുവിശേഷകൻ അങ്ങനെ വിളിക്കില്ല. അടയാളങ്ങൾ എന്നോ പ്രവൃത്തികൾ എന്നോ വിളിക്കുന്നുള്ളൂ. ദൈവം തന്റെ ഏകജാതനായ യേശുക്രിസ്തുവിലൂടെ ചെയ്യുന്ന രക്ഷാകര പ്രവൃത്തികളാണ് യേശു ചെയ്യുന്ന അടയാളങ്ങൾ. അവയുടെ ആരംഭമാണ് ഗലീലിയിലെ കാനായിൽ കല്യാണവീട്ടിൽ പ്രവർത്തിച്ചത്. അവിടെ യേശുക്രിസ്തു മുഖാന്തരമുള്ള രക്ഷാകര പ്രവൃത്തികളുടെ ആരംഭം പ്രവർത്തിക്കാൻ അവന്റെ അമ്മ അവനോട് പറഞ്ഞു. *അപ്പോൾ അവിടെ അവൻ അവളെ “സ്ത്രീ” എന്ന് വിളിച്ചു. അപ്പോൾ അവിടെ ശിഷ്യന്മാർ വിശ്വസിച്ചവരായി ഉണ്ടായിരുന്നു.*

യേശുവിന്റെ അമ്മയെ യോഹന്നാൻ സുവിശേഷത്തിൽ രണ്ടാമത് അവതരിപ്പിച്ചിട്ടുള്ളത് യോഹ 19,25–27ലാണ് എന്ന് മുകളിൽ ചൂണ്ടിക്കാട്ടിയല്ലോ. യേശു കുരിശിൽ ഉയർത്തപ്പെട്ട് കിടക്കുന്നതിന്റെ വിവരണമാണ് യോഹ 19,17–37. അതിന്റെ മദ്ധ്യഭാഗമാണ് 19,25–27. യേശുക്രിസ്തു കുരിശിൽ ഉയർത്തപ്പെട്ട് കിടക്കുന്നത് “പൂർത്തീകരണത്തിന്റെ” രംഗമാണ്. യോഹ 19,17–37ൽ അഞ്ച് പ്രാവശ്യം പൂർത്തിയാക്കുക, നിറവേറുക എന്നീ പദങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. [19,24.28 (രണ്ടു പ്രാവശ്യം). 30.37]. “എല്ലാം പൂർത്തിയായ” രംഗമാണത് (19,28.30). തിരുവെഴുത്തു

കൾ പൂർത്തിയാകുന്ന സമയവും രംഗവും. പിതാവ് യേശുവിനെ ഏല്പിച്ച ജോലി പൂർത്തിയാകുന്ന സമയവും രംഗവും. പുത്രൻ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് പിതാവ് പുത്രനെ മഹത്ത്വപ്പെടുത്തുന്നത് പൂർത്തിയാകുന്ന സമയവും രംഗവും (യോഹ 12,32-33;17,1-5). യേശുവിന്റെ മഹത്ത്വം പൂർണ്ണമായി വെളിപ്പെട്ട സമയവും രംഗവും. എല്ലാവരെയും തന്നിലേക്ക് ആകർഷിക്കാൻ യേശു ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ട സമയവും രംഗവും. യേശു ഈ ലോകം വിട്ട് പിതാവിന്റെ പക്കലേക്ക് പോകുന്നത് പൂർത്തിയാകുന്ന സമയവും രംഗവും. ''എല്ലാം പൂർത്തിയായ''തിന്റെയും പിതാവ് പുത്രനെ മഹത്ത്വപ്പെടുത്തിയതിന്റെയും (സമയത്തും) സ്ഥലത്തും നില്ക്കുകയായിരുന്ന ''യേശുവിന്റെ അമ്മ'' ''സ്ത്രീ''യെന്ന് ഉന്നതത്തിൽ നിന്ന് വിളിക്കപ്പെട്ടു. അവൾ ശിഷ്യന്റെ അമ്മയും ശിഷ്യൻ അവളുടെ മകനുമാണെന്ന് കുരിശിൽ ഉയർത്തപ്പെട്ട യേശു പറഞ്ഞറിയിക്കുകയും പരസ്പരം പറഞ്ഞേല്പിക്കുകയും ചെയ്തു. കാനായും ഗോൽഗോത്തായും അടയാളങ്ങളുടെ ആരംഭ-പൂർത്തീകരണ രംഗങ്ങളാണ്. അങ്ങനെ അവ ബന്ധപ്പെട്ടാണ്.

''ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു ...'' എന്ന് യേശു പറഞ്ഞു (യോഹ 8,12). ജീവനിലേക്ക് നയിക്കുന്ന പ്രകാശത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രധാനമായ വചനമാണിത്. ഈ വചനം കേന്ദ്രമാക്കി യോഹന്നാന്റെ സുവിശേഷത്തിന് ഘടനയുണ്ടെന്ന് കാണാം. അങ്ങനെ പതിനേഴ് എപ്പിസോഡുകളിൽ സുവിശേഷം സംവിധാനം ചെയ്തിട്ടുള്ളതായും കാണാനാവും. ഈ സംവിധാന ഘടനയിൽ കാനായിലെ ''ആരംഭം'' രണ്ടാമത്തെ എപ്പിസോഡാണ്. ഗോൽഗോത്തായിലേത് പതിനാറാമത്തേതും. ഇവ രണ്ടും സമാന്തരങ്ങളുമാണ് (കൂടുതൽ വിവരങ്ങൾ ഈ ഗ്രന്ഥകാരന്റെ *ഇതാ കർത്താവിന്റെ ദാസി* എന്ന പുസ്തകം പുറ. 78-79ൽ ഉണ്ട്).

**യോഹന്നാന്റെ പ്രതീകാത്മക ശൈലി**

ഭാഷ ഒരു പ്രതീകം (സിംബൽ) ആണ്. ആശയവിനിമയത്തിനുള്ളത്. മതഭാഷ പ്രതീകാത്മകമാകാതെ തരമില്ല. പുതിയ നിയമത്തിലെ സുവിശേഷ ഗ്രന്ഥങ്ങളിൽ പ്രതീകാത്മകതയുടെ നിരക്ക് ഏറ്റവും കൂടുതൽ യോഹന്നാന്റെ കൃതികളിലാണ്.

യോഹന്നാന്റെ സുവിശേത്തിൽ ''സ്ത്രീ'' എന്ന വാക്ക് 8,1-11ലേത് ഉൾപ്പെടെ ഇരുപത്തിരണ്ട് പ്രാവശ്യമുണ്ട്. സാധാരണ അർത്ഥത്തിലും പ്രതീകാത്മക അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. വെളിപാടുഗ്രന്ഥത്തിൽ പതിനേഴ് പ്രാവശ്യമുണ്ട്. യോഹന്നാന്റെ പാരമ്പര്യത്തോട് ബന്ധപ്പെടുത്തിയതാണല്ലോ വെളിപാടു പുസ്തകം. അതിൽ ''സ്ത്രീ'' എല്ലായിടത്തും പ്രതീകാത്മകവുമാണ്. പ്രതീകാത്മകതയുടെ അതിപ്രസരം ദർശന സാഹിത്യത്തിന്റെ (വെളിപാടു സാഹിത്യത്തിന്റെ) കൂടെപ്പിറപ്പാണ്. വെളിപാടു പുസ്തകത്തിൽ ''സ്ത്രീ'' പ്രധാനമായി തിന്മയു



ടെയും (വിഗ്രഹാരാധകരുടെയും) സത്യവിശ്വാസത്തെപ്രതി പീഡിതയായ സഭയുടെയും പ്രതീകമാണ്. വിശ്വസ്ത സഭയുടെ പ്രതീകമായ ''സ്ത്രീ''യെ (ഉദാ: വെളി 12) യോഹ 2,4;16,21;19,26 എന്നിവിടങ്ങളിലെ ''സ്ത്രീ''പ്രയോഗത്തോട് ബന്ധപ്പെടുത്തി കാണാനാവും.

യോഹന്നാന്റെ സുവിശേഷത്തിൽ 8,1-11ലേത് ഉൾപ്പെടെ ആറിടത്ത് ''സ്ത്രീ'' എന്ന പദം യേശു ഉച്ചരിച്ചതായുണ്ട് (2,4;4,21;8,10; 16,21;19,26;20,15). 16,21ലേത് ഒഴികെ എല്ലായിടത്തും സംബോധനകളാണ്. സമയം സമാഗതമായപ്പോൾ വേദനയോടെ മക്കളെ പ്രസവിക്കുന്ന ''സ്ത്രീ''യെ യോഹ 16,21-24 വർണ്ണിക്കുന്നു. അവിടെ ''സ്ത്രീ'' പ്രത്യേക വ്യക്തിയെക്കുറിച്ചല്ല; ശിഷ്യരുടെ സംഘമായ സഭയുടെ പ്രതീകമാണ്. വിശേഷിച്ച്, യേശു തങ്ങളിൽനിന്ന് വേർപെട്ടുപോകുന്നതിനെപ്രതി ദുഃഖിക്കുന്ന ശിഷ്യരുടെ പ്രതീകം. കാനായിലും ഗോൽഗോത്തായിലും യേശുവിന്റെ അമ്മയെയാണ് ''സ്ത്രീ'' എന്ന് യേശു വിളിച്ചത് എന്ന കാര്യം വീണ്ടു ഓർമ്മിപ്പിക്കട്ടെ.

**2. കാനായിൽ ''യേശുവിന്റെ അമ്മ'' ''സ്ത്രീ'' ''അടയാളങ്ങളുടെ ആരംഭ''ത്തിന്റെ അർത്ഥം**

കാനായിലെ കല്യാണവീട്ടിൽ എന്താണ് സംഭവിച്ചത്? യേശു പച്ചവെള്ളം നല്ല വീഞ്ഞാക്കി കൊടുത്തപ്പോൾ എന്താണ് നടന്നത് എന്നാണ് ചോദ്യം. ഗലീലിയിലെ കാനായിൽ കല്യാണവിരുന്നിൽ വീഞ്ഞ് ഇല്ലാതായപ്പോൾ യേശു യഹൂദരുടെ ശുചീകരണത്തിനുള്ള ആറ് കല്ഭരണികളിലെ വെള്ളം തന്റെ വാക്കുകൊണ്ട് നല്ല വീഞ്ഞായി കരുതിവച്ചുകൊടുത്തു. ''**അടയാളങ്ങളുടെ ആരംഭ**''മായി യേശു അവിടെ ചെയ്തതിന്റെ അർത്ഥം എന്ത്? യേശു വിവാഹ വിരുന്നിന് വെള്ളം വീഞ്ഞാക്കിയത് എന്തിനെ സൂചപ്പിക്കുന്നു? അതിലാണ് നാം ശ്രദ്ധിക്കേണ്ടത്. അതിനാണ് സുവിശേഷകൻ ഈ കഥ എഴുതിയിട്ടുള്ളത്. പകരം നാം ശ്രദ്ധിക്കാറുള്ളത് യേശു വീഞ്ഞു കൊടുത്തതിലാണ്. നീ കാനായിൽ വീഞ്ഞു കൊടുത്തു. ഞങ്ങൾക്കും തരിക. ''നീ കാനായിലെ കല്യാണവീട്ടിൽ വച്ച് നല്കിയ ലൗകിക നന്മകൾക്ക് ഞങ്ങളെയും അവകാശികളാക്കണം'' എന്ന് ചോദിക്കാനുള്ള പ്രാർത്ഥനയും കത്തോലിക്കർക്ക് കിട്ടിയിട്ടുണ്ടല്ലോ. യേശു വർദ്ധിപ്പിച്ച അപ്പം തിന്നവരെയും കണ്ടവരെയും പോലെതന്നെ. അപ്പം തിന്നു വയറു നിറഞ്ഞവർ യേശുവിനെ അന്വേഷിച്ചു. അവരുടെ ശ്രദ്ധയെല്ലാം വയറു നിറയ്ക്കുന്ന അപ്പത്തിലായിരുന്നു. അതെപ്രതി തന്നെ അന്വേഷിച്ചു ചെന്നവരെ യേശു ശകാരിച്ചു: ''നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്നതു കൊണ്ടാണ് എന്നെ അന്വേഷിക്കുന്നത്. നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന ജീവനുള്ള അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുവിൻ ... ഞാനാണ് സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പം ...'' കേട്ടപാടേ അന്വേഷകരെല്ലാം പിൻവാങ്ങി. ശിഷ്യ

ന്മാർ അവശേഷിച്ചു (യോഹ 6,27). വീഞ്ഞും തേടി - കാനായിലെ കല്യാണവീട്ടിൽ ചെയ്തുകൊടുത്ത ലൗകിക നന്മകൾ മാത്രം തേടി - ചെല്ലുന്നവരോടും യേശു അതേ വാക്കുകളിൽ പ്രതികരിക്കുന്നു: അട യാളം കണ്ടതു കൊണ്ടല്ല, വീഞ്ഞ് കിട്ടിയതു കൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്. നശ്വരമായ വീഞ്ഞിനു വേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ വീഞ്ഞിനു വേണ്ടി അധ്വാനിക്കുവിൻ.

യേശു തരുന്ന അനശ്വരമായ വീഞ്ഞ് എന്താണ്? അത് അറിയാ നുള്ള വകയൊക്കെ സുവിശേഷകൻ ക്രമീകരിച്ചിട്ടുണ്ട്. വിവാഹം, വീഞ്ഞ്, ആറ് കല്ഭരണികളിലെ വെള്ളം, മണവാളൻ, പരിചാരകൻ, സ്ത്രീ, യേശുവിന്റെ അമ്മ, യേശു, ശിഷ്യർ എന്നീ പ്രതീകങ്ങളും കഥാ പാത്രങ്ങളുമെല്ലാം അങ്ങനെയുണ്ട്. യോഹന്നാൻ കഥ പറഞ്ഞിട്ടുള്ള രീതിയും ശ്രദ്ധിക്കണം.

### കാനായിലെ കല്യാണം - കഥനരീതി

കാനായിലെ കല്യാണക്കഥയുടെ തുടക്കം ഇങ്ങനെയാണല്ലോ: "*മൂന്നാം നാൾ ഗലീലിയിലെ കാനായിൽ ഒരു കല്യാണം നടന്നു. യേശു വിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവും ശിഷ്യന്മാരും വിരു ന്നിന് ക്ഷണിക്കപ്പെട്ടിരിന്നു. വിഞ്ഞു തീർന്നുപോയതിനാൽ യേശു വിന്റെ അമ്മ അവനോട് പറഞ്ഞു. അവർക്ക് വീഞ്ഞില്ല ...* "

"അവർക്കു വീഞ്ഞില്ല" എന്ന വാക്കുകളാണല്ലോ സംഭവത്തെ മുഴു വൻ നിയന്ത്രിച്ചത്. കല്യാണത്തിന്റെ കഥ പറഞ്ഞപ്പോൾ മണവാളനെയും മണവാട്ടിയെയും പരിചയപ്പെടുത്തുന്നില്ല. എവിടത്തെ പെണ്ണ്? എവി ടത്തെ ചെറുക്കൻ? ആരുടെ കല്യാണം? അത് സസ്പെൻസിലാണ്. കഥ ശ്രദ്ധിച്ചു വായിക്കുന്നവർക്ക് വഴിയേ മനസ്സിലാകും. അവർക്ക് കാനായിലെ കല്യാണത്തിലെ മണവാളനെയും മണവാട്ടിയെയും മ സ്സിലാകും.

കഥ പറയുമ്പോൾ പ്രധാന കഥാപാത്രങ്ങളുടെ ഊരും പേരു മൊക്കെ പറയുന്ന രീതിയാണ് യോഹന്നാന്റേത്. യേശു കാനായിൽ ചെയ്ത രണ്ടാമത്തെ അടയാളത്തിന്റെ വിവരണം നോക്കുക (യോഹ 4,46-54). യേശു സൗഖ്യം നല്കിയവന്റെ - അതേ, വാക്കുകൊണ്ട് ജീവൻ നല്കിയവന്റെ (യോഹ 4,50) - വിശദ വിവരങ്ങളുണ്ട്. പക്ഷേ കാനായിലെ കല്യാണത്തിന്റെ കഥ പറഞ്ഞപ്പോൾ മണവാളന്റെയും മണവാട്ടിയുടെയും വിവരങ്ങളില്ല! അവരല്ലേ കല്യാണത്തിലെ പ്രധാന കഥാപാത്രങ്ങൾ? അതേ. പക്ഷേ യോഹന്നാന് അല്പംകൂടി പറയാനു ണ്ട്. ഈ കല്യാണക്കഥ യേശു ചെയ്ത "**അടയാളങ്ങളുടെ ആരംഭ**" ത്തിന്റെ കഥയാണ്. യോഹന്നാൻ കാനായിലെ കല്യാണക്കഥ പറയു ന്നത് അവിടത്തെ ഏതോ ഒരു യഹൂദപ്പെണ്ണിന്റെയും യഹൂദച്ചെറുക്ക ന്റെയും കല്യാണക്കഥ പറയാനല്ല. സുവിശേഷകന് പറയാനുള്ളത് അവ



രുടെ കല്യാണക്കഥയല്ല. കാനായിൽ യേശു പങ്കെടുത്ത കല്യാണ ത്തിൽ യഹൂദപ്പെണ്ണും ചെറുക്കനും ഉണ്ടായിരുന്നു എന്നിരിക്കട്ടെ. പക്ഷേ അവരെക്കുറിച്ച് ഒരു വിവരവും സുവിശേഷകൻ തരുന്നില്ല. സുവിശേഷകൻ പറയാത്ത മണവാളന്റെയും മണവാട്ടിയുടെയും കാര്യ മെന്തിനാ നമ്മൾ തിരക്കുന്നത്? സുവിശേഷകൻ പറയുന്ന "കാനാ യിൽ നടന്ന ഒരു കല്യാണ"ത്തിൽ യേശുവും ശിഷ്യന്മാരും യേശു വിന്റെ അമ്മയും മണവാളനും പരിചാരകരും സ്ത്രീയും വീഞ്ഞുമൊ ക്കെയാണ് പ്രധാനം. അവരിലേക്കാണ് സുവിശേഷകൻ ശ്രദ്ധ ക്ഷണി ക്കുക. "മൂന്നാം നാൾ ഗലീലിയിലെ കാനായിൽ ഒരു കല്യാണം നടന്നു" എന്നു പറഞ്ഞിട്ട് നേരേ കടക്കുന്നത് യേശുവിനെയും ശിഷ്യന്മാരെയും അവിടെയുണ്ടായിരുന്ന യേശുവിന്റെ അമ്മയേയും വീഞ്ഞ് തീർന്ന കാര്യം അവൾ അവന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിനെയും കുറിച്ച് പറയാനാണ്. ഇനി അന്വേഷിക്കൂ, മൂന്നാം നാളിൽ കാനായിലെ കല്യാണത്തിൽ എന്ത് ഉണ്ടായി?

### മൂന്നാം നാൾ

കാനായിൽ യേശു അടയാളങ്ങളുടെ ആരംഭം പ്രവർത്തിച്ചത് മൂന്നാം നാളിൽ നടന്ന ഒരു കല്യണത്തിലാണ്. അതാണ് സന്ദർഭം. "മൂന്നാം നാളിന്" പല വ്യാഖ്യാനങ്ങളുണ്ട്. യേശുവിന്റെ സ്നാനത്തിന് ശേഷം മൂന്നാം നാൾ എന്ന് മോപ്സ്വേസ്തായിലെ തിയഡോർ. യോഹ ന്നാന്റെ വിവരണമനുസരിച്ച് യേശു ഫിലിപ്പിനെയും (യോഹ 1,43) നത്താനിയേലിനെയും (യോഹ 1,45-51) വിളിച്ചതിന്റെ മൂന്നാം നാൾ എന്ന് ചിലർ വ്യാഖ്യാനിച്ചിട്ടുണ്ട്. ഇതിനെക്കാൾ പ്രധാനം യേശുവിന്റെ മഹത്ത്വം വെളിപ്പെട്ട (യോഹ 2,11) ദിവസം എന്നതാണ്. മൂന്നാം ദിവസം രക്ഷകനായ ദൈവത്തിന്റെ മഹത്ത്വം വെളിപ്പെടുന്ന ദിനം ആണെന്ന് പുറ 19,16 മുതലുള്ള ഭാഗത്ത് ഉണ്ട്. മൂന്നാം നാൾ യേശുക്രിസ്തു പുനഃസൃഷ്ടി ആരംഭിക്കുകയും അവനിൽ വിശ്വസിക്കുന്നവർക്ക് ജീവ നുണ്ടാകുകയും ചെയ്യുന്ന ദിവസവുമാണ്. മൂന്നാം ദിവസം യേശു പുന രുത്ഥാനം ചെയ്ത് പുനഃസൃഷ്ടി പൂർത്തിയാക്കുന്ന ദിവസവുമാണ് (യോഹ 2,13-23). ഇക്കാര്യങ്ങൾ തുടർന്നുള്ള കല്യാണ വിവരണത്തിൽ സുവിശേഷകൻ പറഞ്ഞുതരുന്നു.

### മൂന്നാം നാളിലെ കല്യാണം

കല്യാണം ഒരു പ്രതീകമാണെന്ന് മുകളിൽ ഓർമ്മപ്പിച്ചു. രക്ഷക നായ കർത്താവും അവന്റെ ജനവും തമ്മിലുള്ള ഗാഢവും വിശ്വസ്ത വുമായ ബന്ധത്തിന്റെ പ്രതീകമായി പഴയ നിയമം വിവാഹബന്ധത്തെ കാണുന്നുണ്ട് (ഉദാ: പുറ 34,15;ഹോസി 3). ആ പാരമ്പര്യപ്രകാരമാണ് യേശുക്രിസ്തു സ്വർഗ്ഗരാജ്യത്തെ വിവാഹവിരുന്നിനോട് ഉപമിച്ചിട്ടുള്ള ത് (മത്താ 22,1-4;ലൂക്കാ 14,15-24). പങ്കെടുക്കുന്നവർക്ക് ജീവനുണ്ടാകയും

അവർ കൂട്ടായി സന്തോഷിക്കയും ചെയ്യുന്ന അനുഭവമാണ് വിരുന്ന്. കുഞ്ഞാടിന്റെ കല്യാണത്തെക്കുറിച്ച് യോഹന്നാന്റെ ദർശനപാരമ്പര്യത്തിൽപ്പെട്ട വെളിപാടു പുസ്തകം (അദ്ധ്യായം 19) വർണ്ണിക്കുന്നു. യേശുവാണ് കുഞ്ഞാടും (യോഹ 1,29.35-37) മണവാളനും (യോഹ 3,29) എന്ന് യോഹന്നാൻ വ്യക്തമായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കാനായിൽ ഇതുവരെയും നല്ല വീഞ്ഞ് കരുതിവച്ചു കൊടുത്ത മണവാളൻ (2,9-10) യേശുവാണല്ലോ. യോഹന്നാൻ സുവിശേഷകൻ വിവരിക്കുന്ന കാനായിലെ കല്യാണത്തിന്റെ മണവാളൻ യേശുക്രിസ്തുവാണ്. മണവാളനായ യേശുക്രിസ്തുവിന്റെ വിവാഹത്തെക്കുറിച്ചാണ് സുവിശേഷകന്റെ വിചാരം. യേശുക്രിസ്തു അടയാളങ്ങൾ പ്രവർത്തിക്കാനാരംഭിച്ചപ്പോൾ ദൈവരാജ്യം അനുഭവസ്ഥമായി. സ്വീകരിച്ചവർക്കെല്ലാം ജീവനും സന്തോഷവുമുണ്ടായി.

**കാനായിലെ കല്യാണത്തിലെ വെള്ളവും വീഞ്ഞും**

കാനായിൽ യേശു വെള്ളം വീഞ്ഞാക്കി എന്ന് ഒഴുക്കൻ മട്ടിൽ പറയുകയാണ് സാധാരണ പതിവ്. പക്ഷേ സുവിശേഷകൻ അങ്ങനെയല്ല. വെള്ളം കോരിയ പാത്രത്തിനു മുതൽ പ്രത്യേകതയുണ്ട്. അതെല്ലാം പരിഗണിച്ചു മാത്രമേ യേശു കാനായിൽ ചെയ്തതിന്റെ പൊരുൾ അറിയാനാവൂ. വീഞ്ഞിന്റെ വേദപരമായ പ്രതീകാത്മകത അറിഞ്ഞുകഴിഞ്ഞാൽ എളുപ്പമാകും. അത് വിശേഷിച്ച് യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ ആഗമനോദ്ദേശ്യം ആവിഷ്കരിക്കുന്ന വിചാരധാരകളോട് ബന്ധപ്പെടുത്തിക്കാണണം. കാരണം, കാനായിൽ വിവാഹത്തിൽ യേശുക്രിസ്തു ചെയ്തത് തന്റെ മഹത്ത്വം വെളിപ്പെടുത്തിയ "അടയാളങ്ങളുടെ ആരംഭം" ആണ്. അവന്റെ മഹത്ത്വം കണ്ട ശിഷ്യന്മാർ അവനിൽ വിശ്വസിക്കുകയും ചെയ്തു (യോഹ 2,11). യേശു വിവാഹത്തിൽ യഹൂദരുടെ ശുചീകരണത്തിനുള്ള ആറ് കല്ഭരണികളിലെ വെള്ളം വീഞ്ഞാക്കിയതിന്റെ അർത്ഥം എന്ത്? വിവാഹം ദൈവരാജ്യനുഭവത്തിന്റെ പ്രതീകമാണ്. യേശു ദൈവരാജ്യം സ്ഥാപിച്ചുതുടങ്ങുമ്പോൾ യഹൂദരുടെ ശുചീകരണത്തിനുള്ള ആറ് കല്ഭരണികളിലെ വെള്ളം തന്റെ വാക്കുകൊണ്ട് പുനഃസൃഷ്ടിച്ചു നല്കിയ വീഞ്ഞ് എന്തിന്റെ പ്രതീകമാണ്?

വീഞ്ഞിന് പഴയ നിയമത്തിൽ പല സൂചനകളുണ്ട്. ഇവിടെ സംഗതമായവയിൽ പ്രധാനമായവ കാണാം. മിശിഹായുടെ രാജ്യത്തിൽ (ദൈവരാജ്യത്തിൽ) പ്രവേശിക്കുന്നവർക്ക് ലഭിക്കുന്ന അനുഗ്രഹസമൃദ്ധിയുടെ പ്രതീകമായുണ്ട് വീഞ്ഞ് (ഏശ 25,6;ആമോ 9,13-14;ഹോസി 2,22-24). വീഞ്ഞ് സന്തോഷത്തിന്റെ പ്രതീകവുമാണ് വേദപാരമ്പര്യത്തിൽ (ഉ.ഗീ 1,2.4;5,1;7,3.9;8,2). ഈ രണ്ട് സൂചനകളും (അർത്ഥവും) യേശുവിന്റെ വരവിന്റെ പ്രഖ്യാപിതങ്ങളായ ഉദ്ദേശ്യങ്ങളോട് - ജീവൻ നല്കുക; അവന്റെ സന്തോഷം ശിഷ്യരിൽ കുടികൊള്ളുകയും പൂർണമാകയും ചെയ്യുക - താദാത്മ്യപ്പെടുന്നു.

യേശു കാനായിൽ മിശിഹായുടെ യുഗത്തിന്റെ അനുഗ്രഹം നല്കാനാരംഭിച്ചു. കാനായിൽ കല്യാണത്തിൽ പ്രവർത്തിച്ച അടയാളങ്ങളുടെ



ആരംഭത്തിന് സമാന്തരവും തുടർച്ചയുമായി കാനായിൽ യേശു ചെയ്ത രണ്ടാമത്തെ അടയാളം ജീവൻ കൊടുക്കുന്നതിന്റേതാണ് (യോഹ 4,50-53). കാനായിലെ ആരംഭത്തിൽ യേശു ജീവൻ കൊടുക്കുന്ന പ്രവൃത്തി ആരംഭിച്ചു. ഞാൻ വന്നിട്ടുള്ളത് അവർക്ക് (തന്റെ ആടുകൾക്ക്, തന്നിൽ വിശ്വസിക്കുന്നവർക്ക്) ജീവൻ ഉണ്ടാകാനും, അത് സമൃദ്ധിയായി ഉണ്ടാകാനുമാണ് എന്ന് യേശു പ്രസ്താവിച്ചിട്ടുണ്ടല്ലോ (യോഹ 10,10). ഗോൽഗോത്തായിൽ കുരിശിൽ യേശു തലചായ്ച്ച് ആത്മാവിനെ സമർപ്പിച്ച് (19,30) ജീവൻ നല്കൽ പൂർത്തിയാക്കി. യേശുവാണ് മനുഷ്യരുടെ ജീവൻ (യോഹ 1,2;14,6;6,33.48;11,25). അവൻ ജീവൻ നല്കുന്നു (യോഹ 10,11;19,30). അവനിൽ വിശ്വസിക്കുന്നവർക്ക് ജീവൻ ഉണ്ടായിരിക്കും (യോഹ 11,25). തന്നിൽ വിശ്വസിക്കുന്നവർക്ക് ജീവൻ നല്കുന്ന പ്രവൃത്തി ചെയ്യാൻ യേശു കാനായിലെ കല്യാണത്തിൽ ആരംഭിച്ചു. യേശുക്രിസ്തു അടയാളങ്ങളുടെ ആരംഭം പ്രവർത്തിച്ചപ്പോൾ വെളിപ്പെട്ട അവന്റെ മഹത്ത്വം കണ്ട് അവനിൽ വിശ്വസിച്ചവർക്ക് ജീവനുണ്ടാകുന്ന പ്രവൃത്തി ചെയ്യാൻ ആരംഭിച്ചു. യേശു അടയാളങ്ങൾ പ്രവർത്തിക്കുമ്പോൾ വെളിപ്പെടുന്ന അവന്റെ മഹത്ത്വം കണ്ട് അവനിൽ വിശ്വസിക്കുന്നവർക്ക് അവന്റെ നാമത്തിൽ ജീവനുണ്ടാകുന്ന പ്രവൃത്തി കാനായിൽ ദൈവരാജ്യസ്ഥാപനം തുടങ്ങിയപ്പോൾ ആരംഭിച്ചു.

സന്തോഷത്തിന്റെ പ്രതീകമായും വീഞ്ഞിനെ വിശുദ്ധ ഗ്രന്ഥം വർണ്ണിച്ചിട്ടുള്ളത് മുകളിൽ കണ്ടല്ലോ. യേശു ശിഷ്യരോട് പറഞ്ഞിട്ടുണ്ട്: എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും അത് പൂർണ്ണമാകാനുമാണ് ഞാൻ വന്നിട്ടുള്ളത് (യോഹ 15,11;16,24;17,13). യേശു നല്കുന്ന സന്തോഷം ശിഷ്യരിൽ നിന്ന് ആർക്കും അപഹരിക്കാനാവില്ല (യോഹ 16,24). യേശു തന്റെ സന്തോഷം ശിഷ്യർക്ക് - തന്നിൽ വിശ്വസിക്കുന്നവർക്ക് - നല്കുന്ന ശുശ്രൂഷ കാനായിലെ കല്യാണവീട്ടിൽ ആരംഭിച്ചു. സ്വീകരിക്കുന്നവരിൽ പൂർണ്ണമാകുന്നതിന് ദൈവരാജ്യത്തിന്റെ സന്തോഷം നല്കുന്ന പ്രവൃത്തി തുടങ്ങുന്ന കാര്യം വർണ്ണിക്കാനും വിവാഹമെന്ന പ്രതീകമാണല്ലോ ഏറ്റവും ഉചിതം. മൂന്നാം നാളിലെ പ്രവൃത്തി ഉടമ്പടി നവീകരണത്തിന്റേതുമാണ്.

ചുരുക്കത്തിൽ യേശു കാനായിൽ മിശിഹായുടെ രാജ്യത്തിന്റെ (ദൈവരാജ്യത്തിന്റെ) അനുഗ്രഹം നല്കാൻ ആരംഭിച്ചു. യോഹന്നാന്റെ ഭാഷയിൽ പറഞ്ഞാൽ, ദൈവപുത്രനായ മിശിഹായായ യേശു അവനിൽ വിശ്വസിക്കുന്നവർക്ക് ജീവനുണ്ടാകയും അവരിൽ അവന്റെ സന്തോഷം പൂർണ്ണമാകയും ചെയ്യുന്ന അടയാളങ്ങളുടെ ആരംഭം കാനായിൽ പ്രവർത്തിച്ചു. ജീവനും സന്തോഷവും സമൃദ്ധമായി നല്കാൻ ആരംഭിച്ചു. സത്യ മുന്തിരിയായ യേശു (യോഹ 15) കരുതിവച്ചിരുന്ന നല്ല വീഞ്ഞ് കൊടുക്കാനാരംഭിച്ചു.

വെള്ളം കരുതിയ പാത്രത്തിന്റെ പ്രത്യേകത എടുത്തു പറഞ്ഞിട്ടുണ്ട്. ആ പാത്രത്തിലെ വെള്ളത്തിന്റെ പ്രത്യേകതയാണ് ഉദ്ദേശിച്ചിട്ടു

ള്ളത്. യഹൂദരുടെ ശുചീകരണത്തിനുള്ള ആറ് കല്ഭരണികളിലെ വെള്ളമാണ് യേശു കാനായിൽ നല്ല വീഞ്ഞ് ആക്കിയത്. മൺപാത്രങ്ങൾ അശുദ്ധവും കല്പാത്രങ്ങൾ ശുദ്ധവുമെന്ന് യഹൂദസമുദായം വിധിച്ചിരുന്നു. കല്ഭരണികളിലെ വെള്ളം കൊണ്ട് കഴുകി ശുദ്ധി വരുത്താമെന്നും മിശിഹായുടെ രാജ്യത്തിന്റെ സന്തോഷത്തിൽ സംബന്ധിക്കാമെന്നും അവർ കരുതി. പക്ഷേ യോഹന്നാൻ ചൂണ്ടിക്കാട്ടുന്നു, അവയക്ക് അതിന് കഴിവില്ല. ഒന്നാമത്, ആറ് കല്ഭരണികളിലെ വെള്ളമാണ്. ആറ് അപൂർണ്ണതയുടെ സംഖ്യയാണ്. അശുഭലക്ഷണമാണ്. ശുദ്ധിക്കും സന്തോഷത്തിനുമുള്ള യഹൂദരുടെ ഈ ക്ഷാളനസംവിധാനം അപൂർണ്ണവും അപര്യാപ്തവുമാണ്. യേശു അതിനെ പുനഃസൃഷ്ടിച്ചു. മിശിഹായുടെ രാജ്യത്തിന്റെ ജീവനും സന്തോഷവും നല്കാൻ പ്രാപ്തിയുള്ള നല്ല വീഞ്ഞായി പുനഃസൃഷ്ടിച്ചു.

ഓരോ കല്ഭരണയിലും നൂറു ലിറ്റർ വീതം കൊള്ളുമായിരുന്നു. 600 ലിറ്റർ വീഞ്ഞിന്റെ കുറവ് ഒരു സാഹചര്യത്തിലും അവിടെ ഉണ്ടാകില്ല. യഹൂദരുടെ വിരുന്നിൽ ഒരു വിഭവത്തിനും അവിചാരിതമായി കുറവ് വരില്ല. കാരണം, വിരുന്നിന് എത്ര പേര് വരുമെന്ന് മുൻകൂട്ടി ഏറെക്കുറെ കൃത്യമായി അറിയാം. വിരുന്നിന് രണ്ടു പ്രാവശ്യം വീതം ക്ഷണിക്കുമായിരുന്നു. വിരുന്ന് ഒരുക്കുന്നതിന് മുമ്പ് ആദ്യ ക്ഷണം. വരാമെന്ന് ആദ്യക്ഷണത്തിൽ സമ്മതിക്കുന്ന സകലർക്കുംവേണ്ടി വിഭവങ്ങൾ കരുതും. വിരുന്ന് ഒരുക്കിക്കഴിയുമ്പോൾ ആ വിവരം അറിയിച്ച് ക്ഷണം ആവർത്തിക്കും. അതിനാൽ കുറവുണ്ടാകുന്ന പ്രശ്നമേയില്ല. മിച്ചമേ വരൂ. ഇനി കുറവുണ്ടായാൽത്തന്നെ 600 ലിറ്ററിന്റെ കുറവുണ്ടാകുമോ? ''ഭരണികളിൽ വക്കോളം വെള്ളം നിറച്ചു'' എന്ന വർണ്ണനയും ശ്രദ്ധിക്കുക. ഭരണികൾ തുളുമ്പുവോളം നിറച്ചു; ഭരണികൾ നിറഞ്ഞ് കവിയുവോളം നിറച്ചു എന്നാണ് ധ്വനി. നൂറു ലിറ്റർ വീതം കൊള്ളുന്ന ആറ് കല്ഭരണികളിൽ ''വക്കോളം നിറച്ച'' വെള്ളം യേശുക്രിസ്തു ഇതുവരെയും കരുതി വച്ച നല്ല വീഞ്ഞാക്കി നല്കി. സമൃദ്ധിയായി, അളവിന്റെ അതിരും വിട്ട് നല്കി. മിശിഹായുടെ രാജ്യത്തിന്റെ (ദൈവരാജ്യത്തിന്റെ) അനുഗ്രഹങ്ങൾ - ജീവനും ജീവന്റെ സന്തോഷവും - അളവില്ലാതെ നല്കാൻ യേശു കാനായിൽ ആരംഭിച്ചു. മിശിഹായുടെ രാജ്യത്തിന്റെ അനുഗ്രഹങ്ങൾ നല്കാൻ യഹൂദ മതാചാരങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടായിരുന്ന കഴിവ് വറ്റിപ്പോയിരുന്നു. അവർ കരുതിയിരുന്ന വീഞ്ഞ് തീർന്നുപോയി. ക്ഷണിക്കപ്പെട്ടവർക്ക് നല്കാനുമില്ല. മിശിഹായുടെ രാജ്യത്തിന്റെ സന്തോഷവും ജീവനും നല്കാൻ അവരുടെ ആചാരങ്ങൾക്ക് കഴിവില്ല. അവയെല്ലാം യേശു പുനഃസൃഷ്ടിച്ചു.

കാനായിൽ അടയാളങ്ങളുടെ ആരംഭം പ്രവർത്തിച്ചതിനുശേഷം യേശു പ്രവർത്തിച്ചത് ദേവാലയ ശുദ്ധീകരണമാണ് (2,13-25). യേശു ദേവാലയം പുനഃസൃഷ്ടിച്ചു. പുനഃസൃഷ്ടിക്കപ്പെട്ട ദേവാലയം താനാണ്



എന്നും താൻ തന്നെയാണ് യഥാർത്ഥ ദേവാലയം എന്നും പഠിപ്പിച്ചു. അവന്റെ ഉയർപ്പാണ് അടയാളങ്ങളുടെ പൂർത്തീകരണം എന്ന് സൂചിപ്പിക്കുകയും ചെയ്തു. ആചാരശുദ്ധിക്കുള്ള വെള്ളത്തെയും പുനഃസൃഷ്ടിച്ചു. തന്റെ ശുശ്രൂഷയാൽ അവൻ അവയെ പുനഃസൃഷ്ടിച്ച് ദൈവരാജ്യത്തിന്റെ ജീവനും സന്തോഷവും സമൃദ്ധിയായി നല്കുന്ന പ്രവൃത്തി കാനായിൽ ആരംഭിച്ചു.

തന്നിൽ വിശ്വസിക്കുന്നവർക്ക് ജീവനും സന്തോഷവും സമൃദ്ധിയായി നല്കുന്ന പ്രവൃത്തി ചെയ്യാൻ യേശു കാനായിൽ ആരംഭിച്ചു. അവിടെ അടയാളങ്ങളുടെ ആരംഭം പ്രവർത്തിച്ചപ്പോൾ അവന്റെ മഹത്ത്വം വെളിപ്പെട്ടു (യോഹ 2,11). അവന്റെ മഹത്ത്വം വെളിപ്പെടുന്ന സമയം അവന്റെ സമയം ആണ് (യോഹ 17,1;12,23). കാനായിൽ അവന്റെ മഹത്ത്വം വെളിപ്പെടാൻ ആരംഭിച്ചു; സമയവും ആരംഭിച്ചു. അവന്റെ മഹത്ത്വം വെളിപ്പെട്ടപ്പോൾ അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു. വിശ്വസിച്ചവർക്ക് ജീവനുണ്ടായി. യേശു ചെയ്ത അടയാളങ്ങളുടെ ആരംഭം കണ്ട്, അവിടെ വെളിപ്പെട്ട അവന്റെ മഹത്ത്വം കണ്ട്, അവനിൽ വിശ്വസിച്ച ശിഷ്യർക്ക് അവന്റെ നാമത്തിൽ ജീവനുണ്ടായി. ഇതെല്ലാമാണ് കാനായിൽ കല്യാണവിരുന്നിൽ യേശുക്രിസ്തു മുഖാന്തിരം സംഭവിച്ചത്.

### 3. യേശുവിന്റെ അമ്മയുടെ ഇടപെടൽ

കാനായിൽ കല്യാണത്തിൽ നടന്ന സുവിശേഷസംഭവം സുവിശേഷകൻ എഴുതിയിട്ടുള്ള വരികൾക്കിടയിലൂടെ വായിച്ച് കണ്ടുകഴിഞ്ഞപ്പോൾ യേശുവിന്റെ അമ്മയുടെ ഇടപെടലിന്റെ അർത്ഥം സ്വാഭാവികമായി നമ്മുടെ മനസ്സിൽ ഉരുത്തിരിയുന്നു. അവർക്ക് വീഞ്ഞില്ലാതായ കാര്യം അവൾ അവന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. അതിന്റെ താത്പര്യം അവൻ അവർക്ക് വീഞ്ഞ് നല്കണം എന്നാണല്ലോ. തന്റെ പുത്രനായി ജനിച്ച ദൈവപുത്രനായ യേശുമിശിഹാ ലോകത്തിൽ നല്കാൻ വന്ന ജീവനും സന്തോഷവും - മിശിഹായുടെ രാജ്യത്തിന്റെ/ ദൈവരാജ്യത്തിന്റെ അനുഗ്രഹങ്ങൾ - നല്കാൻ തുടങ്ങുക എന്ന് അവൾ അവനെ രംഗത്തേക്ക് ക്ഷണിക്കയായിരുന്നു. പരസ്യ ശുശ്രൂഷ തുടങ്ങാൻ രംഗത്തേക്ക് അവൾ മകനെ വിളച്ചിറക്കി. പരിപാടി ഉദ്ഘാടനം ചെയ്യാൻ ഉദ്ഘാടകനെ ക്ഷണിക്കുന്ന പോലെയുണ്ട്.

അവിടെ വീഞ്ഞ് തീർന്ന വിവരം അവൾ അറിഞ്ഞിരുന്നു. കാരണം അവൾ - യേശുവിന്റെ അമ്മ - അവിടെ ഉണ്ടായിരുന്നു (യോഹ 2,1). അവൾ തന്റെ കാലത്തെ യഹൂദ സമുദായത്തിന്റെ മതാചാരങ്ങൾക്കുണ്ടായ മൂല്യശോഷണം അറിഞ്ഞിരുന്നു. ദൈവരാജ്യത്തിന്റെ ജീവനും സന്തോഷവും നല്കാൻ അവയ്ക്ക് ആവില്ലെന്നും അവൾ അറിഞ്ഞിരുന്നു. യേശുവിന്റെ അമ്മ അവനെ ദൈവപുത്രനായ മിശിഹാ എന്ന് അറിയുകയും അവനിൽ വിശ്വസിക്കുകയും ചെയ്തിരുന്നു. മണവാളനായ മിശിഹായുടെ വിവാഹത്താൽ സ്ഥാപിതമാകുന്ന പുതിയ കുടും

ബത്തിൽ യേശുവിന്റെ അമ്മ ഉണ്ടായിരുന്നു. മിശിഹായുടെ പ്രവൃത്തി ചെയ്യാൻ ആരംഭിക്കാൻ അവനോട് അവൾ അപേക്ഷിച്ചു. അവൻ പറയുന്നത് ചെയ്യുവിൻ എന്ന് അവന്റെ ശിഷ്യരായ പരിചാരകരോട് (യോഹ 12, 25) അവൾ ഉപദേശിച്ചു (യോഹ 2,5).

**“സ്ത്രീ എനിക്കും നിനക്കും എന്ത്?”**

മിശിഹായുടെ രാജ്യത്തിന്റെ നല്ല വീഞ്ഞ് നല്കാൻ യേശുവിന്റെ അമ്മ അവനോട് (മകനോട്) അഭ്യർത്ഥിച്ചു. അപ്പോൾ അവന്റെ പെട്ടെന്നുള്ള മറുപടി ഒരു മറുചോദ്യമായിരുന്നു. ‘‘സ്ത്രീ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും വന്നുചേർന്നിട്ടില്ല(ല്ലേ) (?)’’ നവീകരണ(പ്രോട്ടസ്റ്റൻറ്) സഭകൾ ഏറെയും ഉപയോഗിക്കുന്ന *സത്യവേദപുസ്തക*ത്തിൽ ‘‘സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്?’’എന്നാണ്. യോഹന്നാൻ ഗ്രീക്കിലാണ് എഴുതിയത്. സുവിശേഷകൻ ഉപയോഗിച്ചിട്ടുള്ള ഗ്രീക്ക്ശൈലി ഹീബ്രൂ പഴയ നിയമത്തിലെ ഒരു സെമിറ്റിക് ശൈലിയുടെ ഭാഷാന്തരമാണ്. സെമിറ്റിക് ശൈലി ഹീബ്രൂ പഴയ നിയമത്തിൽ പലയിടത്തുണ്ട് (2രാജ 3,13;ഹോസി 14,9;2സാമു 16,10;ന്യായ 11,12;2 ദിന 32,15;1 രാജ 17,18). ‘‘എനിക്കും നിനക്കും എന്ത്?’’ എന്ന് വിവർത്തനം ചെയ്തിട്ടുള്ള സെമിറ്റിക്, ഗ്രീക്ക് ശൈലികളിൽ *തമ്മിൽ* എന്ന മലയാള പദത്തിന് ഒരു പദമില്ല. മേല്പറഞ്ഞ ശൈലി പഴയ നിയമത്തിൽ ചിലയിടങ്ങളിൽ *തമ്മിൽ* ചേർത്ത് പരിഭാഷപ്പെടുത്തിയാലും എല്ലായിടത്തും ശത്രുതയുടെയോ ബന്ധവിച്ഛേദത്തിന്റെയോ സ്വരമല്ല (ഉദാ: 2 ദിന 35,21). കാനായിൽ യേശു അമ്മയോട് ശത്രുതയിലോ അനുസരണക്കേടിലോ അല്ല പെരുമാറിയത്. വീഞ്ഞ് തീർന്നതിന്റെ പ്രശ്നം അവളുടെ താത്പര്യപ്രകാരം പരിഹരിച്ചു. കല്യാണവീട്ടിൽ നിന്ന് അമ്മയോടും സഹോദരന്മാരോടും കൂടെ യേശു കഫർണാമിലേക്ക് പോയി (2,12).

നവീകരണ പ്രസ്ഥാനങ്ങളും ‘‘തമ്മിൽ’’എന്ന വാക്കില്ലാതെ യോഹ 2, 4 പരിഭാഷപ്പെടുത്തുന്നുണ്ട് (ഉദാ: *ദിവ്യസന്ദേശം* എന്ന പേരിലുള്ള പുതിയ നിയമ പരിഭാഷ; അത് സന്തോഷകരമാണ്.)

‘‘എനിക്കും നിനക്കും എന്ത്?’’ ഈ ശൈലി പഴയ നിയമത്തിൽ ചിലയിടങ്ങളിൽ ധാരണപ്പിശകിനെ സൂചിപ്പിക്കുന്നതായുണ്ട് (2 രാജ 3,13; ഹോസി 14,9). സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ പരസ്പരം മനസ്സിലാകാതെ സംസാരിക്കുന്നതുപോലെ. അത് ഒരു സാഹിതീയ തന്ത്രമാണ്. നാലാം സുവിശേഷകന് പ്രിയമുള്ള വിദ്യയാണ്. യോഹന്നാൻ സുവിശേഷത്തിൽ തന്നെ പലയിടത്ത് പ്രയോഗിച്ചിട്ടുണ്ട്. (ഉദാ: 2,19-22;4,10-15;6,32-33). രണ്ടാം അദ്ധ്യായത്തിലേതുതന്നെ നോക്കാം. യേശു പറഞ്ഞു: *ഈ ദേവാലയം തകർക്കുവിൻ. ഞാൻ മൂന്ന് ദിവസത്തിനകം അത് പുനരുദ്ധരിക്കും.* ജറുസലേം ദേവാലയത്തെക്കുറിച്ചാണ് യേശു സംസാരിച്ചതെന്ന് കേട്ടവർ തെറ്റിദ്ധരിച്ചു. യേശു ഉദ്ദേശിച്ചത് തന്റെ ശരീരമാകുന്ന ദേവാലയത്തെക്കുറിച്ചാണ്. ഇക്കാര്യം ശിഷ്യ



ന്മാർക്കുപോലും മനസ്സിലായത് യേശുവിന്റെ ഉയർപ്പിനു ശേഷമാണ്. തെറ്റിദ്ധാരണാതന്ത്രം സാഹിതീയ വിദ്യയായി പ്രയോഗിക്കുന്നതിന് പ്രത്യേക ഉദ്ദേശ്യമുണ്ട്. തെറ്റിദ്ധരിക്കപ്പെടുന്ന സംഗതിയുടെ സുവിശേഷപരമായ അർത്ഥത്തിലേക്ക് ശ്രദ്ധയൂന്നുക. ‘‘സ്ത്രീ, എനിക്കും നിനക്കും എന്ത്?’’ എന്ന ചോദ്യം കൊണ്ട് യേശു (സുവിശേഷകൻ) ഉദ്ദേശിക്കുന്നത് വിവാഹത്തിൽ വീഞ്ഞ് ഇല്ലാതായ സംഭവം യേശുവിനെ സംബന്ധിച്ചും ‘‘സ്ത്രീ’’ എന്ന നിലയ്ക്ക് ‘‘യേശുവിൻെ അമ്മ’’യെ സംബന്ധിച്ചുമുള്ള അർത്ഥത്തിലേക്ക് ശ്രദ്ധ തിരിക്കുകയാണ്.

**കാനായിലെ ‘‘സ്ത്രീ’’ ജീവനുള്ളവരുടെ അമ്മ**

കാനായിൽ സംഭവിക്കുന്നത് എന്താണെന്ന് മനസ്സിലുണ്ടല്ലോ. വചനമായ ദൈവം മനുഷ്യനായതു വഴിയുണ്ടായ പുനഃസൃഷ്ടിയുടെ ആരംഭമാണ് കാനായിൽ. മണവാളനായ മിശിഹായുടെ വിവാഹമാണ്. മിശിഹായുടെ രാജ്യം വന്നുചേർന്നു. ദൈവപുത്രനായ യേശുമിശിഹായിൽ വിശ്വസിക്കുന്നവർക്ക് ജീവനും സന്തോഷവും സമൃദ്ധമായി നല്കുന്ന പ്രവൃത്തി പിതാവ് അവനിലൂടെ ചെയ്യാനാരംഭിച്ചു. അവന്റെ മഹത്ത്വം വെളിപ്പെട്ടു. ശിഷ്യർ വിശ്വസിച്ചു; അവർക്കു ജീവനുണ്ടായി. പുനഃസൃഷ്ടിയുടെയും ജീവനുണ്ടാകുന്നതിന്റെയും രംഗത്ത് ‘‘സ്ത്രീ’’യുടെ സാന്നിദ്ധ്യവും ഇടപെടലും. ഈ സ്ത്രീചിത്രം വേദഗ്രന്ഥം ആദ്യമായി പറയുന്ന ‘‘ആരംഭ’’ത്തിന്റെ (ആദികളുടെ) കഥയിലെ ‘‘സ്ത്രീ’’യെ (ഉത്പ 1-3) ഓർമ്മിപ്പിക്കുന്നു. ഉത്പ 1,1 തുടങ്ങുന്നപോലെയാണല്ലോ യോഹ 1,1 തുടങ്ങുക. രണ്ടിടത്തും ആരംഭങ്ങളുടെ (ആദികളുടെ) കഥ വിവരിക്കുന്നു. ആദ്യത്തെ ‘‘ആദിയിൽ’’ ‘‘സ്ത്രീ’’ ആദ്യം പുരുഷന് തക്ക ബലമുള്ള തുണയും സുഹൃത്തുമായി നല്കപ്പെട്ടു. അവൾ നാശത്തിനു മുഖാന്തരമായി. ദൈവം കരുണയാൽ അവളെത്തന്നെ രക്ഷയ്ക്ക് പ്രയോജനപ്പെടുത്തുമെന്ന് വാക്കു നല്കി (ഉത്പ 1,1-3;3,15). രക്ഷയ്ക്ക് ഉപയോഗിക്കുമെന്ന് ദൈവത്തിന്റെ വാക്കു കിട്ടിയ സ്ത്രീ വീണ്ടും പുരുഷന്റെ അടുത്തെത്തി. അപ്പോൾ അവൻ ‘‘സ്ത്രീ’’ക്ക് പുതിയൊരു സ്ഥാനപ്പേരു വിളിച്ചു; ‘‘ഹവ്വാ,’’ കാരണം അവൾ ജീവനുള്ളവയ്ക്കെല്ലാം അമ്മയാണ് (ഉത്പ 3,20). മനുഷ്യവംശത്തിന്റെ രക്ഷയ്ക്ക് ഉപകരിപ്പിക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്ത ‘‘സ്ത്രീ’’ ജീവനുള്ളവയ്ക്കെല്ലാം അമ്മയാണ്. കാനായിൽ ജീവനുണ്ടായവരുണ്ട്. ജീവൻ പ്രാപിച്ചവരുണ്ട്. അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു (യോഹ 2,11). അവനിൽ വിശ്വസിച്ചവർക്ക് അവന്റെ നാമത്തിൽ ജീവനുണ്ടായി (യോഹ 3,16;11,25;20,31). വചനമായ ദൈവം മാംസമായി ജീവൻ കൊടുക്കാൻ കാനായിൽ *ആരംഭിച്ചപ്പോൾ* അവനിൽ വിശ്വസിച്ച് ജീവനുണ്ടായവരുടെ അമ്മയായി സ്ത്രീയെ അവളുടെ പുത്രനായി ജനിച്ച യേശു ക്രിസ്തു വെളിപ്പെടുത്തി. ആ നിലയിൽ അവൻ അവളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തി. താൻ മുഖാന്തിരം ജീവനുണ്ടാകുന്നവരുടെയെല്ലാം

അമ്മയായ സ്ത്രീയാണ് തന്റെ അമ്മ എന്ന് ദൈവപുത്രനായ യേശു ക്രിസ്തു കാനായിൽ വെളിപ്പെടുത്താനാരംഭിച്ചു. അതിനാൽത്തന്നെ യേശുക്രിസ്തുവിന്റെ ഈ വെളിപ്പെടുത്തലിൽ തന്നിൽ വിശ്വസിക്കുന്നവരെല്ലാം തന്റെ അമ്മയുടെ മക്കളാകുന്നു എന്ന രഹസ്യവും അന്തർഭവിച്ചിട്ടുണ്ട്.

മേല്പറഞ്ഞതിന്റെ വെളിച്ചത്തിൽ "സ്ത്രീ എനിക്കും നിനക്കും എന്ത്?" എന്ന ചോദ്യത്തിന്റെ അർത്ഥം വെളിവാകുന്നു. വിവാഹത്തിൽ വീഞ്ഞില്ലാതായ സംഭവം ജീവൻ നല്കുന്നവനായ എനിക്കും ജീവനുള്ളവരുടെ അമ്മയായ നിനക്കും എന്ത് എന്നാണ് യേശു ചോദിച്ചത്.

അവർക്ക് വീഞ്ഞില്ല എന്ന് യേശുക്രിസ്തുവിനോട് അമ്മ പറയുന്നതിന്റെ, അവൻ ചെയ്യണമെന്ന് അവൾ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ, അന്തരാർത്ഥത്തിലേക്കും ആ പ്രവൃത്തി അവരെ സ്പർശിക്കുന്ന വഴികളിലേക്കും യേശു അവളുടെ ശ്രദ്ധ ക്ഷണിച്ചു. അവർക്കു വീഞ്ഞില്ല എന്ന സംഗതി യേശുവിനെ സംബന്ധിച്ച് ഇതാണ്: അവൻ ദൈവരാജ്യത്തിന്റെ അനുഗ്രഹങ്ങൾ, ജീവനും സന്തോഷവും, സമൃദ്ധമായി നല്കുന്ന പ്രവൃത്തി ആരംഭിക്കാൻ സമയം ആരംഭിച്ചു. അവർക്കു വീഞ്ഞില്ല എന്നത് അവളെ സംബന്ധിച്ച് അതിൻപ്രകാരം അർത്ഥമാകുന്നു: അവൻ അടയാളം ചെയ്യുമ്പോൾ വെളിപ്പെടുന്ന അവന്റെ മഹത്ത്വം കണ്ട് അവനിൽ വിശ്വസിച്ച് ജീവനുണ്ടാകുന്നവരുടെ അമ്മ എന്ന നിലയിൽ അവൾ അവന്റെ പ്രവൃത്തിയുടെ സമയത്തും സ്ഥാനത്തും സന്നിഹിതയായി ഇടപെടുന്നു. ദൈവരാജ്യത്തിന്റെ, മിശിഹായുടെ യുഗത്തിന്റെ, അനുഗ്രഹങ്ങൾ കുറയുമ്പോൾ, ദൈവിക ജീവനും സന്തോഷവും ഇല്ലാതാകുമ്പോൾ, അവൾ കാര്യം അറിഞ്ഞ് മകനോട് ഉണർത്തിക്കുന്നു. അടയാളം ചെയ്യാൻ മകനെ ആഹ്വാനം ചെയ്യുന്നു.

*സ്ത്രീ എനിക്കും നിനക്കും എന്ത്*? ഈ ചോദ്യം വേറൊരു വിധവും കാണാം. തടസ്സം ഉന്നയിക്കുന്ന തന്ത്രമായി. യോഹന്നാൻ യേശു പ്രവർത്തിച്ച അടയാളങ്ങളുടെ വിവരണത്തിൽ അവലംബിച്ചിട്ടുള്ള ഒരു സാഹിതീയ വിദ്യയാണ് തടസ്സമുന്നയിക്കൽ. അടയാളം പ്രവർത്തിക്കാൻ യേശുവിനോട് ആവശ്യപ്പെടുന്നവരോട് യേശു തടസ്സമുന്നയിക്കുന്നു. അഭ്യർത്ഥകൻ/ൾ തന്റെ വിശ്വാസംകൊണ്ട് ആ തടസ്സം തരണം ചെയ്യണം. അടയാളം അന്വേഷിക്കുന്നയാളിന്റെ വിശ്വാസം പരീക്ഷിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്ന ഒരു വിദ്യയാണത്. (യോഹ 4,48-54;6,5-6;7,4-8;11,25-27). വിശ്വാസത്തിൻ നിലനിന്നവർക്ക് യേശു അടയാളം പ്രവർത്തിച്ചു. അല്ലാത്തവർക്കില്ല (ഉദാ: യോഹ 7,5). യേശുവിന്റെ അമ്മയായാലും അടയാളം പ്രവർത്തിക്കാൻ അവനോട് അഭ്യർത്ഥിക്കുന്ന സ്ത്രീയുടെ വിശ്വാസദാർഢ്യം ഉറപ്പാക്കേണ്ടതുണ്ട്. അവൾക്കുണ്ടായിരുന്നു. അതിനാലാണല്ലോ ചോദ്യം കേട്ടിട്ടും അവൾ പരിചാരകരോട് പറഞ്ഞത്: *അവൻ നിങ്ങളോട് പറയുന്നത് എന്തായാലും ചെയ്യുവിൻ*.



അവൾക്ക് ഉറച്ച വിശ്വാസം ഉണ്ടായിരുന്നു. തന്റെ അർത്ഥനപ്രകാരം യേശു അടയാളം പ്രവർത്തിക്കുമെന്ന്. തടസ്സങ്ങൾക്കിടയിലും തങ്ങളുടെ പ്രാർത്ഥന കേട്ട് യേശു അടയാളം പ്രവർത്തിക്കുമെന്ന് അവനിൽ ഉറച്ച വിശ്വാസം ഉള്ളവരുടെ പ്രതിനിധിയുമാണ് കാനായിൽ സ്ത്രീ എന്ന് യേശു വിളിച്ചവൾ.

### "എന്റെ സമയം ഇനിയും സമാഗതമായില്ല" (സമാഗതമായില്ലേ?)

യേശുവിന്റെ ഈ വാക്കുകൾ **"സ്ത്രീ എനിക്കും നിനക്കും എന്ത്?"** എന്ന ചോദ്യത്തോട് ചേർന്നുള്ളവയാണ്. അതിനാൽ ഗ്രീക്ക് വാക്യഘടനയനുസരിച്ച് ചോദ്യം തന്നെയാണ്. ഈ വസ്തുത യോഹന്നാൻ സുവിശേഷമെഴുതിയ ഗ്രീക്ക് ഭാഷയിൽ പ്രവീണരായ ബൈബിൾ പണ്ഡിതന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പക്ഷേ വിവർത്തനങ്ങളെല്ലാം **"എന്റെ സമയം ഇനിയും ആയിട്ടില്ല"** (എന്റെ സമയം ഇനിയും വന്നുചേർന്നിട്ടില്ല) എന്ന പ്രസ്താവനയായി മാത്രം നല്കിയിരിക്കുകയാണ്. **"സ്ത്രീ എനിക്കും നിനക്കും എന്ത്?"** എന്നപോലെ ഒരു അന്വേഷണമാണ് തൊട്ടുപിന്നാലെ: *എന്റെ സമയം ഇനിയും ആയിട്ടില്ലേ?* സമയം ആയില്ല എന്ന് നിഷേധിക്കയല്ല. യേശുവിന്റെ സമയം ഇനിയും വന്നുചേർന്നിട്ടില്ലേ? എന്ന് തിരക്കുന്നത് സമയം സമാഗതമാകാൻ ആരംഭിച്ചു എന്ന് സ്ഥിരീകരിക്കാനാണ്.

(യേശുവിന്റെ) സമയം നാലാം സുവിശേഷത്തിന്റെ ഒരു പ്രധാന പ്രമേയമാണ്. സമയം സംബന്ധിച്ച് പലതരം പ്രസ്താവനകളുണ്ട് യോഹന്നാന്റെ സുവിശേഷത്തിൽ. പ്രത്യേകിച്ച്. യേശുവിന്റെ സമയം അവൻ മഹത്ത്വപ്പെടുന്നതിന്റേതാണ്. പിതാവ് പുത്രനെ മഹത്വപ്പെടുത്തുന്നതിന്റെതാണ് (യോഹ 12,23;17,1). യേശുവിന്റെ മിശിഹാത്തവും മഹത്ത്വവും പൂർണ്ണമായി വെളിപ്പെടുന്നത് മനുഷ്യപുത്രനായ അവൻ മഹത്വീകൃതനാകുമ്പോഴാണ്. അതിന്റെ പൂർത്തീകരണം ഗോൽഗോത്തായിൽ (17,1). പിതാവ് ഏല്പിച്ച ജോലിയുടെ പൂർത്തീകരണവും തിരുവെഴുത്തുകളുടെ പൂർത്തീകരണവും ഗോൽഗോത്തായിൽ. കാനായിൽ മഹത്ത്വം വെളിപ്പെടാൻ ആരംഭിച്ചു (2,11). ആ നിലയ്ക്ക് കാനായിൽത്തന്നെ *എന്റെ സമയം* സമാഗതമാകാൻ ആരംഭിച്ചു. ഈ സംഗതി യേശു ചോദ്യത്തിലൂടെ സ്ഥിരീകരിച്ചു.

യേശുവിന്റെ *സമയം* സമാഗതമാകാൻ ആരംഭിച്ചപ്പോൾ സ്ത്രീയുടെ സമയവും സമാഗതമാകാൻ ആരംഭിച്ചു. യേശു അടയാളങ്ങളുടെ ആരംഭം പ്രവർത്തിച്ചപ്പോൾ വെളിപ്പെട്ട അവന്റെ മഹത്ത്വം കണ്ട് അവനിൽ വിശ്വസിച്ച് ജീവനുണ്ടായവർ അവളുടെ മുമ്പിൽ ഉണ്ടായിരുന്നു. അവരോട് അവൾ നിർദ്ദേശിച്ചു: *അവൻ നിങ്ങളോട് പറയുന്നത് എന്ത് ആയാലും ചെയ്യുവിൻ* (2,5). യേശുവിന്റെ ശിഷ്യരാണല്ലോ ശുശ്രൂഷകർ (യോഹ 12,25-26). അവർ സ്ത്രീയുടെ മക്കളുമാണ്. അതും യേശുക്രിസ്തു പൂർത്തിയാകലിന്റെ സമയം വെളിപ്പെടുത്തും.

**കാനായിലെ കല്യാണത്തിലെ സ്ത്രീ മണവാട്ടി**

കാനായിലെ കല്യാണത്തിന് നല്ല വീഞ്ഞ് കരുതി വച്ച് നല്കിയ മണവാളൻ യേശുവാണ്. മണവാട്ടിയെക്കുറിച്ച് പരാമർശിക്കുന്നില്ല. കല്യാണത്തിൽ മണവാളനും മണവാട്ടിയും വേണമല്ലോ. കാനായിൽ *സ്ത്രീ* എന്ന് മണവാളൻ വിളിച്ച ഒരാളേ ഉള്ളൂ. അവളാണ് മണവാളൻ ഇതുവരെ കരുതിവച്ചിരുന്ന നല്ല വീഞ്ഞ് നല്കാൻ അവനെ പ്രേരിപ്പിച്ചത്. കാനായിലെ കല്യാണത്തിൽ യേശുവിന് ഡബിൾ റോളുണ്ട്. യേശു വിവാഹത്തിന് ക്ഷണിക്കപ്പെട്ടവനാണ്. അതേ സമയം അവിടെ നല്ല വീഞ്ഞ് നല്കിയ മണവാളനുമാണ്. അതുപോലെ യേശുവിന്റെ അമ്മയ്ക്കും ഡബിൾ റോളുണ്ട്. അവൾ *സ്ത്രീ*യുമാണ്. *സ്ത്രീ* ജീവനുള്ളവരുടെ അമ്മയും മിശിഹായുടെ മണവാട്ടിയുമാണ്. പുതിയ നിയമത്തിൽ യേശു മണവാളനും സഭ അവന്റെ മണവാട്ടിയുമാണ് (2 കൊറി 11,2; എഫേ 5,21-23;വെളി 19,7;21,12). കാനായിലെ *സ്ത്രീ* മിശിഹായുടെ മണവാട്ടി സഭയുടെ പ്രതീകവും പ്രതിനിധിയുമാണ്. സഭാംഗങ്ങൾക്ക് ദൈവരാജ്യത്തിന്റെ ജീവനും സന്തോഷവുമാകുന്ന വീഞ്ഞ് സമൃദ്ധമായി നല്കാൻ തന്റെ മണവാളനോട് അവൾ അഭ്യർത്ഥിക്കുന്നു. വീഞ്ഞ് ലഭിക്കാൻ അവൻ പറയുന്നത് അനുസരിക്കാൻ അവരോട് പറയുന്നു. കുറവുകൾ അറിഞ്ഞ് അവൾ ഇടപെടുന്നു.

**4. ഗോൽഗോത്തായിൽ "യേശുവിന്റെ അമ്മ" "സ്ത്രീ"**

*യേശുവിന്റെ കുരിശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേന മറിയവും നില്ക്കുന്നുണ്ടായിരുന്നു. യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്ത് നില്ക്കുന്നതുകണ്ട് അമ്മയോട് പറഞ്ഞു: സ്ത്രീയേ, ഇതാ, നിന്റെ മകൻ! അനന്തരം അവൻ ആ ശിഷ്യനോട് പറഞ്ഞു: ഇതാ, നിന്റെ അമ്മ! അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു* (യോഹ 19,15-27).

**"സ്ത്രീ" ശിഷ്യന്റെ (ശിഷ്യരുടെ) അമ്മ - ഉന്നതത്തിൽ നിന്നുള്ള വെളിപ്പെടുത്തൽ**

കാനായിൽ യേശു പ്രവർത്തിച്ച *ആരംഭത്തിന്റെ പൂർത്തികരണ*മാണ് ഗോൽഗോത്തായിൽ എന്ന് മുകളിൽ വ്യക്തമാക്കിയല്ലോ. യേശു (ഗോൽഗോത്തായിൽ) കുരിശിൽ ഉയർത്തപ്പെട്ടപ്പോൾ ജീവൻ നല്കുന്ന പ്രവൃത്തി പൂർത്തിയാക്കി (19,30). അവന്റെ സമയം പൂർത്തിയായി. മഹ ത്ത്വം വെളിപ്പെടുത്തൽ പൂർത്തിയായി. അവിടെ കുരിശിന്നരികെ അവ ന്റെ അമ്മയും അവൻ സ്നേഹിക്കുന്ന ശിഷ്യനും അടുത്തു നില്ക്കുന്നുണ്ടായിരുന്നു. യേശു തന്നിൽ വിശ്വസിക്കുന്നവർക്ക് ജീവൻ കൊടുക്കുന്ന പ്രവൃത്തി പൂർത്തിയാക്കയപ്പോൾ തന്റെ അമ്മയെ "സ്ത്രീ" എന്ന് വിളിച്ചു. അവൾ ജീവനുണ്ടാകുന്നവരുടെ - ജീവനുള്ളവരുടെ - ശിഷ്യരുടെ അമ്മയാണെന്ന് അവൻ വെളിപ്പെടുത്തി.



"ഇതാ ...!" എന്ന ശൈലി യോഹന്നാന്റെ സുവിശേഷത്തിൽ ഒരു വെളിപ്പെടുത്തൽ തന്ത്രമാണ്. അനേകം തവണയുണ്ട് (1.29,36). 19-ാം അദ്ധ്യായത്തിൽത്തന്നെ നാല് പ്രാവശ്യമുണ്ട് (വാക്യ 4.14.26,27). അടുത്തു നില്ക്കുന്ന ശിഷ്യൻ (യോഹന്നാൻ എന്ന പേരല്ല) അവളുടെ മകൻ ആണെന്നും ഉയർത്തപ്പെട്ട യേശു വെളിപ്പെടുത്തി: "സ്ത്രീ, ഇതാ നിന്റെ മകൻ!" ശിഷ്യനോട് : "ഇതാ, നിന്റെ അമ്മ!" കാനായിൽ തന്നിൽ വിശ്വസിച്ച ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ യേശു ആരംഭിച്ച "സ്ത്രീ" വിളി ഗോൽഗോത്തായിൽ പൂർത്തിയാക്കി. ശിഷ്യർ അവളുടെ മക്കളാണെന്നും അവൾ അവരുടെ അമ്മയാണെന്നുമുള്ള വെളിപ്പെടുത്തൽ പൂർത്തിയാക്കി. സ്ത്രീയും ശിഷ്യനും യേശുവിന്റെ കുരിശിന്നരികെ നില്ക്കുകയായിരുന്നു. കുഞ്ഞാടിന്റെ വിലയേറിയ രക്തം വീണ് വിശുദ്ധീകൃതരും രക്ഷിതരും ആയവരാണ് അവർ. താൻ കുരിശിലൊഴുക്കിയ ജലരക്തങ്ങളാൽ ശുദ്ധീകൃതരും രക്ഷിതരുമായവരെന്നു വിശ്വസിച്ച് ജീവൻ പ്രാപിക്കുന്ന സകല ശിഷ്യരുടെയും അമ്മയാണ് തന്റെ അമ്മ എന്ന് കുരിശിൽ ഉയർ ത്തപ്പെട്ട യേശു ശിഷ്യർക്ക് വെളിപ്പെടുത്തിത്തന്നു. അവനിൽ പൂർണ മായി വിശ്വസിക്കുന്ന ശിഷ്യർ അത് സ്വീകരിക്കുന്നു. "അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ തന്റെ സ്വന്തമായി സ്വീകരിച്ചു." തന്റെ സ്വന്തം ഭവനത്തിലേക്ക് സ്വീകരിച്ചു എന്നുമാകാം. വിശ്വാസത്തിലുള്ള സ്വീകരണം. "സ്വീകരിച്ചു" എന്നതിന്റെ ഗ്രീക്കുപദം യോഹന്നാന്റെ പാരമ്പര്യത്തിൽ മുഖ്യമായി വിശ്വാസത്തിലുള്ള സ്വീകരണത്തെ സൂചിപ്പിക്കുന്നതാണ് (യോഹ 1,11-12;3,11;5,43-44). കുരിശിൽ ഉയർത്തപ്പെട്ടവൻ ഉന്നതത്തിൽ നിന്ന് നല്കിയ വെളിപാട് - തന്റെ അമ്മ തന്റെ ശിഷ്യരുടെയും അമ്മയാണെന്ന വെളിപാട് - ശിഷ്യൻ വിശ്വസിച്ചു സ്വീകരിച്ചു. യേശുവിന്റെ അമ്മയെ അവന്റെ ശിഷ്യർ യേശു നല്കിയ അമ്മയായി സ്വീകരിക്കുന്നത് യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പ്രവൃത്തിയാണ്. ചില സഹോദരങ്ങൾ അത് യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന് വിപരീതമോ വിയോജിക്കുന്നതോ ആയി തെറ്റിദ്ധരിച്ചുപോയിരിക്കുന്നു.

**"സ്ത്രീ" - "അമ്മ" - യേശുക്രിസ്തുവിന്റ ദാനം**

യേശു കുരിശിൽക്കിടന്ന് തന്റെ അമ്മയെ ശിഷ്യരുടെ അമ്മയായി നല്കിയത് ദൈവദാനമായി ശിഷ്യൻ വിലമതിച്ചു. അപ്പോൾ മുതൽ അവളെ തന്റെ സ്വന്തമായി സ്വീകരിച്ചു എന്ന വിവരണത്തിലെ "സ്വീകരിച്ചു" എന്ന ക്രിയയ്ക്ക് ദൈവദാനമായി സ്വീകരിക്കുക എന്ന് യോഹന്നാന്റെ സുവിശേഷത്തിൽ സൂചനയുണ്ട് (യോഹ 3,11;17,18;1,11-12). കുരിശിൽ ഉയർത്തപ്പെട്ട യേശു രണ്ട് ദാനങ്ങൾ നല്കി. (ഒന്ന്) തന്റെ അമ്മയെ ശിഷ്യർക്ക് അമ്മയായി നല്കി.(19,27). (രണ്ട്) തലചായ്ച്ച് ആത്മാവിനെ തന്റെ കുരുശിന്നരികെ നില്ക്കുന്ന സഭയ്ക്ക് നല്കി (19,30). യേശുവിന്റെ ശിഷ്യസംഘത്തിന് അവന്റെ അന്തിമമായ രണ്ട് ദാനങ്ങളാണ് അമ്മയും ആത്മാവും. ആത്മാവ് ജീവിപ്പിക്കുന്നു.

## 5. എല്ലാം നിറവേറുവാൻ

ആ ശിഷ്യൻ അവളെ തന്റെ സ്വന്തമായി സ്വീകരിച്ചപ്പോൾ "എല്ലാം നിറവേറിക്കഴിഞ്ഞു" എന്ന് യേശു അറിഞ്ഞു (19,27-28). അത് "എല്ലാം നിറവേറിക്കഴിഞ്ഞു" എന്ന ആദ്യത്തെ അറിവ്. ഇനി രണ്ടാം തവണ "എല്ലാം പൂർത്തിയായിക്കഴിഞ്ഞു" എന്ന് പറഞ്ഞപ്പോൾ അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു. കുരിശിൽ ഉയർത്തപ്പെട്ട യേശു നല്കുന്ന സ്ത്രീയെ സ്വന്തം അമ്മയായി സ്വീകരിക്കാതെ ശിഷ്യരെ സംബന്ധിച്ചുള്ളതെല്ലാം നിറവേറുകയില്ല. അവൻ നല്കുന്ന ആത്മാവിനെ സ്വീകരിക്കാതെ ശിഷ്യനെ സംബന്ധിച്ച് എല്ലാം പൂർത്തിയാകുകയും ഇല്ല.

## 6. "സ്ത്രീ" സഭയുടെ അമ്മയും പ്രതിനിധിയും പ്രതീകവും

യേശു കുരിശിൽ ഉയർത്തപ്പെട്ടിരിക്കുന്ന രംഗം സഭാത്മക പ്രതീകങ്ങൾ നിറഞ്ഞതാണ്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനമാണല്ലോ യോഹന്നാന്റെ സുവിശേഷം എഴുതിയത്. അന്നേ സഭയിൽ യേശുക്രിസ്തുവിലുള്ള സത്യവിശ്വാസത്തിൽ നിന്ന് വിശ്വാസികളെ വ്യതിചലിപ്പിക്കുന്നവരുണ്ടായിരുന്നു. ആ സാഹചര്യത്തിൽ വിഭജിക്കപ്പെടാത്ത സഭയെ സൂചിപ്പിക്കുന്നതാണ് യേശുവിന്റെ കീറാത്ത അങ്കി (യോഹ 19,23-24). ഇപ്രകാരം സഭാപിതാക്കന്മാർ വ്യാഖ്യാനിച്ചുതന്നിട്ടുണ്ട്. യേശുവിന്റെ കുരിശിന്നരികെ ഒരു സംഘം നില്ക്കുന്നുണ്ടായിരുന്നു. യേശുവിന്റെ ശിഷ്യനും ശിഷ്യന്റെ അമ്മയായി യേശു നല്കിയ സ്ത്രീയുമുള്ള സംഘമാണത്. തീർച്ചയായും ഈ സംഘം സഭയുടെ മിനിപ്പതിപ്പാണ്. യേശുവിൽ വിശ്വസിച്ച് അവന്റെ രക്തത്താൽ വിശുദ്ധീകരിക്കപ്പെട്ട സകല ശിഷ്യരുടെയും സംഘമായ സഭയുടെ അമ്മയാണ് " "സ്ത്രീ." അതേ സമയം "സ്ത്രീ" മിശിഹായുടെ മണവാട്ടിയായ സഭയുടെ പ്രതീകവും പ്രതിനിധിയുമാണ്. ഗോൽഗോത്തായിൽ മിശിഹായും വധുവും തമ്മിലുള്ള വിവാഹം പൂർത്തിയായി. അവിടെ "സ്ത്രീ" മിശിഹായുടെ മണവാട്ടിയുമാണ്. ആ നിലയ്ക്കും അവൾ വിശ്വാസികൾക്ക് പ്രതിനിധീഭവിക്കുന്നു. യേശുവിന്റെ ജീവൻ നല്കലും മരണവും ആത്മാവിനെ നല്കലും യേശു നല്കുന്ന വിശുദ്ധീകരണമാർഗ്ഗങ്ങളും സഭയുടെ പിറവിയുമെല്ലാം പ്രതീകവത്ക്കരിച്ചുള്ളതാണല്ലോ അവന്റെ കുത്തിമുറിവേല്പ്പിക്കപ്പെട്ട പാർശ്വത്തിൽ നിന്ന് രക്തവും വെള്ളവും ഒഴുകിയത് (19,31-31). ഈ രംഗം അവസാനിക്കുന്നത് കുത്തിമുറിവേല്പ്പിച്ചവനെ നോക്കി നില്ക്കുന്നതിനെക്കുറിച്ചുള്ള തിരുവെഴുത്ത് ഉദ്ധരിച്ചാണ്. യോഹന്നാന്റെ വിവരണക്രമത്തിൽ കുത്തിമുറിവേല്പ്പിച്ചവനെ കണ്ടുനില്ക്കുന്നത് എല്ലാം കണ്ട് സാക്ഷ്യം നല്കുന്നയാളാണ്. അയാൾ യേശു സ്നേഹിച്ച ശിഷ്യനാണ്. പ്രാതിനിധ്യന്യായത്തിൽ പറഞ്ഞാൽ കുത്തിമുറിവേറ്റവനെ നോക്കി (കണ്ടു) നില്ക്കുന്ന സഭയെ യേശുവിന്റെ കുരിശിന്റെ ചുവട്ടിൽ സുവിശേഷകൻ



അവതരിപ്പിക്കുന്നു. ആ സഭയുടെ പ്രതിനിധിയും പ്രതീകവും അമ്മയുമാണ് *സ്ത്രീ.*

കാനായിലെ കല്യാണത്തിൽ *യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു.* കാരണം അവൾ സ്ത്രീയായിരുന്നു; കുടുംബത്തിന്റെ അമ്മയായിരുന്നു. കുടുംബം സ്ഥാപിതമാകുന്ന വിവാഹകർമത്തിലും വിരുന്നിലും അവളുടെ സാന്നിദ്ധ്യം അനുഗ്രഹപ്രദമാണ്. കുടുംബജീവിത്തിൽ (ദൈവിക)ജീവനും സന്തോഷവും കുറയുമ്പോഴും ഇല്ലാതാകുമ്പോഴും നമ്മുടെ ജീവിതത്തിലെ യഥാർത്ഥമായ ഏത് ആവശ്യത്തിലും അവൾ നമുക്കുവേണ്ടി തന്റെ പ്രിയപുത്രനോട് അപേക്ഷിക്കുമെന്നുള്ളത് വലിയ ആശ്വാസമാണ്.

## 7 ഗൃഹപാഠം

1 വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ എവിടെയെല്ലാം യേശുവിന്റെ അമ്മയെ അവതരിപ്പിച്ചിട്ടുണ്ട്?

2 വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ അമ്മയ്ക്ക് ഉപയോഗിച്ചിട്ടുള്ള പദങ്ങൾ ഏതെല്ലാം?

3 വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ യേശു തന്റെ അമ്മയെക്കുറിച്ച് ഏതെല്ലാം പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്? ഓരോന്നും എവിടെയെല്ലാം, എത്ര പ്രാവശ്യം വീതം?

4 കാനായിലും ഗോൽഗോത്തായിലും യേശു തന്റെ അമ്മയെ *സ്ത്രീ* എന്ന് വിളിച്ചതിന്റെ ബൈബിൾപരമായ അർത്ഥം എന്ത്?

5 കാനായിലെ വിവാഹത്തിൽ നല്ല വീഞ്ഞ് കരുതിവച്ചു കൊടുത്ത മണവാളൻ ആരാകുന്നു?

6 കാനായിലെ വിവാഹത്തിലെ വീഞ്ഞ് ബൈബിൾ അനുസരിച്ച് എന്തിനെ സൂചിപ്പിക്കുന്നു?

7 വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിന്റെ ഘടനയിൽ കാനായിലെയും ഗോൽഗോത്തായിലെയും സംഭവങ്ങളുടെ ബന്ധം എന്ത്?

8 കാനായിൽ അടയാളങ്ങളുടെ ആരംഭത്തിൽ യേശു ജീവനും സന്തോഷവും നല്കാനാരംഭിച്ചു എന്ന് ബൈബിൾ, പ്രത്യേകിച്ച് യോഹന്നാന്റെ സുവിശേഷം, ആധാരമാക്കി എപ്രകാരം വ്യക്തമാക്കാം?

9 കാനായിലും ഗോൽഗോത്തായിലും *സ്ത്രീ* എന്ന നിലയ്ക്ക് സന്നിഹിതയായിരുന്ന യേശുവിന്റെ അമ്മയും യേശുവിന്റെ ശിഷ്യരും തമ്മിലുള്ള ബന്ധം എന്ത്?

10 കുരിശിൽ ഉയർത്തപ്പെട്ട യേശുക്രിസ്തു ശിഷ്യർക്ക് അവസാനം (എല്ലാം പൂർത്തിയായപ്പോൾ) നല്കിയ രണ്ട് ദാനങ്ങൾ ഏവ?

11 "ഇതാ നിന്റെ അമ്മ!" എന്ന് കുരിശിൽ ഉയർത്തപ്പെട്ട യേശു കുരിശിന്നരികെ നിന്ന ശിഷ്യനോടു പറഞ്ഞപ്പോൾ ശിഷ്യൻ എപ്രകാരം പ്രതികരിച്ചു?

# ജീവന്റെ വചനം

റവ.ഡോ. കുര്യൻ വാലുപറമ്പിൽ

ജീവന്റെ വചനം

റവ.ഡോ. കുര്യൻ വാലുപറമ്പിൽ

വിതരണം

**ജീവൻ ബുക്സ്**

ഭരണങ്ങാനം - 686 578

ഫോൺ: 482 - 2236487

## *Jīvante Vachanam*


| | |
|---|---|
| Author | **Rev.Dr. Kurian Valuparampil** |
| First Impression | December 2002 |
| Published by | Author |
| Cover Design | Gratia - Vadavathoor |
| Type Setting | Kavitha, Monvila, Trivandrum |
| Copy Right | Reserved to the author |
| Distribution | **Jeevan Books**<br>Bharananganam - 686 578<br>Ph: 0482 - 236487, 237474 |
| Printed at | **Seraphic Press**<br>Bharananganam - 686 578<br>Ph: 0482 - 236487, 237474 |

Price Rs. 60/-


Parts of this book shall be reproduced in any form only with the written permission of the author.

## ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 1 |
| 1. | ജീവൻ കൊതിച്ചൊരു വായന | 3 |
| 2. | യേശു ദൈവപുത്രനായ മിശിഹാ | 13 |
| 3. | യേശു ജീവജലത്തിന്റെ ഉറവ | 28 |
| 4. | യേശു ലോകത്തിന്റെ പ്രകാശം | 37 |
| 5. | യേശു നല്ല ഇടയൻ | 52 |
| 6. | യേശു മാർഗ്ഗമാകുന്നു | 69 |
| 7. | യേശു ജീവന്റെ അപ്പം | 83 |
| 8. | "യേശുവിന്റെ അമ്മ" "സ്ത്രീ" ജീവനുണ്ടായവരുടെ അമ്മ | 102 |

ചെയ്യുന്നു. ദൈവപുത്രനായ മിശിഹായിൽ വിശ്വസിക്കുന്നവർക്ക് അവന്റെ നാമത്തിൽ നിത്യജീവൻ ഉണ്ടാകുന്നു. അവൻ ജീവൻ നല്കുന്നവനത്രേ. ജീവദായക പ്രവൃത്തിയോട് ബന്ധപ്പെടുത്തി പല പ്രതീകങ്ങളിൽ യേശുവിനെ സുവിശേഷകൻ അവതരിപ്പിക്കുന്നുണ്ട്. അവയിൽ നാലെണ്ണം – ജീവജലത്തിന്റെ ഉറവ, പ്രകാശം, നല്ല ഇടയൻ, മാർഗ്ഗം (വഴി) – മൂന്നു മുതൽ ആറു വരെ അദ്ധ്യായങ്ങളിൽ സംക്ഷിപ്തമായി വിശദമാക്കുന്നു. അവസാന അദ്ധ്യയത്തിൽ ‘‘യേശുവിന്റെ അമ്മ’’ അവനിൽ വിശ്വസിച്ച് ജീവനുണ്ടായ എല്ലാവരുടേയും അമ്മയായ ‘‘സ്ത്രീ’’ ആണെന്ന് യേശു വെളിപ്പെടുത്തിയത് വ്യക്തമാക്കുന്നു.

വിശുദ്ധ യോഹന്നാൻ അവതരിപ്പിക്കുന്ന ജീവദായകനായ യേശുവിനെ കൂടുതലറിയാൻ സഹായിക്കുന്ന പാഠങ്ങളായാണ് ഓരോ അദ്ധ്യായവും ഉദ്ദേശിച്ചിട്ടുള്ളത്. അതിനാൽ നല്കിയിട്ടുള്ളതും സൂചിപ്പിച്ചിട്ടുള്ളതുമായ വേദഭാഗങ്ങൾ ബൈബിളിൽ വായിച്ചറിഞ്ഞ് മുന്നോട്ടു പോകണം. പാഠവും അതിലെ ഓരോ ഭാഗവും ആനുകാലിക പ്രശ്നങ്ങളോടും സാഹചര്യങ്ങളോടും ബന്ധപ്പെടുത്തുവാൻ പഠിതാക്കൾ ശ്രദ്ധിക്കുന്നത് ഏറെ അഭികാമ്യമാണ്. പാഠക്രമത്തിലാക്കിയതിനാൽ ഓരോ അദ്ധ്യായത്തിന്റേയും അവസാനം ഗൃഹപാഠം അഭ്യാസത്തിന് ചേർത്തിട്ടുണ്ട്. പാഠവിശദീകരണങ്ങളിൽ ആവർത്തനങ്ങളുമുണ്ട്. തന്നിൽ വിശ്വസിക്കുന്നവർക്കെല്ലാം ജീവൻ നല്കുന്ന ദൈവപുത്രനായ യേശുമിശിഹായെ സുവിശേഷകനായ യോഹന്നാന്റെ സാക്ഷ്യപ്രകാരം അല്പമെങ്കിലും കൂടുതലറിയാനും അവനിൽ വിശ്വസിക്കുന്നതിലും ജീവൻ പ്രാപിക്കുന്നതിലും വളരാനും അനുവാചകർക്ക് ഏളിയ തോതിൽ സഹായിക്കുമെന്ന പ്രതീക്ഷയോടെയാണ് ഈ ചെറിയ കൃതി പ്രസിദ്ധീകരിക്കുക.

ചിലയിടങ്ങളിൽ വാക്യനമ്പർ കഴിഞ്ഞ് ബ്രാക്കറ്റിൽ രണ്ട്, മൂന്ന് എന്നിങ്ങനെ ചെറിയക്ഷരത്തിൽ കൊടുത്തിട്ടുണ്ട്. പരാമർശിക്കുന്ന പദം ഒരേ വാക്യത്തിൽ എത്ര തവണ ഉണ്ട് എന്ന് ചൂണ്ടിക്കാട്ടുന്നു.

ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ സഹായിച്ച ബഹു. വി.പീറ്റർ ക്ലാവിയർ മിഷനിറി സിസ്റ്റേർസിന് നന്ദി. ഡി.റ്റി.പി. ചെയ്ത കവിതയ്ക്കും കവർ ഡിസൈൻ ചെയ്ത ഫിൻ ഗ്രാഫിക്സിനും അച്ചടിപ്പണികൾ ഭംഗിയാക്കിയ സെറാഫിക് പ്രസിനും പ്രത്യേകം പ്രത്യേകം കൃതജ്ഞത. അനുവാചകർക്ക് ദൈവാനുഗ്രഹം സമൃദ്ധമായി നേർന്നുകൊണ്ട്,

ഫാദർ കുര്യൻ വാലുപറമ്പിൽ

റ്റി. സി. 10/1220 കാട്ടമുകൾ

നാലാഞ്ചിറ പി.ഒ., തിരുവനന്തപുരം – 695015

ഫോൺ 0471 2532442

# ജീവന്റെ വചനം

**റവ.ഡോ. കുര്യൻ വാലുപറമ്പിൽ**

# ആമുഖം

ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു ... അവനിൽ ജീവൻ ഉണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു ... വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്ത്വം നമ്മൾ ദർശിച്ചു – കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം (യോഹ 1,1–18). യേശു തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതിന് പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ് ഗലീലിയിലെ കാനായിൽ ചെയ്തത് (2,11). യേശു ചെയ്ത മറ്റു പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനു തന്നെ സാധിക്കാതെ വരുമെന്നാണ് എനിക്കു തോന്നുക (യോഹ 21,25).

ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും യേശു ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തിച്ചു. ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തു ആണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ് (20,30–31). യേശു അവളോടു പറഞ്ഞു: ദൈവത്തിന്റെ ദാനം എന്തെന്നും എനിക്ക് കുടിക്കാൻ തരിക എന്നു നിന്നോട് ആവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നെങ്കിൽ നീ അവനോടു ചോദിക്കുകയും അവൻ നിനക്കു ജീവജലം തരുകയും ചെയ്യുമായിരുന്നു (4,10). ഞാൻ നല്കുന്ന ജലം അവനിൽ നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന അരുവിയാകും (4,14). യേശു വീണ്ടും പറഞ്ഞു: ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കയില്ല. അവന് ജീവന്റെ പ്രകാശം ഉണ്ടായിരിക്കും (8,12). ഞാൻ നല്ല ഇടയനാണ്; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവൻ സമർപ്പിക്കുന്നു (10,11). യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ് (14,6). ഞാനാണ് ജീവന്റെ അപ്പം (6,35).

യോഹന്നാൻ യേശുവിനെ സാക്ഷിക്കുന്നു. അവൻ അടയാളങ്ങൾ പ്രവർ ത്തിക്കുന്നവനാണ്. ''അടയാളങ്ങൾ'' ദൈവത്തിന്റെ രക്ഷാകരമായ പ്രവൃത്തികളാണ് എന്ന പൊതു അർത്ഥവും യേശു പ്രവർത്തിച്ചവയിൽ ഏഴെണ്ണം യോഹന്നാൻ സുവിശേഷത്തിൽ വിവരിച്ചിട്ടുള്ളവയുടെ അർത്ഥവും സംക്ഷിപ്തമായി ഈ ഗ്രന്ഥത്തിന്റെ ഒന്നാം അദ്ധ്യായത്തിൽ വിശദമാക്കുന്നു. അടയാളങ്ങൾ പ്രവർത്തിച്ച യേശു ദൈവപുത്രനായ മിശിഹായാണെന്ന് വിശ്വസിക്കാൻ വായിക്കുന്നവരെ പ്രേരിപ്പിക്കാനും സഹായിക്കാനുമാണ് അവ സുവിശേഷകൻ വിവരിക്കുക. യേശു ദൈവപുത്രനായ മിശിഹാ ആകുന്നു എന്നതിന്റെ ഉള്ളടക്കം യോഹന്നാന്റെ വിചാരമനുസരിച്ച് രണ്ടാം അദ്ധ്യായത്തിൽ ചർച്ച

# ജീവന്റെ വചനം

റവ.ഡോ. കുര്യൻ വാലുപറമ്പിൽ

# *Jīvante Vachanam*

Author Rev.Dr. Kurian Valuparampil

First Impression December 2002

Published by Author

Cover Design Gratia - Vadavathoor

Type Setting Kavitha, Monvila, Trivandrum

Copy Right Reserved to the author

Printed at **Seraphic Press**
Bharananganam - 686 578
Ph: 0482 - 236487, 237474

Price Rs. 60/-

Parts of this book shall be reproduced in any form only with the written permission of the author.

## ഉള്ളടക്കം

ആമുഖം ........ 1

1. ജീവൻ കൊതിച്ചൊരു വായന ........ 3
2. യേശു ദൈവപുത്രനായ മിശിഹാ ........ 13
3. യേശു ജീവജലത്തിന്റെ ഉറവ ........ 28
4. യേശു ലോകത്തിന്റെ പ്രകാശം ........ 37
5. യേശു നല്ല ഇടയൻ ........ 52
6. യേശു മാർഗ്ഗമാകുന്നു ........ 69
7. യേശു ജീവന്റെ അപ്പം ........ 83
8. “യേശുവിന്റെ അമ്മ” “സ്ത്രീ” ജീവനുണ്ടായവരുടെ അമ്മ ........ 102